المیلیام

# കിത്താബുത്തൗഹീദ്

## അടിമകൾക്ക് മേലുള്ള അല്ലാഹുവിന്റെ


രചന:

ശൈഖുൽ ഇസ്‌ലാം
മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ്
അത്തമീമി

1115 - 1206



Islamhouse.com

المحتوى الإسلامي


كتاب التوحيد

بسم الله الرحمن الرحيم

ح جمعية خدمة المحتوى الإسلامي باللغات ، ١٤٤٤ هـ

فهرسة مكتبة الملك فهد الوطنية أثناء النشر

التميمي ، محمد بن عبدالوهاب

كتاب التوحيد - الميليالم. / محمد بن عبدالوهاب التميمي -ط١.. -

الرياض ، ١٤٤٤ هـ

٢٢٢ ص ؛ ١٤ × ٢١ سم

ردمك: ٩٧٨-٦٠٣-٠٤-٤٨٢٨-٩

١- التوحيد أ. العنوان

ديوي ٢٤٠ ٦١٧١ / ١٤٤٤

شركاء التنفيذ:

دار الإسلام | جمعية الربوة | رواد الترجمة | المحتوى الإسلامي

يتاح طباعة هذا الإصدار ونشره بأي وسيلة مع الالتزام بالإشارة إلى المصدر وعدم التغيير في النص.

Tel: +966 50 244 7000
info@islamiccontent.org
Riyadh 13245- 2836
www.islamhouse.com

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണ ചൊരിയുന്നവനുമായ അല്ലാഹുവിന്റെ നാമത്തിൽ

അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും, മുഹമ്മദ് നബി -ﷺ-യിലും അവിടുത്തെ കുടുംബത്തിലും അനുചരന്മാരിലും അവന്റെ ശാന്തിയും സമാധാനവും വർഷിക്കുമാറാകട്ടെ.

# കിത്താബുത്തൗഹീദ്

അല്ലാഹു പറഞ്ഞു:

“ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.” [ദാരിയാത്ത്: 56]

അല്ലാഹു പറഞ്ഞു:

“തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, (അവനു പുറമെ ആരാധിക്കപ്പെടുന്ന) ദുർമൂർത്തികളെ വെടിയുകയും ചെയ്യണം. (എന്ന് പ്രബോധനം ചെയ്യുന്നതിനു വേണ്ടി.” (നഹ്ൽ: 36)

അല്ലാഹു പറഞ്ഞു:

“തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നന്മചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു.” (ഇസ്റാഅ്: 23)

അല്ലാഹു പറഞ്ഞു:

“നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അവനിൽ മറ്റൊന്നിനെയും നിങ്ങൾ പങ്ക് ചേർക്കരുത്.” (നിസാഅ്: 36)

അല്ലാഹു പറഞ്ഞു:

“(നബിയേ,) പറയുക: നിങ്ങൾ വരൂ! നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്ക് ഞാൻ പറഞ്ഞ് കേൾപ്പിക്കാം. അവനോട് യാതൊന്നിനെയും നിങ്ങൾ പങ്ക്ചേർക്കരുത്. മാതാപിതാക്കൾക്ക് നന്മചെയ്യണം.

ദാരിദ്ര്യം കാരണമായി സ്വന്തം മക്കളെ നിങ്ങൾ കൊന്നുകളയരുത്. നാമാണ് നിങ്ങൾക്കും അവർക്കും ആഹാരം തരുന്നത്. പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളെ നിങ്ങൾ സമീപിച്ച് പോകരുത്. അല്ലാഹു പരിപാവനമാക്കിയ ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിച്ചുകളയരുത്. നിങ്ങൾ ചിന്തിച്ച് മനസ്സിലാക്കുവാൻ വേണ്ടി അവൻ (അല്ലാഹു) നിങ്ങൾക്ക് നൽകിയ ഉപദേശമാണത്.

ഏറ്റവും ഉത്തമമായ മാർഗത്തിലൂടെയല്ലാതെ നിങ്ങൾ അനാഥയുടെ സ്വത്തിനെ സമീപിച്ചു പോകരുത്. അവന്ന് കാര്യപ്രാപ്തി എത്തുന്നത് വരെ (നിങ്ങൾ അവന്റെ രക്ഷാകർത്തൃത്വം ഏറ്റെടുക്കണം).

നിങ്ങൾ നീതിപൂർവ്വം അളവും തൂക്കവും തികച്ചുകൊടുക്കണം. ഒരാൾക്കും അയാളുടെ കഴിവിലുപരിയായി നാം ബാധ്യത ചുമത്തുന്നതല്ല. നിങ്ങൾ സംസാരിക്കുകയാണെങ്കിൽ നീതി പാലിക്കുക. അതൊരു ബന്ധുവിന്റെ കാര്യത്തിലായിരുന്നാൽ പോലും.

അല്ലാഹുവോടുള്ള കരാർ നിങ്ങൾ നിറവേറ്റുക. നിങ്ങൾ ശ്രദ്ധിച്ച് മനസ്സിലാക്കുവാൻ വേണ്ടി അല്ലാഹു നിങ്ങൾക്ക്

നൽകിയ ഉപദേശമാണത് ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്." (അൻആം: 151-153)

ഇബ്നു മസ്ഊദ് -ﷺ- പറഞ്ഞു: "ആരെങ്കിലും നബി-ﷺ-യുടെ മുദ്ര പതിപ്പിച്ച അവിടുത്തെ അവസാന വസിയ്യത്ത് നോക്കി കാണുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവൻ അല്ലാഹുവിന്റെ ഈ വചനങ്ങൾ (അൻആം: 151-153) പാരായണം ചെയ്യട്ടെ."

"(നബിയേ,) പറയുക: നിങ്ങൾ വരൂ! നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് (എന്തെല്ലാമാണെന്ന്) ഞാൻ നിങ്ങൾക്ക് ഓതിക്കേൾപ്പിക്കാം. അവനോട് യാതൊന്നിനെയും നിങ്ങൾ പങ്ക്ചേർക്കരുത്" എന്ന വചനം മുതൽ "ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" എന്ന വചനം വരെ.

മുആദ് ഇബ്നു ജബൽ -ﷺ- പറയുന്നു "ഞാനൊരു കഴുതപ്പുറത്ത് നബി ﷺ യുടെ പിന്നിൽ യാത്ര ചെയ്യുകയായിരുന്നു. അപ്പോൾ അവിടുന്ന് എന്നോട് ചോദിച്ചു: 'മുആദേ, അടിമകൾക്ക് അല്ലാഹുവിനോടുള്ള ബാധ്യത എന്താണെന്നും,

അല്ലാഹുവിന് അടിമകളോടുള്ള ബാധ്യത(യായി അവൻ സ്വയം ഏറ്റിട്ടുള്ളത്) എന്താണെന്നും താങ്കൾക്കറിയാമോ?"

ഞാൻ പറഞ്ഞു: അല്ലാഹുവും അവന്റെ റസൂലുമാണ് ഏറ്റവും നന്നായി അറിയുന്നവർ. റസൂൽ-ﷺ-പറഞ്ഞു: "അടിമകൾക്ക് അല്ലാഹുവിനോടുള്ള ബാധ്യത, അവർ അവനു മാത്രം ആരാധന ചെയ്യണമെന്നും അവനിൽ മറ്റൊന്നിനേയും പങ്ക് ചേർക്കരുതെന്നുമാണ്. അല്ലാഹുവിന് അടിമകളോടുള്ള ബാധ്യത(യായി അവൻ സ്വയം ഏറ്റിട്ടുള്ളത്) അല്ലാഹുവിൽ ഒന്നിനേയും പങ്കുചേർക്കാത്തവരെ അവൻ ശിക്ഷിക്കുകയില്ല എന്നതുമാണ്."

ഞാൻ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, ഞാൻ ജനങ്ങളെ ഈ സന്തോഷവാർത്ത അറിയിക്കട്ടെയോ?"

അപ്പോൾ റസൂൽ-ﷺ- പറഞ്ഞു: "വേണ്ട, താങ്കൾ അവരെ ഈ സന്തോഷവാർത്ത അറിയിക്കേണ്ടതില്ല. അപ്പോൾ അവർ അതിൽ അഭയം കണ്ടെത്തി (കർമ്മങ്ങൾ ചെയ്യാത്തവരാകും)." (ബുഖാരി, മുസ്‌ലിം)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ**

1. മനുഷ്യരും ജിന്നുകളും സൃഷ്ടിക്കപ്പെട്ടതിലെ ഹിക്മത്ത്.

2. നിശ്ചയം ആരാധനയാണ് തൗഹീദ്. കാരണം, തർക്ക വിതർക്കം അതിലാണ്.

3 തൗഹീദില്ലാത്തവർ അല്ലാഹുവിനെ ആരാധിക്കുന്നില്ല. അഥവാ അവരുടെ ഇബാദത് ശരിയാവുകയില്ല. "ഞാൻ ആരാധിക്കുന്ന (അല്ലാഹുവിനെ) നിങ്ങൾ ആരാധിക്കുന്നി

ല്ല” എന്ന സൂറത്തുൽ കാഫിറൂനിലെ ആയതിന്റെ അർത്ഥമ താണ്.

4. മുർസലുകളെ നിയോഗിച്ചതിലെ ഹിക്മത്.

5. എല്ലാ സമൂഹങ്ങളിലേക്കും അല്ലാഹുവിന്റെ സന്ദേശം ഉണ്ടായിട്ടുണ്ട്.

6. പ്രവാചകന്മാരുടെ ദീൻ ഒന്നായിരുന്നു.

7. അല്ലാഹുവിനുള്ള ഇബാദത്ത് ത്വാഗൂത്തിനെ നിഷേധി ക്കുക കൊണ്ടല്ലാതെ സാദ്ധ്യമല്ല. ആ അർത്ഥത്തിലാണ് “ആകയാൽ ഏതൊരാൾ ത്വാഗൂത്തിനെ നിഷേധിക്കുക യും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവ ൻ ബലവത്തായ ഒരു കയറിലാണ് പിടിച്ചിരിക്കുന്നത്, അത് പൊട്ടിപ്പോവുകയേയില്ല” (ബഖറ: 256) എന്ന വചനം.

8. അല്ലാഹു അല്ലാതെ ആരാധിക്കപ്പെടുന്നതിനെല്ലാം 'ത്വാഗൂത്' എന്ന് പൊതുവിൽ പറയാം.

9. പൂർവ്വികരുടെ അടുക്കൽ സൂറത്ത് അൻആമിലെ 151 മുതൽ 153 വരെ ആയത്തുകൾക്കുള്ള മഹത്വം. അവയിൽ പത്ത് മസ്അലകൾ ഉണ്ട്. അതിൽ ഒന്നാമത്തേത് ശിർക്കി നെ വിരോധിക്കലാണ്.

10. സൂറത്ത് ഇസ്റാഇലെ ഖണ്ഡിതമായ ആയത്തുകൾ. അവയിൽ 18 മസ്അലകൾ ഉണ്ട്. അല്ലാഹു അവ തുടങ്ങു ന്നത്: “അല്ലാഹുവോടൊപ്പം മറ്റൊരു ആരാധ്യനെയും നീ സ്ഥാപിക്കരുത്. എങ്കിൽ അപമാനിതനും കയ്യൊഴിക്കപ്പെട്ട വനുമായി നീ ഇരിക്കേണ്ടി വരും” എന്ന വചനം കൊണ്ടും, അവ അവസാനിപ്പിക്കുന്നത് “അല്ലാഹുവോടൊപ്പം മറ്റൊരു

ആരാധ്യനെയും നീ സ്ഥാപിക്കരുത്. എങ്കിൽ ആക്ഷേപിക്കപ്പെട്ടവനും പുറംതള്ളപ്പെട്ടവനുമായി നീ നരകത്തിൽ എറിയപ്പെടുന്നതാണ്." എന്ന വചനം കൊണ്ടുമാണ്.

ഈ വിഷയങ്ങൾക്കുള്ള പ്രാധാന്യം നമ്മെ ഉണർത്തിക്കൊണ്ട് അല്ലാഹു പറഞ്ഞു "നിന്റെ രക്ഷിതാവ് നിനക്ക് ബോധനം നൽകിയ ജ്ഞാനത്തിൽപ്പെട്ടതത്രെ അത്."

11. പത്ത് കടമകളുടെ ആയത്തെന്ന് പേരുവെക്കപ്പെട്ട സൂറത്ത് നിസാഇലെ ആയത്തുകൾ. അവ അല്ലാഹു (تَعَالَى) ആരംഭിച്ചതും "നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അവനിൽ മറ്റൊന്നിനെയും നിങ്ങൾ പങ്ക് ചേർക്കരുത്" എന്ന വചനം കൊണ്ടാണ്.

12. മരണ സന്ദർഭത്തിൽ നബി-ﷺ-യുടെ വസ്വിയത്ത്.

13. അല്ലാഹുവിനോട് നമുക്കുള്ള കടമ നാം അറിയൽ

14. അല്ലാഹുവിനോടുള്ള കടമകൾ അടിയാറുകൾ നിർവ്വഹിച്ചാൽ, അടിയാറുകളോട് അവനുള്ള കടമയെന്താണ് അറിയൽ.

15. (മുമ്പ് പറയപ്പെട്ട) ഈ വിഷയം അധിക സ്വഹാബികൾക്കും അറിയില്ലായിരുന്നു.

16. 'മസ്ലഹത്തി'നുവേണ്ടി അറിവ് മറച്ചുവെക്കാം.

17. മുസ്‌ലിമിന് സന്തോഷകരമായതുകൊണ്ട് അവരെ സുവിശേഷമറിയിക്കുന്നതിന്റെ അഭികാമ്യത.

18 അല്ലാഹുവിന്റെ കാരുണ്യവിശാലതയിൽ അവലംബിക്കുന്നതിനെകുറിച്ചുള്ള ഭയം.

19. ചോദിക്കപ്പെടുന്നവൻ താൻ അറിയാത്തതിനെക്കുറിച്ച്, 'അല്ലാഹു വ റസൂലുഹു അഅ്‌ലം' എന്ന് പറയൽ.

20. ജനങ്ങളിൽ ചിലർക്ക് മാത്രമായി 'ഇൽമ്' പഠിപ്പിക്കൽ അനുവദനീയമാണ്.

21. പ്രവാചകൻ-ﷺ-യുടെ വിനയം; അദ്ദേഹം കഴുതപ്പുറത്ത് സഞ്ചരിക്കുകയും, തന്റെ പിന്നിൽ ആളുകളെ ഇരുത്തുകയും ചെയ്തു.

22. മൃഗത്തിന്റെ പുറത്ത് സഞ്ചരിക്കുമ്പോൾ പിന്നിൽ ആളുകളെ കയറ്റി സഞ്ചരിക്കൽ അനുവദനീയമാണ്.

23. മുആദ് ബിൻ ജബൽ (رَضِيَ اللَّهُ عَنْهُ) വിന്റെ ശ്രേഷ്ഠത

24. ഈ വിഷയത്തിന്റെ കാര്യഗൗരവം

# തൗഹീദിന്റെ മഹത്വവും അത് മുഖേന പാപങ്ങൾ പൊറുക്കുമെന്നതും

അല്ലാഹു പറഞ്ഞു:

“വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ.” (അൻആം: 82)

ഉബാദത്ത് ഇബ്നു സ്വാമിത്ത് (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും (ലാ ഇലാഹ ഇല്ലല്ലാഹ്), (ആരാധിക്കപ്പെടാനുള്ള അർഹത) അവന് മാത്രമേയുള്ളുവെന്നും, അതിൽ അവന് ഒരു പങ്കാളിയും ഇല്ലെന്നും, മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനുമാണെന്നും (മുഹമ്മദുൻ അബ്ദുഹു വ റസൂലുഹു), ഈസാ -عَلَيْهِ السَّلَامُ- അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനും, മർയമിലേക്ക് ഇട്ടു നൽകിയ അല്ലാഹുവിന്റെ വചനവും, അവന്റെ പക്കൽ നിന്നുള്ള ആത്മാവുമാണെന്നും, സ്വർഗം സത്യമാണെന്നും, നരകം സത്യമാണെന്നും ഒരാൾ സാക്ഷ്യം വഹിച്ചാൽ അവനെ താൻ ചെയ്ത പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലു

ള്ള (സ്വർഗീയ പദവികളിലായി) അല്ലാഹു സ്വർഗത്തിൽ പ്ര വേശിപ്പിക്കുന്നതാണ്. (ബുഖാരി, മുസ്‌ലിം)

ഇത്ബാൻ (رَضِيَ اللَّهُ عَنْهُ) വിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു 'നിശ്ചയം അല്ലാഹു, 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറയുകയും അതിലൂടെ അല്ലാഹുവിന്റെ വജ്ഹ് ആഗ്രഹിക്കുകയും ചെയ്തവരെ നരകത്തിന് നിഷിദ്ധമാക്കിയിരിക്കുന്നു' (ബുഖാരി, മുസ്‌ലിം)

അബൂസഈദ് അൽഖുദ്രി (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: മൂസാ (عليه السلام) പറഞ്ഞു: എന്റെ റബ്ബേ, നീ എന്നെ വല്ലതും പഠിപ്പി ക്കേണമേ; അതുകൊണ്ട് എനിക്ക് നിന്നോട് ദുആ ഇരക്കുവാനും നിനക്കു ദിക്റെടുക്കുവാനും. അല്ലാഹു(تَعَالَى) പറഞ്ഞു: മൂസാ താങ്കൾ പറയുക: 'ലാ ഇലാഹ ഇല്ലല്ലാഹ്'. അദ്ദേഹം പറഞ്ഞു: എന്റെ റബ്ബേ, നിന്റെ എല്ലാ ദാസന്മാരും ഇതു പറയുന്നു. അല്ലാഹു(تَعَالَى) പറഞ്ഞു: മൂസാ നിശ്ചയം, ഏഴ് ആകാശങ്ങളും, ഞാൻ ഒഴികെയുള്ള അവയിൽ വസിക്കുന്നവയും, ഏഴ് ഭൂമികളും ഒരു തട്ടിലും 'ലാ ഇലാഹ ഇല്ലല്ലാഹ്' മറ്റൊരു തട്ടിലും ആണെങ്കിൽ 'ലാ ഇലാഹ ഇല്ലല്ലാഹ്' (വെച്ച തട്ട് ഭാരത്താൽ) ചായുന്നതാണ്. ഇബ്നു ഹിബ്ബാൻ, ഇമാം ഹാകിം ഈ ഹദീസിനെ 'സ്വഹീഹ്' ആണെന്ന് വിലയിരുത്തിയിട്ടുണ്ട്.

തുർമുദി 'ഹസൻ' ആണെന്ന് വിലയിരുത്തിയ ഹദീസിൽ ഇപ്രകാരം കാണാം: അനസ് (رَضِيَ اللَّهُ عَنْهُ)വിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: 'അല്ലാഹു (تَعَالَى) പറഞ്ഞു: ആദമിന്റെ പുത്രാ നീ ഭൂമിയോളം പാപങ്ങളുമായി എന്റെ അരികിൽ വരുകയും പിന്നീട് നീ എന്നിൽ ഒന്നും

പങ്കുചേർക്കാത്തവനായി എന്നെ കണ്ടുമുട്ടുകയും ചെയ്താൽ ഭൂമിയോളം പാപമോചനവുമായി ഞാൻ നിന്റെ അരികിൽ വരുകതന്നെ ചെയ്യും'

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ**

1. അല്ലാഹു (تَعَالَى) യുടെ ഔദാര്യത്തിന്റെ വിശാലത.

2. അല്ലാഹു (تَعَالَى) യുടെ അടുത്ത് തൗഹീദിനുള്ള പ്രതിഫലത്തിന്റെ ആധിക്യം.

3 പ്രതിഫലം അതിമഹത്തരമാണെന്നതോടൊപ്പം അത് പാപങ്ങളെ മായ്ച്ചുകളയും.

4. സൂറത്ത് അൻആമിലെ 82 ാം ആയത്തിന്റെ തഫ്സീർ.

5. ഉബാദത് (رَضِيَ اللَّهُ عَنْهُ) വിന്റെ ഹദീഥിലെ അഞ്ച് വിഷയങ്ങൾ താങ്കൾ നിരീക്ഷണവിധേയമാക്കുക.

6. താങ്കൾ ഉബാദത് (رَضِيَ اللَّهُ عَنْهُ) വിന്റെ ഹദീഥും ഇത്ബാൻ (رَضِيَ اللَّهُ عَنْهُ) വിന്റെ ഹദീഥും ശേഷം പറയപ്പെട്ട ഹദീഥുകളും ചേർത്ത് വിലയിരുത്തിയാൽ "ലാ ഇലാഹ ഇല്ലല്ലാഹ്" എന്നതിന്റെ അർത്ഥം താങ്കൾക്ക് വ്യക്തമാകും; വഞ്ചിതരുടെ പിഴവും താങ്കൾക്ക് ബോദ്ധ്യപ്പെടും.

7 ഇത്ബാൻ (رَضِيَ اللَّهُ عَنْهُ)വിന്റെ ഹദീഥിലുള്ള നിബന്ധന പ്രത്യേകം ശ്രദ്ധിക്കുക.

8 'ലാ ഇലാഹ ഇല്ലല്ലാഹു' വിന്റെ മഹത്വം അമ്പിയാക്കളെ പോലും ഉണർത്തൽ ആവശ്യമാണ്.

9. മുഴുവൻ സൃഷ്ടികളേക്കാളും' ലാ ഇലാഹ ഇല്ലല്ലാഹ് ' വിന് തൂക്കം കൂടുതലാണെന്ന കാര്യം ഉണർത്തുന്നു. എന്നാൽ അവ പറയുന്ന ധാരാളം പേരുടെ തുലാസ് ഭാരമില്ലാത്തതാണ്.

10. ആകാശങ്ങളെപ്പോലെ ഭൂമിയും ഏഴെണ്ണമാണെന്നതിന്റെ ഖണ്ഡിതമായ തെളിവ്.

11. ആകാശങ്ങളിൽ വസിക്കുന്നവർ ഉണ്ട്, തീർച്ച.

12. അശ്അരീ മദ്ഹബുകാർക്കെതിരായി അല്ലാഹു (تَعَالَى) യുടെ വിശേഷണങ്ങളെ സ്ഥിരീകരിക്കൽ. (അശ്അരീ മദ്ഹബുകാർ അല്ലാഹു (تَعَالَى), സിംഹാസനസ്ഥനാണ് എന്നതുപോലുള്ള വിശേഷണങ്ങളെ നിഷേധിക്കുന്നവരാണ്. വിവ:)

13. താങ്കൾ, അനസ് (رَضِيَ اللَّهُ عَنْهُ) വിന്റെ ഹദീഥ് മനസ്സിലാക്കിയാൽ ഇത്ബാൻ (رَضِيَ اللَّهُ عَنْهُ) വിന്റെ ഹദീഥിൽ പ്രവാചകൻ -ﷺ- യുടെ വചനമായ “നിശ്ചയം അല്ലാഹു, 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറയുകയും അതിലൂടെ അല്ലാഹുവിന്റെ 'വജ്ഹ്' ആഗ്രഹിക്കുകയും ചെയ്തവരെ നരകത്തിന് നിഷിദ്ധമാക്കിയിരിക്കുന്നു” എന്നതിന്റെ താല്പര്യം ശിർക്ക് ഉപേക്ഷിക്കലാണെന്നും അത് കേവലം നാവുകൊണ്ട് പറയൽ മാത്രമല്ലെന്നും മനസ്സിലാകും.

14. അല്ലാഹു (تَعَالَى) യുടെ തിരുദാസന്മാരെന്നും തിരുദൂതന്മാരെന്നും ഈസാ عليه السلام യെക്കുറിച്ചും മുഹമ്മദ് -ﷺ- യെക്കുറിച്ചും ഒരുപോലെ പറഞ്ഞത് നിരീക്ഷിക്കുക.

15. അല്ലാഹു (تَعَالَى) യുടെ കലിമത്താണ് എന്ന് ഈസാ عليه السلام യെ കുറിച്ച് മാത്രം പറഞ്ഞത് മനസ്സിലാക്കുക.

16. ഈസാ عليه السلام, അല്ലാഹു (تَعَالَى) യിൽ നിന്നുള്ള 'റൂഹ്' ആണെന്ന് മനസ്സിലാക്കുക.

17. സ്വർഗ്ഗത്തിലും നരകത്തിലും വിശ്വസിക്കുന്നതിന്റെ ശ്രേഷ്ഠത മനസ്സിലാക്കുക.

18 ... അവനെ താൻ ചെയ്ത പ്രവർത്തനങ്ങൾക്കനുസരിച്ചുള്ള (സ്വർഗ്ഗീയപദവികളിലായി) അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും' എന്ന വചനം മനസ്സിലാക്കുക.

19. 'മീസാന്' രണ്ട് തട്ടുകളുണ്ടെന്നത് മനസ്സിലാക്കുക.

20. 'വജ്ഹ്' (അല്ലാഹു (تَعَالَى) യുടെ തിരുമുഖം) എന്നു പറഞ്ഞത് മനസ്സിലാക്കുക.

# തൗഹീദ് സാക്ഷാത്ക്കരിച്ചവൻ വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: “തീർച്ചയായും ഇബ്രാഹീം അല്ലാഹുവിന്ന് കീഴ്പെട്ട് ജീവിക്കുന്ന, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു സമുദായം തന്നെയായിരുന്നു. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല.” (അന്നഹ്ൽ: 120)

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: “തങ്ങളുടെ രക്ഷിതാവിനോട് പങ്കുചേർക്കാത്തവരാരോ അവരും.” (അൽ മുഅ്മിനൂൻ: 59)

ഹുസൈൻ ഇബ്നു അബ്ദുറഹ്മാൻ (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: "ഞാൻ സഈദ് ഇബ്നു ജുബൈറിന്റെ (رَضِيَ اللَّهُ عَنْهُ) കൂടെയായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: കഴിഞ്ഞ രാവിൽ ഉതിർന്നുവീണ നക്ഷത്രത്തെ കണ്ടവർ നിങ്ങളിലാരുണ്ട്? അപ്പോൾ ഞാൻ പറഞ്ഞു: ഞാൻ, (ഞാൻ കണ്ടിരിക്കുന്നു). പിന്നീട് ഞാൻ പറഞ്ഞു: ഞാൻ നമസ്കാരത്തിലായിരുന്നില്ല. കാരണം, മറിച്ച്, എനിക്ക് തേളുകടി ഏറ്റിരുന്നു. അദ്ദേഹം പറഞ്ഞു: അപ്പോൾ താങ്കൾ എന്താണ് ചെയ്തത്? ഞാൻ മന്ത്രമൂതി. അദ്ദേഹം പറഞ്ഞു: അതിന് നിങ്ങളെ പ്രേരിപ്പിച്ചത് എന്താണ്?

ഞാൻ പറഞ്ഞു: (ഇമാം) ശഅ്ബി ഞങ്ങളോട് പറഞ്ഞ ഹദീഥാണ്. അദ്ദേഹം നിങ്ങളോട് എന്താണ് പറഞ്ഞത്? ഞാൻ പറഞ്ഞു: ബുറൈദ ഇബ്നു ഹുസ്വൈബിൽ നിന്നും അദ്ദേഹം പറഞ്ഞതായി ഞങ്ങളോട് പറഞ്ഞു: "കണ്ണേറിനും വിഷബാധയ്ക്കും അല്ലാതെ മന്ത്രമേ ഇല്ല" അദ്ദേഹം പറഞ്ഞു: തനിക്ക് എത്തിയ അറിവ് എന്താണോ ആ അറിവനുസ്സരിച്ച് മാത്രം അമൽ ചെയ്തവർ വലിയ നന്മയാണ് പ്രവർത്തിച്ചത്.

പക്ഷേ നബി -ﷺ- തങ്ങൾ പറഞ്ഞതായി അബ്ദുല്ലാഹ് ഇബ്നു അബ്ബാസ് (رَضِيَ اللَّهُ عَنْهُ) ഞങ്ങളോട് പറഞ്ഞു: "സമുദായങ്ങൾ എനിക്ക് വെളിപ്പെടുത്തപ്പെട്ടു. അപ്പോൾ ഒരു നബിയെ ഞാൻ കണ്ടു. അദ്ദേഹത്തോടൊപ്പം പത്തിൽ കുറഞ്ഞ ആൾക്കൂട്ടമുണ്ട്. മറ്റൊരു നബിയെ കണ്ടു. അദ്ദേഹത്തോടൊപ്പം ഒന്ന് രണ്ട് ആളുകൾ! മറ്റൊരു നബിയെ കണ്ടു അദ്ദേഹത്തോടൊപ്പം ഒരാളും ഇല്ല! അത്തരുണത്തിൽ മഹത്തായ ഒരാൾക്കൂട്ടം എനിക്ക് വേണ്ടി ഉയർത്തപ്പെട്ടു. അപ്പോൾ ഞാൻ വിചാരിച്ചു എന്റെ ഉമ്മത്ത് തന്നെയെന്ന്. തദവസരത്തിൽ എന്നോട് പറയപ്പെട്ടു. ഇത് മൂസായും അദ്ദേഹത്തിന്റെ സമൂഹവുമാണ്. പിന്നീട് ഞാൻ നോക്കി, അപ്പോഴതാ മഹത്തായ ഒരു ജനത. അപ്പോൾ എന്നോട് പറയപ്പെട്ടു. ഇത് നിന്റെ സമുദായമാണ്. അവരുടെ കൂടെ എഴുപതിനായിരം ആളുകളുണ്ട്. അവർ വിചാരണയോ ശിക്ഷയോ കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കും."

ശേഷം പ്രവാചകൻ -ﷺ- എഴുന്നേറ്റ് തന്റെ വീട്ടിൽ പ്രവേശിച്ചു. ജനങ്ങൾ അക്കൂട്ടരുടെ വിഷയത്തിൽ സംസാരത്തിൽ മുഴുകി. അവരിൽ ചിലർ പറഞ്ഞു: ഒരുവേള അല്ലാഹുവിന്റെ റസൂൽ -ﷺ- യോട് കൂടെ സഹവസിച്ച സ്വഹാബികളാ

യേക്കാം അവർ. അവരിൽ മറ്റുചിലർ പറഞ്ഞു: ഒരുവേള അവർ ഇസ്ലാമിൽ ജനിക്കുകയും അല്ലാഹുവിൽ യാതൊന്നിനേയും പങ്കുചേർത്തിട്ടില്ലാത്തവരുമായിരിക്കാം. അവർ അങ്ങനെ പല കാര്യങ്ങളും പറഞ്ഞു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ -ﷺ- അവരിലേക്ക് പുറപ്പെട്ടുവന്നുകൊണ്ട് അവരോടത് പറഞ്ഞുകൊടുത്തു.

പ്രവാചകൻ -ﷺ- പറഞ്ഞു: "അവർ മന്ത്രിച്ചൂതുവാൻ ആവശ്യപ്പെടാത്തവരും 'കെയ്യ്' (കരിച്ചുകളയുന്ന ഒരുതരം ചികിത്സ) നടത്താത്തവരും ശകുനം നോക്കാത്തവരും തങ്ങളുടെ റബ്ബിൽ തവക്കുലാക്കുകയും ചെയ്യുന്നവരാണ്."

ഉടൻ ഉക്കാശ ഇബ്നു മിഹ്സ്വൻ' (رَضِيَ اللَّهُ عَنْهُ) എഴുന്നേറ്റു, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അവരുടെ കൂട്ടത്തിൽ എന്നെ അല്ലാഹു ഉൾപ്പെടുത്തുവാൻ താങ്കൾ അല്ലാഹുവോട് ദുആ ഇരന്നാലും. നബി -ﷺ- പറഞ്ഞു: "താങ്കൾ അവരിൽപ്പെട്ടവനാണ്."

പിന്നീട് മറ്റൊരാൾ എഴുന്നേറ്റു, അയാൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അല്ലാഹു അവരുടെ കൂട്ടത്തിൽ എന്നെയും ഉൾപ്പെടുത്തുവാൻ താങ്കൾ അല്ലാഹുവോട് ദുആ ഇരന്നാലും. അപ്പോൾ പ്രവാചകൻ -ﷺ- പറഞ്ഞു: "അതുമായി ഉക്കാശ താങ്കളെ മുൻകടന്നിരിക്കുന്നു."

### ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ

1 തൗഹീദിൽ ജനങ്ങളുടെ വ്യത്യസ്ത സ്ഥാനങ്ങൾ അറിയൽ.

2. തൗഹീദ് സാക്ഷാൽക്കരിക്കുന്നതിന്റെ അർത്ഥം എന്താണ്?

3. "മുശ്രിക്കുകളിൽപ്പെട്ട ആളായിരുന്നില്ല" എന്നു പറഞ്ഞു കൊണ്ട് ഇബ്റാഹീം നബി (عليه السلام) യെ അല്ലാഹു (تَعَالَى) പുകഴ്ത്തുന്നു.

4. ഔലിയാക്കളിലെ നേതാക്കന്മാർ ശിർക്കിൽനിന്ന് സുരക്ഷിതരാണെന്ന കാര്യം പറഞ്ഞുകൊണ്ട് അല്ലാഹു (تَعَالَى) അവരെ പുകഴ്ത്തി.

5. മന്ത്രവും 'കെയ്യും' ഉപേക്ഷിക്കൽ തൗഹീദിന്റെ സാക്ഷാൽക്കാരത്തിൽ പെട്ടതാണ്.

6. ഈ സ്വഭാവങ്ങൾ ഒരാളിൽ സമ്മേളിക്കുന്നതാണ് തവക്കുൽ.

7. സ്വഹാബത്തിന്റെ അറിവിന്റെ ആഴം. പ്രവർത്തനങ്ങൾ കൊണ്ടാണ് (വിചാരണയും ശിക്ഷയും കൂടാതെ സ്വർഗ്ഗം) നേടിയതെന്ന് അവർ മനസ്സിലാക്കി.

8. നന്മ ലഭിക്കുവാനുള്ള സ്വഹാബത്തിന്റെ ഉത്ഘടമായ ഇച്ഛ.

9. എണ്ണത്തിലും വിശേഷണങ്ങളിലും ഈ സമുദായത്തിന്റെ ശ്രേഷ്ഠത.

10. മൂസാ (عليه السلام) യുടെ അനുയായികളുടെ ശ്രേഷ്ഠത.

11. സമൂഹങ്ങൾ പ്രവാചകൻ -ﷺ- ക്ക് പ്രദർശിപ്പിക്കപ്പെട്ടത്.

12 എല്ലാ ഓരോ സമൂഹങ്ങളും അവരുടെ നബിമാരോടൊപ്പം ഒരുമിച്ചു കൂട്ടപ്പെടും.

13. അമ്പിയാക്കൾക്ക് ഉത്തരം നൽകിയവരുടെ എണ്ണക്കുറവ്.

14. ഉത്തരം നൽകപ്പെടാത്ത നബിമാർ ഒറ്റക്ക് മഹ്ശറിൽ വരും.

15. ഈ (ദീനീ) വിജ്ഞാനത്തിന്റെ ഫലം; അതുണ്ടെങ്കിൽ ആൾപെരുപ്പത്തിൽ വഞ്ചിക്കപ്പെടുകയില്ല. ആളുകൾ കുറവാണ് എന്നതിന്റെ പേരിൽ സത്യത്തെ വിലകുറച്ചു കാണുകയുമില്ല.

16. കണ്ണേറ്, വിഷബാധ എന്നിവക്ക് മന്ത്രമൂതുവാനുള്ള ഇളവ്.

17. പൂർവ്വസൂരികളുടെ അറിവിന്റെ ആഴം. കാരണം "തനിക്ക് എത്തിയ അറിവ് സ്വീകരിക്കുകയും ആ അറിവനുസരിച്ച് അമൽ ചെയ്തവർ വലിയ നന്മയാണ് പ്രവർത്തിച്ചത്. പക്ഷേ ...." എന്ന പരാമർശത്തിലൂടെ ഒന്നാമത്തെ ഹദീഥ് രണ്ടാമത്തെ ഹദീഥിന് എതിരല്ലെന്ന് (സഈദ് ഇബ്നു ജുബൈർ (رَضِيَ اللَّهُ عَنْهُ)) മനസ്സിലാക്കി.

18. പൂർവ്വികർ താൻ ചെയ്യാത്ത കാര്യത്തിന്റെ പേരിൽ പ്രശംസിക്കപ്പെടുന്നതിൽ നിന്നും അകന്നുനിന്നിരുന്നു

19. 'താങ്കൾ അവരിലൊരാളാണ്' എന്ന ഉക്കാശയോടുള്ള പ്രവാചകൻ -ﷺ- യുടെ വാക്ക് നുബുവ്വത്തിന്റെ അടയാളങ്ങളിൽ ഒന്നാണ്.

20. 'ഉക്കാശ' (رَضِيَ اللَّهُ عَنْهُ) വിന്റെ ശ്രേഷ്ഠത.

21. 'മആരീദ്' ഉപയോഗിക്കൽ. (പറയുന്നവന്റെ ഉദ്ദേശത്തിന് വ്യത്യസ്തമായി കേൾക്കുന്നവൻ മനസ്സിലാക്കുവാൻ

വല്ലതും പറയുന്നതിനാണ് 'മആരീദ്' ' എന്ന് പറയുന്നത്. വിവ:)

22. പ്രവാചകൻ -ﷺ- യുടെ സൽസ്വഭാവം

# ശിർക്കിനെക്കുറിച്ചുള്ള ഭയം

ഉന്നതനും പ്രതാപിയുമായ അല്ലാഹു പറഞ്ഞു: "തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്." (നിസാഅ് 48)

ഇബ്റാഹീം (عليه السلام) പ്രാർത്ഥിച്ചതായി (അല്ലാഹു(تَعَالَى) പറയുന്നു): "...എന്നെയും എന്റെ മക്കളേയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽനിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ." (സൂറത്തു ഇബ്റാഹീം: 35)

"ഞാൻ നിങ്ങളുടെ കാര്യത്തിൽ ഏറ്റവും ഭയക്കുന്നത് "ശിർക്കുൻ അസ്ഗർ" (ചെറിയ ശിർക്) ആണ്. അതിനെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു: "ലോക മാന്യത."

ഇബ്നു മസ്ഊദ് (رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: തീർച്ചയായും അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞിരിക്കുന്നു: "ആരെങ്കിലും അല്ലാഹുവിനു പുറമെ മറ്റു വല്ല സമന്മാരെയും വിളിച്ചുതേടുന്നവനായിക്കൊണ്ട് മരിച്ചാൽ അവൻ നരകത്തിൽ പ്രവേശിക്കുന്നതാണ്." ബുഖാരി ഉദ്ധരിച്ചത്.

സ്വഹീഹു മുസ്‌ലിമിൽ വന്നിരിക്കുന്നു: ജാബിർ ( رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: "തീർച്ചയായും അല്ലാഹുവിന്റെ

റസൂൽ -ﷺ- പറഞ്ഞിരിക്കുന്നു: “അല്ലാഹുവിൽ പങ്കുചേർക്കാത്ത അവസ്ഥയിൽ ആരെങ്കിലും അല്ലാഹുവിനെ കണ്ടുമുട്ടിയാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും. അല്ലാഹുവിൽ പങ്കുചേർക്കുന്ന സ്ഥിതിയിൽ ആരെങ്കിലും അല്ലാഹുവിനെ കണ്ടുമുട്ടിയാൽ അവൻ നരകത്തിൽ പ്രവേശിക്കും.”

**ഈ അധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ**

1. ശിർക്കിനെ കുറിച്ചുള്ള ഭയം.

2. ലോകമാന്യത ശിർക്കിൽപ്പെട്ടതാണ്.

3. ലോകമാന്യത ചെറിയ ശിർക്കിലാണ് ഉൾപ്പെടുക.

4. സ്വാലിഹീങ്ങളുടെ മേൽ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത് ലോകമാന്യതയാണ്.

5. സ്വർഗവും നരകവും അടുത്താണ്.

6. ഒരു ഹദീഥിൽ തന്നെ അവ രണ്ടിനുമിടയിലെ അടുപ്പത്തെ ഒരുമിച്ച് പറഞ്ഞിരിക്കുന്നു.

7. ആര്, അല്ലാഹു (تَعَالَى) യിൽ യാതൊന്നും പങ്കുചേർക്കാതെ അവനെ കണ്ടുമുട്ടിയാൽ അയാൾ സ്വർഗ്ഗത്തിൽ പ്രവേശിക്കും. ആരെങ്കിലും അല്ലാഹു (تَعَالَى) യിൽ വല്ലതും പങ്കുചേർത്തുകൊണ്ട് അവനെ കണ്ടുമുട്ടിയാൽ അയാൾ നരകത്തിൽ പ്രവേശിക്കും; അയാൾ ജനങ്ങളിൽവെച്ച് ഏറ്റവും അധികം ഇബാദത്ത് ചെയ്യുന്നവനാണെങ്കിലും ശരി.

8. ഇബ്രാഹീം (عليه السلام) തനിക്കും തന്റെ സന്തതികൾക്കും വിഗ്രഹാരാധനയിൽ നിന്ന് രക്ഷകിട്ടുവാൻ അല്ലാഹു (تَعَالَى) യോട് തേടിയത് ഗൗരവമേറിയ വിഷയമാണ്.

9. അദ്ദേഹം പറഞ്ഞ വാക്യത്തിലൂടെ ഭൂരിപക്ഷത്തിന്റേയും അവസ്ഥയാണ് അദ്ദേഹം കണക്കിലെടുത്തത്. (എന്റെ റബ്ബേ! അവകൾ ധാരാളം ആളുകളെ വഴിതെറ്റിച്ചു...) (ഇബ്റാഹീം: 36)

10. ഇമാം ബുഖാരി (رَضِيَ اللَّهُ عَنْهُ) രിവായത്ത് ചെയ്തതുപോലെ അതിൽ 'ലാ ഇലാഹ ഇല്ലല്ലാഹു' വിന്റെ തഫ്സീർ ഉണ്ട്.

11 ശിർക്കിൽ നിന്ന് രക്ഷപ്പെട്ടവന്റെ ശ്രേഷ്ഠത.

# 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന സാക്ഷ്യവചനത്തിലേക്കുള്ള ക്ഷണം

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ല തന്നെ" (സൂറത്തു യൂസുഫ്: 108)

ഇബ്നു അബ്ബാസ് (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- മുആദ് (رَضِيَ اللَّهُ عَنْهُ) വിനെ യമനിലേക്കയച്ചപ്പോൾ അദ്ദേഹത്തോട് പറഞ്ഞു: "വേദക്കാരിൽ പെട്ട ഒരു ജനതയിലേക്കാണ് താങ്കൾ പോകുന്നത്. അതിനാൽ അവരെ നീ ആദ്യം ക്ഷണിക്കുന്നത് 'ലാ ഇലാഹ ഇല്ലല്ലാഹ്' (അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല) എന്ന് സാക്ഷ്യം വഹിക്കുന്നതിലേക്കായിരിക്കട്ടെ!" -

മറ്റൊരു നിവേദനത്തിൽ ഇപ്രകാരമാണുള്ളത്: അല്ലാഹുവിനെ ഏകനാക്കുന്നതിലേക്കായിരിക്കട്ടെ.- "അവർ അക്കാര്യത്തിൽ നിന്നെ അനുസരിച്ചാൽ അല്ലാഹു അവരുടെ മേൽ രാവിലെയും രാത്രിയുമായി എല്ലാ ദിവസവും അഞ്ചു നേരത്തെ നമസ്കാരം നിർബന്ധമാക്കിയിരിക്കുന്നു എന്ന് അവരെ അറിയിക്കുക. അക്കാര്യത്തിൽ അവർ നിന്നെ അ

നുസരിച്ചാൽ അവരിലെ സമ്പന്നരിൽ നിന്ന് എടുത്ത് അവരിലെ ദരിദ്രരിലേക്ക് നൽകേണ്ടതായ ഒരു ദാനധർമ്മം അല്ലാഹു അവരുടെ മേൽ നിർബന്ധമാക്കിയിട്ടുണ്ട് എന്ന് അവരെ അറിയിക്കുക. അക്കാര്യത്തിൽ അവർ നിന്നെ അനുസരിച്ചാൽ അവരുടെ ഏറ്റവും വിലപ്പെട്ട സ്വത്തുക്കൾ നീ (എടുക്കാതെ) സൂക്ഷിക്കുക. അതിക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥനയെ നീ സൂക്ഷിച്ചു കൊള്ളുക! തീർച്ചയായും അതിനും അല്ലാഹുവിനും ഇടയിൽ യാതൊരു മറയുമില്ല." (ബുഖാരി, മുസ്‌ലിം)

സഹ്ല് ഇബ്നു സഅ്ദ് (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്യുന്നു: അല്ലാഹുവിന്റെ റസൂൽ -ﷺ- ഖയ്ബർ യുദ്ധദിനം പറഞ്ഞു: "ഞാൻ നാളെ പതാക ഒരു വ്യക്തിക്ക് നൽകും. അദ്ദേഹം അല്ലാഹുവിനേയും അല്ലാഹുവിന്റെ റസൂലിനേയും ഇഷ്ടപ്പെടുന്നു. അദ്ദേഹത്തെ അല്ലാഹുവും അല്ലാഹുവിന്റെ റസൂലും ഇഷ്ടപ്പെടുന്നു. അദ്ദേഹത്തിന്റെ കരങ്ങളിലൂടെ അല്ലാഹു വിജയം നൽകും" അതിൽപിന്നെ തങ്ങളിൽ ആർക്കാണ് അത് നൽകപ്പെടുക എന്ന സംസാരത്തിൽ മുഴുകികൊണ്ട് ജനങ്ങൾ രാത്രി കഴിച്ചുകൂട്ടി. അങ്ങനെ പ്രഭാതമായപ്പോൾ അല്ലാഹുവിന്റെ റസൂൽ -ﷺ- യുടെ അരികിലേക്ക് തനിക്കത് നൽകപ്പെടണം എന്നാഗ്രഹിച്ചു കൊണ്ട് അവരെല്ലാവരും ചെന്നു. അവിടുന്ന് -ﷺ- പറഞ്ഞു: അലിയ്യ് ഇബ്നു അബീത്വാലിബ് എവിടെ? അപ്പോൾ പറയപ്പെട്ടു: അദ്ദേഹത്തിന്റെ ഇരുകണ്ണുകൾക്കും രോഗമാണെന്ന് ആവലാതിപ്പെടുന്നു. അവർ അദ്ദേഹത്തെ (കൊണ്ടുവരുവാൻ) ആളുകളെ നിയോഗിച്ചു. അദ്ദേഹം കൊണ്ടുവരപ്പെട്ടു. (പ്രവാചകൻ -ﷺ- അദ്ദേഹത്തിന്റെ ഇരുകണ്ണുകളിലേക്ക് തുപ്പുകയും അദ്ദേഹത്തിന് വേണ്ടി ദുആ ഇരക്കുകയും ചെയ്തു. അതോടുകൂടി മുമ്പൊരു വേദന ഇല്ലാ

ത്തവിധം സുഖം പ്രാപിച്ചു. പ്രവാചകൻ -ﷺ- അദ്ദേഹത്തിന് പതാക നൽകി. എന്നിട്ട് പറഞ്ഞു: “സമാധാനത്തിലും മര്യാദയിലും താങ്കൾ മുന്നോട്ട് ഗമിക്കുക; താങ്കൾ അവരുടെ (കോട്ട)മുറ്റത്ത് ചെന്നിറങ്ങുന്നതുവരെ. ശേഷം താങ്കൾ അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുക. ഇസ്ലാമിൽ അവരുടെ മേൽ നിർബന്ധമായ അല്ലാഹുവിനോടുള്ള ബാധ്യതകൾ താങ്കൾ അവരെ അറിയിക്കുക. അല്ലാഹുവാണെ സത്യം, താങ്കളിലൂടെ ഒരാൾക്ക് അല്ലാഹു ഹിദായത്ത് നൽകലാണ് താങ്കൾക്ക് ഒരു ചുവന്ന ഒട്ടകങ്ങൾ ഉണ്ടാകുന്നതിനേക്കാൾ ഉത്തമം.” (ബുഖാരി, മുസ്‌ലിം)

(يَدُوكُونَ) എന്നാൽ മുഴുകുക എന്നർത്ഥം.

## ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ

1. അല്ലാഹു (تَعَالَى) യുടെ മാർഗ്ഗത്തിലേക്ക് ദഅ്‌വത്ത് ചെയ്യൽ അല്ലാഹുവിന്റെ റസൂൽ -ﷺ- യെ പിൻപറ്റുന്നവരുടെ മാർഗ്ഗമാണ്.

2. ഇഖ്‌ലാസ്വിനെകുറിച്ച് ഉത്ബോധിപ്പിക്കൽ; കാരണം ധാരാളമാളുകൾ സത്യത്തിലേക്കാണ് ക്ഷണിക്കുന്നത് എങ്കിലും അവർ തന്നിലേക്കാണ് ക്ഷണിക്കുന്നത്.

3. 'ബസ്വീറത്' (അറിവും ഉൾക്കാഴ്ചയും) നിർബന്ധകാര്യങ്ങളിൽപ്പെട്ടതാണ്.

4. ഒരാളുടെ തൗഹീദ് നന്നായിട്ടുണ്ട് എന്നതിനുള്ള തെളിവുകളിൽപ്പെട്ടതാണ്; അയാൾ അല്ലാഹു (تَعَالَى) യെ ആക്ഷേപത്തിൽ നിന്ന് പരിശുദ്ധപ്പെടുത്തുകയെന്നത്.

5. ശിർക്കിന്റെ മോശത്തരത്തിൽപ്പെട്ടതാണ്; അത് അല്ലാഹു (تَعَالَى) യെ ആക്ഷേപിക്കുകയാണ് എന്നത്.

6. വളരെ പ്രധാന മസ്അലയാണ്; മുശ്രിക്കുകളിൽ നിന്ന് മുസ്‌ലിമിനെ അകറ്റുകയെന്നത്. മുസ്‌ലിം ശിർക്ക് ചെയ്തില്ലെങ്കിലും അവൻ അവരോടൊപ്പമാകരുത്.

7. തൗഹീദ് ഒന്നാമത്തെ 'വാജിബ് ' ആണ്.

8. ഏതൊരു കാര്യത്തിനു മുമ്പും പ്രബോധനം തുടങ്ങേണ്ടത് തൗഹീദ് കൊണ്ടാണ്; നമസ്കാരം പോലും അതിനു ശേഷമാണ്.

9. 'അവർ അല്ലാഹുവിനെ ഏകനാക്കുക' എന്ന വാക്കിന്റെ അർത്ഥമാണ്, 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന്റെ അർത്ഥവും.

10. ഒരുപക്ഷെ ഒരാൾ, വേദക്കാരിൽപ്പെട്ടവനായിരിക്കും. പക്ഷെ അവന് സത്യസാക്ഷ്യം അറിയണമെന്നില്ല. അറിഞ്ഞാലും അത് പ്രാവർത്തികമാക്കണമെന്നില്ല.

11. ഘട്ടംഘട്ടമായി പഠിപ്പിക്കുക എന്ന കാര്യം ഉണർത്തുന്നു.

12. അതിപ്രാധാന്യമുള്ളത് കൊണ്ട് ആദ്യം തുടങ്ങുക. പിന്നെ അതിനു ശേഷം വരുന്നത്... അങ്ങനെ പ്രാധാന്യങ്ങൾക്കനുസരിച്ച് കാര്യങ്ങൾ തുടങ്ങുക.

13. സകാത്തിന്റെ വിതരണം ആർക്കായിരിക്കണം.

14. പണ്ഡിതൻ വിദ്യാർത്ഥിയുടെ സംശയങ്ങൾ ദൂരീകരിക്കൽ.

15 ഏറ്റവും മുന്തിയ ഇനം സ്വത്ത് സകാത്തായിപിടിച്ചെടുക്കുന്നത് നിരോധിക്കപ്പെട്ടിരിക്കുന്നു.

16. മർദ്ദിതന്റെ പ്രാർത്ഥനയെ സൂക്ഷിക്കൽ. 17 പ്രസ്തുത പ്രാർത്ഥന സ്വീകരിക്കപ്പെടാതിരിക്കുകയില്ല എന്ന വിളംബരം.

18. പ്രവാചകന്മാർക്കും ഔലിയാക്കളിലെ നേതാക്കന്മാർക്കും വന്നുപെട്ട പ്രയാസങ്ങളും വിശപ്പും പകർച്ചവ്യാധിയും തൗഹീദിന്റെ തെളിവുകളിൽ പെട്ടതാണ്.

19. 'ഞാൻ നാളെ പതാക നൽകും.' എന്ന പ്രവാചകൻ -ﷺ- യുടെ പ്രവചനം നുബുവ്വത്തിന്റെ അടയാളങ്ങളിൽ ഒന്നാണ്.

20. അലി (رَضِيَ اللَّهُ عَنْهُ) വിന്റെ കണ്ണിൽ നബി -ﷺ- തുപ്പിയത് നുബുവ്വത്തിന്റെ അടയാളങ്ങളിൽ ഒന്നാണ്.

21. അലി (رَضِيَ اللَّهُ عَنْهُ) വിന്റെ ശ്രേഷ്ഠത.

22. രാത്രിയിൽ സ്വഹാബികൾ സംസാരത്തിൽ മുഴുകിയതും വിജയത്തെക്കുറിച്ചുള്ള സന്തോഷവാർത്തയിൽ അവർ രാവ് മുഴുവൻ മുഴുകിയതും അവരുടെ മഹത്വം വിളിച്ചറിയിക്കുന്നു.

23. 'ക്വദ്റി'ലുള്ള വിശ്വാസം; പതാക തേടിച്ചെന്നവന് അത് തടയപ്പെട്ടു. തേടിചെല്ലാത്തവന് അത് ലഭിക്കുകയും ചെയ്തു.

24. പ്രവാചകൻ -ﷺ- യുടെ 'സമാധാനത്തിലും മര്യാദയിലും താങ്കൾ മുന്നോട്ട് ഗമിക്കുക' എന്ന വാക്കിലുള്ള അദബ്.

25. 'ക്വിതാലി'ന് (സായുധ പോരാട്ടം) മുമ്പായി ശത്രുക്കളെ ഇസ്ലാമിലേക്ക് 'ദഅ്വത്ത്' ചെയ്യണം.

26. ഒരിക്കൽ ഇസ്ലാമിലേക്ക് ദഅ്വത്ത് ചെയ്യപ്പെടുകയും യുദ്ധം നടത്തപ്പെടുകയും ചെയ്തവരാണെങ്കിലും പിന്നീട് അവരോട് (ശത്രുക്കളോട്) യുദ്ധം ചെയ്യുന്നുവെങ്കിൽ, അതിന് മുമ്പ് അവരെ ഇസ്ലാമിലേക്ക് വിളിക്കണം (എന്നിട്ടേ അവരോട് യുദ്ധം ചെയ്യാവൂ.)

27. പ്രവാചകൻ -ﷺ- യുടെ 'അവരുടെമേൽ നിർബന്ധമായത് അവരോട് താങ്കൾ ഉണർത്തണം.' എന്ന വാചകം ഹിക്മത്തോട് കൂടിയാണ് ദഅ്വത്ത് നടത്തേണ്ടത് എന്നറിയിക്കുന്നു.

28. ഇസ്ലാമിൽ അല്ലാഹു (تَعَالَى) വിനോടുള്ള ബാധ്യതകൾ അറിയൽ.

29. ഒരാളുടെ കൈയ്യാൽ ആരെങ്കിലും ഹിദായത്തിലായാൽ അയാൾക്കുള്ള പ്രതിഫലം

30. ഫത്'വ പറയാൻ സത്യം ചെയ്യൽ.

# തൗഹീദിന്റെ തഫ്സീർ; ലാ ഇലാഹ ഇല്ലല്ലാഹ് എന്ന കലിമയുടേയും

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "അവർ വിളിച്ചു പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നത് ആരെയാണോ അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപനമാർഗ്ഗം തേടിക്കൊണ്ടിരിക്കുകയാണ്. അതെ, അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു). അവർ അവന്റെ കാരുണ്യം ആഗ്രഹിക്കുകയും അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു. നിന്റെ രക്ഷിതാവിന്റെ ശിക്ഷ തീർച്ചയായും ഭയപ്പെടേണ്ടതാകുന്നു." (സൂറത്തുൽ ഇസ്റാഅ്: 57)

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "ഇബ്രാഹീം തന്റെ പിതാവിനോടും ജനങ്ങളോടും ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു) തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നവനാകുന്നു. എന്നെ സൃഷ്ടിച്ചവൻ ഒഴികെ. കാരണം, തീർച്ചയായും അവൻ എനിക്ക് മാർഗ്ഗദർശനം നൽകുന്നതാണ്. അദ്ദേഹത്തിന്റെ പിൻഗാമികൾ (സത്യത്തിലേക്കു) മടങ്ങേണ്ടതിനായി അതിനെ (ആ പ്രഖ്യാപനത്തെ) അദ്ദേഹം അവർക്കിടയിൽ നിലനിൽക്കുന്ന ഒരു വചനമാക്കുകയും ചെയ്തു." (സുഖ്റുഫ്: 26-28)

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: “അവരുടെ പണ്ഡിതന്മാരേയും പുരോഹിതന്മാരേയും മര്‍യമിന്റെ മകനായ മസീഹിനേയും അല്ലാഹുവിനു പുറമെ അവര്‍ രക്ഷിതാക്കളായി സ്വീകരിച്ചു. എന്നാല്‍ ഏകഇലാഹിനെ മാത്രം ആരാധിക്കുവാനായിരുന്നു അവര്‍ കല്‍പ്പിക്കപ്പെട്ടിരുന്നത്. അവനല്ലാതെ ആരാധനക്കര്‍ഹനായി മറ്റാരുമില്ല. അവര്‍ പങ്കുചേര്‍ക്കുന്നതില്‍നിന്ന് അവനെത്രയോ പരിശുദ്ധനാകുന്നു” (തൗബ: 31)

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: “അല്ലാഹുവിന് പുറമേയുള്ളവരെ അവന് സമന്മാരാക്കുന്ന ചില ആള്‍ക്കാരുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നതുപോലെ ഈ ആളുകള്‍ അവരേയും സ്നേഹിക്കുന്നു. എന്നാല്‍ സത്യവിശ്വാസികള്‍ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ.” (അല്‍ ബഖറ: 165)

സ്വഹീഹു മുസ്‌ലിമില്‍ കാണാം: നബി -ﷺ- പറഞ്ഞിരിക്കുന്നു: “ആരെങ്കിലും 'ലാഇലാഹ ഇല്ലല്ലാഹു' എന്നുപറയുകയും അല്ലാഹുവോടൊപ്പം ആരാധിക്കപ്പെടുന്നവയെ മുഴുവന്‍ അവിശ്വസിക്കുകയും ചെയ്താല്‍ അവന്റെ ധനവും രക്തവും ആദരണീയമാക്കപ്പെട്ടിരിക്കുന്നു. അവന്റെ വിചാരണ അല്ലാഹു (تَعَالَى) ഏറ്റെടുത്തിരിക്കുന്നു.”

ഈ അദ്ധ്യായത്തിന്റെ നിര്‍വ്വചനം, ശേഷമുള്ളവയുടേയും: ഇതിലാണ് ഏറ്റവും വലിയതും പ്രധാനവുമായ വിഷയമുള്ളത്.

അതത്രെ തൗഹീദിന്റേയും ശഹാദത്ത് കലിമയുടേയും നിര്‍വ്വചനം. സ്പഷ്ടമായ ചില കാര്യങ്ങള്‍കൊണ്ടാണ് അവയെ വ്യക്തമാക്കിയിട്ടുള്ളത്. അവ:

സൂറത്ത് ഇസ്റാഇലെ 57 ാം ആയത്ത്. സ്വാലിഹീങ്ങളോട് ദുആ ഇരക്കുന്ന മുശ്രിക്കുകൾക്കെതിരിലുള്ള മറുപടി ഈ ആയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അതുതന്നെയാണ് വലിയ ശിർക്ക് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

സൂറത്ത് ത്വൗബയിലെ 31ാം ആയത്ത്. വേദക്കാർ അവരുടെ പണ്ഡിതന്മാരേയും പുരോഹിതന്മാരേയും അല്ലാഹു (تَعَالَى) യോടൊപ്പം റബ്ബുകളാക്കി സ്വീകരിച്ചു എന്ന് അതിൽ വ്യക്തമാക്കി. അവർ ഏക ഇലാഹിനെ അല്ലാതെ ആരാധിക്കുവാൻ കൽപിക്കപെട്ടിട്ടില്ല എന്നും വ്യക്തമാക്കി. ആശയകുഴപ്പത്തിന് ഇടയില്ലാത്തവിധം അതിന്റെ തഫ്സീറാകട്ടെ, അല്ലാഹുവിനോടുള്ള ധിക്കാരമായിത്തീരുന്ന വിഷയത്തിൽ പുരോഹിതന്മാർക്കും പണ്ഡിതന്മാർക്കുമുള്ള അനുസരണം എന്നുള്ളതാണ്. അവരോടുള്ള അവരുടെ പ്രാർത്ഥന എന്നതല്ല.

ഇബ്രാഹീം (عليه السلام) അവിശ്വാസികളോട് പറഞ്ഞ വാക്ക് അതിൽപ്പെട്ടതാണ് “തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നവനാകുന്നു. എന്നെ സൃഷ്ടിച്ചവൻ ഒഴികെ.കാരണം, തീർച്ചയായും അവൻ എനിക്ക് മാർഗ്ഗദർശനം നൽകുന്നതാണ്.” അവരുടെ ആരാധ്യന്മാരെ അദ്ദേഹം ഒഴിവാക്കിയപ്പോൾ തന്റെ രക്ഷിതാവിനെ അദ്ദേഹം (ഒഴിവാക്കുന്നതിൽനിന്നും) ഒഴിച്ചുനിർത്തി.

ഈ ബറാഅത്തും (ബന്ധവിച്ഛേദനം) മുവാലാത്തും (സ്നേഹം) 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന ശഹാദത്തിന്റെ വിശദീകരണമാകുന്നു. അതാണ് അല്ലാഹു പറഞ്ഞത്: “അദ്ദേഹത്തിന്റെ പിൻഗാമികൾ (സത്യത്തിലേക്ക്) മടങ്ങേണ്ടതിനായി അതിനെ (ആ പ്രഖ്യാപനത്തെ) അദ്ദേഹം അവർ

ക്കിടയിൽ നിലനിൽക്കുന്ന ഒരു വചനമാക്കുകയും ചെ യ്തു.”

അവിശ്വാസികളുടെ വിഷയത്തിൽ അല്ലാഹു (تَعَالَى) പറ ഞ്ഞ സൂറത്തുൽ ബക്വറയിലെ ആയത്ത് അതിൽപ്പെട്ടതാ ണ്. അല്ലാഹു (تَعَالَى) പറഞ്ഞു: “അവർ നരകത്തിൽനിന്ന് ഒ രിക്കലും പുറത്തു കടക്കുന്നവരല്ല.” (സൂറത്തുൽ ബക്വറ: 167) അവിശ്വാസികൾ, അവരുടെ സമന്മാരെ അല്ലാഹു (تَعَالَى) യെ അവർ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കു ന്നു എന്ന് അല്ലാഹു (تَعَالَى) ഉണർത്തി. അപ്പോൾ അവർ അ ല്ലാഹു (تَعَالَى) യെ നന്നായി സ്നേഹിക്കുന്നു എന്നതാണ് അ ത് അറിയിക്കുന്നത്. പ്രസ്തുത സ്നേഹം അവരെ ഇസ്ലാ മിൽ പ്രവേശിപ്പിച്ചില്ല. അതുകൊണ്ടു മാത്രം അവർ മുസ്ലിം കളായില്ല. എങ്കിൽ പിന്നെ അല്ലാഹു (تَعَالَى) യേക്കാൾ സമ ന്മാരെ സ്നേഹിക്കുന്നവരുടെ അവസ്ഥ എന്തായിരിക്കും?!

അല്ലാഹു (تَعَالَى) യെ സ്നേഹിക്കാതെ സമന്മാരെ മാത്രം സ്നേഹിക്കുന്നവരുടെ അവസ്ഥ എന്തായിരിക്കും ?!

പ്രവാചകൻ -ﷺ- യുടെ വചനം അതിൽപ്പെട്ടതാണ് 'ആ രെങ്കിലും 'ലാഇലാഹ ഇല്ലല്ലാഹു' എന്നുപറയുകയും അല്ലാ ഹുവോടൊപ്പം ആരാധിക്കപ്പെടുന്നവയെ മുഴുവൻ നിഷേ ധിക്കുകയും ചെയ്താൽ അവന്റെ ധനവും രക്തവും ആദര ണീയമാക്കപ്പെട്ടിരിക്കുന്നു. അവന്റെ വിചാരണ അല്ലാഹു ഏറ്റെടുത്തിരിക്കുന്നു.”

ഈ വചനം 'ലാ ഇലാഹ ഇല്ലല്ലാഹു' വിന്റെ ആശയം ഏ റ്റവും നന്നായി വ്യക്തമാക്കുന്നു. കാരണം പ്രവാചകൻ -ﷺ-, 'ലാ ഇലാഹ ഇല്ലല്ലാഹു' ഉച്ചരിക്കലും, പദത്തോടൊപ്പം ആ ശയം ഗ്രഹിക്കലും, അത് അംഗീകരിക്കലും, യാതൊന്നിനേ

യും പങ്കുചേർക്കാതെ അല്ലാഹു (تَعَالَى) യോട് മാത്രം ദുആ ഇരക്കലും ചെയ്യൽ കൊണ്ട് മാത്രം രക്തവും സമ്പത്തും പവിത്രമാകുമെന്ന് പറഞ്ഞില്ല. പ്രത്യുത അതിന്റെ കൂടെ അല്ലാഹുവോടൊപ്പം ആരാധിക്കപ്പെടുന്നവയെ അവിശ്വസിക്കുക കൂടിവേണം. അപ്പോൾ മാത്രമാണ് ഒരാളുടെ സമ്പത്തും ശരീരവും പവിത്രമാകുന്നത്. സംശയിക്കുകയോ നിഷേധിക്കാതെ നിൽക്കുകയോ ചെയ്താൽ അയാളുടെ സമ്പത്തും ശരീരവും പാവനമാകില്ല. എത്ര ശ്രേഷ്ഠവും പ്രാധാന്യമർഹിക്കുന്നതുമായ വിഷയമാണിത്?!

എത്ര സ്പഷ്ടമായ വിശദീകരണം! എതിരാളിയുടെ അടിവേരറുക്കുന്ന തെളിവത്രെ ഇത്.

# പരീക്ഷണങ്ങൾ തടുക്കുവാനും നീങ്ങിപോകുവാനും മറ്റും ഉറുക്ക്, ഏലസ്, വളയം തുടങ്ങിയവ ധരിക്കൽ ശിർക്കാണ്

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: “ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് ആരെന്ന് നീ അവരോട് ചോദിക്കുന്നപക്ഷം, തീർച്ചയായും അവർ പറയും; അല്ലാഹു എന്ന്. നീ പറയുക: എങ്കിൽ അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവയെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? എനിക്ക് വല്ല ഉപദ്രവവും വരുത്തുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് അവന്റെ ഉപദ്രവം നീക്കം ചെയ്യുവാനാവുമോ? അല്ലെങ്കിൽ അവൻ എനിക്ക് വല്ല കാരുണ്യവും ചെയ്യുവാൻ ഉദ്ദേശിച്ചാൽ അവയ്ക്ക് അവന്റെ കാരുണ്യം പിടിച്ചുവെക്കുവാനാകുമോ? പറയുക: എനിക്ക് അല്ലാഹു മതി. അവന്റെ മേലാകുന്നു ഭരമേൽപിക്കുന്നവർ ഭരമേൽപിക്കുന്നത്.” (സൂറത്തു സുമർ: 38)

ഇംറാൻ ഇബ്നു ഹുസൈൻ (رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: “നബി -ﷺ- ഒരാളെ കാണാനിടയായി; കയ്യിന്മേൽ പിച്ചള കൊണ്ടുള്ള ഒരു വളയമുള്ള നിലയിൽ. അപ്പോൾ നബി -ﷺ- ചോദിച്ചു: 'ഇതെന്താണ്?' അയാൾ പറഞ്ഞു: തളർച്ച കാരണത്താലാണ്. അപ്പോൾ നബി -ﷺ- പറഞ്ഞു: “അത്

ഊരിയെറിയുക, അത് നിനക്ക് തളർച്ചയല്ലാതെ മറ്റൊന്നും വർധിപ്പിച്ചുതരില്ല. നിന്റെ ശരീരത്തിലത് ഉണ്ടായിരിക്കെ നീ മരിച്ചാൽ ഒരുകാലത്തും നീ വിജയിക്കുകയില്ല." (അഹ്മദ്)

ഉഖ്ബത്ത് ഇബ്നു ആമിർ (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും (നബി -ﷺ- പറഞ്ഞതായി) നിവേദനം: "ആരെങ്കിലും ഒരു ഏലസ്സ് കെട്ടിയാൽ അല്ലാഹു അവന് പൂർത്തീകരിച്ച് കൊടുക്കാതിരിക്കട്ടെ. ആരെങ്കിലും 'വദഅത്'(രക്ഷ) കെട്ടിയാൽ അവന് അല്ലാഹു സമാധാനവും രക്ഷയും നല്കാതിരിക്കട്ടെ."

മറ്റൊരു റിപ്പോർട്ടിൽ "ആരെങ്കിലും വല്ല ഏലസും കെട്ടിയാൽ അവൻ ശിർക്ക് ചെയ്തു, തീർച്ച."

ഹുദൈഫ (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം: "പനി കാരണത്താൽ കയ്യിൽ നൂലുകെട്ടിയ ഒരാളെ അദ്ദേഹം കണ്ടു, അപ്പോൾ തന്നെ അദ്ദേഹം അത് അറുത്തുമാറ്റി. ശേഷം അദ്ദേഹം ഈ ആയത്ത് പാരായണം ചെയ്തു: "അവരിൽ അധികപേരും അല്ലാഹുവിൽ വിശ്വസിക്കുന്നത് അവനോട് (മറ്റുള്ളവരെ) പങ്കുചേർക്കുന്നവരായിക്കൊണ്ട് മാത്രമാണ്." (യൂസുഫ്: 106)

### ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ

1 ഉറുക്ക്, ഏലസ്, ഐക്കല്ല് പോലുള്ളവ ധരിച്ചവരോടുള്ള കടുത്ത നിലപാട്.

2 തകിട് തന്റെ കയ്യിലുണ്ടായിരിക്കേ ഒരു സ്വഹാബിയാണ് മരണപ്പെടുന്നതെങ്കിൽ, അദ്ദേഹം പോലും ഒരിക്കലും വിജയിക്കില്ല എന്നകാര്യം. 'ചെറിയ ശിർക്ക്' വൻപാപത്തേക്കാൾ ഗൗരവമേറിയതാണ് എന്ന സ്വഹാബികളുടെ വാക്കിന് അതിൽ സാക്ഷ്യമുണ്ട്.

3. വിവരക്കേട് കൊണ്ട് വന്നുപോയതായിട്ടും അയാൾക്ക് ഒഴിവു കഴിവു നൽകിയില്ല.

4. ഈ ദുനിയാവിലും അത് ഉപകാരം ചെയ്യില്ല. പ്രത്യുത ഉപദ്രവമാണ് ചെയ്യുക. കാരണം, പ്രവാചകൻ -ﷺ- പറഞ്ഞു: 'അത് നിനക്ക് തളർച്ച മാത്രമേ വർദ്ധിപ്പിക്കൂ. '

5. ഇത്തരം കാര്യങ്ങൾ പ്രവർത്തിക്കുന്നതിനെതിരിൽ ശക്തമായ എതിർപ്പുണ്ടാകണം.

6. ആരെങ്കിലും വല്ലതും ബന്ധിച്ചാൽ അവനെ അതിലേക്ക് ഏല്പിക്കപ്പെടുമെന്ന തുറന്ന പ്രഖ്യാപനം.

7. ആരെങ്കിലും ഏലസ്സുകെട്ടിയാൽ അവൻ ശിർക്ക് ചെയ്തു എന്ന തുറന്ന പ്രഖ്യാപനം.

8. പനിപിടിച്ചാൽ ഊതികെട്ടുന്ന നൂലും അതിൽപ്പെട്ടതാണ്.

9 ഹുദൈഫ (رَضِيَ اللَّهُ عَنْهُ) ആയത്ത് ഓതിയത്, സ്വഹാബികൾ (رَضِيَ اللَّهُ عَنْهُ വലിയ ശിർക്കിന്റെ വിഷയത്തിൽ അവതീർണമായ ആയത്തുകളെ, ചെറിയ ശിർക്കിനും പാരായണം ചെയ്തിരുന്നു എന്നതിന് തെളിവാണ്. സൂറത്തുൽ ബക്വറയിലെ 2: 165 ാം ആയത്തിന് ഇബ്നു അബ്ബാസ് ( رَضِيَ اللَّهُ عَنْهُ) പറഞ്ഞതുപോലെ.

10. കണ്ണേറ് തട്ടാതിരിക്കുവാൻ 'വദ്അ'(രക്ഷ) കെട്ടുന്നതും ഇതിൽ പെട്ടതാണ്.

11. ഏലസ്സുകെട്ടിയവർക്കെതിരിൽ 'അല്ലാഹു (تَعَالَى), അവർക്ക് പൂർത്തീകരിച്ച് നല്കാതിരിക്കട്ടെ'യെന്ന പ്രാർത്ഥന. 'വദ്അത്' (രക്ഷ) കെട്ടിയവർക്കെതിരിൽ 'അല്ലാഹു അവന്

വേണ്ടി ഒന്നും അവശേഷിപ്പിക്കാതിരിക്കട്ടെ' എന്ന പ്രാർത്ഥന.

# മന്ത്രങ്ങൾ, ഏലസ്സുകൾ

അബൂബശീറിൽ അൻസാരി (رَضِي اللَّهُ عَنْهُ) പറയുന്നു: അദ്ദേഹം നബി -ﷺ-യോടൊപ്പം യാത്രയിലായിരിക്കെ നബി -ﷺ- ഒരു ദൂതനെ ഈ സന്ദേശവുമായി നിയോഗിച്ചയച്ചു. “ഒരൊട്ടകത്തിന്റെ കഴുത്തിലും നൂലുകൊണ്ടുള്ള ഒരു വടവും അവശേഷിപ്പിക്കരുത്; അവ പൊട്ടിച്ചുകളയാതെ”

ഇബ്നു മസ്ഊദ് (رَضِي اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: നബി -ﷺ- പറയുന്നത് ഞാൻ കേട്ടു “തീർച്ചയായും (ശിർക്കൻ) മന്ത്രങ്ങളും ഏലസ്സുകളും ക്ഷുദ്രവിദ്യകളും ശിർക്കാകുന്നു.” (അഹ്മദ്, അബൂദാവൂദ്)

തമാഇമുകൾ (ഏലസ്സുകൾ): കണ്ണേറ് കാക്കുവാൻ കുട്ടികളിൽ ബന്ധിക്കപ്പെടുന്നവയാണ് ഏലസ്സുകൾ. പക്ഷേ ക്വുർആൻ വചനങ്ങളാണ് കെട്ടിബന്ധിക്കപ്പെടുന്നത് എങ്കിൽ ചില പൂർവ്വികർ അതിൽ ഇളവനുവദിച്ചിട്ടുണ്ട്. ചിലരാകട്ടെ ഇളവ് അനുവദിക്കാതിരിക്കുകയും അവയും നിരോധിക്കപ്പെട്ട (ഏലസ്സുകളിൽ) ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇബ്നു മസ്ഊദ് (رَضِي اللَّهُ عَنْهُ) അവരിൽപ്പെടുന്നു.

'റുഖ്'യാ' അവയ്ക്കത്രെ മന്ത്രങ്ങൾ എന്ന് പറയപ്പെടുന്നത്. ശിർക്കിൽനിന്ന് മുക്തമായവ അനുവദനീയമാണെന്നതിന് തെളിവുകൾ പ്രത്യേകമായി വന്നിട്ടുണ്ട്. കണ്ണേറ്, വി

ഷബാധ എന്നിവയിൽ (അത്തരം മന്ത്രങ്ങളിൽ) റസൂൽ -ﷺ- ഇളവ് അനുവദിക്കുകയും ചെയ്തിരിക്കുന്നു.

തിവലത്ത്: ഭാര്യാഭർത്താക്കന്മാർക്കിടയിൽ സ്നേഹമുണ്ടാക്കുമെന്ന് ജൽപിച്ചുകൊണ്ട് ആളുകൾ നിർമ്മിക്കുന്ന ഏലസ് പോലുള്ളവക്കാണ് തിവലത്ത് എന്നുപറയുന്നത്.

അബ്ദുല്ലാഹിബ്നു ഉകൈമി(رَضِيَ اللهُ عَنْهُ)ൽ നിന്ന് നിവേദനം: “വല്ലവനും വല്ലതും കെട്ടി ബന്ധിച്ചാൽ അതിലേക്ക് (കെട്ടി ബന്ധിച്ചതിലേക്ക് അവനും അവന്റെ കാര്യങ്ങളും) ഏൽപ്പിക്കപ്പെടും” അഹ്മദ്, തിർമിദി

റുവൈഫിഅ് (رَضِيَ اللهُ عَنْهُ) വിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു; എന്നോട് അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: “റുവൈഫിഅ്, താങ്കൾ ദീർഘകാലം ജീവിച്ചേക്കാം അപ്പോൾ, താങ്കൾ ജനങ്ങളോട് പറയുക: ആര് തന്റെ താടിയെ ബന്ധിച്ചുവോ അല്ലെങ്കിൽ വത്റിനെ (വടം) ധരിച്ചുവോ അല്ലെങ്കിൽ മൃഗങ്ങളുടെ കാഷ്ഠം കൊണ്ടോ എല്ല് കൊണ്ടോ മലമൂത്രശുചീകരണം നടത്തിയോ അവനിൽ നിന്ന് മുഹമ്മദ് ബന്ധം വിച്ഛേദിച്ചിരിക്കുന്നു, തീർച്ച.”

സഈദ് ഇബ്നു ജുബൈർ (رَحمه الله) പറയാറുണ്ടായിരുന്നു: "ആരെങ്കിലും വല്ലവരുടേയും ശരീരത്തിൽ നിന്ന് ഏലസ്സ് മുറിച്ചു കളഞ്ഞാൽ അയാൾ ഒരടിമയെ മോചിപ്പിച്ചവനെപ്പോലെയാണ്." (വകീഅ്)

ഇബ്റാഹീം (رَحمه الله) നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അവർ ഏലസ്സുകളെ മുഴുവനും വിലക്കിയിരുന്നു; ക്വുർആനിൽ നിന്നുള്ളതായാലും ക്വുർആൻ കൊണ്ടല്ലാത്തതായാലും." (വകീഅ്)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ**

1 'റുഖ്‌യ' യുടേയും 'തമാഇമി'ന്റേയും വിവരണം.

2 'തിവലതി'ന്റെ നിർവ്വചനം.

3. ഇവ മൂന്നും ഒന്നും ഒഴിയാതെ എല്ലാം ശിർക്കിൽപ്പെട്ട താണ്.

4. കണ്ണേറിനും വിഷബാധക്കും ഹക്ക് ആയ വചനങ്ങ ൾ കൊണ്ട് മന്ത്രിക്കൽ ശിർക്കിൽ പെട്ടതല്ല.

5. ഏലസ്സ്, ക്വുർആൻ കൊണ്ടാണെങ്കിൽ അത് നിഷിദ്ധ മാണോ അല്ലയോ എന്നതിൽ പണ്ഡിതന്മാർക്കിടയിൽ അ ഭിപ്രായ വ്യത്യാസമുണ്ട്.

6. കണ്ണേറ് തട്ടാതിരിക്കുവാൻ കാലികൾക്ക് വടംകെട്ടൽ ശിർക്കിൽ പെട്ടതാണ്.

7. 'വടം' കെട്ടുന്നതിനെതിരിലുള്ള ശക്തമായ താക്കീത് 8 ഒരു മനുഷ്യനിൽനിന്ന് ഏലസ്സ് മുറിച്ചുമാറ്റുന്നതിന്റെ മഹ ത്വം.

9. ഇബ്റാഹിം നഖഈ (رَحمه الله) യുടെ വാക്ക് മുകളിൽ നാം സൂചിപ്പിച്ച അഭിപ്രായ വ്യത്യാസത്തിന് എതിരാവുക യില്ല. കാരണം, അദ്ദേഹം ഉദ്ദേശിക്കുന്നത് ഇബ്നു മസ്ഊദ് (رَضِيَ اللَّهُ عَنْهُ)വിന്റെ ശിഷ്യന്മാരെ മാത്രമാണ് (അഥവാ അവർ ക്വുർആനിൽ നിന്നാകട്ടെ അല്ലാത്തവയിൽ നിന്നാകട്ടെ ഏലസ്സുകളെ മുഴുവൻ വെറുത്തിരുന്നു).

# വൃക്ഷം, കല്ല് തുടങ്ങിയവകൊണ്ട് ബറക്കത്തെടുക്കൽ

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "ലാത്തയെയും ഉസ്സയെയും പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? വേറെ മൂന്നാമതായുള്ള മനാത്തയെ പറ്റിയും (സന്താനമായി) നിങ്ങൾക്ക് ആണും അല്ലാഹുവിന് പെണ്ണുമാണെന്നോ? എങ്കിൽ അത് നീതിയില്ലാത്ത ഒരു ഓഹരി വെക്കൽ തന്നെ.

നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്ത ചില പേരുകളല്ലാതെ മറ്റൊന്നുമല്ല അവ. അവയെപ്പറ്റി അല്ലാഹു യാതൊരു പ്രമാണവും ഇറക്കിത്തന്നിട്ടില്ല. ഊഹത്തെയും മനസ്സുകൾ ഇച്ഛിക്കുന്നതിനെയും മാത്രമാണ് അവർ പിന്തുടരുന്നത്. അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് സന്മാർഗ്ഗം വന്നിട്ടുണ്ട് താനും." (സൂറത്തുന്നജ്മ്:19-23)

അബൂ വാഖിദ് അല്ലൈസീ (رَضِيَ اللَّهُ عَنْهُ) പറയുന്നു: ഞങ്ങൾ നബി-ﷺ-യോടൊപ്പം ഹുനൈനിലേക്ക് പുറപ്പെട്ടു, ഞങ്ങൾ പുതുതായി ഇസ്ലാം സ്വീകരിച്ചവരായിരുന്നു, ബഹുദൈവ വിശ്വാസികൾക്ക് ആ കാലത്ത് ഒരു മരമുണ്ടായിരുന്നു. അവർ അതിന്റെ അടുക്കൽ ധ്യാനമിരിക്കുകയും അവരുടെ വാളുകൾ അതിൽ തൂക്കിയിടുകയും ചെയ്യാറുണ്ടായിരുന്നു, അതിനെ 'ദാത്തു അൻവാത്ത്' എന്നായിരുന്നു വിളിക്കപ്പെട്ടിരുന്നത്, അങ്ങനെ ഒരു മരത്തിനടുത്ത് കൂടി കട

ന്നു പോയപ്പോൾ ഞങ്ങൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ അവർക്ക് ഒരു 'ദാത്തു അൻവാത്ത്' ഉള്ളത് പോലെ ഞങ്ങൾക്കും ഒരു 'ദാത്തു അൻവാത്ത്' ഉണ്ടാക്കി തരണം.

അപ്പോൾ നബി -ﷺ- പറഞ്ഞു: “അല്ലാഹു അക്ബർ, തീർച്ചയായും ഇത് പൂർവ്വികരുടെ (ദുഷിച്ച) ചര്യകളാകുന്നു. എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാണേ സത്യം; നിങ്ങൾ പറഞ്ഞത് ഇസ്രാഈൽ സന്തതികൾ മൂസായോട് പറഞ്ഞ വാക്കുപോലെയാണ്. അവർ (ഇസ്രാഈൽ സന്തതികൾ) പറഞ്ഞു: (ഹേ, മൂസാ, ഇവർക്ക് ദൈവങ്ങളുള്ളതു പോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നീ ഏർപ്പെടുത്തി തരണം. അദ്ദേഹം പറഞ്ഞു: തീർച്ചയായും നിങ്ങൾ വിവരമില്ലാത്ത ഒരു ജനവിഭാഗമാകുന്നു.” (അഅ്റാഫ്: 138)

അനന്തരം പ്രവാചകൻ -ﷺ- സ്വഹാബികളോടു പറഞ്ഞു: “മുൻഗാമികളുടെ ചര്യകൾ നിങ്ങൾ കൊണ്ടുനടക്കുകതന്നെ ചെയ്യും.” (തിർമിദി, അദ്ദേഹം ഈ ഹദീസ് 'സ്വഹീഹ്' ആണെന്ന് വിലയിരുത്തുകയും ചെയ്തു.)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ**

1. സൂറത്തുന്നജ്മിലെ ആയത്തുകളുടെ തഫ്സീർ.

2 അവർ ആവശ്യപ്പെട്ട കാര്യത്തിന്റെ രൂപം മനസ്സിലാക്കൽ.

3. അവർ അത് പ്രവർത്തിച്ചിട്ടില്ല. ആവശ്യപ്പെടുക മാത്രമാണ് ചെയ്തത്.

4. ആ ആവശ്യത്തിലൂടെ അവർ അല്ലാഹു (تَعَالَى) യിലേക്ക് സാമീപ്യം നേടാമെന്ന് ഉദ്ദേശിക്കുകയാണ് ചെയ്തത്.

കാരണം അവർ വിചാരിക്കുന്നത് അവൻ അത് ഇഷ്ടപ്പെടു ന്നു എന്നാണ്.

5. അവർ ഇക്കാര്യത്തിൽ അജ്ഞതയിലായെങ്കിൽ അവ ർ അല്ലാത്തവർ എന്തുകൊണ്ടും അജ്ഞരാണ്.

6. അവർക്ക് മറ്റുള്ളവർക്കില്ലാത്ത നന്മകളും പാപമോച ന വാഗ്ദാനവുമുണ്ട്.

7. പ്രവാചകൻ -ﷺ- അവർക്ക് ഒഴിവ് കഴിവ് നൽകിയില്ല. പ്രത്യുത അവർക്ക് മറുപടി നൽകുകയാണ്. പ്രവാചകൻ -ﷺ- പറഞ്ഞു: "അല്ലാഹു അക്ബർ' നിശ്ചയം അവയത്രെ ച ര്യകൾ! നിങ്ങൾ നിങ്ങൾക്ക് മുമ്പുള്ളവരുടെ ചര്യകൾ പിൻ പറ്റുകതന്നെ ചെയ്യും." മൂന്നുരീതിയിലുള്ള ശക്തിപ്പെടുത്തു വാനുള്ള (അറബിഭാഷയിലെ) പ്രയോഗങ്ങൾകൊണ്ട് നബി -ﷺ- കാര്യം ഗൗരവമാക്കി പറഞ്ഞു.

8. ഏറ്റവും വലിയ കാര്യമത്രെ ഇവിടെ ഉദ്ദേശിക്കപ്പെടു ന്നത്. അഥവാ പ്രവാചകൻ -ﷺ- അവരോട് പറഞ്ഞു: അവർ പ്രവാചകൻ -ﷺ- യോട് ആവശ്യപ്പെട്ടത്, ഇസ്രാഈല്യർ മൂ സാ (عليه السلام) യോട് ആവശ്യപ്പെട്ടതുപോലെയാണ് അവർ മൂസാ (عليه السلام) യോട് പറഞ്ഞു: (നീ ഞങ്ങൾക്ക് ഒരു (വി ഗ്രഹത്തെ) ഇലാഹായി ഏർപ്പെടുത്തിതരണം.

9. (അല്ലാഹു (تَعَالَى) ശറആക്കിയ കാര്യങ്ങൾ കൊണ്ടല്ലാ ത്തവയിൽ 'ബർക്കത്ത്' എടുക്കുന്നതിനെ) നിരാകരിക്കൽ 'ലാ ഇലാഹ ഇല്ലല്ലാഹു' വിന്റെ ആശയത്തിൽപ്പെട്ടതാണ്. ഇത് അവർക്കു മുമ്പിൽ സൂക്ഷ്മമായതും അവ്യക്തമായതു മായിരുന്നു എന്നുകൂടി അറിയേണ്ടതുണ്ട്.

10. നബി -ﷺ- മതവിധി പറയാൻ വേണ്ടി സത്യം ചെയ്തു. പ്രവാചകൻ -ﷺ-, മസ്ലഹത്തിനുവേണ്ടിയല്ലാതെ സത്യം ചെയ്യില്ല.

11. ശിർക്കിൽ വലുതും ചെറുതുമുണ്ട്. കാരണം ഈ ചോദ്യത്തിലൂടെ അവർ മതത്തിൽ നിന്ന് പുറത്തുപോയില്ല.

12. "ഞങ്ങൾ ഈ അടുത്ത് കുഫ്റിനോട് വിടപറഞ്ഞവരാണ്." എന്ന അവരുടെ പ്രയോഗം അവരല്ലാത്തവർ അതിൽ അജ്ഞതയിലല്ല എന്നറിയിക്കുന്നു.

13. അത്ഭുതപെടുമ്പോൾ 'തക്ബീർ' മുഴക്കാം. ഇത്തരം സന്ദർഭങ്ങളിൽ 'തക്ബീർ' ചൊല്ലൽ വെറുക്കപ്പെട്ടതാണെന്ന് പറഞ്ഞവർക്കെതിരിൽ തെളിവാണ് ഇത്.

14 (പാപത്തിലേക്കുള്ള) മാർഗ്ഗങ്ങൾ കൊട്ടിയടക്കൽ.

15. ജാഹിലിയ്യത്തിലെ ആളുകളോട് സാദൃശ്യം പുലർത്തുന്നതിനെ വിരോധിക്കൽ.

16. പഠിപ്പിക്കുമ്പോൾ ദേഷ്യപ്പെടൽ.

17. "നിശ്ചയം ഇവകളത്രെ (മുൻപ് കഴിഞ്ഞുപോയവരുടെ) ചര്യകൾ!' എന്ന് നബി -ﷺ- പറഞ്ഞതിലുള്ള പൊതു തത്വം.

18 ഇത് നുബുവ്വത്തിന്റെ അടയാളങ്ങളിൽപെട്ടതാണ്. കാരണം പ്രവാചകൻ -ﷺ- പ്രവചിച്ചതുപോലെ സംഭവിച്ചു.

19. യഹൂദികളേയും നസ്വാറാക്കളേയും വിശുദ്ധ ക്വുർആനിൽ അല്ലാഹു (تَعَالَى) ആക്ഷേപിച്ച എല്ലാ കാര്യങ്ങളും നമുക്കും ബാധകമായവയാണ്.

20 ആരാധനാകർമ്മങ്ങളുടെ അടിസ്ഥാനം (അല്ലാഹു (تَعَالَى) യിൽ നിന്നുള്ള) കൽപനകളാണ് എന്നത് വേദക്കാരുടെ അടുക്കലും അംഗീകൃതമായിരുന്നു. (വേദക്കാരെ പരാമർശിക്കുന്ന അബീ വാക്വിദ് അൽ ലെയ്ഥി (رَضِيَ اللَّهُ عَنْهُ) വിൽനിന്നുള്ള ഹദീഥിൽ) ക്വബ്റിലെ ചോദ്യങ്ങളെക്കുറിച്ചുള്ള ഉണർത്തൽ ഉണ്ട്. അവയിൽ ഒന്ന്: 'ആരാണ് നിന്റെ റബ്ബ്' എന്നതാണ്. (ഹദീഥിൽ)അത് നന്നേ വ്യക്തമാണ്. എന്നാൽ 'ആരാണ് നിന്റെ നബി' എന്ന ചോദ്യം, പ്രവാചകൻ- ﷺ- 'ഗയ്ബിയ്യാ'യ വാർത്തകൾ പ്രവചിച്ചതിൽ നിന്നും മനസ്സിലാക്കാം. (കാരണം പ്രവാചകർ മാത്രമേ 'ഗയ്ബിയ്യാ'യ വാർത്തകൾ പ്രവചിക്കുകയുള്ളൂ) എന്നാൽ 'ഏതാണ് നിന്റെ ദീൻ' എന്നചോദ്യം, ( നീ ഞങ്ങൾക്ക് ഒരു വിഗ്രഹത്തെ ഏർപ്പെടുത്തിതരണം.) എന്ന അവരുടെ വാക്കിൽനിന്നും മനസ്സിലാക്കാം. (കാരണം, അവർ സ്വയം നിശ്ചയിക്കാതെ പ്രവാചകൻ -ﷺ- മതപരമായി നിശ്ചയിച്ചുകൊടുക്കുവാൻ ആവശ്യപ്പെടുകയാണ്.)

21. വേദക്കാരുടെ ചര്യകൾ ബഹുദൈവവിശ്വാസികളുടെ ചര്യകളെപ്പോലെ അധിക്ഷേപിക്കപ്പെട്ടതാണ്.

22. നിരർത്ഥകതയിൽ നിന്നും രാജിയായവന്റെ ഹൃദയത്തിൽ തെല്ലും ബാക്കിയില്ലാത്തവിധം പതിവുസമ്പ്രദായങ്ങളിൽ നിന്ന് തീർത്തും അവൻ മുക്തനായെന്ന് നിർഭയപ്പെടാവതല്ല. കാരണം അവർ (നബി -ﷺ- യോടൊപ്പം ഹുനൈനിലേക്ക് പുറപ്പെട്ട യോദ്ധാക്കൾ) പറഞ്ഞു: "ഞങ്ങൾ ഈ അടുത്ത് കുഫ്റിനോട് വിടപറഞ്ഞവരാണ്."

# അല്ലാഹു അല്ലാത്തവരുടെ പ്രീതിക്കുവേണ്ടി അറുക്കൽ

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "പറയുക, തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ബലികർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു. അവനു പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നത്. (അവന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്" (സൂറത്തുൽ അൻആം: 162,163)

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "ആകയാൽ നീ നിന്റെ രക്ഷിതാവിനുവേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക." (സൂറത്തുൽ കൗഥർ: 2)

അലി (رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: "നാലു വചനങ്ങൾ നബി-ﷺ- എന്നോടു പറഞ്ഞിരിക്കുന്നു: "അല്ലാഹു അല്ലാത്തവർക്കായി (അവരുടെ പ്രീതിക്കുവേണ്ടി) അറുക്കുന്നവനെ അല്ലാഹു ശപിച്ചിരിക്കുന്നു. തന്റെ മാതാപിതാക്കളെ ശപിക്കുന്നവനെ അല്ലാഹു ശപിച്ചിരിക്കുന്നു. (ഇസ്ലാമിക ശിക്ഷക്ക് അർഹനായ) കുറ്റവാളിക്ക് (രക്ഷക്കായി) അഭയം നൽകുന്നവരെ അല്ലാഹു ശപിച്ചിരിക്കുന്നു. ഭൂമിയിലെ അതിരുകൾ മാറ്റിമറിക്കുന്നവരെ അല്ലാഹു ശപിച്ചിരിക്കുന്നു." (മുസ്‌ലിം)

ത്വാരിക്വ് ഇബ്നു ശിഹാബ് (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "ഒരു ഈച്ചയുടെ വിഷയത്തിൽ ഒരാൾ സ്വർഗ്ഗത്തിലും, ഒരാൾ നരകത്തിലും പ്രവേശിച്ചു."

അവർ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അതെങ്ങനെ? (നബി ﷺ) പറഞ്ഞു: "രണ്ട് പേർ ഒരു സമൂഹത്തിലൂടെ നടന്നു. അവർക്ക് ഒരു വിഗ്രഹമുണ്ടായിരുന്നു. അതിന് ബലിയർപ്പിക്കാതെ ആരും അതിലുടെ കടന്നുപോകാറില്ല.

അവർ അവരിലൊരാളോട് പറഞ്ഞു; വല്ലതും ബലിയർപ്പിക്കൂ. അയാൾ പറഞ്ഞു: എന്റെ അരികിൽ ബലിയർപ്പിക്കുവാൻ യാതൊന്നും തന്നെ ഇല്ല.

അവർ പറഞ്ഞു: ഒരു ഈച്ചയെയെങ്കിലും ബലിയർപ്പിക്കൂ. അയാൾ ഒരു ഈച്ചയെ ബലിയർപ്പിച്ചപ്പോൾ അവർ അയാളെ വെറുതെവിട്ടു. അങ്ങനെ അയാൾ നരകത്തിൽ പ്രവേശിച്ചു.

അവർ മറ്റേയാളോട് പറഞ്ഞു: വല്ലതും ബലിയർപ്പിക്കൂ.

അയാൾ പറഞ്ഞു: 'അല്ലാഹുവിനല്ലാതെ മറ്റൊരാൾക്കും യാതൊന്നും തന്നെ ബലിയർപ്പിക്കുന്നവനല്ല ഞാൻ.' അവർ അയാളുടെ പിരടിവെട്ടി. അങ്ങനെ അയാൾ സ്വർഗ്ഗത്തിൽ പ്രവേശിച്ചു." (അഹ്മദ്)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ**

1. "പറയുക, തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ബലി കർമ്മങ്ങളും... " എന്നർത്ഥം വരുന്ന ഈ ആയത്തുകളുടെ തഫ്സീർ.

2. “ആകയാൽ നീ നിന്റെ രക്ഷിതാവിനുവേണ്ടി നമസ്ക രിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക...” എന്നർത്ഥം വരുന്ന ആയത്തിന്റെ തഫ്സീർ.

3. അല്ലാഹു (تَعَالَى) അല്ലാത്തവർക്ക് അറുക്കുന്നവരെ ശ പിച്ചുകൊണ്ടാണ് ആരംഭിച്ചത്.

4. മാതാപിതാക്കളെ ശപിക്കുന്നവർക്ക് ശാപം. അതിൽ പ്പെട്ടതാണ്, താങ്കൾ മറ്റൊരാളുടെ മാതാപിതാക്കളെ ശപി ക്കുകയും; എന്നിട്ട് അയാൾ താങ്കളുടെ മാതാപിതാക്കളെ ശപിക്കുകയും ചെയ്യുക എന്നത്.

5. 'മുഹ്ദിഥി'ന് അഭയം നൽകുന്നവർക്ക് ശാപം. 'മുഹ്ദി ഥ്' എന്നാൽ ഇസ്ലാമിക ശിക്ഷക്ക് അർഹനാകും വിധം വല്ല കുറ്റകൃത്യവും ചെയ്ത്, രക്ഷക്കായി മറ്റൊരാളിൽ അഭയം തേടുന്നവനാണ്.

6. ഭൂമിയിലെ അതിരുകൾ നീക്കുന്നവർക്ക് ശാപം. അഥ വാ താങ്കളുടേയും താങ്കളുടെ അയൽവാസിയുടേയും സ്വ ത്തിനെ വേർതിരിക്കുന്ന അടയാളങ്ങൾ മുന്നോട്ടോ, പി ന്നോട്ടോ മാറ്റം വരുത്തലാണ്.

7. വ്യക്തിയെ നിർണ്ണയിച്ച് ശപിക്കുന്നതും പാപികളെ മൊത്തത്തിൽ ശപിക്കുന്നതും തമ്മിലുള്ള വ്യത്യാസം.

8. ഗൗരവമേറിയ കഥയാണ് ഈച്ചയുടെ കഥ.

9 ഒരു വ്യക്തി ഒരു ഈച്ചകാരണത്താൽ നരകത്തിൽ പ്ര വേശിച്ചു. അയാളാകട്ടെ, താൻ ബലിനൽകുകയാണെന്ന് ഉ ദ്ദേശിക്കാതെ, അവരുടെ കുഴപ്പത്തിൽ നിന്ന് രക്ഷപ്പെടു വാൻ പ്രവർത്തിച്ചതാണ്.

10. സത്യവിശ്വാസികളുടെ ഹൃദയത്തിൽ ശിർക്കിന്റെ ഗൗരവം എത്രയാണെന്ന് മനസ്സിലാക്കൽ. അഥവാ ഈ സ ത്യവിശ്വാസി മരണത്തിന് മുന്നിൽ എത്ര ക്ഷമിച്ചു! അവരു ടെ ആവശ്യത്തിന് അദ്ദേഹം നിന്നുകൊടുത്തില്ല. അവർ ബാഹ്യമായ കർമ്മം മാത്രമേ അദ്ദേഹത്തിൽ നിന്ന് ആവശ്യ പ്പെട്ടിട്ടുള്ളൂ; എന്നിട്ടുകൂടി.

11. ഇവിടെ നരകത്തിൽ പ്രവേശിച്ച വ്യക്തി 'മുസ്‌ലിം' ആയിരുന്നു. കാരണം അയാൾ കാഫിറായിരുന്നുവെങ്കിൽ നബി -ﷺ- 'ഒരാൾ ഒരു ഈച്ചയുടെ വിഷയത്തിൽ നരകത്തി ൽ പ്രവേശിച്ചു' എന്നു പറയുമായിരുന്നില്ല.

12 ഈ ഹദീഥിൽ സ്വഹീഹായ മറ്റൊരു ഹദീഥിന്റെ ആശ യത്തിന് ഉപോല്പലകമായ കാര്യമാണുള്ളത്. നബി -ﷺ- പ റഞ്ഞിരിക്കുന്നു: “സ്വർഗം നിങ്ങളിൽ ഓരോരുത്തരുടെയും ചെരുപ്പിന്റെ വാറിനേക്കാൾ നിങ്ങളോട് സമീപമുണ്ട്. നരക വും അതു പോലെ തന്നെ”

13. ഹൃദയത്തിന്റെ പ്രവർത്തനങ്ങൾ ആണ് ഏറ്റവും ഗൗരവകരമായി ഉദ്ദേശിക്കപ്പെടുന്നത് എന്ന കാര്യം വിഗ്ര ഹാരാധകരുടെ അടുക്കൽപോലും ഉണ്ട്.

# അല്ലാഹു അല്ലാത്തവർക്ക് ബലി നൽകിയ സ്ഥലത്തുവെച്ച് അല്ലാഹുവിന് ബലി നൽകുവാൻ പാടില്ല

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "(നബിയേ,) നീ ഒരിക്കലും അതിൽ നമസ്കാരത്തിന് നിൽക്കരുത്. ആദ്യദിവസം മുതൽ തന്നെ തഖ്‌വയിന്മേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മസ്ജിദാണ് നീ നിന്നു നമസ്കരിക്കുവാൻ ഏറ്റവും അർഹതയുള്ളത്. ശുദ്ധി കൈവരിക്കുവാൻ ഇഷ്ടപ്പെടുന്ന ചില ആളുകളുണ്ട് ആ മസ്ജിദിൽ. ശുദ്ധികൈവരിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു." (സൂറത്തു തൗബ: 108)

ഥാബിത് ഇബ്നു ദ്വഹ്ഹാകി(رَضِيَ الله عَنْهُ)ൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: "ഒരാൾ 'ബുവാന' എന്ന സ്ഥലത്ത് വെച്ച് ഒരു ഒട്ടകത്തെ അറുക്കുവാൻ നേർച്ച നേർന്നു. അപ്പോൾ അയാൾ (അതിനെക്കുറിച്ച്) നബി -ﷺ- യോട് ചോദിച്ചു. (പ്രവാചകൻ) പറഞ്ഞു: "ജാഹിലിയ്യത്തിൽ ആരാധിക്കപ്പെടുന്ന വിഗ്രഹങ്ങളിൽ വല്ലതും അവിടെ ഉണ്ടായിരുന്നുവോ?"

അവർ പറഞ്ഞു: ഇല്ല.

"അവിടെ അവരുടെ വല്ല ആഘോഷങ്ങളും ഉണ്ടായിരുന്നുവോ?"

അവർ പറഞ്ഞു: ഇല്ല. അപ്പോൾ അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "താങ്കൾ താങ്കളുടെ നേർച്ച പൂർത്തിയാക്കുക. കാരണം, അല്ലാഹുവിനെ ധിക്കരിച്ചുകൊണ്ടുള്ളതിലും ആദമിന്റെ മക്കൾ ഉടമപ്പെടുത്തിയിട്ടില്ലാത്തതിലും നേർച്ച യാതൊരുവിധത്തിലും പൂർത്തിയാക്കേണ്ടതില്ല." (അബൂ ദാവൂദ്)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ**

1. "(നബിയേ,) നീ ഒരിക്കലും അതിൽ നമസ്കാരത്തിന് നിൽക്കരുത്..." എന്നർത്ഥമുള്ള ആയത്തിന്റെ തഫ്സീർ.

2. അല്ലാഹു (تَعَالَى) യോടുള്ള ധിക്കാരം ചിലപ്പോൾ അത് സംഭവിച്ച ഭൂമിയിൽ സ്വാധീനമുണ്ടാക്കും; അല്ലാഹുവിനോടുള്ള അനുസരണവും അപ്രകാരം തന്നെ.

3. ആശയക്കുഴപ്പമുള്ള മസ്അലകൾ വ്യക്തമായ മസ്അലകളിലേക്ക് മടക്കണം; ആശയക്കുഴപ്പം നീങ്ങുവാൻവേണ്ടി.

4. 'ഫത്വ' പറയുന്നവൻ ആവശ്യമെങ്കിൽ വിശദീകരണം ആവശ്യപ്പെടൽ.

5. തടസ്സങ്ങളിൽ നിന്ന് മുക്തമെങ്കിൽ നേർച്ച പൂർത്തീകരിക്കുവാൻ ഒരു സ്ഥലത്തെ പ്രത്യേകമാക്കുന്നതിൽ തെറ്റില്ല.

6. ജാഹിലിയ്യത്തിന്റെ വിഗ്രഹങ്ങളിൽ വല്ലതും ഉണ്ടായിരുന്ന സ്ഥലങ്ങളിൽ നേർച്ചപാടില്ല; വിഗ്രഹം അവിടെ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും.

7. അമുസ്‌ലിംകളുടെ ഉത്സവങ്ങൾ ഉണ്ടായാൽ അത്തരം സ്ഥലങ്ങളിൽ നേർച്ചപാടില്ല; ഉത്സവം അവിടെ നിന്ന് ഒഴിവായിട്ടുണ്ടെങ്കിലും.

8. അത്തരം സ്ഥലങ്ങളിലേക്ക് നേർന്ന നേർച്ച പൂർത്തീകരിക്കപ്പെടുവാൻ പാടില്ല. കാരണം, പ്രത്യുത നേർച്ച തിന്മയുടെ നേർച്ചയാണ്.

9. ബഹുദൈവ വിശ്വാസികളോട് അവരുടെ ഉത്സവങ്ങളിൽ സാദൃശ്യം പുലർത്തുന്നതിനെകുറിച്ച് മുന്നറിയിപ്പ്. സാദൃശ്യം പുലർത്താൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ശരി.

10. അല്ലാഹു വിലക്കിയ കാര്യങ്ങൾ ചെയ്യാൻ യാതൊരു നേർച്ചയും പാടില്ല.

11. ഒരാൾ തന്റെ ഉടമസ്ഥതയിലില്ലാത്ത കാര്യവും നേർച്ചയാക്കാൻ പാടില്ല.

# അല്ലാഹു അല്ലാത്തവർക്കുള്ള നേർച്ച ശിർക്കാകുന്നു

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "നേർച്ച അവർ നിറവേറ്റുകയും ആപത്ത് പടർന്ന് പിടിക്കുന്ന ഒരു ദിവസത്തെ അവർ ഭയപ്പെടുകയും ചെയ്യും" (സൂറത്തുൽ ഇൻസാൻ: 7)

(അല്ലാഹു) പറഞ്ഞു: "നിങ്ങളെന്തൊന്ന് ചെലവഴിച്ചാലും ഏതൊന്ന് നേർച്ച നേർന്നാലും തീർച്ചയായും അല്ലാഹു അതറിയുന്നതാണ്" (അൽബഖറ: 270)

ആയിശ (رَضِيَ اللهُ عَنْهَا) വിൽ നിന്നും നിവേദനം, അവർ പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിനെ അനുസരിക്കുവാൻ നേർച്ചയാക്കിയാൽ അവൻ അല്ലാഹുവിനെ അനുസരിച്ചുകൊള്ളട്ടെ. ആരെങ്കിലും അല്ലാഹുവിനെ ധിക്കരിക്കുവാൻ നേർച്ചയാക്കിയാൽ അവൻ അല്ലാഹുവിനെ ധിക്കരിക്കാതിരിക്കട്ടെ."

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. നേർച്ച വീട്ടൽ നിർബന്ധമാകുന്നു.

2. നേർച്ച അല്ലാഹുവിനുള്ള ഇബാദത്ത് ആണെന്ന കാര്യത്തിൽ സംശയമില്ല. അതിനാൽ, അത് അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ചെയ്യൽ ശിർക്കാകുന്നു.

3. തെറ്റായ കാര്യം നേർച്ചയാക്കിയാൽ അത് പൂർത്തിയാക്കൽ അനുവദനീയമല്ല.

# അല്ലാഹു അല്ലാത്തവരോട് രക്ഷ തേടൽ (ഇസ്തിആദത്) ശിർക്കാകുന്നു

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "മനുഷ്യരിൽപ്പെട്ട ചില വ്യക്തികൾ ജിന്നുകളിൽപ്പെട്ട ചില വ്യക്തികളോട് ശരണം തേടാറുണ്ടായിരുന്നു. അങ്ങനെ അതവർക്ക് (ജിന്നുകൾക്ക്) ഗർവ്വ് വർദ്ധിപ്പിച്ചു." (സൂറത്തുൽ ജിന്ന്: 6)

ഖൗല ബിൻത് ഹകീം (رَضِيَ الله عَنْهَا) നിവേദനം: അവർ പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ-ﷺ- പറയുന്നത് ഞാൻ കേട്ടു: "ആരെങ്കിലും വല്ല സ്ഥലത്തും വന്നിറങ്ങി അവൻ أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ (അല്ലാഹു സൃഷ്ടിച്ചവയിലെ കെടുതികളിൽ നിന്ന് അവന്റെ പരിപൂർണ്ണ വചനങ്ങൾ മുഖേന ഞാൻ അഭയം തേടുന്നു.) എന്നു പറഞ്ഞാൽ. താൻ ഇറങ്ങിയ സ്ഥലത്തുനിന്ന് യാത്രയാകുന്നതുവരെ ഒന്നും തന്നെ അവന് യാതൊരുവിധ ഉപദ്രവവും വരുത്തുകയില്ല." (മുസ്ലിം)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. സൂറത്ത് ജിന്നിലെ ആയത്തിന്റെ തഫ്സീർ

2. 'ഇസ്തിആദത്' (അഭയംതേടൽ) അല്ലാഹു(تَعَالَى) അല്ലാത്തവർക്ക് അർപ്പിക്കൽ ശിർക്കാണ്.

3. അതിന് ഹദീഥുകൊണ്ട് തെളിവുപിടിച്ചു. കാരണം പണ്ഡിതന്മാർ ഈ ഹദീഥുകൊണ്ട്, അല്ലാഹു(تَعَالَى)യുടെ കലി

മത്തുകൾ സൃഷ്ടിയല്ല എന്നതിന് തെളിവ് പിടിച്ചിട്ടുണ്ട്. അവർ പറഞ്ഞു: കാരണം സൃഷ്ടിയെകൊണ്ടുള്ള 'ഇസ്തിആദത്' ശിർക്കാകുന്നു.

4. വളരെ ചുരുങ്ങിയ വാക്കുകളേ ഉള്ളുവെങ്കിലും ഈ പ്രാർത്ഥനക്കുള്ള ശ്രേഷ്ഠത നോക്കുക!

5. ഒരു കാര്യത്തിലൂടെ ദുൻയവിയായ ഒരു ഗുണം ലഭിക്കുകയോ വല്ല ഉപദ്രവവും നീങ്ങിപ്പോവുകയോ ചെയ്തു എന്നത് കൊണ്ട്, ആ കാര്യം ശിർക്കല്ലാതാവുകയില്ല.

# അല്ലാഹു അല്ലാത്തവരോടുള്ള സഹായാർത്ഥന (ഇസ്തിഗാഥ) ശിർക്കാകുന്നു

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: “അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്നപക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്നപക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തന്റെ ദാസന്മാരിൽ നിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ” (യൂനുസ്: 106, 107)

(അല്ലാഹു) പറഞ്ഞു: “അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും, അവനെ ആരാധിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്.” (അൻകബൂത്ത്: 17)

(അല്ലാഹു) പറഞ്ഞു: “അല്ലാഹുവിന് പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനേക്കാൾ വഴിപിഴച്ചവർ ആ

രുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും." (അഹ്ഖാഫ് : 5,6)

(അല്ലാഹു) പറഞ്ഞു: "അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന്നുത്തരം നൽകുകയും, വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ ഉത്തമം?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവങ്ങളുമുണ്ടോ?" (സൂറത്തുന്നംല്: 62)

ഉബാദത്ത് ബിൻ സ്വാമിത് (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് നിവേദനം: "നബി -ﷺ- യുടെ കാലത്ത് വിശ്വാസികളെ ഉപദ്രവിക്കുന്ന ഒരു കപടവിശ്വാസിയുണ്ടായിരുന്നു. അപ്പോൾ ചില സ്വഹാബികൾ പറഞ്ഞു: വരൂ നമുക്ക് ഈ കപടവിശ്വാസിയിൽനിന്ന് അല്ലാഹുവിന്റെ റസൂലിനോട് ഇസ്തിഗാഥ (സഹായാർത്ഥന) നടത്താം. അപ്പോൾ നബി -ﷺ- പറഞ്ഞു: "നിശ്ചയം, എന്നോടു ഇസ്തിഗാഥ (സഹായാർത്ഥന പാടില്ല, സഹായാർത്ഥന അല്ലാഹുവോടു മാത്രം."

## ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ

1. ദുആഇനെ 'ഇസ്തിഗാഥ'യോട് ചേർത്ത് പറഞ്ഞിരിക്കുന്നു. ദുആഇന്റെ പരിധിയിൽ വരുന്ന കാര്യമാണ് ഇസ്തിഗാഥ. അപ്പോൾ ഇത് (عام) നെ (خاص) ലേക്ക് ചേർത്തിപ്പറയുക എന്ന രീതിയാണ്. അഥവാ പൊതുവായ ഒരുകാര്യത്തെ അതിന്റെ ഭാഗം തന്നെയായ മറ്റൊന്നിനോട് ചേർത്തിപ്പറയുക എന്ന ശൈലിയാണ്.

2. “അല്ലാഹുവിനു പുറമേ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്...” എന്നർത്ഥമുള്ള ആയത്തിന്റെ തഫ്സീർ.

3. ഇത്, ഇതുതന്നെയാണ് ഇസ്ലാമിൽ നിന്ന് പുറത്തുപോകുന്ന വലിയ ശിർക്ക്.

4. നിശ്ചയം, ജനങ്ങളിൽ ഏറ്റവും നല്ലയാൾ പോലും ഈ പ്രവൃത്തി മറ്റുള്ളവരെ പ്രീതിപ്പെടുത്തുവാൻ ചെയ്താൽ അവൻ അക്രമികളിൽപ്പെട്ടുപോകും.

5. “നിനക്ക് അല്ലാഹു വല്ല ദോഷവും ഏല്പിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെയ്യുവാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ലഗുണവും ഉദ്ദേശിക്കുന്നപക്ഷം അവന്റെ അനുഗ്രഹം തട്ടി മാറ്റുവാൻ ഒരാളുമില്ല. തന്റെ ദാസന്മാരിൽനിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ” എന്നർത്ഥമുള്ള ആയത്തിന്റെ തഫ്സീർ.

6. അല്ലാഹു (تَعَالَى) അല്ലാത്തവരോടുള്ള 'ദുആഅ്' കുഫ്റാണെന്നതിനോടൊപ്പം അത് ഇഹലോകത്ത് ഉപകരിക്കുകയുമില്ല.

7. “നിങ്ങൾ അല്ലാഹുവിനു പുറമെ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും, കള്ളം കെട്ടിയുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാണോ അവർ നിങ്ങൾക്കുള്ള ഉപജീവനം അധീനമാക്കുന്നില്ല. അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും, അവനെ ആരാധിക്കുകയും അവനോട് ന

ന്ദി കാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്." എന്നർത്ഥമുള്ള ആയത്തിന്റെ തഫ്സീർ.

8. ഉപജീവനം അല്ലാഹുവിനോട് മാത്രമെ തേടുവാൻ പാടുള്ളൂ, സ്വർഗ്ഗം അല്ലാഹുവിനോട് മാത്രമെ തേടാവൂ എന്നതു പോലെ.

9. "അല്ലാഹുവിനു പുറമേ, ഉയിർത്തെഴുന്നേൽപ്പിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും" എന്നർത്ഥമുള്ള ആയത്തിന്റെ തഫ്സീർ.

10. അല്ലാഹുവല്ലാത്തവരോട് 'ദുആ' ചെയ്യുന്നവരേക്കാൾ വഴി പിഴച്ചവർ ആരുമില്ല.

11. അല്ലാഹു (تَعَالَى) അല്ലാതെ ദുആ ഇരക്കപ്പെടുന്നവർ പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയിൽ നിന്നും അശ്രദ്ധനാണ്. അവർ അത് അറിയുന്നതേയില്ല.

12. പ്രസ്തുത 'ദുആഅ്', പ്രാർത്ഥിക്കുന്നവനോട് പ്രാർത്ഥിക്കപ്പെടുന്നവന്റെ കോപത്തിനും ശത്രുതക്കും കാരണമാണ്.

13. പ്രസ്തുത 'ദുആഅ് ' പ്രാർത്ഥിക്കപ്പെടുന്നവർക്കുള്ള 'ഇബാദത് ' ആണ് എന്നാണ് ഖുർആനിൽ വന്നത്.

14. ആ ഇബാദത്തിനെ പ്രാർത്ഥിക്കപ്പെടുന്നവർ നിഷേധിക്കും.

15. ഈ കാര്യങ്ങളാണ് അല്ലാഹു (تَعَالَى) അല്ലാത്തവരോട് 'ദുആഅ്' ചെയ്യുന്നവൻ ഏറ്റവും വഴിതെറ്റിയവനായിത്തീരുവാനുള്ള കാരണം.

16. “അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചുപ്രാർത്ഥിച്ചാൽ അവന് ഉത്തരം നൽകുകയും വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ ഉത്തമം?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ചുമാത്രമേ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളു” എന്നർത്ഥം വരുന്ന ആയത്തിന്റെ തഫ്സീർ.

17. ഏറ്റവും അത്ഭുതകരമായ കാര്യം; വിഗ്രഹാരാധകർ നിർബന്ധിതന്റെ വിളിക്ക് അല്ലാഹു അല്ലാതെ മറ്റാരും ഉത്തരം നൽകില്ല എന്ന് അംഗീകരിക്കുന്നവരാണ്. അതിനാലാണ് വിപൽഘട്ടങ്ങളിൽ അവർ കീഴ്വണക്കം അല്ലാഹു (تَعَالَى)ക്ക് മാത്രമാക്കി അവനോട് മാത്രം 'ദുആ'യിരക്കുന്നത്.

18 നബി -ﷺ- തൗഹീദിന്റെ സംരക്ഷണവൃത്തം കാത്തു സൂക്ഷിച്ചത്. പ്രവാചകൻ -ﷺ-, അല്ലാഹു (تَعَالَى) യോട് 'അദബോ'ടെ വർത്തിച്ചത്.

# അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം

“യാതൊന്നും സൃഷ്ടിക്കാത്തവരെ അവർ അല്ലാഹുവിനോട് പങ്കുചേർക്കുകയാണോ? അവർ (ആ ആരാധ്യർ) തന്നെ സൃഷ്ടിച്ചുണ്ടാക്കപ്പെടുന്നവരുമാണ്. അവർക്കൊരു സഹായവും ചെയ്യാൻ അവർക്ക് (പങ്കാളികൾക്കു) സാധിക്കുകയില്ല. സ്വദേഹങ്ങൾക്കു തന്നെ അവർ സഹായം ചെയ്യുന്നതുമല്ല” (സൂറത്തുൽ അഅ്റാഫ്: 191, 192)

(അല്ലാഹു) പറഞ്ഞു: “അവനുപുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്നപക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല.” (സൂറത്തു ഫാത്വിർ: 13,14)

അനസ് (رَضِيَ اللهُ عَنْهُ) വിൽനിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: “ഉഹ്ദ് യുദ്ധദിനം നബി-ﷺ-യുടെ തലക്ക് മുറിവേറ്റു. അവിടുത്തെ ഉളിപ്പല്ല് പൊട്ടി. അത്തരുണത്തിൽ അവിടുന്ന് -ﷺ- പറഞ്ഞു: “തങ്ങളുടെ പ്രവാചകന്റെ തലയ്ക്ക് ഒരു മുറി

വേൽപ്പിച്ച സമൂഹം എങ്ങിനെ വിജയിക്കും?" അപ്പോൾ ഈ വചനം അവതീർണ്ണമായി. "(നബിയേ,) കാര്യത്തിന്റെ തീരുമാനത്തിൽ നിനക്ക് യാതൊരവകാശവുമില്ല..." (ബുഖാരി) (ആലു ഇംറാൻ: 28)

ഇബ്നു ഉമർ (رَضِيَ اللَّهُ عَنْهُ) നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- ഫജ്ർ നമസ്കാരത്തിലെ അവസാന റക്അത്തിൽ റുകൂഇൽ നിന്ന് തല ഉയർത്തുമ്പോൾ പറയുന്നതായി അദ്ദേഹം കേട്ടു: "അല്ലാഹുവേ ഇന്നയിന്ന വ്യക്തികളെ നീ ശപിക്കേണമേ." 'സമിഅല്ലാഹു ലിമൻ ഹമിദ, റബ്ബനാ വലക്കൽഹംദ്' എന്ന് പറഞ്ഞ ശേഷമായിരുന്നു അവിടുന്ന് -ﷺ- ഇത് പറഞ്ഞിരുന്നത്.

അപ്പോൾ അല്ലാഹു ഈ വചനം അവതരിപ്പിച്ചു: "(നബിയേ,) കാര്യത്തിന്റെ തീരുമാനത്തിൽ നിനക്ക് യാതൊരവകാശവുമില്ല." (ആലു ഇംറാൻ: 28)

മറ്റൊരു രിവായത്തിൽ: "സ്വഫ്വാൻ ഇബ്നു ഉമയ്യ, സുഹൈൽ ഇബ്നു അംറ്, അൽ ഹാരിഥ് ഇബ്നു ഹിഷാം എന്നിവർക്കെതിരിൽ (അല്ലാഹുവിന്റെ റസൂൽ -ﷺ-) 'ദുആ' ഇരന്നു" അപ്പോൾ ഈ വചനം അവതീർണ്ണമായി: "(നബിയേ,) കാര്യത്തിന്റെ തീരുമാനത്തിൽ നിനക്ക് യാതൊരവകാശവുമില്ല." (ആലു ഇംറാൻ: 28)

അബൂഹുറയ്റ (رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: "താങ്കൾ താങ്കളുടെ അടുത്ത ബന്ധുക്കൾക്ക് താക്കീത് നൽകുക" എന്ന വിശുദ്ധ ക്വുർആനിലെ (26: 214 ാം) വചനം ഇറങ്ങിയപ്പോൾ അല്ലാഹുവിന്റെ റസൂൽ -ﷺ- എഴുന്നേറ്റുനിന്നു പറഞ്ഞു:

“ക്വുറൈശി സമൂഹമേ! നിങ്ങൾ നിങ്ങളെ തന്നെ കാക്കുക. അല്ലാഹുവിൽ നിന്ന് നിങ്ങൾക്കൊരുപകാരവും ചെയ്യുവാൻ എനിക്കാവില്ല. അബ്ദുൽ മുത്ത്വലിബിന്റെ മകൻ അബ്ബാസ്! അല്ലാഹുവിൽനിന്ന് നിങ്ങൾക്ക് ഒരു ഉപകാരവും ചെയ്യുവാൻ എനിക്കാവില്ല. അല്ലാഹുവിന്റെ റസൂലിന്റെ അമ്മായിയായ സ്വഫിയ്യാ! അല്ലാഹുവിൽ നിന്ന് നിങ്ങൾക്ക് ഒരുപകാരവും ചെയ്യുവാൻ എനിക്കാവില്ല. മുഹമ്മദിന്റെ മകൾ ഫാത്വിമാ! എന്റെ സമ്പത്തിൽ നിന്ന് നിനക്കിഷ്ടമുള്ളത് നീ എന്നോട് ചോദിക്കുക. അല്ലാഹുവിൽനിന്ന് നിനക്ക് ഒരു ഉപകാരവും ചെയ്യുവാൻ എനിക്കാവില്ല.” (ബുഖാരി)

## ഈ അധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ

1. ആദ്യം സൂചിപ്പിച്ച, ഖുർആനിലെ രണ്ട് ആയത്തുകളുടെ തഫ്സീർ.

2 ഉഹ്ദിലെ സംഭവം.

3. മുർസലുകളുടെ നേതാവായ അല്ലാഹുവിന്റെ റസൂൽ -ﷺ-, 'നാസിലത്തി'ന്റെ ക്വുനൂത്ത് ഓതുന്നു. അദ്ദേഹത്തിനു പിന്നിൽ ഔലിയാക്കളുടെ നേതാക്കൾ 'ആമീൻ' പറയുന്നു

4. 'നാസിലത്തി'ന്റെ ക്വുനൂത്തിലൂടെ എതിരിൽ പ്രാർത്ഥിക്കപ്പെട്ടവർ അവിശ്വാസികളാണ്.

5. മറ്റുള്ള ഭൂരിപക്ഷം സത്യനിഷേധികൾ ചെയ്തിട്ടില്ലാത്ത പലതും ഉഹ്ദിൽ അവർ നബി-ﷺ-യോട് ചെയ്തു. അവർ നബി -ﷺ- യുടെ തല പൊട്ടിച്ചു. അവിടുത്തെ -ﷺ- കൊല്ലുവാൻ അവർ കൊതിച്ചു. തങ്ങളുടെ പിതൃവ്യപുത്രരായിട്ടും അവർ മുസ്ലിംകളെ ചിത്രവധം നടത്തി.

6. ആ വിഷയത്തിൽ അല്ലാഹു (تَعَالَى), "നബിയേ), കാര്യത്തിന്റെ തീരുമാനത്തിൽ നിനക്ക് യാതൊരവകാശവുമില്ല." എന്നർത്ഥം വരുന്ന വചനം അവതരിപ്പിച്ചു.

7. അല്ലാഹു (تَعَالَى) പറഞ്ഞു: "അവൻ (അല്ലാഹു) ഒന്നുകിൽ അവരുടെ പശ്ചാത്താപം സ്വീകരിച്ചേക്കാം. അല്ലെങ്കിൽ അവൻ അവരെ ശിക്ഷിച്ചേക്കാം." (ആലു ഇമ്രാൻ: 128). പിന്നീട് അല്ലാഹു അവർക്ക് പശ്ചാത്താപത്തിന് അവസരമേകുകയും അങ്ങനെ അവർ വിശ്വാസികളാവുകയും ചെയ്തു.

8. വിപത്തുക്കളുണ്ടാകുമ്പോൾ 'നാസിലതി'ന്റെ ക്വുനൂത്ത്.

9. നമസ്കാരത്തിൽ (നാസിലത്തിന്റെ ക്വുനൂത്തിൽ) ആർക്കെതിരിൽ പ്രാർത്ഥിക്കുന്നുവോ ആ വ്യക്തികളുടേയും അവരുടെ പിതാക്കളുടേയും പേരുപറയൽ.

10. ക്വുനൂത്തിൽ വ്യക്തികളെ നിർണയിച്ച് ശപിക്കൽ.

11. ഈ ആയത്തിറങ്ങിയപ്പോൾ പ്രവാചകൻ -ﷺ- യുടെ ചരിത്രം. "നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ താക്കീത് നല്കുക."

12. നബി -ﷺ- ഈ കൽപന നിറവേറ്റാൻ അങ്ങേയറ്റം പ്രയത്നിച്ചു. അത് കാരണത്താൽ അവിടുത്തേക്ക് ഭ്രാന്താണെന്നുവരെ ആളുകൾ പറഞ്ഞു. ഇന്ന് ഒരു മുസ്ലിം അപ്രകാരം ചെയ്താലും ഗതി അതുതന്നെ.

13. അടുത്ത ബന്ധുക്കളോടും അകന്ന ബന്ധുക്കളോടും പ്രവാചകൻ -ﷺ-, "ഞാൻ നിങ്ങൾക്ക് അല്ലാഹുവിന്റെ

കാര്യത്തിൽ ഒന്നും ഉപകരിക്കില്ല" എന്ന് നടത്തിയ പ്രഖ്യാപനം എത്രത്തോളമെന്നാൽ പ്രവാചകൻ -ﷺ- പറഞ്ഞു: "മുഹമ്മദിന്റെ മകൾ ഫാത്വിമാ! ഞാൻ നിനക്ക് അല്ലാഹുവിങ്കൽനിന്ന് യാതൊന്നും ഉടമപ്പെടുത്തുന്നില്ല."

മുർസലുകളുടെ നേതാവായ പ്രവാചകൻ-ﷺ- ലോകസ്ത്രീകളുടെ നേതൃത്വമായ ഫാത്വിമ (رَضِيَ اللَّهُ عَنْهُ) യോട് യാതൊരു ഉപകാരവും ചെയ്യില്ലെന്ന് തുറന്ന് പ്രഖ്യാപിക്കുന്നു. അവിടുന്ന് സത്യമേ പറയൂ എന്ന് വിശ്വസിക്കുന്ന മനുഷ്യർ ഇന്ന് ജനങ്ങളിലെ സാധാരണക്കാരല്ലാത്തവരുടെ ഹൃദയങ്ങളിൽ പോലും സംഭവിച്ച കാര്യങ്ങളെ അവൻ നിരീക്ഷിക്കുകയും ചെയ്താൽ അത്തരം ആളുകൾക്ക് തൗഹീദ് എന്തെന്ന് ബോദ്ധ്യപ്പെടും. ദീൻ എത്രമാത്രം അപരിചിതമായിത്തീർന്നുവെന്നും.

# അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം

“അങ്ങനെ അവരുടെ ഹൃദയങ്ങളിൽ നിന്ന് പരിഭ്രമം നീങ്ങിക്കഴിയുമ്പോൾ അവർ ചോദിക്കും; നിങ്ങളുടെ രക്ഷിതാവ് എന്താണു പറഞ്ഞതെന്ന്. അവർ മറുപടി പറയും: സത്യമാണ് (അവൻ പറഞ്ഞത്) അവൻ ഉന്നതനും മഹാനുമാകുന്നു.” (സൂറത്തു സബഅ്: 23)

അബൂഹുറയ്റ (رَضِيَ اللَّهُ عَنْهُ) വിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: 'അല്ലാഹു ആകാശത്തിൽ ഒരു കാര്യം വിധിച്ചാൽ അല്ലാഹുവിന്റെ വാക്കിന് വിനയാന്വിതരായി മലക്കുകൾ തങ്ങളുടെ ചിറകുകളടിക്കും (കേൾക്കപ്പെടുന്ന പ്രസ്തുത ശബ്ദം) മിനുസമുള്ള പാറയിൽ ചങ്ങല വലിക്കുന്നതുപോലെയായിരിക്കും. ആ ശബ്ദം (അല്ലാഹുവിന്റെ വചനം) അവരിലേക്ക് (മലക്കുകളിലേക്ക്) ചെന്നെത്തും. അങ്ങനെ അവരുടെ ഹൃദയങ്ങളിൽനിന്ന് പരിഭ്രമം നീങ്ങിക്കഴിയുമ്പോൾ അവർ ചോദിക്കും; നിങ്ങളുടെ രക്ഷിതാവ് എന്താണു പറഞ്ഞതെന്ന്. അവർ മറുപടി പറയും: സത്യമാണ് (അവൻ പറഞ്ഞത്) അവൻ ഉന്നതനും മഹാനുമാകുന്നു.

അപ്പോൾ അല്ലാഹു വിധിച്ച വചനത്തെ കട്ടുകേൾക്കുന്ന പിശാചുക്കൾ കേൾക്കും. കട്ടുകേൾക്കുന്ന പിശാചുക്ക

ൾ ചിലർ, ചിലർക്കുമുകളിൽ അട്ടിയട്ടിയായി കൊണ്ടായിരിക്കുമെന്ന് സുഫ്യാനു ഇബ്നു ഉയയ്നഃ (എന്ന ഈ ഹദീഥിന്റെ റിപ്പോർട്ടർമാരിലൊരാൾ) തന്റെ വിരലുകൾ വിടർത്തിയും ചെരിച്ചും കൈപ്പത്തികൊണ്ട് വിവരിച്ചു കാണിച്ചു. വചനങ്ങൾ കട്ടുകേൾക്കുകയും തന്റെ താഴെയുള്ളവരിലേക്ക് നല്കുകയും, പിന്നീട് അവൻ, തന്റെ താഴെയുള്ളവരിലേക്ക് നല്കുകയും ചെയ്യും. അങ്ങിനെ ജ്യോത്സ്യന്റേയോ മാരണക്കാരന്റേയോ നാവുകളിലേക്കവർ അതിനെ എത്തിക്കും. ചിലപ്പോൾ അതിനെ അവൻ എത്തിച്ചുനല്കുന്നതിനു മുമ്പായി തീജ്വാലകൾ അവനെ പിടികൂടും. ചിലപ്പോൾ തീജ്വാല പിടികൂടുന്നതിന് മുമ്പായി അവനതിനെ എത്തിച്ചു നല്കും.

(വചനം ലഭിച്ച ജ്യോത്സ്യനും മാരണക്കാരനും) അതോടൊപ്പം നൂറ് കളവുകൾ പറയും. അങ്ങനെ ആളുകൾ പറയും: അയാൾ നമ്മോട് ഇന്ന ദിവസം ഇന്നയിന്ന കാര്യങ്ങൾ പറഞ്ഞിട്ടില്ലേ? ആകാശത്തിൽ നിന്ന് കേൾക്കപ്പെട്ട പ്രസ്തുത വചനം കാരണത്താൽ ജ്യോത്സ്യനെ ആളുകൾ വിശ്വസിക്കും. (ബുഖാരി)

നവ്വാസ് ഇബ്നു സംആൻ (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: “അല്ലാഹു ഒരു കാര്യം വഹ്യായി നല്കുവാൻ ഉദ്ദേശിച്ചാൽ പ്രസ്തുത വഹ്യ് കൊണ്ട് സംസാരിക്കും. ആ സംസാരത്താൽ ആകാശ ലോകങ്ങൾ അല്ലാഹുവോടുള്ള ഭയത്താൽ ശക്തമായി പ്രകമ്പനം കൊള്ളും. ആകാശത്തിലുള്ളവർ അത് കേട്ടാൽ അവർ ചലനമറ്റ് അല്ലാഹുവിന് സുജൂദ് ചെയ്തുകൊണ്ട് വീഴും. അതിൽപിന്നെ ആദ്യമായി തന്റെ തല ഉയർത്തുന്നത് ജിബ്രീൽ ആയിരിക്കും. അപ്പോൾ അല്ലാഹു തന്റെ വ

ഹ്‌യിൽ നിന്ന് താൻ ഉദ്ദേശിക്കുന്നത് അദ്ദേഹത്തോട് സംസാരിക്കും. പിന്നീട് ജിബ്രീൽ മലക്കുകളിലൂടെ സഞ്ചരിക്കും. ഓരോ ആകാശത്തിലൂടെയും അദ്ദേഹം സഞ്ചരിക്കുമ്പോൾ അവിടുത്തെ മലക്കുകൾ അദ്ദേഹത്തോട് ചോദിക്കും. ജിബ്രീൽ, ഞങ്ങളുടെ റബ്ബ് എന്താണ് പറഞ്ഞത്?

ജിബ്രീൽ പറയും: സത്യമാണ് അവൻ പറഞ്ഞത്, അവൻ ഉന്നതനും മഹാനുമാകുന്നു. അപ്പോൾ മലക്കുകളെല്ലാവരും ജിബ്രീൽ പറഞ്ഞത് പോലെ പറയും. ശേഷം ജിബ്രീൽ വഹ്‌യുമായി അല്ലാഹു കല്പിച്ചിടത്തേക്ക് ചെന്നെത്തും."

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. മേൽ സൂചിപ്പിച്ച ആയത്തിന്റെ തഫ്സീർ.

2. ശിർക്കിനെ നിരർത്ഥകമാക്കുന്നതിന് ഈ ആയത്തിലുള്ള തെളിവ്. വിശിഷ്യാ സ്വാലിഹീങ്ങളുമായി ബന്ധപ്പെട്ടവരിലെ ശിർക്ക്. മനുഷ്യ ഹൃദയത്തിൽനിന്ന് ശിർക്കിന്റെ നാരായവേര് അറുക്കുന്ന ആയത്താണ് ഇതെന്ന് ഈ ആയത്തിനെ ക്കുറിച്ച് പറയപ്പെട്ടിട്ടുണ്ട്.

3. ഈയർത്ഥം വചനത്തിന്റെ തഫ്സീർ: "അവർ മറുപടി പറയും: സത്യമാണ് (അവൻ പറഞ്ഞത്) അവൻ ഉന്നതനും മഹാനുമാകുന്നു."

4. അവർ അതിനെക്കുറിച്ച് ചോദിക്കുവാനുള്ള കാരണം.

5. അവരുടെ ചോദ്യത്തിന് ജിബ്രീൽ (عليه السلام) ആണ് മറുപടി പറയുന്നത്. ജിബ്രീൽ (عليه السلام) പറയും അവൻ ഇന്നതാണ് പറഞ്ഞത്.

6. ആദ്യമായി തല ഉയർത്തുന്നത് ജിബ്രീൽ (عليه السلام) ആയിരിക്കുമെന്ന് ഉണർത്തി.

7. ആകാശത്തുള്ളവരോട് ഒന്നിച്ചാണ് അദ്ദേഹം പറയുക. കാരണം, അവർ എല്ലാവരുമാണ് അദ്ദേഹത്തോട് ചോദിക്കുന്നത്.

8. അബോധാവസ്ഥ ആകാശത്തുള്ള എല്ലാവരേയും ബാധിക്കും.

9. അല്ലാഹു (تَعَالَى) യുടെ സംസാരത്തിന് ആകാശം വിറകൊള്ളും.

10. അല്ലാഹു (تَعَالَى) കല്പിച്ച സ്ഥലത്തേക്ക് വഹ്‌യ് എത്തിക്കുന്നത് ജിബ്രീൽ (عليه السلام) ആണ്.

11. പിശാചുക്കൾ കട്ടുകേൾക്കുമെന്ന അറിയിപ്പ്.

12 പിശാചുക്കൾ ചിലർ ചിലരുടെ മുകളിലായി കയറുന്ന രൂപം.

13. തീജ്വാലകൾ അയക്കുന്നു.

14. പിശാച് കട്ടുകേട്ടത് തന്റെ മിത്രമായ മനുഷ്യന് നൽകുന്നതിന് മുമ്പ് ചിലപ്പോൾ ജ്വാലകൾ പിശാചിനെ പിടികൂടും. ചിലപ്പോൾ പിടികൂടുന്നതിന് മുമ്പായി തന്റെ മിത്രമായ മനുഷ്യന് കട്ടുകേട്ടത് പിശാച് എത്തിക്കും.

15. ചില സന്ദർഭങ്ങളിൽ ജ്യോത്സ്യൻ സത്യം പുലമ്പിയേക്കും.

16. ഒരു സത്യത്തോടൊപ്പം നൂറു കളവുകൾ അവൻ കൂട്ടിപ്പറയും.

17. ആകാശത്തിൽനിന്ന് കേട്ട ആ വചനംകൊണ്ടല്ലാതെ അവന്റെ കളവ് സത്യപ്പെടുത്തപ്പെടുന്നില്ല.

18. മനസ്സ് ബാത്വിൽ സ്വീകരിക്കുന്നത്! കാരണം ഒരു സത്യത്തിൽ പിടിച്ചു തൂങ്ങുകയും നൂറു കളവിനെ ഗൗനിക്കാതിരിക്കുകയും ചെയ്യുന്നു.

19. പിശാചുക്കൾ പ്രസ്തുത വചനം ചിലർ ചിലരിൽ നിന്ന് സ്വീകരിക്കുന്നു. അത് സൂക്ഷിച്ചുവെക്കുന്നു അതുകൊണ്ട് തെളിവ് പിടിക്കുന്നു.

20. അശ്അരീ മദ്ഹബുകാർക്കെതിരായി അല്ലാഹു (تَعَالَى) യുടെ വിശേഷണങ്ങളെ സ്ഥിരീകരിക്കൽ. (അശ്അരീ മദ്ഹബുകാർ അല്ലാഹു (تَعَالَى), ആകാശത്തിനുപരിയിൽ സിംഹാസനസ്ഥനാണ് എന്നതുപോലുള്ള വിശേഷണങ്ങളെ നിഷേധിക്കുന്നവരാണ്. വിവ:)

21. പ്രസ്തുത പ്രകമ്പനവും അബോധാവസ്ഥയും അല്ലാഹു (تَعَالَى) യോടുള്ള ഭയപ്പാടിനാലാണ്.

22. അവർ അല്ലാഹു (تَعَالَى) ക്ക് സുജൂദിൽ വീഴുന്നു

# ശഫാഅത്ത് അഥവാ ശുപാർശ

(അല്ലാഹു) പറഞ്ഞു: “തങ്ങളുടെ രക്ഷിതാവിങ്കലേക്ക് ഒരുമിച്ച് കൂട്ടപ്പെടുമെന്ന് ഭയപ്പെടുന്നവർക്ക് ഇത് (ദിവ്യബോധനം) മുഖേന നീ താക്കീത് നൽകുക. അവനു പുറമെ യാതൊരു രക്ഷാധികാരിയും ശുപാർശകനും അവർക്കില്ല. അവർ സൂക്ഷ്മത പാലിക്കുന്നവരായേക്കാം.” (അൻആം: 51)

(അല്ലാഹു) പറഞ്ഞു: “പറയുക: അല്ലാഹുവിനാകുന്നു ശുപാർശ മുഴുവൻ.” (സൂറത്തു സുമർ: 44)

(അല്ലാഹു) പറഞ്ഞു “അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്?" (അൽബഖറ: 255)

(അല്ലാഹു) പറഞ്ഞു: “ആകാശങ്ങളിൽ എത്ര മലക്കുകളാണുള്ളത്! അവരുടെ ശുപാർശ യാതൊരു പ്രയോജനവും ചെയ്യുകയില്ല; അല്ലാഹു അവൻ ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക് (ശുപാർശക്ക്) അനുവാദം നൽകിയതിന്റെ ശേഷമല്ലാതെ.” (സൂറത്തു അന്നജ്മ്: 26)

(അല്ലാഹു) പറഞ്ഞു: “(പ്രവാചകരെ) പറയുക: അല്ലാഹുവിനു പുറമെ നിങ്ങൾ ജൽപിച്ചുകൊണ്ടിരിക്കുന്നവരോടെല്ലാം നിങ്ങൾ പ്രാർത്ഥിച്ചു നോക്കൂ. ആകാശത്തിലാകട്ടെ ഭൂമിയിലാകട്ടെ ഒരണുവിന്റെ തൂക്കം പോലും അവർ ഉടമപ്പെടുത്തുന്നില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കു

മില്ല. അവരുടെ കൂട്ടത്തിൽ അവന് സഹായിയായി ആരുമില്ല. ആർക്കുവേണ്ടി അവൻ അനുമതി നൽകിയോ അവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ പ്രയോജനപ്പെടുകയുമില്ല." (സബഅ്: 22, 23)

അബുൽ അബ്ബാസ് (ഇബ്നു തെയ്മിയ്യ) (رحمه الله) പറഞ്ഞു: "അല്ലാഹു (تَعَالَى) താനല്ലാതെ മുശ്രിക്കുകൾ ബന്ധപ്പെടുന്നതെല്ലാം നിരാകരിച്ചു. അങ്ങനെ താനല്ലാത്തവർക്ക് ആധിപത്യമുണ്ടാകുന്നതിനേയും അല്ലെങ്കിൽ അതിൽനിന്നൊരു വിഹിതം ഉണ്ടാകുന്നതിനേയും അവൻ നിരാകരിച്ചു. അപ്രകാരം അവർ അല്ലാഹുവിന് സഹായിയാവുക എന്നതിനേയും നിരാകരിച്ചു. ഇനി 'ശഫാഅത്താ'ണ് ബാക്കിയുള്ളത്. അവിടെ അല്ലാഹു (تَعَالَى) വ്യക്തമാക്കി, റബ്ബ് ആർക്കാണോ അനുവാദം നല്കുന്നത് അവർക്കല്ലാതെ 'ശഫാഅത്ത്' ഉപകരിക്കുകയില്ല.

അല്ലാഹു (تَعَالَى) പറഞ്ഞു: അവൻ തൃപ്തിപ്പെട്ടവർക്കു വേണ്ടിയല്ലാതെ അവർ ശുപാർശ ചെയ്യുകയില്ല" (അമ്പിയാഅ്: 28)

മുശ്രിക്കുകൾ ധരിച്ചുവെച്ചതായ ഈ ശഫാഅത്ത് അന്ത്യനാളിൽ അസംഭവ്യമാണ്. വിശുദ്ധ ക്വുർആൻ അതിന്റെ സംഭവ്യതയെ നിഷേധിച്ചത് പോലെ. നബി -ﷺ- പറഞ്ഞു:

"നബി -ﷺ- വരികയും തന്റെ റബ്ബിന് സുജൂദിൽ വീഴുകയും റബ്ബിനെ സ്തുതിച്ച് കൊണ്ടിരിക്കുകയും ചെയ്യും. -നബി -ﷺ- ആദ്യംതന്നെ ശുപാർശ പറയുകയല്ല ചെയ്യുന്നത്- പിന്നീട് അവിടുത്തോട് പറയപ്പെടും: താങ്കൾ തല ഉയർത്തൂ. പറയൂ! താങ്കളുടെ വാക്ക് കേൾക്കപ്പെടും. ചോദിക്കൂ!

താങ്കൾ ചോദിക്കുന്നത് നല്കപ്പെടും. ശുപാർശ പറയൂ! താങ്കളുടെ ശുപാർശ സ്വീകരിക്കപ്പെടും."

അബൂഹുറയ്റ (رَضِيَ اللَّهُ عَنْهُ) പ്രവാചകൻ -ﷺ- യോട് ചോദിച്ചു: ജനങ്ങളിൽ താങ്കളുടെ ശുപാർശ ലഭിക്കുന്ന ഭാഗ്യവാൻ ആരാണ്? അവിടുന്ന് -ﷺ- പറഞ്ഞു: "ആരാണോ ഹൃദയത്തിൽ (ശിർക്കിന്റെ) യാതൊരു കലർപ്പുമില്ലാതെ " ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറഞ്ഞവൻ അവനാണ് (എന്റെ ശുപാർശ കൊണ്ട് സൗഭാഗ്യം ലഭിക്കുന്നവൻ)"

അപ്പോൾ പ്രസ്തുത ശഫാഅത്ത് അല്ലാഹു (تَعَالَى) യുടെ അനുവാദപ്രകാരം ഇഖ്ലാസ്വിന്റെ ആളുകൾക്കാണ്. അല്ലാഹുവിൽ പങ്കു ചേർത്തവർക്ക് അത് ഉണ്ടാവുകയില്ല.

അതിന്റെ യാഥാർത്ഥ്യം ഇപ്രകാരമാണ്: അഥവാ അല്ലാഹു (تَعَالَى) യുടെ ആദരവ് ലഭിക്കുവാനും 'മക്വാമുൻ മഹ്മൂദ്' ലഭിക്കുവാനും വേണ്ടി ആർക്കാണോ അല്ലാഹു (تَعَالَى) ശഫാഅത്തിന് അനുവാദം നൽകുന്നത് ആ നബി-ﷺ-യുടെ 'ദുആ'യിലൂടെ അല്ലാഹു (تَعَالَى) ഇഖ്ലാസിന്റെ ആളുകൾക്ക് പൊറുത്തുകൊടുക്കും. ഈ രീതിയിൽ അല്ലാഹു (تَعَالَى) യാണ് മുഖ്ലിസ്വീങ്ങളോട് (ശഫാഅത്തിലൂടെ) ഔദാര്യം ചെയ്യുന്നത്.

അപ്പോൾ വിശുദ്ധ ക്വുർആൻ നിരാകരിച്ച 'ശഫാഅത്ത്' ശിർക്കുള്ള 'ശഫാഅത്താ'ണ്. ആയതിനാലാണ് അല്ലാഹു (تَعَالَى) തന്റെ അനുമതിയാൽ ശഫാഅത്തുണ്ടെന്ന് പല സ്ഥലത്തും സ്ഥാപിച്ചത്. നബി -ﷺ-, പ്രസ്തുത 'ശഫാഅത്' തൗഹീദിന്റെ ആളുകൾക്കും ഇഖ്ലാസിന്റെ ആളുകൾക്കുമല്ലാതെ ഉണ്ടാകുകയില്ലെന്നും വ്യക്തമാക്കി." (ഇബ്നു തൈമിയയുടെ വാചകം ഇവിടെ അവസാനിക്കുന്നു)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ**

1 ഈ അദ്ധ്യായം ഉൾക്കൊണ്ട ആയത്തുകളുടെ തഫ്സീർ.

2. നിരാകരിക്കപ്പെട്ട 'ശഫാഅത്തി'ന്റെ വിവരണം.

3. സ്ഥിരപ്പെട്ട 'ശഫാഅത്തി'ന്റെ വിവരണം.

4. 'അശ്ശഫാഅത്തുൽ ക്വുബ്റാ'യെക്കുറിച്ചുള്ള അനുസ്മരണം. അതത്രെ 'മക്വാമുൻ മഹ്മൂദ്'.

5. പ്രവാചകൻ -ﷺ- ചെയ്യുന്ന രീതി. നബി -ﷺ- ആദ്യം തന്നെ ചെന്ന് ശഫാഅത് നടത്തുകയാണ്. പ്രത്യുത ആദ്യം അവിടുന്ന് -ﷺ- സുജൂദിൽ വീഴും. തനിക്ക് അനുവാദം നൽകപ്പെട്ടാൽ 'ശഫാഅത്ത്' ചെയ്യും.

6. 'ശഫാഅത്ത്' കൊണ്ട് സൗഭാഗ്യം ലഭിക്കുന്നവരാരാണ്?

7. അല്ലാഹുവിനോട് മറ്റുള്ളവരെ പങ്കുചേർക്കുന്നവർക്ക് 'ശഫാഅത്ത് ഇല്ല.

8 'ശഫാഅത്തി'ന്റെ വസ്തുത എന്താണ് എന്ന വിവരണം.

# അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം

"തീർച്ചയായും നിനക്കിഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷെ, അല്ലാഹു താനുദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സന്മാർഗ്ഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ല വണ്ണം അറിയുന്നവനാകുന്നു" (സൂറത്തുൽ ഖസ്വസ്: 56)

സഈദ് ഇബ്നുൽ മുസയ്യിബ് തന്റെ പിതാവിൽനിന്നും നിവേദനം ചെയ്യുന്നു: അദ്ദേഹം പറഞ്ഞു: "അബൂത്വാലിബിന് വഫാത്തിന്റെ സമയമായപ്പോൾ അദ്ദേഹത്തിന്റെ അരികിലേക്ക് അല്ലാഹുവിന്റെ റസൂൽ -ﷺ- ചെന്നു. അപ്പോൾ അദ്ദേഹത്തിന്റെ അരികിൽ അബ്ദുല്ലാഹ് ഇബ്നു അബീ ഉമയ്യയും അബൂജഹ്'ലും ഉണ്ടായിരുന്നു. (പ്രവാചകൻ-ﷺ-) അദ്ദേഹത്തോട് പറഞ്ഞു: "ഓ എന്റെ പിതൃവ്യാ, താങ്കൾ "ലാ ഇലാഹ ഇല്ലല്ലാഹ്" പറയുക പ്രസ്തുത വാചകം പറയുകയായാൽ ഞാൻ താങ്കൾക്കുവേണ്ടി അല്ലാഹുവിങ്കൽ സംസാരിക്കാം."

അവർ രണ്ടുപേരും (അബൂത്വാലിബിനോട്) പറഞ്ഞു: "അബ്ദുൽ മുത്ത്വലിബിന്റെ മതത്തിൽ നിന്ന് താങ്കൾ വിട്ടുപോവുകയാണോ?"

നബി -ﷺ- അദ്ദേഹത്തോട് ആ വാചകം ആവർത്തിച്ചു. അവർ രണ്ടു പേരും അവർ പറഞ്ഞതും ആവർത്തിച്ചു. പിന്നീട് അവസാനമായി അബൂ ത്വാലിബ് പറഞ്ഞത്: താൻ അബ്ദുൽ മുത്ത്വലിബിന്റെ മില്ലത്തിലാണ് എന്നാണ്. 'ലാ ഇലാഹ ഇല്ലല്ലാഹ്' പറയാൻ അദ്ദേഹം വിസമ്മതിച്ചു.

അപ്പോൾ നബി -ﷺ- പറഞ്ഞു: "ഞാൻ താങ്കൾക്ക് വേണ്ടി പാപമോചനത്തിന് തേടുക തന്നെ ചെയ്യും. അല്ലാഹു എന്നെ അതിൽ നിന്ന് വിലക്കാത്തിടത്തോളം"

അപ്പോൾ അല്ലാഹു ഈ ആയത്തുകൾ അവതരിപ്പിച്ചു: "ബഹുദൈവവിശ്വാസികൾ ജ്വലിക്കുന്ന നരകാഗ്നിയുടെ അവകാശികളാണെന്ന് താങ്കൾക്ക് വ്യക്തമായിക്കഴിഞ്ഞതിനുശേഷം അവർക്കുവേണ്ടി പാപമോചനം തേടുവാൻ അവർ അടുത്ത ബന്ധമുള്ളവരായാൽപോലും പ്രവാചകനും സത്യവിശ്വാസികൾക്കും പാടുള്ളതല്ല." (സൂറത്തു തൗബ: 113)

അബൂത്വാലിബിന്റെ വിഷയത്തിൽ അല്ലാഹു ഈ ആയത്ത് അവതരിപ്പിച്ചു: "തീർച്ചയായും നിനക്കിഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷെ, അല്ലാഹു താനുദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു" (ഖസ്വസ്: 56)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. "തീർച്ചയായും നിനക്കിഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല..." എന്നർത്ഥം വരുന്ന ആയത്തിന്റെ വിവരണം.

2. "ബഹുദൈവവിശ്വാസികൾ ജ്വലിക്കുന്ന നരകാഗ്നിയുടെ അവകാശികളാണെന്ന് താങ്കൾക്ക് വ്യക്തമായിക്കഴി

ഞ്ഞതിനുശേഷം അവർക്കുവേണ്ടി പാപമോചനം തേടുവാൻ അവർ അടുത്ത ബന്ധമുള്ളവരായാൽപോലും പ്രവാചകനും സത്യവിശ്വാസികൾക്കും പാടുള്ളതല്ല" എന്നർത്ഥം വരുന്ന ആയത്തിന്റെ വിവരണം.

3. 'താങ്കൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' പറയുക' എന്ന വാക്കിന്റെ വിവരണം. അതാണ് വലിയ വിഷയം. അറിവുണ്ടെന്ന് വാദിക്കുന്ന പലരും പറയുന്നത് പോലെയല്ല കാര്യം. (കാരണം "ലാ ഇലാഹ ഇല്ലല്ലാഹ്" എന്നാൽ അല്ലാഹു മാത്രമാണ് സ്രഷ്ടാവും നിയന്താവും എന്ന് വിശ്വസിക്കലാണ് എന്നാണ് അവർ പറയുന്നത്. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല എന്ന ശരിയായ അർഥം അവർ മനസിലാക്കുന്നില്ല.)

4. ഒരാളോട് 'താങ്കൾ 'ലാ ഇലാഹ ഇല്ലല്ലാഹ്'പറയൂ' എന്ന് പ്രവാചകൻ -ﷺ- പറയുമ്പോൾ നബി-ﷺ-യുടെ ഉദ്ദേശമെന്തെന്ന് അബൂജഹ്'ലും കൂടെയുള്ളവരും അറിയുന്നു. അപ്പോൾ അബൂജഹ്'ലിന്റെ അത്രപോലും ഇസ്ലാമിന്റെ അടിത്തറ അറിയാത്തവനെ അല്ലാഹു (تَعَالَى) മുഖംകെടുത്തട്ടെ.

5. തന്റെ പിതൃസഹോദരൻ ഇസ്ലാം സ്വീകരിക്കേണ്ട വിഷയത്തിൽ നബി-ﷺ-ക്കുള്ള ഉത്സാഹവും അതിനു വേണ്ടിയുള്ള ശ്രമവും.

6. അബ്ദുൽ മുത്ത്വലിബും അദ്ദേഹത്തിന്റെ പൂർവ്വഗാമികളും ഇസ്ലാമിൽ പ്രവേശിച്ചിട്ടുണ്ടെന്ന് ജൽപിക്കുന്നവർക്ക് മറുപടി.

7. പ്രവാചകൻ -ﷺ-, അബൂത്വാലിബിന് വേണ്ടി 'ഇസ്തിഗ്ഫാറി'ന് തേടിയത്. അയാൾക്ക് പാപം പൊറുത്തുകിട്ടിയി

ല്ല എന്നുമാത്രമല്ല, പ്രവാചകൻ -ﷺ- പാപമോചനം തേടുന്ന തിൽനിന്ന് വിലക്കപ്പെടുകയുമുണ്ടായി.

8. ഒരാൾക്ക് ചീത്തകൂട്ടുകാർ വരുത്തിവെക്കുന്ന വിന 9 പൂർവ്വഗാമികളേയും മഹാന്മാരേയും (അതിരുവിട്ട്) ആദരി ക്കുന്നതിന്റെ അപകടം.

10. 'പൂർവപിതാക്കളുടെ മാർഗം' എന്നതുകൊണ്ട് അ ബൂജഹ്ൽ തെളിവ് പിടിച്ചു. മറ്റുള്ള നിരർത്ഥകവാദികൾ കൊണ്ടുനടക്കുന്നതും ഇതേ സന്ദേഹമാണ്.

11. അന്ത്യം എങ്ങനെയാണ് എന്നതിന്റെ അടിസ്ഥാന ത്തിലാണ് കർമങ്ങൾ പരിഗണിക്കപ്പെടുക എന്നതിന്റെ തെളിവ് ഈ സംഭവത്തിലുണ്ട്. കാരണം, (അബൂത്വാലിബ് മരണസമയം 'ലാ ഇലാഹ ഇല്ലല്ലാഹ്') പറഞ്ഞിരുന്നുവെങ്കി ൽ അത് അദ്ദേഹത്തിന് ഉപകാരപ്പെടുമായിരുന്നു.

12. പിഴച്ചവരുടെ ഹൃദയത്തിൽ (കാക്കകാരണവന്മാർ പി ഴച്ചവരോ) എന്ന സംശയത്തിന്റെ വലുപ്പത്തെ നിരീക്ഷിക്കു ക. കാരണം ഈ സംഭവത്തിൽ അബൂജഹ്'ലും കൂട്ടരും പ്ര വാചകൻ -ﷺ- യോട്, അദ്ദേഹം അബൂത്വാലിബിനെ ആവർ ത്തിച്ച് ക്ഷണിച്ചിട്ടും അതുകൊണ്ട് മാത്രമാണ് തർക്കിച്ചത്. അതിന്റെ ഗൗരവവും അവർക്ക് അതിലുള്ള സ്പഷ്ടതയും കാരണത്താലാണ് അവർ അതിൽ പരിമിതപ്പെടുത്തിയത്.

# മനുഷ്യർ കുഫ്റിലെത്താനും യഥാർത്ഥ ദീൻ ഉപേക്ഷിക്കാനും കാരണം സ്വാലിഹീങ്ങളുടെ കാര്യത്തിൽ അതിരുവിട്ടതാകുന്നു

ഉന്നതനും പ്രതാപിയുമായ അല്ലാഹു പറഞ്ഞു "വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും, മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും, അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു." (നിസാഅ്: 171)

ഈ ആയത്തിന്റെ വിശദീകരണമായി ഇബ്നു അബ്ബാസ് (رَضِيَ اللّٰهُ عَنْهُ) പറഞ്ഞതായി സ്വഹീഹുൽ ബുഖാരിയിൽ കാണാം: "അവർ പറഞ്ഞു: (ജനങ്ങളെ,) നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊക്വ്, നസ്റ് എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്." (നൂഹ്: 23)

ഇബ്നു അബ്ബാസ് (رَضِيَ اللّٰهُ عَنْهُ) പറഞ്ഞു: "നൂഹ് നബി (عليه السلام) യുടെ ജനതയിലെ സ്വാലിഹീങ്ങളുടെ പേരുകളാണിവ. അവർ മരിച്ചപ്പോൾ പിശാച് അവരുടെ ജനതക്ക് ഇങ്ങനെ ദുർബോധനം നൽകി. 'നിങ്ങൾ അവർ കൂടിയിരി

ക്കാറുള്ള സദസ്സുകളിൽ ചില പ്രതിമകൾ നാട്ടുകയും അവയ്ക്ക് അവരുടെ പേരുകൾ നൽകുകയും ചെയ്യുക.' അപ്പോൾ അവർ അപ്രകാരം ചെയ്തു. അന്ന് അവ ആരാധിക്കപ്പെട്ടിരുന്നില്ല. പിന്നീട് അവർ മരിക്കുകയും മത വിജ്ഞാനം വിസ്മൃതമാകുകയും ചെയ്തപ്പോൾ അവ ആരാധിക്കപ്പെട്ടു." (ബുഖാരി)

ഇമാം ഇബ്നുൽ ക്വയ്യിം (رَضِيَ الله عَنْهُ) പറയുന്നു: സലഫുകളിൽ ഒന്നിലധികം പേർ പറഞ്ഞു: അവർ മരണമടഞ്ഞപ്പോൾ അവരുടെ ക്വബ്റിൽ അവർ ചടഞ്ഞിരിക്കുകയും പിന്നീട് അവരുടെ പ്രതിമകൾ രൂപപ്പെടുത്തുകയും ചെയ്തു. വീണ്ടും കാലം കുറേ കഴിഞ്ഞപ്പോൾ അവർ അവരെ ആരാധിച്ചു.

ഉമർ (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "നസ്വാറാക്കൾ മർയമിന്റെ മകനെ അമിതമായി പുകഴ്ത്തിയതു പോലെ നിങ്ങൾ എന്നെ അമിതമായി പുകഴ്ത്തരുത്. ഞാൻ അല്ലാഹുവിന്റെ അടിമ മാത്രമാണ്. അതിനാൽ അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനുമാണ് (മുഹമ്മദ്) എന്ന് പറഞ്ഞു കൊള്ളുക." (ബുഖാരി, മുസ്ലിം)

അല്ലാഹുവിൻറെ തിരുദൂതർ -ﷺ- പറഞ്ഞു: "മതത്തിൽ അതിര് കവിയുന്നത് നിങ്ങൾ സൂക്ഷിക്കുക. കാരണം, നിങ്ങളുടെ മുൻഗാമികളെ നശിപ്പിച്ചത് ഈ അതിരുകവിയൽ ആണ്."

സ്വഹീഹു മുസ്ലിമിൽ കാണാം: ഇബ്നു മസ്ഊദ് (رَضِيَ اللَّهُ عَنْهُ) വിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "കൃത്രിമത്വം കാണിക്കുകയും ചെയ്യുന്നവർ നശി

ക്കട്ടെ. അവിടുന്ന് -ﷺ- ഇത് മൂന്നു തവണ പറഞ്ഞു. (മുസ് ലിം)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ**

1. ഈ അദ്ധ്യായവും ശേഷം വരുന്ന രണ്ട് അദ്ധ്യായങ്ങളും ആരെങ്കിലും മനസ്സിലാക്കിയാൽ അവന് ഇസ്ലാമിന്റെ 'ഗുർബത്' (അപരിചിതത്വം) ബോദ്ധ്യപ്പെടും.

അല്ലാഹു (تَعَالَى) യുടെ ക്വുദ്റത്തിൽനിന്നും അവൻ ഹൃദയങ്ങളെ മാറ്റിമറിക്കുന്നതിൽനിന്നും അത്ഭുതങ്ങൾ അവർ ദർശിക്കുകയും ചെയ്യും

2. ഭൂമിയിൽ ആദ്യമായി സംഭവിച്ച ശിർക്കിനെ മനസ്സിലാക്കൽ. അത് സ്വാലിഹീങ്ങളുടെ വിഷയത്തിലുള്ള 'ശുബ്ഹത്' (ധാരണപിശക്) കാരണത്താലായിരുന്നു.

3. അല്ലാഹു (تَعَالَى) യാണ് അമ്പിയാക്കളെ നിയോഗിച്ചത് എന്ന് അറിയുക. അമ്പിയാക്കളുടെ ദീനിൽ ആദ്യമായി മാറ്റിമറിക്കപ്പെട്ടത് എന്താണെന്നും അതിന്റെ കാരണം എന്താണെന്നും മനസ്സിലാക്കുക.

4. ബിദ്അത്തുകളെ, മതനിയമങ്ങളും മനുഷ്യപ്രകൃതിയും തള്ളുന്നു എന്നറിഞ്ഞിട്ടും അവ സ്വീകരിക്കപ്പെടുന്നത്.

5. എല്ലാത്തിന്റേയും മൂലകാരണം സത്യത്തെ അസത്യവുമായി കൂട്ടി കലർത്തുന്നതാണ്. ആദ്യത്തേത് (സത്യം), സ്വാലിഹീങ്ങളോടുള്ള സ്നേഹമാണ്. രണ്ടാമത്തേത് (അസത്യം) മതപണ്ഡിതന്മാർ നന്മ ഉദ്ദേശിച്ചു ചെയ്ത പല പ്രവൃത്തികളും, അവരുടെ കാലശേഷം വരുന്നവർ തങ്ങളുടെ പൂ

ർവ്വികർ മറ്റുവല്ലതുമാണ് ഇതു കൊണ്ട് ഉദ്ദേശിച്ചതെന്ന് ധരിച്ചതാണ്.

6. സൂറത്ത് നൂഹിലെ ആയത്തിന്റെ തഫ്സീർ.

7. മനുഷ്യന്റെ പ്രകൃതി അഥവാ അവന്റെ ഹൃദയത്തിൽ സത്യം കുറയുകയും അസത്യം കൂടിവരികയും ചെയ്യും.

8. ബിദ്അത്തുകൾ കുഫ്റിന് കാരണമാണ് എന്ന് പൂർവ്വികരിൽ നിന്ന് ഉദ്ധരിക്കപ്പെട്ടതിന് ഇതിൽ സാക്ഷ്യമുണ്ട്.

9. ബിദ്അത്തുകൾ എവിടേക്ക് മടങ്ങും എന്നത് പിശാചിന് അറിയാം. ചെയ്യുന്നവന്റെ ഉദ്ദേശം നന്നായാലും ശരി.

10. പൊതുവായ തത്വം അറിയുക. അഥവാ അതിരു കവിയുക വിലക്കപ്പെട്ടിരിക്കുന്നു. അത് എവിടെ കൊണ്ടുചെന്നെത്തിക്കും എന്നും അറിയുക.

11. സൽപ്രവൃത്തികൾക്ക് ക്വബ്റിടങ്ങളിൽ ചടഞ്ഞുകൂടുന്നതിന്റെ അപകടം.

12. പ്രതിമകൾ നിരോധിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയുക. അത് നീക്കം ചെയ്യുവാൻ പറഞ്ഞതിലെ യുക്തിയും.

13. ഈ സംഭവത്തിന്റെ ഗൗരവവും അത് അറിയേണ്ടതിന്റെ ആവശ്യകതയും. എന്നാൽ ആളുകൾക്ക് അതിൽ തികഞ്ഞ അശ്രദ്ധയാണുള്ളത്.

14. മഹാത്ഭുതകരമായ സംഗതി: ആളുകൾ തഫ്സീറുകളിലും ഹദീഥ് ഗ്രന്ഥങ്ങളിലും ഈ സംഭവകഥ വായിക്കുന്നു, ആശയങ്ങൾ ഗ്രഹിക്കുന്നു. അല്ലാഹു (تَعَالَى) അവരുടേയും അവരുടെ ഹൃദയങ്ങളുടേയും ഇടയിൽ മറയിടുകയാണ്. എ

ത്രത്തോളമെന്നാൽ, നൂഹു നബി (عليه السلام) യുടെ സമൂഹം ചെയ്തത് അവർ ഉത്കൃഷ്ട ആരാധനയായി വിശ്വസിക്കുന്നു. അല്ലാഹു (تَعَالَى) യും അല്ലാഹുവിന്റെ റസൂൽ -ﷺ- യും നിരോധിച്ചത് രക്തവും ധനവും അനുവദനീയമാക്കുന്ന കുഫ്റായി തലതിരിച്ചു അവർ വിശ്വസിക്കുകയും ചെയ്യുന്നു.

15. അവർ ശുപാർശ മാത്രമാണ് ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കുന്നു.

16. അവരുടെ രൂപങ്ങൾ നിർമ്മിച്ച പണ്ഡിതർ ഈ ശുപാർശയാണ് ഉദ്ദേശിച്ചതെന്ന ഇവരുടെ ധാരണ.

17. 'ഇബ്നു മർയമിനെ നസ്വാറാക്കൾ പുകഴ്ത്തിയതു പോലെ എന്നെ നിങ്ങൾ പുകഴ്ത്തരുത്' എന്ന വചനത്തിലുള്ള പ്രവാചകൻ -ﷺ- യുടെ മഹത്തായ വിവരണം. അല്ലാഹുവേ, ഈ രീതിയിൽ കാര്യങ്ങൾ വ്യക്തമായി എത്തിച്ചു തന്ന പ്രവാചകൻ -ﷺ- യിൽ നീ സ്വലാതും സലാമും സദാ വർഷിക്കേണമേ.

18. അതിരുവിടലും കൃത്രിമത്വവും സ്വീകരിച്ചവരുടെ നാശം ഓർമപ്പെടുത്തിക്കൊണ്ട് അവിടുന്ന് നമ്മെ ഗുണദോഷിക്കുന്നു.

19. അറിവ് വിസ്മരിക്കപ്പെടുന്നതുവരെ അവ ആരാധിക്കപ്പെട്ടില്ല. അറിവുണ്ടാകുന്നതിന്റെ മഹത്വവും അറിവ് നഷ്ടപ്പെടുന്നതിന്റെ അപകടവും മനസിലാക്കുക.

20. അറിവ് നഷ്ടപ്പെടുന്നതിന്റെ കാരണം പണ്ഡിതന്മാരുടെ മരണമാണ്.

# ഖബ്റിനടുത്ത് അല്ലാഹുവിനെ ആരാധിക്കരുതെങ്കിൽ ഖബ്റാളിയെത്തന്നെ ആരാധിക്കുന്നവന്റെ സ്ഥിതിയെന്തായിരിക്കും?

ആഇശ (رَضِـيَ اللَّهُ عَنْهُ) യിൽ നിന്നും നിവേദനം: "ഉമ്മുസലമ (رَضِـيَ اللَّهُ عَنْهُ), അല്ലാഹുവിന്റെ റസൂൽ -ﷺ- യോട് ഹബശയിൽ (എത്യോപ്യ) അവർ കണ്ട ഒരു ചർച്ചിനെ കുറിച്ചും അതിൽ കണ്ട ചിത്രങ്ങളെ കുറിച്ചും പറഞ്ഞു. അപ്പോൾ റസൂൽ -ﷺ- പറഞ്ഞു: "അവരിൽ ഒരു സ്വാലിഹായ ദാസനോ, പുണ്യപുരുഷനോ മരണപ്പെട്ടാൽ അവർ അയാളുടെ ക്വബ്റിന്മേൽ ഒരു പള്ളി പണിയുകയും അതിൽ ആ ചിത്രങ്ങൾ രൂപപ്പെടുത്തുകയും ചെയ്യും. അവരത്രെ അല്ലാഹുവിങ്കൽ സൃഷ്ടികളിലെ നീചന്മാർ." (ബുഖാരി, മുസ്‌ലിം)

ഇവർ രണ്ട് തിന്മകളാണ് ചെയ്തുകൂട്ടിയത്. ക്വബറുകൾ കൊണ്ടുള്ള തിന്മയും പ്രതിമകൾ കൊണ്ടുള്ള തിന്മയും.

ബുഖാരിയും മുസ്‌ലിമും തന്നെ ഉദ്ധരിച്ചക്കുന്നു: ആയിശ (رَضِـيَ اللَّهُ عَنْهَا) യിൽ നിന്നും നിവേദനം: അവർ പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ -ﷺ- ക്ക് മരണസമയം വന്നണഞ്ഞപ്പോൾ അവിടുത്തെ ഒരു വസ്ത്രം തന്റെ മുഖത്തേക്ക് ഇടുവാൻ തുടങ്ങി. ശ്വാസം ഇടുങ്ങുമ്പോൾ നബി -ﷺ- അത് മുഖത്ത് നിന്ന് നീക്കും. ആ അവസ്ഥയിൽ അവിടുന്ന് -ﷺ- പറയുകയാണ്: "ജൂതന്മാരെയും നസ്വാറാക്കളെയും അല്ലാഹു

ശപിച്ചിരിക്കുന്നു.(കാരണം) അവർ അവരുടെ നബിമാരുടെ ഖബ്റുകളെ (ആരാധനകൾക്ക് വേണ്ടിയുള്ള) മസ്ജിദുകളാക്കി." "അവർ ചെയ്തതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയായിരുന്നു അവിടുന്ന് -ﷺ-. അല്ലായിരുന്നുവെങ്കിൽ നബിയുടെ ക്വബ്ർ (വീടിനു പുറത്ത്) തുറസ്സായ ഇടത്താക്കുമായിരുന്നു. എന്നാൽ അത് (പിന്നീട്) മസ്ജിദാക്കപ്പെടുമോയെന്ന് (സ്വഹാബികൾ) ഭയന്നു. (ബുഖാരി, മുസ്‌ലിം)

ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു: ജുൻദുബ് ഇബ്നു അബ്ദില്ലാഹ് (رَضِيَ اللَّهُ عَنْهُ) വിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: "നബി -ﷺ- വഫാത്താകുന്നതിന്റെ അഞ്ചു ദിവസങ്ങൾക്ക് മുമ്പ് അവിടുന്ന് -ﷺ- പറയുന്നത് ഞാൻ കേട്ടു: "നിങ്ങളിൽ നിന്നും എനിക്ക് ഒരു ഖലീൽ ഉണ്ടാകുന്നതിൽ നിന്നും ഞാൻ അല്ലാഹുവോട് രക്ഷതേടുകയാണ്; കാരണം അല്ലാഹു എന്നെ ഖലീലായി സ്വീകരിച്ചിരിക്കുന്നു. അല്ലാഹു ഇബ്റാഹീമിനെ ഖലീലായി സ്വീകരിച്ചതുപോലെ. എന്റെ ഉമ്മത്തികളിൽ നിന്ന് വല്ലവരേയും ഞാൻ ഖലീലായി സ്വീകരിക്കുമായിരുന്നെങ്കിൽ ഞാൻ അബൂബക്റിനെ ഖലീലായി സ്വീകരിക്കുമായിരുന്നു; തീർച്ച. അറിയുക, നിശ്ചയം നിങ്ങളുടെ മുൻപുണ്ടായിരുന്നവർ അവരുടെ നബിമാരുടെ ഖബ്റുകൾ മസ്ജിദുകളായി സ്വീകരിക്കുമായിരുന്നു. അറിയുക, നിങ്ങൾ ഖബ്റുകളെ മസ്ജിദുകളായി സ്വീകരിക്കരുത്. ഞാൻ നിങ്ങളോട് അത് വിരോധിക്കുകയാണ്."

ക്വബ്റുകളെ ആരാധനാലയമാക്കുന്നതിനെ പ്രവാചകൻ -ﷺ- തന്റെ ജീവിതകാലത്തിന്റെ അവസാനത്തിലാണ് വിരോധിച്ചത്. മരണശയ്യയിൽ കിടക്കവെ നബി -ﷺ- അങ്ങനെ ചെയ്തവരെ ശപിച്ചു. ക്വബ്റുകൾക്കരികിൽ നമസ്കാരവും അതിൽപ്പെട്ടതാണ്; മസ്ജിദ് നിർമ്മിക്കപ്പെട്ടിട്ടില്ലെങ്കി

ലും ശരി. അതാണ് ആഇശ (رَضِيَ اللَّهُ عَنْهُ) യുടെ ഹദീഥിന്റെ ആശയം. അഥവാ അവർ പറയുകയാണ്. "ക്വബ്ർ മസ്ജിദാക്കപ്പെടുമെന്ന് ഭയപ്പെട്ടു."

സ്വഹാബികളാകട്ടെ ഒരിക്കലും പ്രവാചകൻ -ﷺ- യുടെ ക്വബ്റിന് ചുറ്റും മസ്ജിദ് നിർമ്മിക്കുന്നവർ ആയിരുന്നില്ല. നമസ്കാരം ഉദ്ദേശിക്കപ്പെടുന്ന ഏതു സ്ഥലവും മസ്ജിദാക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല, നമസ്കരിക്കപ്പെടുന്ന എല്ലാ സ്ഥലത്തിനും 'മസ്ജിദ്' എന്നപേര് വിളിക്കപ്പെടും.

അതാണ് പ്രവാചകൻ -ﷺ- പറഞ്ഞത്: "എനിക്ക് ഭൂമി മസ്ജിദും ശുദ്ധി ചെയ്യുവാനുള്ളതുമാക്കപ്പെട്ടിരിക്കുന്നു."

ഇമാം അഹ്മദ് ഉദ്ധരിക്കുന്ന ഹദീഥിൽ കാണാം: ഇബ്നു മസ്ഊദ് (رَضِيَ اللَّهُ عَنْهُ) വിൽനിന്നും (പ്രവാചകൻ -ﷺ- പറഞ്ഞതായി) നിവേദനം: "അന്ത്യനാൾ സംഭവിക്കുമ്പോൾ ജീവിച്ചിരിക്കുന്നവരും, ക്വബ്റുകൾക്ക് മീതെ മസ്ജിദുകൾ നിർമ്മിക്കുന്നവരും ഏറ്റവും മോശക്കാരായ ജനങ്ങളിൽ പെട്ടവരാണ്." (അബൂ ഹാത്തിം, ഇബ്നു ഹിബ്ബാൻ എന്നിവരും ഇത് ഉദ്ധരിച്ചിരിക്കുന്നു.)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. അല്ലാഹുവിനെ ആരാധിക്കുന്നതിന് വേണ്ടി സ്വാലിഹായ ഒരു മനുഷ്യന്റെ ക്വബ്റിനടുത്ത് പള്ളി പണിതവനെ കുറിച്ച് റസൂൽ -ﷺ- പറഞ്ഞത്; അയാളുടെ നിയ്യത്ത് ശരിയാണെങ്കിലും.

2. പ്രതിമകൾ ഉണ്ടാക്കുന്നതിൽ നിന്നുള്ള നിരോധനം. പ്രസ്തുത നിരോധനത്തിലെ കാര്യഗൗരവം.

3. ഈ വിഷയത്തിൽ പ്രവാചകൻ -ﷺ- തങ്ങളുടെ തീവ്രത യിലുള്ള ഗുണപാഠം. അഥവാ ആദ്യകാലത്ത് പ്രവാചകൻ -ﷺ- എങ്ങനെയാണ് ഇത് അവർക്ക് വ്യക്തമാക്കി കൊടുത്ത ത്. പിന്നീട് താൻ മരണംവരിക്കുന്നതിന് അഞ്ചുദിവസം മു മ്പ് താൻ നേരത്തെ പറഞ്ഞത് അവിടുന്ന് -ﷺ- ആവർത്തിച്ച് പറഞ്ഞു. ആത്മാവ് വേർപിരിയുന്ന സന്ദർഭത്തിലും മുമ്പ് പറഞ്ഞതു കൊണ്ടൊന്നും നബി -ﷺ- മതിയാക്കിയില്ല.

4. തന്റെ ക്വബ്ർ ഉണ്ടാകുന്നതിന് മുമ്പുതന്നെ തന്റെ ക്വ ബ്റിനടുത്ത് ചെയ്തേക്കാവുന്ന പലതിനേയും അവിടുന്ന് -ﷺ- വിരോധിച്ചത്.

5. അത്തരം കാര്യങ്ങൾ യഹൂദ ക്രൈസ്തവർ അവരുടെ നബിമാരുടെ ക്വബ്റുകളിൽ ചെയ്തിരുന്ന കാര്യങ്ങളാണ്.

6. തൽവിഷയങ്ങളിൽ നബി -ﷺ- അവരെ ശപിച്ചത്.

7. പ്രവാചകൻ -ﷺ- യുടെ ക്വബ്റിനടുത്ത് നമ്മൾ അങ്ങ നെ ചെയ്യുമെന്നതിൽനിന്ന് മുന്നറിയിപ്പ് നൽകുക എന്നുള്ള താണ് പ്രവാചകൻ -ﷺ- യുടെ ഉദ്ദേശം.

8. നബിയുടെ -ﷺ- ഖബർ വീടിന് പുറത്താക്കപ്പെടാതിരു ന്നതിൻറെ കാരണം.

9. ക്വബ്റുകളെ മസ്ജിദുകളായി സ്വീകരിക്കുക എന്നതി ന്റെ ഉദ്ദേശം.

10. ക്വബ്റുകളെ മസ്ജിദുകളാക്കുന്നവരേയും ക്വിയാമ ത്ത് നാൾ ആരുടെമേൽ സംഭവിക്കുന്നുവോ അവരേയും ന ബി -ﷺ- ചേർത്തു പറഞ്ഞു. അപ്പോൾ, ശിർക്ക് സംഭവിക്കു ന്നതിന് മുമ്പ് അതിലേക്ക് കൊണ്ടെത്തിക്കുന്ന വഴിയേകു

റിച്ചും അതിന്റെ പര്യവസാനത്തെകുറിച്ചും നബി -ﷺ- ഉണർത്തുകയാണ് ചെയ്തത്.

11. മരണം വരിക്കുന്നതിന് അഞ്ചുദിവസം മുമ്പ് തന്റെ ഖുത്ബയിൽ നബി -ﷺ- ഇത് ഉണർത്തി. അതിൽ ബിദ്ഈ കക്ഷികളിൽ ഏറ്റവും വഴികെട്ട രണ്ട് കക്ഷികൾക്കുള്ള മറുപടിയുണ്ട്.

പണ്ഡിതന്മാർ പിഴച്ച എഴുപത്തിരണ്ട് കക്ഷികളിൽനിന്നുപോലും പുറത്ത് നിർത്തിയ റാഫിദ്വികൾക്കും, ജഹ്മികൾക്കും വ്യക്തമായ മറുപടി ഈ ഹദീഥിലുണ്ട്. റാഫിദ്വികൾ കാരണത്താലാണ് ശിർക്കും ക്വബ്ർ പൂജയും സംഭവിച്ചത്. അവരാണ് ആദ്യമായി ക്വബ്റിന്മേൽ മസ്ജിദുകൾ നിർമ്മിച്ചതും.

12 ആത്മാവ് വേർപിരിയുമ്പോൾ പ്രവാചകൻ -ﷺ- തങ്ങൾ അനുഭവിച്ച കടുത്ത വേദന.

13. 'ഖുല്ലത്ത് '(നിറഞ്ഞ സ്നേഹം) കൊണ്ട് പ്രവാചകൻ -ﷺ- ആദരിക്കപ്പെട്ടത്.

14. 'ഖുല്ലത്ത് '(നിറഞ്ഞ സ്നേഹം) മഹബ്ബത്തി (സ്നേഹത്തി)നേക്കാൾ ഉന്നതമാണെന്നത് വ്യക്തമാക്കുന്നു.

15. സ്വഹാബികളിൽ ഏറ്റവും ശ്രേഷ്ഠൻ അബൂബക്കർ സ്വിദ്ദീക്വ് (رَضِيَ اللَّهُ عَنْهُ) ആണെന്ന് വ്യക്തമാക്കുന്നു.

16. അദ്ദേഹത്തിന്റെ ഖിലാഫത്തിലേക്കുള്ള സൂചന.

# ക്വബ്റുകളിൽ അതിരുകവിയുന്നത് അവയെ ബിംബങ്ങൾക്ക് തുല്യമാക്കുന്നു

ഇമാം മാലിക് തന്റെ 'മുവത്വ' യിൽ ഉദ്ധരിക്കുന്നു: തീർച്ചയായും അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "അല്ലാഹുവേ! എന്റെ ഖബ്റിനെ ആരാധിക്കപ്പെടുന്ന ഒരു വിഗ്രഹമാക്കരുതേ! തങ്ങളുടെ നബിമാരുടെ ഖബറുകളെ ആരാധനാ കേന്ദ്രങ്ങളാക്കിയ ജനങ്ങളോടുള്ള അല്ലാഹുവിന്റെ കോപം കടുത്തതായിരിക്കുന്നു."

ഇമാം മുജാഹിദ് (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും ഇബ്നു ജരീർ രിവായത്ത് ചെയ്യുന്നു: "ലാത്തയെയും ഉസ്സയെയും പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ?" എന്ന സൂറത്തുന്നജ്മ്: 19 ◌ാ◌ം ആയത്തിന്റെ തഫ്സീറിൽ അദ്ദേഹം പറഞ്ഞു: "ലാത്ത അവർക്ക് 'സവീക്വ്' (ഒരുതരം മധുര പലഹാരം) പാകം ചെയ്തു നൽകിയിരുന്നു. അദ്ദേഹം മരണപ്പെട്ടു, അപ്പോൾ അവർ അദ്ദേഹത്തിന്റെ ക്വബ്റിനടുത്ത് ഭജനമിരുന്നു."

ഇപ്രകാരം അബുൽ ജൗസാഅ്, ഇബ്നു അബ്ബാസ് (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം ചെയ്ത് പറയുന്നു: "അദ്ദേഹം ഹാജിമാർക്ക് സവീക്വ് പാകം ചെയ്തു നൽകാറുണ്ടായിരുന്നു."

ഇബ്നു അബ്ബാസ് (رَضِيَ اللهُ عَنْهُمَا) പറഞ്ഞിരിക്കുന്നു: "ക്വബ്റുകൾ സന്ദർശിക്കുന്ന സ്ത്രീകളേയും, അതിന്മേൽ വിളക്ക് വെക്കുന്നവരേയും മസ്ജിദുകളുണ്ടാക്കുന്നവരേയും അല്ലാഹുവിന്റെ റസൂൽ -ﷺ- ശപിച്ചിരിക്കുന്നു." (അബൂദാവൂദ്, തിർമിദി, നസാഈ, ഇബ്നുമാജ)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ**

1 'ഔഥാൻ' എന്നതിന്റെ വിവരണം. (അഥവാ 'ഔഥാൻ' എന്നാൽ വിഗ്രഹങ്ങൾക്കും ജാറങ്ങൾക്കും പറയപ്പെടും. വിവ)

2. 'ഇബാദത്തി'ന്റെ വിവരണം.

3. സംഭവിക്കുമെന്ന് ഭയക്കുന്ന കാര്യങ്ങളിൽ നിന്നല്ലാതെ നബി -ﷺ- അഭയം തേടിയിട്ടില്ല.

4. നബിമാരുടെ മഖ്ബറകൾ ആരാധനാലയങ്ങളാക്കി സ്വീകരിച്ചതിനെ നബി -ﷺ- ഇതിനോട് ചേർത്തത്.

5. അല്ലാഹു (تَعَالَى) യിൽനിന്നുള്ള കോപത്തിന്റെ കാഠിന്യത്തെ പരാമർശിച്ചത്.

6. ഏറ്റവും വലിയ വിഗ്രഹമായിരുന്ന ലാത്തയെ ആരാധിച്ച രീതി മനസ്സിലാക്കലാണ് ഈ അധ്യായത്തിലെ പ്രധാനപ്പെട്ട വിഷയം.

7. സ്വാലിഹായ ഒരാളുടെ ക്വബ്റാണ് അത് എന്ന് അറിയുക.

8. ക്വബ്റാളിയുടെ പേരാണ് അത്. ആ പേര് വന്നതിനു പിന്നിലെ ആശയവും പറയപ്പെട്ടിരിക്കുന്നു.

9. ക്വബ്റുകൾ സന്ദർശിക്കുന്ന സ്ത്രീകളെ നബി -ﷺ- ശപിച്ചിരിക്കുന്നു.

10. ക്വബ്റുകളിൽ വിളക്ക് വെക്കുന്നവരെ ശപിച്ചിരിക്കുന്നു.

# ശിർക്കിലേക്കെത്തുന്ന സകല വഴികളും പ്രവാചകൻ -ﷺ- അടച്ചുകളഞ്ഞിരിക്കുന്നു.

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കുവാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം" (തൗബ: 128)

അബൂഹുറയ്റ (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "നിങ്ങളുടെ വീടുകൾ നിങ്ങൾ ഖബ്റുകളാക്കരുത്. എന്റെ ഖബ്റിനെ നിങ്ങൾ സ്ഥിരസന്ദർശനത്തിന്റെ കേന്ദ്രമാക്കരുത്. എന്റെ മേൽ നിങ്ങൾ സ്വലാത്ത് ചൊല്ലുക; തീർച്ചയായും നിങ്ങൾ എവിടെയാണെങ്കിലും നിങ്ങളുടെ സ്വലാത്ത് എനിക്ക് എത്തുന്നതാണ്." (അബൂദാവൂദ് ഹസനായ സനദോടെ രിവായത്ത് ചെയ്തത്. അതിൻറെ റിപ്പോർട്ടർമാരെല്ലാം വിശ്വസ്തരുമാണ്.)

അലിയ്യ് ഇബ്നു ഹുസൈൻ (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് നിവേദനം: "അദ്ദേഹം, ഒരു മനുഷ്യൻ നബി -ﷺ- യുടെ ക്വബ്റിനടുത്തുള്ള ഒഴിഞ്ഞ ഒരു വിടവിലേക്ക് വരികയും അവിടെ പ്രവേശിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നത് കണ്ടു. അപ്പോൾ അദ്ദേഹം അയാളെ തടഞ്ഞു. എന്നിട്ട് പറഞ്ഞു: എന്റെ

പിതാവ് (ഹുസൈൻ(رَضِيَ اللَّهُ عَنْهُ)), എന്റെ പ്രപിതാവ് (അലി (رَضِيَ اللَّهُ عَنْهُ) വിൽനിന്നും അദ്ദേഹം അല്ലാഹുവിന്റെ റസൂൽ -ﷺ- യിൽനിന്നും ഉദ്ധരിക്കുന്ന ഒരു ഹദീഥ് ഞാൻ നിങ്ങൾക്ക് പറഞ്ഞു തരട്ടെയോ? റസൂൽ-ﷺ-) പറഞ്ഞിരിക്കുന്നു: "നിങ്ങൾ എന്റെ ക്വബ്റിനെ ഉത്സവസ്ഥലമാക്കരുത്. നിങ്ങളുടെ വീടുകളെ ക്വബ്റുകളാക്കരുത്. നിങ്ങളുടെ സലാം നിങ്ങൾ എവിടെയാണെങ്കിലും എനിക്കെത്തിക്കപ്പെടും." (അൽ മുഖ്താറയിൽ ഉദ്ധരിച്ചത്)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ**

1. സൂറതു 'ബറാഅ'യിലെ ആയത്തിന്റെ വിവരണം.

2 ഈ 'ഹിമ'യിൽ നിന്ന് (ശിർക്കിലേക്ക് വീണുപോയേക്കാവുന്ന തൗഹീദിന്റെ സംരക്ഷണാതിർത്തിയിൽ നിന്ന്) നബി -ﷺ- തന്റെ ഉമ്മത്തികളെ വിദൂരതയിലേക്ക് അകറ്റിയത്.

3. റസൂലി-ﷺ-ന് നമ്മോടുള്ള അതീവ താത്പര്യവും കാരുണ്യവും വാത്സല്യവും.

4. പ്രവാചകൻ -ﷺ- യുടെ ക്വബ്ർ 'സിയാറത്ത്' ചെയ്യൽ ഉത്കൃഷ്ട കർമ്മമായിട്ടുകൂടി പ്രത്യേകരീതിയിൽ തന്റെ ക്വബ്റിനെ 'സിയാറത്ത്' ചെയ്യൽ അദ്ദേഹം വിരോധിച്ചത്.

5. 'സിയാറത്ത്' വർദ്ധിപ്പിക്കുന്നതിനെ റസൂൽ -ﷺ- വിരോധിച്ചത്.

6. സുന്നത്തു നമസ്കാരം വീട്ടിൽവെച്ച് നിർവ്വഹിക്കുന്നത് റസൂൽ -ﷺ- പ്രോൽസാഹിപ്പിച്ചത്.

7. 'മഖ്ബറകളിൽ നമസ്കരിക്കുവാൻ പാടില്ല' എന്നത് പൂർവ്വികർക്കിടയിൽ അംഗീകരിക്കപ്പെട്ട കാര്യമായിരുന്നു.

8. ഒരാൾ എത്ര വിദൂരത്തായിരുന്നാലും അയാളുടെ സ്വലാത്തും സലാമും പ്രവാചകൻ -ﷺ- ക്ക് എത്തും എന്ന് (പ്രവാചകൻ -ﷺ- തന്റെ ക്വബറിടം എപ്പോഴും കയറിയിറങ്ങുവാനുള്ള ഇടമാക്കരുത്) എന്നതിന് കാരണം പറഞ്ഞിരിക്കേ, ക്വബ്റിന്റെ അടുത്ത് ചെല്ലണമെന്ന് ഉദ്ദേശിക്കുന്നവർ ധാരണകൾക്ക് യാതൊരു ഇടവുമില്ല.

9. പ്രവാചകൻ -ﷺ-, ബർസഖീ കാലഘട്ടത്തിലാണെങ്കിലും തന്റെ സമുദായത്തിന്റെ സ്വലാത്തും സലാമും അവിടുത്തേക്ക് പ്രദർശിപ്പിക്കപ്പെടും.

# ഈ സമുദായത്തിൽ ചിലർ ബിംബാരാധനയിൽ എത്തിപ്പെടും!

അല്ലാഹു (تَعَالَى) പറഞ്ഞു: "വേദത്തിൽനിന്ന് ഒരു വിഹിതം നൽകപ്പെട്ടവരെ നീ നോക്കിയില്ലേ? അവർ ക്ഷുദ്ര വിദ്യകളിലും ദുർമൂർത്തികളിലും വിശ്വസിക്കുന്നു. സത്യനിഷേധികളെപ്പറ്റി അവർ പറയുന്നു, ഇക്കൂട്ടരാണ് വിശ്വാസികളേക്കാൾ നേർമാർഗ്ഗം പ്രാപിച്ചവരെന്ന്" (നിസാഅ്: 51)

അല്ലാഹു (تَعَالَى) പറഞ്ഞു: "(പ്രവാചകരെ) പറയുക, എന്നാൽ അല്ലാഹുവിന്റെ അടുക്കൽ അതിനേക്കാൾ മോശമായ പ്രതിഫലമുള്ളവരെപ്പറ്റി ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ? ഏതൊരു വിഭാഗത്തെ അല്ലാഹു ശപിക്കുകയും അവരോടവൻ കോപിക്കുകയും ചെയ്തുവോ, ഏതുവിഭാഗത്തിൽപ്പെട്ടവരെ അല്ലാഹു കുരങ്ങുകളും പന്നികളും ആക്കിതീർത്തുവോ, ഏതൊരു വിഭാഗം ദുർമൂർത്തികളെ ആരാധിച്ചുവോ, അവരത്രെ ഏറ്റവും മോശമായ സ്ഥാനമുള്ളവരും നേർമാർഗ്ഗത്തിൽനിന്ന് ഏറെ പിഴച്ചുപോയവരും" (മാഇദ: 60)

അല്ലാഹു (تَعَالَى) പറഞ്ഞു: "അവരുടെ കാര്യത്തിൽ പ്രാബല്യം നേടിയവർ പറഞ്ഞു: നമുക്ക് അവരുടെമേൽ ഒരു പള്ളി നിർമ്മിക്കുക തന്നെ ചെയ്യാം" (അൽകഹ്ഫ്: 21)

അബൂസഈദ് അൽ ഖുദ്രി (رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "പൂർവ്വഗാമികളുടെ ചര്യകൾ നിങ്ങൾ അമ്പിന്റെ തലഭാഗത്തെ തൂവലുകൾ പരസ്പരം എങ്ങനെ സാദൃശ്യപ്പെടുന്നുവോ അതുപോലെ പിൻപറ്റുകതന്നെ ചെയ്യും. എത്രത്തോളമെന്നാൽ അവർ ഒരു ഉടുമ്പിന്റെ മാളത്തിൽ പ്രവേശിച്ചാൽ നിങ്ങളും അതിൽ പ്രവേശിക്കുകതന്നെ ചെയ്യും."

അവർ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ജൂതക്രൈസ്തവരെയാണോ? അപ്പോൾ റസൂൽ-ﷺ- പറഞ്ഞു: അവരല്ലാതെ മറ്റാരാണ്?" (ബുഖാരി,മുസ്‌ലിം)

ഥൗബാൻ (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "നിശ്ചയം, അല്ലാഹു എനിക്ക് ഭൂമിയെ ചുരുട്ടിത്തന്നു. അപ്പോൾ ഞാൻ അതിന്റെ കിഴക്കും പടിഞ്ഞാറും കണ്ടു. നിശ്ചയം, എന്റെ സമുദായത്തിന് അവരുടെ ആധിപത്യം എനിക്ക് ചുരുട്ടി കാണിച്ചിടമത്രയുമെത്തും.

രണ്ട് നിധികൾ എനിക്ക് നൽകപ്പെട്ടു. ചുവപ്പും വെളുപ്പുമാണവ.

എന്റെ സമുദായത്തിനുവേണ്ടി അവരെ ഒന്നടങ്കം കാലകെടുതിയിലൂടെ നശിപ്പിക്കരുതെന്ന് ഞാൻ എന്റെ റബ്ബിനോട് തേടി. അവരുടെ ആൾബലത്തേയും ഭൂപ്രദേശങ്ങളേയും യഥേഷ്ടം ഉപയോഗിക്കുന്ന രീതിയിൽ അവരിൽ നിന്നല്ലാത്ത ശത്രുക്കൾക്ക് അവരുടെമേൽ ആധിപത്യം നൽകരുതെന്നും ഞാൻ പ്രാർത്ഥിച്ചു.

നിശ്ചയം, എന്റെ റബ്ബ് പറഞ്ഞു: ഓ മുഹമ്മദ്, ഞാൻ ഒരു വിധി നടപ്പിലാക്കിയാൽ പ്രസ്തുത കാര്യം മടക്കപ്പെടുകയില്ല. തീർച്ചയായും ഞാൻ താങ്കളുടെ സമുദായത്തെ ഒരു പൊതുകെടുതിയിലൂടെ ഒന്നിച്ച് നശിപ്പിക്കില്ലെന്ന് താങ്കൾക്ക് (ഉത്തരം)നൽകുന്നു. അവരുടെ സംഘത്തേയും ദേശങ്ങളേയും സർവ്വസമായി ഉടമപ്പെടുത്തും വിധം (മറ്റുള്ളവരെല്ലാം അവർക്കെതിരിൽ ഒരുമിച്ചുകൂടിയാലുംശരി) അന്യശത്രുക്കൾക്ക് അവരുടെമേൽ ആധിപത്യം നൽകില്ലായെന്നതും താങ്കൾക്ക് ഞാൻ തരുന്നു. അവരിൽ ചിലർ ചിലരെ നശിപ്പിക്കുകയും, ചിലർ ചിലരെ ബന്ദികളാക്കുകയും ചെയ്യുന്നതുവരെ." (മുസ്‌ലിം)

ഇമാം ബുർക്വാനി തന്റെ സ്വഹീഹിൽ ഇപ്രകാരം കൂടുതൽ രിവായത്ത് ചെയ്തിരിക്കുന്നു: 'വഴി തെറ്റിക്കുന്ന നേതാക്കളെയാണ് ഞാൻ എന്റെ സമുദായത്തിൽ ഏറ്റവും കുടുതൽ ഭയപ്പെടുന്നത്. അവരുടെമേൽ വാൾ പതിച്ചാൽ അന്ത്യനാൾവരെ അത് ഉയർത്തപ്പെടുകയില്ല. എന്റെ സമുദായത്തിൽ നിന്ന് ചില വിഭാഗങ്ങൾ മുശ്രിക്കുകളോട് ചെന്നുചേരുന്നതുവരേയും, എന്റെ സമുദായത്തിലെ ധാരാളം സംഘങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതുവരെയും അന്ത്യനാൾ സംഭവിക്കുകയില്ല. എന്റെ സമുദായത്തിൽ മുപ്പത് കള്ളന്മാർ ഉണ്ടായിരിക്കും, ഒരോരുത്തരും താൻ നബിയാണെന്ന് വാദിക്കും. ഞാൻ അന്ത്യപ്രവാചകനാണ്. എനിക്കുശേഷം ഒരു നബി വരുവാനില്ല. എന്റെ സമുദായത്തിലെ ഒരു വിഭാഗം എക്കാലവും സഹായിക്കപ്പെടുന്നവരായി സത്യത്തിൽ നിലകൊള്ളും. അവരെ കൈവിട്ടവർ അവർക്ക് ഒരുവിധ ഉപദ്രവവും ചെയ്യുകയില്ല; അല്ലാഹുവിന്റെ കൽപന വരുന്നതുവരെ (അവർ അതേ നിലപാടിൽ നിലകൊള്ളും)."

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1 സൂറത്തു അന്നിസാഇലെ ആയത്തിന്റെ തഫ്സീർ.

2. സൂറത്തു അൽ മാഇദയിലെ ആയത്തിന്റെ തഫ്സീർ.

3. സൂറതു അൽകഹ്ഫിലെ ആയത്തിന്റെ തഫ്സീർ.

4. ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലൊന്ന് 'ജിബ്തി' ലും 'ത്വാഗൂത്തി'ലും വിശ്വസിക്കുക എന്നതിന്റെ അർത്ഥമെന്താണ് എന്നതാണ്?

എന്താണ് ഇവിടെ പരാമർശിക്കപ്പെട്ട, 'ജിബ്തി'ലും 'ത്വാഗൂത്തി'ലും വിശ്വസിക്കുക എന്നതിന്റെ അർഥം? കേവലം ഹൃദയംകൊണ്ട് വിശ്വസിക്കലാണോ? അതല്ല അവ വ്യർത്ഥമാണെന്ന് വിശ്വസിക്കുകയും, അവയോടുള്ള വെറുപ്പ് മനസിൽ വെച്ചുപുലർത്തുകയും ചെയ്തുകൊണ്ടുതന്നെ അവയുടെ ആളുകളോട് യോജിക്കലാണോ?

5. അവിശ്വാസികളുടെ കുഫ്റിനെ കുറിച്ച് അറിഞ്ഞിട്ടും അവരാണ് സത്യവിശ്വാസികളേക്കാൾ സന്മാർഗ്ഗികൾ എന്ന അവരുടെ വാക്ക്.

6. യഹൂദക്രൈസ്തവരിൽ കാണപ്പെട്ട ഇക്കാര്യം ഈ സമുദായത്തിലും ഉണ്ടാകൽ അനിവാര്യമാണ്; അബൂ സഈദ് അൽ ഖുദ്രി (رَضِيَ اللَّهُ عَنْهُ) വിന്റെ ഹദീഥിൽ സ്ഥിരപ്പെട്ടത് അതാണല്ലോ. ഈ അദ്ധ്യായം വിശദീകരിച്ചതിലെ ഉദ്ദേശവും ഇതാണ്.

7. ഈ സമൂഹത്തിൽ ധാരാളം ആളുകളിൽ വിഗ്രഹാരാധന സംഭവിക്കുമെന്ന തുറന്ന പ്രസ്താവന.

8. മഹാത്ഭുതകരമായ വിഷയം, 'മുഖ്താറിനെ' പോലുള്ളവർ പ്രവാചകത്വം വാദിച്ച് പുറപ്പെട്ടതാണ്. അയാളാകട്ടെ, രണ്ട് ശഹാദത്ത് കലിമകൾ ചൊല്ലിയിട്ടുണ്ട്. താൻ ഈ ഉമ്മത്തിൽപ്പെട്ടവനാണെന്നും, റസൂൽ-ﷺ- സത്യമാണെന്നും, മുഹമ്മദ് നബി -ﷺ- അന്ത്യപ്രവാചകനാണെന്ന വചനമുള്ള വിശുദ്ധ ക്വുർആൻ സത്യമാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതൊക്കെ ആയിട്ടും വ്യക്തമായ വൈരുദ്ധ്യം ഉള്ളതോടൊപ്പം അയാളെ വിശ്വസിക്കാനും ആളുകളുണ്ടായി. ഈ വ്യക്തി സ്വഹാബികളുടെ അവസാന കാലത്താണ് പുറപ്പെട്ടത്. അയാളെ ധാരാളം ആളുകൾ പിൻപറ്റി.

9. പൂർവ്വകാലത്ത് സംഭവിച്ചതുപോലെ സത്യം പൂർണ്ണമായി നീങ്ങിപോകുകയില്ല എന്നുള്ള സന്തോഷവാർത്ത. പ്രത്യുത ഒരു വിഭാഗം സത്യത്തിലായി നിലനിൽക്കും.

10. അവർ ന്യൂനാൽ ന്യൂനപക്ഷമായിരിക്കേ അവരെ കൈവിട്ടവരും എതിർക്കുന്നവരും അവർക്ക് ഒരു ഉപദ്രവവും വരുത്തുകയില്ല എന്നത് മികച്ച ദൃഷ്ടാന്തമാണ്.

11. ഈ ശർത്വ് ക്വിയാമത് നാളു വരേക്കുമാണ്.

12. ഈ അദ്ധ്യായം ഉൾക്കൊണ്ട മുഅ്ജിസത്തുകൾ:

* കിഴക്കും പടിഞ്ഞാറും അല്ലാഹു നബി-ﷺ-ക്ക് ചുരുട്ടി കാണിച്ചുവെന്ന പ്രവചനം. അതിന്റെ ഉദ്ദേശമെന്താണെന്ന് നബി-ﷺ- പ്രവചിച്ചു. പ്രവചിച്ചതുപോലെ സംഭവിച്ചു. വടക്കും തെക്കും സംഭവിച്ചില്ല.

* തനിക്ക് രണ്ട് നിധികൾ നല്കപ്പെട്ടു എന്ന പ്രവചനം.

* രണ്ട് വിഷയങ്ങളിൽ താൻ തന്റെ സമുദായത്തിന് നടത്തിയ 'ദുആ'ക്ക് ഉത്തരം കിട്ടിയെന്ന പ്രവചനം.

* മൂന്നാമത്തെ'ദുആ'ക്ക് ഉത്തരം തടയപ്പെട്ടു എന്ന പ്രവചനം.

* മുസ്‌ലിം സമുദായത്തിൽ വാളുപതിക്കുമെന്നും അത് പതിച്ചാൽ ഉയർത്തപ്പെടില്ല എന്നുമുള്ള പ്രവചനം.

* സമുദായത്തിൽ ചിലർ ചിലരെ നശിപ്പിക്കുമെന്നും ബന്ദികളാക്കുമെന്നുള്ള പ്രവചനം.

* തന്റെ സമുദായത്തിന്റെ കാര്യത്തിൽ വഴിപിഴപ്പിക്കുന്ന നേതാക്കളെ കുറിച്ചുള്ള നബി-ﷺ-യുടെ ഭയം.

* ഈ സമുദായത്തിൽ നുബുവ്വത്തു വാദിക്കുന്ന ആളുകൾ പ്രത്യക്ഷപ്പെടുമെന്ന പ്രവചനം.

* വിജയത്തിന്റെ കക്ഷി നിലനിൽക്കുമെന്ന പ്രവചനം. എല്ലാ പ്രവചനങ്ങളും പ്രവചിച്ചതുപോലെ സംഭവിച്ചു. മനുഷ്യബുദ്ധിയിൽ അവ ഓരോന്നും സംഭവിക്കുകയെന്നത് ഒരിക്കലും നടക്കാത്ത കാര്യങ്ങളാണെന്നാണ് തോന്നുക. എന്നിട്ടും അവ പുലരുക തന്നെ ചെയ്തു.

13. പിഴപ്പിക്കുന്ന നേതാക്കളെ മാത്രം ഉമ്മത്തിന്റെ വിഷയത്തിൽ നബി-ﷺ- ഭയന്നത്.

14. വിഗ്രഹാരാധനയുടെ അർത്ഥമെന്താണെന്ന് ഉണർത്തുന്നു.

# സിഹ്ർ അഥവാ മാരണം

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: “അത് (സിഹ്ർ) ആർ വാങ്ങി (കൈവശപെടുത്തി)യോ അവർക്ക് പരലോകത്ത് യാതൊരു വിഹിതവുമുണ്ടാവില്ലെന്ന് അവർ ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ട്. അവരുടെ ആത്മാവുകളെ വിറ്റ് അവർ വാങ്ങിയ വില വളരെ ചീത്ത തന്നെ. അവർക്ക് വിവരമുണ്ടായിരുന്നുവെങ്കിൽ!” (അൽ ബഖറ: 102)

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: “അവർ 'ജിബ്ത്തി'ലും 'ത്വാഗൂത്തി'ലും വിശ്വസിക്കുന്നു” (നിസാഅ്: 51)

ഉമർ (رَضِي اللَّهُ عَنْهُ) പറഞ്ഞു: 'ജിബ്ത്ത്' സിഹ്റ് ആകുന്നു 'ത്വാഗൂത്ത് ' ശൈത്വാൻ ആകുന്നു. ജാബിർ (رَضِي اللَّهُ عَنْهُ) പറഞ്ഞു: “'ത്വാഗൂത്തുകൾ' ജ്യോത്സ്യന്മാർ ആകുന്നു. അവരിലേക്ക് പിശാചുക്കൾ ഇറങ്ങാറുണ്ടായിരുന്നു. എല്ലാ ഗോത്രങ്ങളിലും ഓരോരുത്തരുണ്ട്.” അബൂഹുറയ്റ (رَضِي اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞിരിക്കുന്നു: “ഏഴ് വൻപാപങ്ങളെ നിങ്ങൾ വെടിയുക.”

അവർ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഏതാണവ?

നബി-ﷺ- പറഞ്ഞു: “അല്ലാഹുവിൽ പങ്കുചേർക്കൽ, സിഹ്ർ ചെയ്യൽ, അല്ലാഹു പവിത്രമാക്കിയ ജീവനെ അന്യായ

മായി ഹനിക്കൽ, പലിശ ഭുജിക്കൽ, അനാഥയുടെ ധനം തിന്നൽ, യുദ്ധത്തിൽ സൈന്യങ്ങൾ അന്യോന്യം കണ്ടുമുട്ടുമ്പോൾ പിന്തിരിഞ്ഞോടൽ, വിശ്വാസിനികളും പതിവ്രതകളും (വ്യഭിചാരത്തെക്കുറിച്ച്) ചിന്തിച്ചിട്ടു പോലുമില്ലാത്ത സ്ത്രീകളെ കുറിച്ച് അപവാദം പറയൽ എന്നിവയാണവ." (ബുഖാരി, മുസ്‌ലിം)

ജുൻദുബ് (رَضِيَ اللهُ عَنْهُ) വിൽനിന്ന് (റസൂൽ -ﷺ- പറഞ്ഞതായി) നിവേദനം: "സിഹ്ർ ചെയ്യുന്നവർക്കുള്ള ശിക്ഷ വാളുകൊണ്ട് വെട്ടി കൊല്ലലാണ്" സുനനുത്തുർമുദി, (ഇമാം തുർമുദി പറഞ്ഞു: ഇത് ജുൻദുബ് (رَضِيَ اللهُ عَنْهُ) വിൻറെ വാക്കാണെന്നതാണ് ശരി)

ബജാല ഇബ്നു അബദ (رَضِيَ اللهُ عَنْهُ) വിൽ നിന്ന് നിവേദനം: "എല്ലാ മാരണക്കാരേയും മാരണക്കാരികളേയും കൊല്ലുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഉമർ (رَضِيَ اللهُ عَنْهُ) കത്തെഴുതുകയുണ്ടായി. അങ്ങിനെ ഞങ്ങൾ മൂന്ന് മാരണക്കാരെ കൊലപ്പെടുത്തി." (ബുഖാരി)

ഹഫ്സ്വാ (رَضِيَ اللهُ عَنْهُ) യിൽനിന്നും സ്വഹീഹായി രിവായത്ത് ചെയ്യപ്പെടുന്നു: "അവർ അവർക്ക് സിഹ്ർ ചെയ്ത അവരുടെ ഒരു ദാസിയെ വധിക്കുവാൻ കല്പിച്ചു. അങ്ങിനെ അവൾ വധിക്കപ്പെടുകയും ചെയ്തു."

ഇപ്രകാരം 'ജുൻദുബ്' (رَضِيَ اللهُ عَنْهُ) വിൽ നിന്നും സ്വഹീഹായി വന്നിരിക്കുന്നു.

ഇമാം അഹ്മദ് പറഞ്ഞു: പ്രവാചകൻ -ﷺ- യുടെ സ്വഹാബികളിൽ മൂന്നുപേരിൽ നിന്നും ഇപ്രകാരം അവർ മാരണക്കാരെ കൊന്നത് സ്വഹീഹായി വന്നിരിക്കുന്നു.

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. സൂറത്തുൽ ബക്വറയിലെ ആയത്തിന്റെ തഫ്സീർ.

2. സൂറത്തു അന്നിസാഇലെ ആയത്തിന്റെ തഫ്സീർ.

3. 'ജിബ്ത്തി'ന്റേയും 'ത്വാഗൂത്തി'ന്റേയും വിശദീകരണം. അവ തമ്മിലുള്ള വ്യത്യാസം.

4. 'ത്വാഗൂത്ത്' ചിലപ്പോൾ ജിന്നുകളിൽ നിന്നോ, മനുഷ്യരിൽ നിന്നോ ആകാം.

5. പ്രത്യേകം വിലക്കപ്പെട്ട ഏഴ് വൻപാപങ്ങൾ.

6. മാരണക്കാരൻ അത് ചെയ്യുന്നതോടെ കാഫിറാകും; തീർച്ച.

7. അവനോട് തൗബ ചെയ്യുവാൻ ആവശ്യപ്പെടാതെ തന്നെ അവൻ വധിക്കപ്പെടും.

8. ഉമർ (رَضِيَ اللَّهُ عَنْهُ) വിന്റെ കാലത്ത് മുസ്ലിംകളിൽ സിഹ്റും സാഹിരീങ്ങളും കാണപ്പെടുകയുണ്ടായി. അപ്പോൾ അദ്ദേഹത്തിന്റെ കാലശേഷം എങ്ങനെയായിരിക്കും?!!

# സിഹ്റിന്റെ ചില ഇനങ്ങൾ

ക്വതൻ ഇബ്നു ക്വബീസ്വ (رَضِي اللّٰهُ عَنْهُ) തന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു: നബി -ﷺ- ഇപ്രകാരം പറയുന്നത് അദ്ദേഹം കേട്ടു: “തീർച്ചയായും, 'ഇയാഫത്തും', 'ത്വർക്വും', ശകുനം നോക്കലും 'ജിബ്ത്തി'ൽപ്പെട്ടതാണ്.”

ഔഫ് പറഞ്ഞു: 'ഇയാഫത്ത്' പക്ഷിയെ പറത്തി (ലക്ഷണം നോക്കലാണ്. 'ത്വർക്വ്' ഭൂമിയിൽ കളംവരച്ച് (പ്രശ്നം വെക്കലാണ്).

'ജിബ്ത്ത്'; ഹസൻ പറഞ്ഞു: “ജിബ്ത്ത്' പിശാചിന്റെ ശബ്ദമാണ്.”

(ഇമാം അഹ്മദ് 'ജയ്യിദ്'ആയ സനദോടെ ഉദ്ധരിച്ചത്. ഇതിലെ ഹദീഥ് അബൂദാവൂദും നസാഇയും ഇബ്നു ഹിബ്ബാനും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.)

ഇബ്നു അബ്ബാസ് -رَضِي اللّٰهُ عَنْه- നിവേദനം: നബി -ﷺ- പറഞ്ഞു “ആരെങ്കിലും ജ്യോതിഷത്തിൽ നിന്ന് ഒരു ശാഖ കൈവശപ്പെടുത്തിയാൽ അവൻ മാരണത്തിൽ നിന്നൊരു ശാഖയാണ് നേടിയിരിക്കുന്നത്. (ജ്യോതിഷം) വർദ്ധിപ്പിക്കുന്നതിന് അനുസരിച്ച് (മാരണവും) വർദ്ധിക്കും.” (അബൂദാവൂദ് ഉദ്ധരിച്ചത്. ഇതിന്റെ പരമ്പര സ്വഹീഹാണ്.)

ഇമാം നസാഈ ഉദ്ധരിക്കുന്നു: അബൂഹുറയ്റ ( رَضِي اللّٰهُ عَنْهُ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പ

റഞ്ഞു: “വല്ലവനും കെട്ടുണ്ടാക്കി അതിൽ ഊതിയാൽ അവൻ സിഹ്റ് ചെയ്തു. ആര് സിഹ്ർ ചെയ്തുവോ, അവൻ ശിർക്ക് ചെയ്തു. ആരെങ്കിലും വല്ലതും കെട്ടിയാൽ അതിലേക്ക് അവൻ ഏല്പ്പിക്കപ്പെടും.”

ഇബ്നു മസ്ഊദ് (رَضِيَ اللَّهُ عَنْهُ) വിൽനിന്നു നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: “(الْعَضْهُ) എന്തെന്ന് ഞാൻ നിങ്ങൾക്ക് ഉണർത്തിതരട്ടെ. അതത്രെ ഏഷണി. അഥവാ ജനങ്ങൾക്കിടയിൽ (തർക്കമുണ്ടാക്കുവാൻ) പറഞ്ഞ് നടക്കുന്ന വർത്തമാനം.” (മുസ്ലിം ഉദ്ധരിച്ചത്)

ഇബ്നു ഉമർ (رَضِيَ اللَّهُ عَنْهُ) വിൽനിന്നു നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: “നിശ്ചയം വാക്ചാതുരിയുള്ള സംസാരത്തിൽ സിഹ്റുണ്ട്. തീർച്ച.” (ബുഖാരി)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. 'ഇയാഫത്ത്', 'ത്വർക്വ്', 'ത്വീറത്ത്' എന്നിവ 'ജിബ്ത്തി'ൽപ്പെട്ടതാണ്.

2. 'ഇയാഫത്', 'ത്വർക്വ്', 'ത്വീറത്' എന്നിവയുടെ വിവരണം.

3. ജ്യോതിഷം 'സിഹ്റി'ന്റെ ഇനങ്ങളിൽപ്പെട്ടതാണ്.

4. കെട്ടുകളിൽ ഊതി മന്ത്രിക്കൽ 'സിഹ്റി'ൽപ്പെട്ടതാണ്.

5 ഏഷണിയും 'സിഹ്റി'ൽപ്പെട്ടതാണ്.

6 സ്ഫുടമായ സംസാരങ്ങളിൽ ചിലത് 'സിഹ്റി'ൽ പെട്ടതാണ്.

# ജ്യോത്സ്യന്മാർ, സിദ്ധന്മാർ

ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു: നബി -ﷺ- യുടെ ഒരു ഭാര്യയിൽനിന്ന് നിവേദനം: നബി -ﷺ- പറഞ്ഞിരിക്കുന്നു: "ആരെങ്കിലും ഭാവി പ്രവചിക്കുന്നവരെ സമീപിക്കുകയും വല്ലതും ചോദിക്കുകയും ചെയ്താൽ അയാളുടെ നാൽപ്പതു ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല."

അബൂഹുറയ്റ(رَضِيَ اللَّهُ عَنْهُ)വിൽനിന്ന് നിവേദനം: നബി -ﷺ- പറഞ്ഞു: "ആരെങ്കിലും, ഒരു ജ്യോത്സ്യനെ സമീപിക്കുകയും അയാൾ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്താൽ നിശ്ചയം, അയാൾ മുഹമ്മദ് നബി -ﷺ- ക്ക് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു." (അബൂദാവൂദ്)

അബൂദാവൂദ്, തിർമുദി നസാഇ, ഇബ്നുമാജഃ, ഹാകിം എന്നിവർ രിവായത് ചെയ്ത ഹദീഥ് കാണുക:

ഹാകിം ഇത് ഇമാം ബുഖാരിയുടെയും മുസ്‌ലിമിന്റെയും നിബന്ധനകളോട് യോജിച്ചുവന്ന പരമ്പരയുള്ള ഹദീഥാണെന്ന് പറഞ്ഞിരിക്കുന്നു: അബൂഹുറയ്റ(رَضِيَ اللَّهُ عَنْهُ)വിൽനിന്ന് നിവേദനം: നബി-ﷺ- പറഞ്ഞു: "ആരെങ്കിലും വല്ല ഭാവി പ്രവചിക്കുന്നവനേയോ അല്ലെങ്കിൽ ജ്യോത്സ്യനേയോ സമീപിക്കുകയും അയാൾ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്താൽ അവൻ മുഹമ്മദ് നബി -ﷺ- ക്ക് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു."

ഇമാം അബൂയഅ്‌ലായുടെ ഹദീഥ് ഗ്രന്ഥത്തിലും ഇത് കാണാം: ഇബ്നു മസ്ഊദ് (رَضِيَ اللَّهُ عَنْهُ) പറഞ്ഞതായി ഇതു

പോലുള്ളത് 'ജയ്യിദാ'യ സനദോടുകൂടി അദ്ദേഹം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇംറാൻ ഇബ്നു ഹുസ്വയ്ൻ (رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് (റസൂൽ -ﷺ- പറഞ്ഞതായി) നിവേദനം: "ശകുനം നോക്കുന്നവനോ ശകുനം നോക്കിപ്പിച്ചവനോ, ജ്യോത്സ്യം നടത്തുന്നവനോ ജ്യോത്സ്യം നടത്തിക്കുന്നവനോ, മാരണം ചെയ്യുന്നവനോ മാരണം ചെയ്യിപ്പിക്കുന്നവനോ നമ്മിൽ പെട്ടവനല്ല. ആരെങ്കിലും ഒരു ജ്യോത്സ്യന്റെ അരികിൽ പോവുകയും, അവൻ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്താൽ മുഹമ്മദ് നബി -ﷺ- യുടെ മേൽ അവതരിപ്പിക്കപ്പെട്ടതിൽ അവൻ അവിശ്വസിച്ചിരിക്കുന്നു." (ബസ്സാർ 'ജയ്യിദ്' ആയ സനദോടു കൂടി നിവേദനം ചെയ്തത്, ത്വബറാനി 'ഹസനാ'യ സനദോടുകൂടിയും നിവേദനം ചെയ്തിരിക്കുന്നു.)

ഇമാം ബഗവി (رحمه الله) പറഞ്ഞു: " 'അൽ അർറാഫ് ' എന്നാൽ പ്രശ്നം വെച്ച്, അതു മുഖേന, കളവുപോയ സാധനങ്ങളും വഴിതെറ്റിപ്പോയ മൃഗത്തേയും മറ്റും അറിയുമെന്ന് ജൽപ്പിക്കുന്നവനാണ്."

'അൽ അർറാഫി'ന്, 'അൽകാഹിൻ' എന്നും പറയപ്പെട്ടിട്ടുണ്ട്. 'അൽകാഹിൻ' എന്നാൽ ഭാവിയും മറഞ്ഞ കാര്യങ്ങളും അറിയുമെന്ന് ജല്പിക്കുന്നവനാണ്.

ഹൃദയങ്ങളിൽ മറഞ്ഞ കാര്യങ്ങൾ പറയുമെന്ന് വാദിക്കുന്നവൻ എന്നും അതിന് അർഥം പറയപ്പെട്ടിട്ടുണ്ട്.

ഇബ്നു തൈമിയ്യ പറഞ്ഞു: "അൽ അർറാഫ് എന്നാൽ കാഹിനും (ജ്യോത്സ്യൻ), മുനജ്ജിമിനും (ജ്യോതിഷി), റമ്മാലും (മണലിൽ വരച്ച് മറഞ്ഞ കാര്യങ്ങൾ പറയുന്നവൻ),

അവരെപ്പോലുള്ളവരുമാണ്. അഥവാ ഈ രീതിയിലെല്ലാം കാര്യങ്ങൾ അറിയുമെന്ന് പറയുന്നവനാണ്."

'അബാജീദ്' (അറബി ഭാഷയിലെ അക്ഷരങ്ങൾ ഒരു പ്രത്യേക ക്രമത്തിൽ) എഴുതുകയും ജ്യോതിഷം നോക്കുകയും ചെയ്യുന്ന ഒരു വിഭാഗത്തെക്കുറിച്ച് ഇബ്നു അബ്ബാസ് (رَضِيَ اللَّهُ عَنْهُ) പറഞ്ഞു: "അപ്രകാരം പ്രവർത്തിക്കുന്നവർക്ക് അല്ലാഹുവിങ്കൽ യാതൊരു (കാരുണ്യത്തിന്റെ) വിഹിതവും ഞാൻ കാണുന്നില്ല."

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. ക്വുർആനിൽ വിശ്വസിക്കുകയും ജ്യോത്സ്യനെ സത്യപ്പെടുത്തലും ഒന്നിച്ചുണ്ടാവുകയില്ല.

2. ജ്യോത്സ്യനെ സത്യപ്പെടുത്തൽ കുഫ്റാണ്.

3. ആർക്കാണോ ജ്യോത്സ്യപ്പണി ചെയ്യപ്പെടുന്നത് അയാളെ കുറിച്ചുള്ള പരാമർശം.

4. ആർക്കാണോ ശകുനം നോക്കുന്നത് അയാളെ കുറിച്ചുള്ള പരാമർശം.

5 ആർക്കുവേണ്ടിയാണോ സിഹ്ർ ചെയ്തുകൊടുക്കുന്നത് അയാളെ കുറിച്ചുള്ള പരാമർശം.

6. 'അബാജാദ്' പഠിക്കുന്നവനെക്കുറിച്ചുള്ള പരാമർശം.

7. 'കാഹിൻ'(ജ്യോത്സ്യൻ) 'അർറാഫ്'(ഭാവി പ്രവാചകൻ) എന്നിവർക്കിടയിലെ വ്യത്യാസം പറയൽ

# നുശ്റഃ (സിഹ്ർ നീക്കാനുള്ള ചികിത്സ)

ജാബിർ (رَضِيَ اللهُ عَنْهُ) വിൽ നിന്നും നിവേദനം: "അല്ലാഹുവിന്റെ റസൂൽ -ﷺ- "നുശ്റഃ"യെക്കുറിച്ച് ചോദിക്കപ്പെട്ടു. അപ്പോൾ അവിടുന്ന് പറഞ്ഞു: "അത് പിശാചിന്റെ പ്രവൃത്തികളിൽപ്പെട്ടതാണ്." (ഇമാം അഹ്മദ്, ജയ്യിദായ സനദോടെ ഇത് ഉദ്ധരിച്ചിരിക്കുന്നു. അബൂ ദാവൂദും ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്)

'നുശ്റഃ' യെക്കുറിച്ച് ഇമാം അഹ്മദ് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: ഇബ്നു മസ്ഊദ് (رَضِيَ اللهُ عَنْهُ) ഇതെല്ലാം വെറുത്തിരുന്നു.

ഇമാം ക്വതാദ (رَضِيَ اللهُ عَنْهُ) വിൽ നിന്നും നിവേദനം: അദ്ദേഹം പറയുന്നു: ഞാൻ ഇബ്നുൽ മുസയ്യിബിനോട് ചോദിച്ചു: ഒരാൾക്ക് സിഹ്ർ ബാധിച്ചിട്ടുണ്ട്, അല്ലെങ്കിൽ അയാൾ തന്റെ ഭാര്യയിൽ നിന്ന് (സംയോഗം ചെയ്യുവാൻ കഴിയാത്തവിധം) തടയപ്പെടുന്നു. എങ്കിൽ പ്രസ്തുത (ബാധ) അയാളിൽ നിന്ന് ഒഴിപ്പിക്കപ്പെടാമോ? അല്ലെങ്കിൽ 'നുശ്റഃ' പ്രയോഗിക്കാമോ? അദ്ദേഹം പറഞ്ഞു:

"അതിൽ കുഴപ്പമില്ല. അവർ അതുകൊണ്ട് ഉദ്ദേശിക്കുന്നത് വരുത്തൽ മാത്രമാണ്; ഉപകാരപ്രദമായത് വിരോധിക്കപ്പെട്ടിട്ടില്ല."

ഹസൻ(رحمه الله)വിൽ നിന്നും രിവായത്ത് ചെയ്യപ്പെട്ടിരിക്കുന്നു. അദ്ദേഹം പറഞ്ഞു: സാഹിർ അല്ലാതെ മാരണത്തെ ഒഴിപ്പിക്കില്ല.

ഇബ്നുൽക്വയ്യിം(رحمه الله) പറഞ്ഞു: "'നുശ്റഃ' എന്നാൽ സിഹ്ർ ഏറ്റവനിൽനിന്ന് സിഹ്ർ ഒഴിപ്പിക്കലാണ്. അത് രണ്ട് രീതിയിലാണ്:

1. സിഹ്റിനെ സിഹ്റുകൊണ്ട് ഒഴിപ്പിക്കൽ. അതത്രെ പൈശാചിക പ്രവൃത്തികളിൽപ്പെട്ടത്. ഇമാം ഹസനി( رحمه الله) ന്റെ വാക്ക് അതിനെക്കുറിച്ചാണ്. സിഹ്റുകൊണ്ട് ബാധ അകറ്റുന്നവനും, ആരുടെ ബാധ അകറ്റുന്നുവോ അവനും പിശാചിലേക്ക് അവനിഷ്ടപ്പെടുന്നതുകൊണ്ട് സാമീപ്യം തേടും. അപ്പോൾ പിശാച് സിഹ്ർ ഏറ്റവനിൽ നിന്ന് തന്റെ പ്രവൃത്തി ഇല്ലാതെയാക്കും.

2. റുക്യ, മുഅവ്വിദാത്തുകൾ, മരുന്നുകൾ, അനുവദിക്കപ്പെട്ട ദുആകൾ' എന്നിവകൊണ്ടുള്ള നുശ്റഃ. അത് അനുവദനീയമാണ്."

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. 'നുശ്റഃ' ക്കുള്ള നിരോധനം.

2. ആശയക്കുഴപ്പം നീങ്ങുംവിധം നിരോധിക്കപ്പെട്ടതിനും ഇളവു നൽകപ്പെട്ടതിനും ഇടയിലെ വ്യത്യാസം വിവരിക്കപ്പെട്ടിരിക്കുന്നു.

# ശകുനം നോക്കൽ

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "അല്ല, അവരുടെ ശകുനപ്പിഴ അല്ലാഹുവിന്റെ പക്കൽ തന്നെയാകുന്നു. പക്ഷെ അവരിൽ അധികപേരും മനസ്സിലാക്കുന്നില്ല!" [നംല്: 47]

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "അവർ (പ്രവാചകന്മാർ) പറഞ്ഞു: നിങ്ങളുടെ ശകുനപ്പിഴ നിങ്ങ ളുടെ കൂടെയുള്ളത് തന്നെയാകുന്നു. നിങ്ങൾക്ക് ഉൽബോധനം നൽകപ്പെട്ടാൽ ഇതാണോ (നിങ്ങളുടെ നിലപാട്?) എന്നാൽ നിങ്ങൾ ഒരു അതിരുകവിഞ്ഞ ജനത തന്നെയാകുന്നു!" (യാസീൻ: 19)

അബൂഹുറയ്റ (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് നിവേദനം: നബി-ﷺ- പറഞ്ഞു: "(അല്ലാഹുവിന്റെ വിധി കൂടാതെ) രോഗപ്പകർച്ചയില്ല. ശകുനവും (ദു:ഖവാർത്ത കൊണ്ടുവരുമെന്ന് വിശ്വസിക്കപ്പെടുന്ന) കൂമനും (ശകുനമുള്ള) സഫർ മാസവും ഇല്ലതന്നെ." (ബുഖാരി, മുസ്ലിം)

ഇമാം മുസ്ലിമിന്റെ രിവായത്തിൽ "ഞാറ്റുവേലയോ പൊട്ടിയോ (പൊട്ടിച്ചൂട്ട്) ഇല്ല" എന്നുകൂടിയുണ്ട്.

അനസ് (رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: നബി-ﷺ- പറഞ്ഞു: "രോഗപ്പകർച്ചയോ, ശകുനം നോക്കലോ ഇല്ല, എന്നാൽ 'ഫഅ്ല്' (ശുഭലക്ഷണം) ഞാൻ ഇഷ്ടപ്പെടുന്നു." അവർ ചോദിച്ചു: എന്താണ് 'ഫഅ്ല്'?

പ്രവാചകൻ -ﷺ- പറഞ്ഞു: "നല്ല വചനം (പറയൽ)"

ഉഖ്ബതു ബ്നു ആമിർ (رَضِيَ اللَّهُ عَنْهُ) വിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- യുടെ അടുത്ത് ശകുനത്തെക്കുറിച്ച് പറയപ്പെട്ടു. അപ്പോൾ അവിടുന്ന് -ﷺ- പറഞ്ഞു: "അതിൽ ഏറ്റവും ഉത്തമമായത് 'ഫഅ്ല്' ആകുന്നു. ശകുനം ഒരു മുസ്‌ലിമിനെ (അവൻ ചെയ്യാൻ ഉദ്ദേശിച്ച കാര്യത്തിൽ നിന്ന്) മടക്കുകയില്ല. നിങ്ങളിൽ ആരെങ്കിലും താൻ വെറുക്കുന്നതു കണ്ടാൽ അവൻ ഇപ്രകാരം പറയട്ടെ.

" അല്ലാഹുവേ നന്മകൾ നീ അല്ലാതെ മറ്റാരും കൊണ്ടുവരില്ല, തിന്മകൾ നീ അല്ലാതെ മറ്റാരും തടുക്കില്ല. യാതൊരു കഴിവും ചലനശേഷിയും നിന്നെകൊണ്ടല്ലാതെ ഇല്ല."

ഇബ്നു മസ്ഊദ് (رَضِيَ اللَّهُ عَنْهُ) നബി പറഞ്ഞതായി ഉദ്ധരിക്കുന്നു: "ശകുനംനോക്കൽ ശിർക്കാകുന്നു, ശകുനം നോക്കൽ ശിർക്കാകുന്നു. നമ്മിൽ ആരും തന്നെ ഇല്ല, (അവന്റെ ക്വൽബിൽ അതിൽനിന്ന് വല്ലതും സംഭവിക്കാതെ.) പക്ഷേ, അല്ലാഹുവിൽ ഭരമേൽപ്പിച്ചാൽ അത് അല്ലാഹു നീക്കികളയും" "നമ്മിൽ ആരും തന്നെ ഇല്ല,... " എന്നതു മുതൽ അവസാനം വരെ ഇബ്നു മസ്ഊദ് (رَضِيَ اللَّهُ عَنْهُ) വിന്റെ വാക്കുകൾ ആണെന്ന നിലക്കാണ് ഇമാം തിർമുദി (رحمه الله) ഉദ്ധരിച്ചിട്ടുള്ളത്.

അബ്ദുല്ലാഹി ബ്നു അംറ് (رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: "ശകുനം ആരെയെങ്കിലും അവന്റെ ആവശ്യത്തിൽ നിന്ന് തടഞ്ഞുവെങ്കിൽ അവൻ ശിർക് (ബഹുദൈവാരാധന) ചെയ്തിരിക്കുന്നു." സ്വഹാബികൾ ചോദിച്ചു: എന്താണ് അതിനുള്ള പ്രായശ്ചിത്തം?! നബി -ﷺ- പറഞ്ഞു: "നീ ഇപ്രകാരം പറയുക: (അർഥം) അല്ലാഹുവേ! നിന്റെ (പക്കൽ നി

ന്നുള്ള) നന്മയല്ലാതെ മറ്റൊരു നന്മയുമില്ല. നിന്റെ (പക്കൽ നിന്നുള്ള) തിന്മയല്ലാതെ മറ്റൊരു തിന്മയുമില്ല. നീയല്ലാതെ മറ്റൊരു ആരാധ്യനുമില്ല."

ഫദ്‌ല് ഇബ്നു അബ്ബാസ് (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് നിവേദനം: 'ശകുനംനോക്കൽ എന്നാൽ താങ്കളെ പോകുവാൻ പ്രേരിപ്പിക്കുന്നതും പോകുന്നത് തടയുന്നതുമാണ്'

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. "അവരുടെ ശകുനപ്പിഴ അല്ലാഹുവിന്റെ പക്കൽ തന്നെയാകുന്നു" എന്ന ആശയത്തിലുള്ള ആയത്തിനൊപ്പം "നിങ്ങളുടെ ശകുനപ്പിഴ നിങ്ങളുടെ കൂടെയുള്ളത് തന്നെയാകുന്നു" എന്ന ആശയത്തിലുള്ള ആയത്ത് മനസിലാക്കുക.

2. "അദ്‌വാ" (രോഗം സ്വയം പകരുക) എന്നതിനെ നിഷേധിച്ചിരിക്കുന്നു.

3. 'പക്ഷിശാസ്ത്ര'ത്തെ നിരാകരിക്കുന്നു.

4. "ഹാമ്മത്തിനെ" (മൂങ്ങയെ ശകുനമായി കാണുന്നത്) നിരാകരിക്കുന്നു.

5. സ്വഫർ മാസത്തിൽ ശകുനം ദർശിക്കുന്നതിനെ നിരാകരിക്കുന്നു.

6. 'നല്ല ലക്ഷണം' ശകുനം നോക്കുന്നതിൽപെട്ടതല്ല. പ്രത്യുത അത് മുസ്തഹബ്ബാണ്.

7. 'ഫഅ്‌ലി' ന്റെ വിവരണം.

8. ഇത്തരം കാര്യങ്ങളോട് വെറുപ്പുള്ളതോടൊപ്പം ഹൃദയത്തിൽ ചില സന്ദർഭങ്ങളിൽ താത്കാലികമായി വന്നുപോകുന്നത് ഉപദ്രവകരമല്ല. 'തവക്കുൽ' കൊണ്ട് അല്ലാഹു (تَعَالَى) അത് നീക്കികളയും.

9. 'ശകുന'മായി വല്ലതും അനുഭവപ്പെട്ടാൽ പറയേണ്ടത്.

10. ശകുനം നോക്കൽ ശിർക്കാണെന്ന തുറന്ന പ്രഖ്യാപനം.

11. ആക്ഷേപാർഹമായ ശകുനം നോക്കലിന്റെ വിശദീകരണം.

# ജ്യോത്സ്യം നിഷിദ്ധം

ഇമാം ക്വതാദ (رحمه الله) പറഞ്ഞു: "അല്ലാഹു ഈ നക്ഷത്രങ്ങളെ സൃഷ്ടിച്ചത് മൂന്ന് കാര്യങ്ങൾക്ക് വേണ്ടിയാണ്. ആകാശത്തിന് അലങ്കാരം, പൈശാചിക്കുകളെ ആട്ടിയോടിക്കുവാൻ, ദിക്കുകൾ മനസ്സിലാക്കുവാനുള്ള അടയാളങ്ങൾ എന്നിവയാണവ. നക്ഷത്രങ്ങൾക്ക് ഇതല്ലാത്ത മറ്റു വല്ല വ്യാഖ്യാനവും ആരെങ്കിലും നൽകിയാൽ അവനു തെറ്റുപറ്റുകയും, തന്റെ പ്രതിഫലവിഹിതം നഷ്ടപ്പെടുത്തുകയും, തനിക്ക് അറിവില്ലാത്ത കാര്യം നടിക്കുകയുമാണ് ചെയ്തത്." (ബുഖാരി) (ക്വതാദയുടെ വാചകം അവസാനിച്ചു.)

ഇമാം ക്വതാദ (رحمه الله) ചന്ദ്രന്റെ ക്ഷയവൃദ്ധികളെക്കുറിച്ച് പഠിക്കുന്നത് വെറുത്തിരുന്നു. ഇമാം ഇബ്നു ഉയയ്ന (رحمه الله) യും അതിൽ ഇളവ് അനുവദിച്ചിട്ടില്ല.

എന്നാൽ ചന്ദ്രന്റെ മണ്ഡലങ്ങളെ കുറിച്ച് പഠിക്കുന്നതിൽ ഇമാം അഹ്മദ് (رحمه الله)യും ഇമാം ഇസ്ഹാക്വ് (رحمه الله)യും ഇളവ് അനുവദിച്ചിട്ടുണ്ട്.

മറ്റൊരു റിപ്പോർട്ട്: അബൂമൂസാ (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "മൂന്നുകൂട്ടർ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. മുഴുക്കുടിയൻ, കുടുംബബന്ധം മുറിക്കുന്നവൻ, സിഹ്റിനെ സത്യപ്പെടുത്തുന്നവൻ." (അഹ്മദ്, ഇബ്നു ഹിബ്ബാൻ)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ**

1. നക്ഷത്രങ്ങൾ സൃഷ്ടിക്കപ്പെട്ടതിന്റെ ഹിക്മത്ത്

2. നക്ഷത്രങ്ങളെക്കുറിച്ച് അതിനപ്പുറം കാര്യങ്ങൾ ജൽപ്പിക്കുന്നവർക്കുള്ള മറുപടി.

3. 'മനാസിൽ' (ചന്ദ്രന്റെ ക്ഷയവൃദ്ധികളെക്കുറിച്ചു) പഠിക്കുന്നതിലുള്ള അഭിപ്രായവ്യത്യാസങ്ങൾ ഉണർത്തുന്നു.

4. 'സിഹ്റി'ൽനിന്ന് വല്ലതും സത്യപ്പെടുത്തുന്നവർക്കുള്ള താക്കീത്; അവ നിരർത്ഥകമാണെന്ന് അറിഞ്ഞിട്ടാണെങ്കിലും.

# ഞാറ്റുവേലകളിൽ വിശ്വസിക്കൽ

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "സത്യത്തെ നിഷേധിക്കുക എന്നത് നിങ്ങൾ നിങ്ങളുടെ വിഹിതമാക്കുകയാണോ?" (അൽ വാഖിഅ: 82)

അബൂമാലിക് അൽ അശ്അരി (رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞിരിക്കുന്നു: "എന്റെ സമുദായത്തിൽ ജാഹിലിയ്യാകാര്യങ്ങളിൽനിന്നും നാല് കാര്യങ്ങളുണ്ട്. അതവർ ഒഴിവാക്കുകയില്ല. കുലമഹിമയിൽ അഹങ്കരിക്കൽ, വംശപരമ്പരയെ (തറവാടിനെ) കുത്തിപ്പറയൽ, നക്ഷത്രങ്ങൾ കാരണത്താലാണ് മഴ വർഷിച്ചത് എന്ന് വാദിക്കൽ, മരണപ്പെട്ടവർക്കു വേണ്ടി വിലപിച്ചട്ടഹസിക്കൽ."

എന്നിട്ട് റസൂൽ -ﷺ- പറഞ്ഞു: "മയ്യിത്തിന്റെ പേരിൽ ആർത്തട്ടഹസിച്ചവൾ മരിക്കുന്നതിന് മുമ്പായി തൗബ ചെയ്തില്ലെങ്കിൽ അന്ത്യനാളിൽ ഉരുക്കിയ ടാറിന്റെ ആവരണവും ശരീരം മുഴുവൻ ചൊറിയുന്ന ഒരു അങ്കിയുമായിട്ടായിരിക്കും അവൾ ഉയിർത്തെഴുന്നേൽക്കുക." (മുസ്‌ലിം)

"ഹുദൈബിയയിൽ വെച്ച് നബി -ﷺ- യോടൊപ്പം ഞങ്ങൾ സുബ്ഹ് നമസ്കാരം നിർവ്വഹിച്ചു. തലേദിവസം രാത്രി മഴ പെയ്തിരുന്നു. നമസ്കാരത്തിൽനിന്ന് വിരമിച്ചപ്പോൾ ജനങ്ങളെ അഭിമുഖീകരിച്ചു കൊണ്ട് (റസൂൽ -ﷺ-) ഇങ്ങനെ ചോദിച്ചു: 'നിങ്ങൾക്കറിയാമോ, നിങ്ങളുടെ രക്ഷിതാവ് എന്താണ് പറഞ്ഞതെന്ന്?' അവർ പറഞ്ഞു: 'അല്ലാഹുവിനും അല്ലാഹുവിന്റെ റസൂലിനുമാണ് ഏറ്റവും നന്നായറിയുക'.

(റസൂൽ-ﷺ-) പറഞ്ഞു: “അല്ലാഹു പറഞ്ഞിരിക്കുന്നു: ഈ പുലരിയിൽ എന്റെ അടിമകളിൽ എന്നിൽ വിശ്വസിക്കുന്നവനും എന്നിൽ അവിശ്വസിക്കുന്നവനും ഉണ്ടായിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താലും, ഔദാര്യത്താലും ഞങ്ങൾക്ക് മഴ ലഭിച്ചിരിക്കുന്നു എന്ന് പറയുന്നവൻ എന്നിൽ വിശ്വസിക്കുകയും നക്ഷത്രങ്ങളിൽ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ നിർണിത ഞാറ്റുവേലകളാൽ (വാവുകൾ കാരണത്താൽ) ഞങ്ങൾക്ക് മഴ ലഭിച്ചിരിക്കുന്നു എന്നു പറഞ്ഞവൻ എന്നിൽ അവിശ്വസിക്കുകയും നക്ഷത്രങ്ങളിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു.” (ബുഖാരി, മുസ്‌ലിം)

ഇബ്നു അബ്ബാസ് (رَضِيَ اللَّهُ عَنْهُ) വിൽനിന്നും ഇമാം മുസ്‌ലിം ഇതേ ആശയത്തിൽ ഹദീഥ് നിവേദനം ചെയ്തിരിക്കുന്നു. അതിൽ ഇപ്രകാരം കൂടിയുണ്ട്: അവരിൽ ചിലർ പറഞ്ഞു: “ഞാറ്റുവേലകൾ (വാവുകൾ) സത്യമായി പുലർന്നിരിക്കുന്നു. അപ്പോൾ അല്ലാഹു ഈ ആയത്തുകൾ അവതരിപ്പിച്ചു: “അല്ല, നക്ഷത്രങ്ങളുടെ അസ്തമയ സ്ഥാനങ്ങളെ കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു. തീർച്ചയായും, നിങ്ങൾക്കറിയാമെങ്കിൽ, അതൊരു വമ്പിച്ച സത്യം തന്നെയാണ്. തീർച്ചയായും ഇത് ആദരണീയമായ ഒരു ഖുർആൻ തന്നെയാകുന്നു. ഭദ്രമായി സൂക്ഷിക്കപ്പെട്ട ഒരു രേഖയിലാകുന്നു അത്. പരിശുദ്ധി നല്കപ്പെട്ടവരല്ലാതെ അത് സ്പർശിക്കുകയില്ല. ലോകരക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്. അപ്പോൾ ഈ വർത്തമാനത്തെയാണോ നിങ്ങൾ നിഷേധിക്കുന്നത്? (സത്യത്തെ) നിഷേധിക്കുക എന്നത് നിങ്ങൾ നിങ്ങളുടെ വിഹിതമാക്കുകയാണോ?″ (സൂറത്തുൽ വാഖിഅ : 75-82)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. സൂറത്ത് 'വാക്വിഅ'യിലെ ആയത്തിന്റെ തഫ്സീർ.

2. ജാഹിലിയ്യത്തിലെ നാലു കാര്യങ്ങളെക്കുറിച്ചുള്ള പരാമർശം.

3. അവയിൽ ചിലത് കുഫ്റാണ് എന്ന പരാമർശം.

4. ചില കുഫ്റുകൾ ഇസ്ലാമിൽ നിന്ന് പുറത്തുകൊണ്ടുപോകുന്നതല്ല. (മറിച്ച് 'ചെറിയ കുഫ്ർ' എന്ന ഗണത്തിലുള്ളതാണ്).

5. "എന്റെ അടിമകളിൽ എന്നിൽ വിശ്വസിച്ചവരായും അവിശ്വസിച്ചവരായും പ്രഭാതത്തിൽ പ്രവേശിച്ചിരിക്കുന്നു." ഇത് ഒരു അനുഗ്രഹം വർഷിച്ചത് കാരണത്താലാകുന്നു.

6. ഇത്തരം സന്ദർഭങ്ങളിൽ 'ഈമാൻ' നന്നായി ഗ്രഹിക്കൽ.

7. ഇത്തരം സന്ദർഭങ്ങളിൽ 'കുഫ്റ്' എന്തെന്ന് അളന്ന് മനസ്സിലാക്കൽ.

8. "നിർണിത ഞാറ്റുവേലകൾ സത്യമായി പുലർന്നിരിക്കുന്നു" എന്ന വചനത്തെ ഗ്രഹിക്കുക.

9. ചോദ്യത്തിലൂടെ വിഷയം വിദ്യാർഥിക്ക് അദ്ധ്യാപകൻ നൽകുന്നു. 'നിങ്ങൾക്കറിയാമോ, നിങ്ങളുടെ രക്ഷിതാവ് എന്താണ് പറഞ്ഞതെന്ന്?' എന്ന് പ്രവാചകൻ -ﷺ- പറഞ്ഞതിൽ നിന്ന് അത് ഗ്രഹിക്കാം.

10. ആർത്തു നിലവിളിക്കുന്നവർക്കുള്ള താക്കീത്.

# അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം

അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അദ്ധ്യായം അല്ലാഹു (تَعَالَى) പറഞ്ഞു: "അല്ലാഹുവിനു പുറമെയുള്ളവരെ അവന് സമന്മാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നതുപോലെ ഈ ആളുകൾ അവരെ സ്നേഹിക്കുന്നു." (അൽ ബഖറ: 165)

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു "(നബിയേ) പറയുക: നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ മക്കളും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവേക്കാളും അവന്റെ ദൂതനേക്കാളും അവന്റെ മാർഗ്ഗത്തിലുള്ള പോരാട്ടത്തെക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ കൽപ്പന കൊണ്ടുവരുന്നതുവരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല" (തൗബ: 24)

അനസ് ഇബ്നു മാലിക് (رَضِيَ اللَّهُ عَنْهُ)വിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞിരിക്കുന്നു: "തന്റെ സന്താനത്തേക്കാളും, മാതാപിതാക്കളേക്കാളും, സർവ്വ മനുഷ്യരേക്കാളും ഞാൻ പ്രിയങ്കരനായി തീരുന്നത് വരെ നിങ്ങളിലൊരാളും വിശ്വാസിയാവുകയില്ല." (ബുഖാരി, മുസ്ലിം)

ബുഖാരി, മുസ്‌ലിമും തന്നെ ഉദ്ധരിക്കുന്നു: അനസ് ഇ ബ്നു മാലിക്ക് (رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: അല്ലാഹു വിന്റെ റസൂൽ -ﷺ- പറഞ്ഞിരിക്കുന്നു: “മൂന്ന് കാര്യങ്ങൾ ഒരാ ളിൽ ഉണ്ടായിരുന്നാൽ അയാൾ ഈമാനിന്റെ മാധുര്യം അ നുഭവിക്കുന്നതാണ്. അല്ലാഹുവും അവന്റെ ദൂതനും മറ്റെല്ലാ റ്റിനേക്കാളും അവന് പ്രിയങ്കരമായിരിക്കുക, അല്ലാഹുവിന് വേണ്ടി മാത്രം ഒരാൾ ഒരാളെ ഇഷ്ടപ്പെടുക, അല്ലാഹു കുഫ്റി ൽനിന്ന് തന്നെ രക്ഷപ്പെടുത്തിയതിനുശേഷം അതിലേക്ക് തിരിച്ചുചെല്ലുന്നതിനെ തീയിലേക്ക് താൻ എടുത്തെറിയപ്പെ ടുന്നതിനെ വെറുക്കുന്നതു പോലെ വെറുക്കുക.”

മറ്റൊരു റിപ്പോർട്ടിൽ “ഈ കാര്യങ്ങൾ ഉണ്ടാകുന്നതുവ രെ ഒരാളും സത്യവിശ്വാസത്തിന്റെ മാധുര്യം അനുഭവിക്കു കയില്ല...” എന്നാണുള്ളത്.

ഇബ്നു അബ്ബാസ് (رَضِيَ اللَّهُ عَنْهُ)വിൽ നിന്നും ഉദ്ധരിക്കു ന്നു: "ഒരാൾ അല്ലാഹുവിനുവേണ്ടി സ്നേഹിച്ചു, അല്ലാഹു വിനുവേണ്ടി വെറുത്തു, അല്ലാഹുവിനുവേണ്ടി മൈത്രി വെ ച്ചുപുലർത്തി, അല്ലാഹുവിനുവേണ്ടി വിരോധം വെച്ചുപുലർ ത്തി. അപ്പോൾ അതിലൂടെയാണ് അല്ലാഹുവിന്റെ വലായത് നേടിയെടുക്കപ്പെടുന്നത്.

ഒരു അടിമയും സത്യവിശ്വാസത്തിന്റെ മാധുര്യം അനുഭ വിക്കുകയില്ല, അയാൾ അപ്രകാരം ആകുന്നതുവരെ; അ യാളുടെ നമസ്കാരവും നോമ്പും എത്ര വർദ്ധിച്ചാലും ശരി. ഭൂരിപക്ഷം ജനങ്ങളുടേയും സഹോദരബന്ധം ഇന്ന് ഭൗതി ക കാര്യങ്ങൾക്കായിരിക്കുന്നു. അതാകട്ടെ അതിന്റെ വ ക്താക്കൾക്ക് യാതൊരു ഉപകാരവും ചെയ്യില്ല" (ഇബ്നു ജ രീർ ഉദ്ധരിച്ചത്)

“അവർ (ഇരു വിഭാഗവും) തമ്മിലുള്ള ബന്ധങ്ങൾ അറ്റു പോകുകയും ചെയ്യുന്ന സന്ദർഭമത്രെ (അത്).” (അൽബ ഖറഃ: 166) എന്നർത്ഥമുള്ള ഈ വചനത്തിന്റെ വിശദീകര ണത്തിൽ ഇബ്നു അബ്ബാസ് (رَضِيَ اللَّهُ عَنْهُ) പറഞ്ഞു: “ബന്ധ ങ്ങൾ എന്നാൽ സ്നേഹം ആകുന്നു.”

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. സൂറത്തുൽ ബക്വറയിലെ ആയത്തിന്റെ തഫ്സീർ.

2. സൂറത്തുൽ ബറാഅയിലെ ആയത്തിന്റെ തഫ്സീർ.

3. സ്വന്തത്തേക്കാളും കുടുംബത്തെക്കാളും സമ്പത്തി നേക്കാളും നബി-ﷺ-യോടുള്ള സ്നേഹത്തിന് പ്രാമുഖ്യം ക ൽപ്പിക്കൽ നിർബന്ധമാണ്.

4. 'ഈമാനില്ല' എന്ന് വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത് അ വൻ ഇസ്ലാമിൽ നിന്ന് പുറത്തു പോയി എന്നായിക്കൊള്ള ണമെന്നില്ല.

5. തീർച്ചയായും ഈമാനിന് മാധുര്യമുണ്ട്. മനുഷ്യന് അ ത് അനുഭവിക്കാൻ സാധിച്ചേക്കാം. അനുഭവിക്കാൻ കഴി ഞ്ഞില്ലെന്നും വരാം.

6. ഹൃദയത്തിന്റെ നാലു അമലുകൾ; അവ കൊണ്ടല്ലാതെ അല്ലാഹുവിന്റെ വലിയ്യാകാൻ സാധ്യമല്ല. ആരും ഈമാനി ന്റെ മാധുര്യം അവ മുഖേനയല്ലാതെ കണ്ടെത്തുകയുമില്ല.

7. നിലവിലുള്ള സാഹചര്യത്തെക്കുറിച്ച് സ്വഹാബിക്കു ള്ള ബോധ്യം. കാരണം അദ്ദേഹം "ഭൂരിപക്ഷം ജനങ്ങളു ടേയും സഹോദരബന്ധം ഇന്ന് ഭൗതിക കാര്യങ്ങൾക്കായി രിക്കുന്നു" എന്നു പറഞ്ഞല്ലോ.

8. “അവർ (ഇരു വിഭാഗവും) തമ്മിലുള്ള ബന്ധങ്ങൾ അറ്റുപോകുകയും ചെയ്യുന്ന സന്ദർഭമത്രെ (അത്)” എന്നർത്ഥമുള്ള ആയത്തിന്റെ തഫ്സീർ.

9. മുശ്രിക്കുകളിൽ അല്ലാഹു (تَعَالَى) യെ കഠിനമായി സ്നേഹിക്കുന്നവരുണ്ട് എന്ന കാര്യം.

10. അല്ലാഹു (تَعَالَى) യുടെ ദീനിനെക്കാൾ (സൂറത്തു തൗബയിലെ 24 ◌ാ◌ം ആയത്തിൽ അല്ലാഹു (تَعَالَى) പറഞ്ഞ) എട്ട് കാര്യങ്ങളെ സ്നേഹിക്കുന്നവർക്കുള്ള താക്കീത്.

11. ആരെങ്കിലും അല്ലാഹു (تَعَالَى) ക്കൊപ്പം തുല്യനെ സ്വീകരിക്കുകയും അല്ലാഹു (تَعَالَى)യെ സ്നേഹിക്കുന്നതുപോലെ ആ തുല്യനെ സ്നേഹിക്കുകയും ചെയ്താൽ അതത്രെ വലിയ ശിർക്ക്.

# അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം

"അത് (നിങ്ങളെ പേടിപ്പിക്കുവാൻ ശ്രമിച്ചത്) പിശാച് മാത്രമാകുന്നു. അവൻ തന്റെ മിത്രങ്ങളെപ്പറ്റി (നിങ്ങളെ) പേടിപ്പെടുത്തുകയാണ്. അതിനാൽ നിങ്ങൾ അവരെ ഭയപ്പെടാതെ എന്നെ ഭയപ്പെടുക; നിങ്ങൾ (എന്നിൽ) വിശ്വസിച്ചവരാണെങ്കിൽ." (ആലു ഇംറാൻ: 175)

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "അല്ലാഹുവിന്റെ മസ്ജിദുകൾ പരിപാലിക്കേണ്ടത് അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുകയും. നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും, സക്കാത്ത് നൽകുകയും, അല്ലാഹുവെയല്ലാതെ ഭയപ്പെടാതിരിക്കുകയും ചെയ്തവർ മാത്രമാണ്. എന്നാൽ അത്തരക്കാർ സന്മാർഗ്ഗം പ്രാപിക്കുന്നവരുടെ കൂട്ടത്തിലായേക്കാം." (തൗബ:18)

(അല്ലാഹു) പറഞ്ഞു: "ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്. എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവർ പീഡിപ്പിക്കപ്പെട്ടാൽ ജനങ്ങളുടെ മർദ്ദനത്തെ അല്ലാഹുവിന്റെ ശിക്ഷയെപ്പോലെ അവർ ഗണിക്കുന്നു." (അൻകബൂത്ത്: 10)

അബൂ സഈദ് അൽഖുദ്രി (رَضِيَ اللَّهُ عَنْهُ) വിൽനിന്നും (റസൂൽ -ﷺ- പറഞ്ഞതായി) നിവേദനം: 'നിശ്ചയം, വിശ്വാസ ദാർഢ്യത്തെ ദുർബലപ്പെടുത്തുന്ന കാര്യങ്ങളിൽപ്പെട്ടതാ

ണ്: അല്ലാഹുവിന്റെ കോപം സമ്പാദിച്ച് ജനങ്ങളെ തൃപ്തിപ്പെടുത്തലും, അല്ലാഹു നൽകിയ ഉപജീവനത്തിന് മറ്റുള്ളവരെ സ്തുതിക്കലും, അല്ലാഹു നിനക്ക് നൽകാത്തതിൽ നീ അവരെ ആക്ഷേപിക്കലും. നിശ്ചയം, അല്ലാഹുവിന്റെ ഉപജീവനത്തെ ഒരു അത്യാർത്തികാരന്റെ ആർത്തി കൊണ്ടുവരികയില്ല. നീരസമുള്ളവന്റെ നീരസം അതിനെ തടുക്കുകയുമില്ല.”

ആഇശ (رَضِيَ اللَّهُ عَنْهَا) യിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: “ജനങ്ങളുടെ അതൃപ്തി വകവെക്കാതെ ഒരാൾ അല്ലാഹുവിന്റെ തൃപ്തി തേടിയാൽ അല്ലാഹു അയാളെ തൃപ്തിപ്പെടുകയും ജനങ്ങളുടെ തൃപ്തി അയാൾക്ക് അവൻ നേടിക്കൊടുക്കുകയും ചെയ്യും. അല്ലാഹുവിന്റെ കോപം വകവക്കാതെ ഒരാൾ ജനങ്ങളുടെ തൃപ്തി തേടിയാൽ അല്ലാഹു അയാളോട് കോപിക്കുകയും ജനങ്ങളുടെ കോപം അയാൾക്ക് അവൻ നേടിക്കൊടുക്കുകയും ചെയ്യും.” (ഇബ്നു ഹിബ്ബാൻ)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. സൂറത്ത് ആലുഇംറാനിലെ ആയത്തിന്റെ തഫ്സീർ.

2. സൂറത്തു 'ബറാഅ'യിലെ ആയത്തിന്റെ വിവരണം

3. സൂറതുൽ അൻകബൂത്തിലെ ആയത്തിന്റെ തഫ്സീർ

4. 'യക്വീൻ' (വിശ്വാസ ദൃഢത) ശക്തിപ്പെടുകയും ദുർബലപ്പെടുകയും ചെയ്യും.

5. അത് (യക്വീൻ) ദുർബലപ്പെടുമെന്നതിന്റെ അടയാളങ്ങളിൽപെട്ടതാണ് അബൂസഈദ് (رَضِيَ اللَّهُ عَنْهُ) വിന്റെ ഹദീ

ഥിൽ പറഞ്ഞ മൂന്ന് കാര്യങ്ങൾ 6 അല്ലാഹു (تَعَالَى) യെ മാത്രം ഭയക്കുകയെന്നത് നിർബന്ധകാര്യ ങ്ങളിൽപ്പെട്ടതാണ്.

7. അപ്രകാരം പ്രവർത്തിക്കുന്നവർക്കുള്ള പ്രതിഫലം.

8 അത് ഉപേക്ഷിക്കുന്നവർക്കുള്ള ശിക്ഷ.

# അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം

"നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിൽ നിങ്ങൾ ഭരമേൽപ്പിക്കുക." (മാഇദ:23)

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും അവന്റെ ആയത്തുകൾ വായിച്ച് കേൾപ്പിക്കപ്പെട്ടാൽ വിശ്വാസം വർദ്ധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെമേൽ ഭരമേൽപ്പിക്കുകയും ചെയ്യുന്നവർ മാത്രമാണ് മുഅ്മിനുകൾ." (അൻഫാൽ: 2)

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "നബിയേ, നിനക്കും നിന്നെ പിൻപറ്റിയ സത്യവിശ്വാസികൾക്കും അല്ലാഹു തന്നെ മതി." (അൻഫാൽ: 64)

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "വല്ലവനും അല്ലാഹുവിന്റെമേൽ ഭരമേൽപ്പിക്കുന്ന പക്ഷം അവന് അല്ലാഹുതന്നെ മതിയാകുന്നതാണ്." (സൂറത്തു ത്വലാഖ്: 3)

ഇബ്നു അബ്ബാസ് (رَضِيَ اللهُ عَنْهُمَا) വിൽ നിന്നും ഉദ്ധരിക്കുന്നു: "ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപ്പിക്കുവാൻ ഏറ്റവും നല്ലത് അവനാകുന്നു" "ഞങ്ങൾക്ക് അല്ലാഹു മതി അവൻ ഭരമേൽപ്പിക്കുവാൻ ഏറ്റവും ഉത്തമനാണ്, എന്നവാക്യം ഇബ്രാഹീം നബി (عليه السلام) പറഞ്ഞത് അഗ്നികുണ്ഡത്തിലെറിയപ്പെട്ടപ്പോഴാണ്."

എന്നാൽ നബി -ﷺ- അത് പറഞ്ഞത് “നിങ്ങളെ നേരിടുവാൻ (സൈന്യത്തെ) ഒരുമിച്ചു കൂട്ടിയിരിക്കുന്നു; അവരെ ഭയപ്പെടണമെന്ന് ആളുകൾ അവരോട് പറഞ്ഞപ്പോൾ അതവരുടെ വിശ്വാസം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപ്പിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ.” ഈ ആയത്തിൽ പറഞ്ഞ സാഹചര്യത്തിലാണ് (ആലു ഇംറാൻ 173) (ഇത് ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചിരിക്കുന്നു.)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. തവക്കുൽ നിർബന്ധ കാര്യങ്ങളിൽപ്പെട്ടതാണ്.

2. അത് ഈമാനിന്റെ ശർത്ത്വുകളിൽപ്പെട്ടതാണ്.

3. സൂറത്ത് അൻഫാലിലെ 2 ാം ആയത്തിന്റെ തഫ്സീർ.

4. അൻഫാലിലെ 64 ാം ആയത്തിന്റെ തഫ്സീർ.

5. സൂറത്ത് ത്വലാക്വിലെ 3 ാം ആയത്തിന്റെ തഫ്സീർ.

6. “ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപ്പിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ” എന്ന കലിമത്തിന്റെ മഹത്വം. അത് വിഷമഘട്ടങ്ങളിൽ ഇബ്രാഹീം (عليه السلام) യും മുഹമ്മദ് -ﷺ- യും പ്രാർത്ഥിച്ച വചനമാണ്.

# അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം

"അപ്പോൾ അല്ലാഹുവിന്റെ തന്ത്രത്തെപ്പറ്റി അവർ നിർഭയരായിരിക്കുകയാണോ? എന്നാൽ നഷ്ടം പറ്റിയ ഒരു ജനവിഭാഗമല്ലാതെ അല്ലാഹുവിന്റെ തന്ത്രത്തെപ്പറ്റി നിർഭയരായിരിക്കുകയില്ല." (അഅ്റാഫ്: 99)

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "(ഇബ്രാഹീം പറഞ്ഞു): തന്റെ രക്ഷിതാവിന്റെ കാരുണ്യത്തെപ്പറ്റി ആരാണ് നിരാശപ്പെടുക? വഴിപിഴച്ചവരല്ലാതെ." (ഹിജ്ർ: 56)

ഇബ്നു അബ്ബാസ് (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് നിവേദനം: "വൻപാപങ്ങളെക്കുറിച്ച് നബി -ﷺ- യോട് ചോദിക്കപ്പെട്ടു. അപ്പോൾ അവിടുന്ന് പറഞ്ഞു: "അല്ലാഹുവിൽ പങ്കുചേർക്കൽ, അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശപ്പെടുക, അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെടാതിരിക്കുക."

ഇബ്ന് മസ്ഊദ് (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: "വൻപാപങ്ങളിൽ ഏറ്റവും വലുത് (ഇവയാകുന്നു): അല്ലാഹുവിൽ പങ്കുചേർക്കൽ, അല്ലാഹുവിന്റെ തന്ത്രത്തെക്കുറിച്ച് നിർഭയത്വം പുലർത്തൽ, അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്ന് നിരാശയടയൽ, അല്ലാഹുവിന്റെ സഹായത്തെക്കുറിച്ച് ആശയറ്റു പോകൽ." (അബ്ദുറസാഖ് ഉദ്ധരിച്ചത്)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. അഅ്റാഫിലെ 99 ാം ആയത്തിന്റെ തഫ്സീർ.

2. സൂറത്ത് ഹിജ്റിലെ 56 ാം ആയത്തിന്റെ തഫ്സീർ.

3. അല്ലാഹു (تَعَالَى) യുടെ തന്ത്രത്തിൽനിന്ന് (ശിക്ഷയിൽ നിന്ന്) നിർഭയനാകുന്നവർക്കുള്ള കഠിനമായ താക്കീത്.

4. അല്ലാഹു (تَعَالَى) യുടെ കാരുണ്യത്തിൽ നിരാശയിലാകുന്നതിനെക്കുറിച്ചുള്ള ശക്തമായ താക്കീത്.

# അല്ലാഹുവിന്റെ വിധിയാൽ സംഭവിക്കുന്ന കാര്യങ്ങളിൽ ക്ഷമിക്കുകയെന്നത് ഈമാനിന്റെ ഭാഗം

അല്ലാഹു (تَعَالَى) പറഞ്ഞു: "വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുന്നപക്ഷം അവന്റെ ഹൃദയത്തെ അവൻ നേർവഴിയിലാക്കുന്നതാണ്." (തഗാബുൻ: 11)

ഇമാം അൽക്വമ (رَحمه الله) പറഞ്ഞു: "ആയത്തിൽ പറഞ്ഞത് ഒരുവനെക്കുറിച്ചാണ്; ഒരു മുസ്വീബത്ത് ബാധിച്ചാൽ അത് അല്ലാഹു (تَعَالَى) യിൽ നിന്നാണെന്ന് അവൻ മനസിലാക്കുന്നു. അതിൽ അവൻ തൃപ്തിപ്പെടുകയും കീഴൊതുങ്ങുകയും ചെയ്യും."

സ്വഹീഹു മുസ്‌ലിമിൽ കാണാം: അബൂ ഹുറയ്റ( رَضِيَ اللَّهُ عَنْهُ) വിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞിരിക്കുന്നു: "രണ്ട് കാര്യങ്ങൾ ജനങ്ങളിലുണ്ട്. അവ രണ്ടും കുഫ്റാകുന്നു. തറവാടിനെ കുത്തിപ്പറയുക, മരിച്ചവരുടെ പേരിൽ ആർത്തട്ടഹസിക്കുക" (മുസ്‌ലിം)

ഇബ്നു മസ്ഊദ് (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് റസൂൽ -ﷺ- പറഞ്ഞതായി നിവേദനം: "കവിളത്തടിക്കുന്നവനും കുപ്പായം വലിച്ചുകീറുന്നവനും ജാഹിലിയ്യത്തിലെ ആർത്തവിലാപം നടത്തുന്നവനും നമ്മിൽ പെട്ടവനല്ല."

അനസ് (رَضِيَ اللَّهُ عَنْهُ)വിൽനിന്ന് നിവേദനം: അല്ലാഹുവി ന്റെ റസൂൽ -ﷺ- പറഞ്ഞിരിക്കുന്നു: 'അല്ലാഹു തന്റെ ദാസന് നന്മ ഉദ്ദേശിച്ചാൽ അയാൾക്കുള്ള ശിക്ഷ ഇഹലോകത്തു വെച്ചുതന്നെ പെട്ടെന്നു നൽകും. അവൻ തന്റെ ദാസന് തി ന്മ ഉദ്ദേശിച്ചാൽ, അയാളുടെ പാപത്തിന്റെ ശിക്ഷയെ (ദുനി യാവിൽ വെച്ച്) തടയുകയും അന്ത്യനാളിൽ പൂർണ്ണമായി ന ൽകുകയും ചെയ്യും.”

നബി -ﷺ- പറഞ്ഞു: “പ്രതിഫലത്തിന്റെ വലിപ്പം പരീക്ഷ ണത്തിന്റെ കാഠിന്യം അനുസരിച്ചായിരിക്കും. അല്ലാഹു ഒരു കൂട്ടരെ ഇഷ്ടപ്പെട്ടാൽ അവരെ പരീക്ഷിക്കുന്നതായിരിക്കും. ആരെങ്കിലും അതിൽ തൃപ്തി കാണിച്ചാൽ അവർക്ക് (അ ല്ലാഹുവിന്റെ) തൃപ്തിയുണ്ട്. ആരെങ്കിലും അതിൽ ഈർഷ്യ ത കാണിച്ചാൽ അവർക്ക് അല്ലാഹുവിന്റെ കോപവുമുണ്ട്.” (ഇമാം തുർമുദി ഈ ഹദീസ് ഹസനാക്കിയിരിക്കുന്നു.)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. സൂറതു തഗാബുനിലെ ആയത്തിന്റെ തഫ്സീർ.

2. വിധിയിൽ ക്ഷമിക്കുകയെന്നത് അല്ലാഹുവിലുള്ള വി ശ്വാസത്തിൽ പെട്ടതാണ്.

3. തറവാടിനെ അധിക്ഷേപിക്കൽ (കുഫ്റാണ്).

4 കവിളത്തടിക്കുകയും, കുപ്പായമാറുകൾ വലിച്ചു കീറു കയും ജാഹിലിയ്യത്തിലെ ആർത്തവിലാപം നടത്തുകയും ചെയ്യുന്നവർക്കുള്ള ശക്തമായ താക്കീത്.

5. അല്ലാഹു (تَعَالَى) തന്റെ ദാസന് നന്മ ഉദ്ദേശിക്കുന്നു എ ന്നതിന്റെ അടയാളം.

6. അല്ലാഹു (تَعَالَى) തന്റെ ദാസന് തിന്മ ഉദ്ദേശിക്കുന്നു എന്നതിന്റെ അടയാളം.

7. അല്ലാഹു(تَعَالَى), ദാസനെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവ്.

8. അല്ലാഹു (تَعَالَى) യുടെ പരീക്ഷണത്തിൽ കോപിക്കുന്നത് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.

9. അല്ലാഹു (تَعَالَى) യുടെ പരീക്ഷണത്തിൽ തൃപ്തിപ്പെടുന്നതിലുള്ള പ്രതിഫലം.

## ലോകമാന്യം

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "നബിയേ, പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ആരാധനകൾക്കർഹൻ ഏകഇലാഹ് മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്രവർത്തിക്കുകയും, തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനേയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ." (അൽകഹ്ഫ്: 110)

അബൂഹുറയ്റ (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും റസൂൽ -ﷺ- പറഞ്ഞതായി നിവേദനം: "അല്ലാഹു (تَعَالَى) പറഞ്ഞിരിക്കുന്നു: 'ശിർക്ക് ചെയ്യുന്നവരുടെ ശിർക്കിനെതൊട്ട് ഞാൻ ധന്യനാണ്. ആരെങ്കിലും ഒരു കാര്യം പ്രവർത്തിക്കുകയും എന്നിട്ടതിൽ ഞാനല്ലാത്തവരെ പങ്കാളികളാക്കുകയും ചെയ്യുന്നുവെങ്കിൽ അവനേയും അവന്റെ ശിർക്കിനേയും ഞാൻ വിട്ടുകളഞ്ഞിരിക്കുന്നു." (മുസ്‌ലിം)

അബൂ സഈദ് അൽ ഖുദ്രി (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും റസൂൽ -ﷺ- പറഞ്ഞതായി നിവേദനം: "റസൂൽ -ﷺ- പറഞ്ഞിരിക്കുന്നു: മസീഹുദജ്ജാലിനേക്കാൾ നിങ്ങളുടെമേൽ ഞാൻ ഏറ്റവും കൂടുതൽ ഭയപ്പെടുന്ന ഒന്നിനെക്കുറിച്ച് നിങ്ങൾക്കറിയിച്ചുതരട്ടയോ?"

അവർ പറഞ്ഞു: അതെ അറിയിച്ചുതന്നാലും. നബി -ﷺ- പറഞ്ഞു: “ഗോപ്യമായ ശിർക്കാണത്. ഒരാൾ നമസ്കരിക്കുവാൻ നിൽക്കുകയും ജനങ്ങൾ തന്റെ നമസ്കാരം കാണുന്നു എന്നതുകൊണ്ട് അയാൾ തന്റെ നമസ്കാരത്തെ ഭംഗി കൂട്ടുകയും ചെയ്യുന്നു.” (അഹ്മദ്)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. സൂറത്ത് അൽകഹ്ഫിലെ ആയത്തിന്റെ തഫ്സീർ.

2 സൽപ്രവൃത്തി ചെയ്യുമ്പോൾ അല്ലാഹു അല്ലാത്തവർക്കുള്ളത് വല്ലതും അതിൽ കടന്നുകൂടിയാൽ പ്രസ്തുത പ്രവൃത്തി തള്ളപ്പെടുമെന്നകാര്യം വലിയ ഗൗരവമാണ്.

3. പ്രസ്തുത പ്രവൃത്തി തള്ളുന്നതിനെ അനിവാര്യമാക്കുന്ന കാരണം അല്ലാഹു (تَعَالَى) സമ്പൂർണ്ണ ധനികനാണ് എന്നതാണ്. (അഥവാ അവൻ സമ്പൂർണ്ണ ധനികനായിരിക്കെ വേറെയൊരാളുടെ ആവശ്യം ഇല്ലതന്നെ.)

4. പ്രസ്തുത പ്രവൃത്തി തള്ളുന്നതിനെ അനിവാര്യമാക്കുന്ന കാരണങ്ങളിൽപ്പെട്ടതാണ് അല്ലാഹു (تَعَالَى) ഏറ്റവും നല്ല പങ്കുകാരനാണ് എന്നത്. (അവൻ ഏറ്റവും നല്ലപങ്കുകാരനായിരിക്കെ മറ്റൊരു പങ്കുകാരൻ പാടില്ലതന്നെ).

5. നബി -ﷺ-, തന്റെ സ്വഹാബത്തിന് ലോകമാന്യത ഭയന്നത്.

6. ലോകമാന്യത പ്രവാചകൻ -ﷺ-, വിശദീകരിച്ചു: ഒരാൾ നമസ്കരിക്കുവാൻ നിൽക്കുകയും ജനങ്ങൾ തന്റെ നമസ്കാരം കാണുന്നു എന്നതുകൊണ്ട് അയാൾ തന്റെ നമസ്കാരത്തെ ഭംഗി കൂട്ടുകയും ചെയ്യുന്നു.

# പ്രവർത്തനങ്ങൾക്ക് പ്രതിഫലമായി ദുൻയാവ് ഉദ്ദേശിക്കുന്നത് ശിർക്കിൽ പെട്ടതാണ്

അല്ലാഹു (تَعَالَى) പറഞ്ഞു: "ഐഹിക ജീവിതത്തേയും അതിന്റെ അലങ്കാരത്തേയുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ അവിടെ (ഇഹലോകത്ത്) വെച്ച് അവർക്ക് നാം നിറവേറ്റികൊടുക്കുന്നതാണ്. അവർക്കവിടെ യാതൊരു കുറവും വരുത്തപ്പെടുകയില്ല. പരലോകത്ത് നരകമല്ലാതെ മറ്റൊന്നും കിട്ടാനില്ലാത്തവരാകുന്നു അക്കൂട്ടർ. അവർ ഇവിടെ പ്രവർത്തിച്ചതെല്ലാം പൊളിഞ്ഞു പോയിരിക്കുന്നു. അവർ ചെയ്തു കൊണ്ടിരിക്കുന്നതെല്ലാം ഫലശൂന്യമത്രെ" (ഹൂദ്: 15,16)

സ്വഹീഹുൽ ബുഖാരിയിൽ വന്നിരിക്കുന്നു: അബൂഹുറയ്റ (رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "ദീനാറിന്റെ അടിമ നശിക്കട്ടെ. ദിർഹമിന്റെ അടിമ നശിക്കട്ടെ. പട്ടുവസ്ത്രത്തിന്റെ അടിമ നശിക്കട്ടെ. മുന്തിയ ഉടയാടകളുടെ അടിമ നശിക്കട്ടെ.

അവന് നൽകപ്പെട്ടാൽ അവൻ തൃപ്തിയടയും. കിട്ടിയില്ലെങ്കിൽ കോപിക്കും. അവൻ തുലഞ്ഞിരിക്കുന്നു! അവൻ തലകുത്തിവീണിരിക്കുന്നു! മുള്ളുകുത്തിയാൽ അവന് അത് പുറത്തെടുക്കാനാവുകയില്ല.

ഒരടിമക്ക് മംഗളം, അയാൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കുതിരയുടെ കടിഞ്ഞാൺ പിടിച്ചിരിക്കുന്നു, മുടി ജടകുത്തിയിരിക്കുന്നു. ഇരുകാലുകളും പൊടി പുരണ്ടിരിക്കുന്നു.

കാവലിലാണെങ്കിൽ അയാൾ (തൃപ്തിയോടെ) കാവലിൽ തന്നെ. സൈന്യത്തിന്റെ പിന്നണിയിലാണെങ്കിൽ അയാൾ (തൃപ്തിയോടെ) പിന്നണിയിൽ തന്നെ.

അയാൾ (മേലാളന്മാരോട്) അനുവാദം ചോദിച്ചാൽ (അവൻ അവർക്ക് കിടയൊത്തവനല്ല എന്നതിനാൽ) അനുവാദം നൽകപ്പെടുകയില്ല. അയാൾ (മേലാളന്മാരോട്) ശുപാർശ ചെയ്താൽ അത് (അവൻ അവർക്ക് കിടയൊത്തവനല്ല എന്നതിനാൽ) സ്വീകരിക്കപ്പെടുകയുമില്ല."

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. പരലോകത്തിന്റെ പ്രവൃത്തി കൊണ്ട് ഒരു മനുഷ്യൻ ഇഹലോകം ഉദ്ദേശിക്കൽ.

2. സൂറത്ത് ഹൂദിലെ ആയത്തിന്റെ തഫ്സീർ.

3. മുസ്ലിമായ ഒരു മനുഷ്യനെ ദീനാറിന്റെ അടിമയെന്നും ദിർഹമിന്റെ അടിമയെന്നും ഖമീസയുടെ (ഒരുതരം വസ്ത്രം) അടിമയെന്നും ഹദീഥിൽ പേരു പറയപ്പെട്ടിരിക്കുന്നു.

4. ഈ വിഭവങ്ങളൊക്കെ തനിക്ക് നൽകപ്പെട്ടാൽ തൃപ്തിപ്പെടുകയും നൽകപ്പെട്ടിട്ടില്ലെങ്കിൽ കോപിക്കുകയും ചെയ്യുമെന്നുള്ളതാണ് പ്രസ്തുത നാമകരണത്തിന്റെ വിശദീകരണം.

5. “അവൻ തുലഞ്ഞിരിക്കുന്നു! അവൻ തലകുത്തിവീണിരിക്കുന്നു” എന്ന പ്രവാചകൻ -ﷺ- യുടെ വാക്ക്.

6. “മുള്ളുകുത്തിയാൽ അവന് അത് പുറത്തെടുക്കാനാവുകയില്ല” എന്ന പ്രവാചകൻ -ﷺ- യുടെ വാക്ക്. (അഥവാ ചെറിയ വല്ല ഉപദ്രവവും ഏറ്റാൽ പോലും അതിൽ നിന്ന് രക്ഷപ്പെടാനുള്ള വഴി അവൻ കാണുകയില്ല).

7. അബൂഹുറയ്റ (رَضِيَ اللَّهُ عَنْهُ) വിന്റെ ഹദീഥിൽ പറയപ്പെട്ട വിശേഷണങ്ങളൊത്ത, അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്ന മുജാഹിദിനുള്ള പ്രശംസ.

# അല്ലാഹുവിന്റെ വിധിക്ക് വിരുദ്ധമായി പണ്ഡിതന്മാരെയും നേതാക്കന്മാരെയും അനുസരിച്ചാൽ അല്ലാഹുവിനു പുറമെയുള്ള റബ്ബുകളായി സ്വീകരിച്ചിരിക്കുന്നു

ഇബ്നു അബ്ബാസ് (رَضِيَ اللَّهُ عَنْهُ) പറഞ്ഞു: "നിങ്ങളുടെ മേൽ ആകാശത്തുനിന്നും (ശിക്ഷയായി) കല്ലുകൾ വർഷിക്കുമാറായിരിക്കുന്നു. ഞാൻ പറയുന്നു അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞുവെന്ന്, നിങ്ങൾ അബൂബക്കറും ഉമറും പറഞ്ഞിരിക്കുന്നുവെന്ന് (എതിരിൽ) പറയുകയോ?!"

ഇമാം അഹ്മദ് ഇബ്നു ഹമ്പൽ (رحمه الله) പറഞ്ഞു: "ഒരു സമൂഹത്തിന്റെ കാര്യത്തിൽ ഞാൻ അത്ഭുതപ്പെടുന്നു; ഹദീഥിന്റെ സനദ് അറിയുകയും, അത് സ്വഹീഹാണെന്ന് അറിയുകയും ചെയ്തിട്ടും അവർ സുഫ്യാനിന്റെ അഭിപ്രായം എന്ത് എന്ന് തേടിപോകുന്നു. എന്നാൽ അല്ലാഹു (تَعَالَى) പറഞ്ഞിരിക്കുന്നു: “ആകയാൽ അദ്ദേഹത്തിന്റെ (നബിയുടെ) കൽപനക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചുകൊള്ളട്ടെ” (സൂറത്തു നൂർ: 63)

ആയത്തിൽ പരാമർശിച്ച ഫിത്ന ഏതെന്ന് നിനക്കറിയുമോ? ഫിത്ന: ശിർക്കാകുന്നു. അഥവാ നബി-ﷺ-യുടെ വചനങ്ങളിൽ ചിലതിനെ നിരാകരിച്ചാൽ അവന്റെ ഹൃദയത്തിൽ

വക്രതയുണ്ടാകുവാനും അങ്ങനെ നശിക്കുവാനും അതിടയാക്കുന്നതാണ്."

അദിയ്യ് ഇബ്നു ഹാതിം (رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: അദ്ദേഹം ക്വുർആനിലെ ഈ ആയത്ത് നബി -ﷺ- ഓതുന്നത് കേട്ടു. "അവരുടെ പണ്ഡിതന്മാരേയും പുരോഹിതന്മാരേയും മർയമിന്റെ മകനായ മസീഹിനേയും അല്ലാഹുവിനു പുറമെ അവർ രക്ഷിതാക്കളായി സ്വീകരിച്ചു. എന്നാൽ ഏകനായ ആരാധ്യനെ ആരാധിക്കുവാൻ മാത്രമായിരുന്നു അവർ കൽപിക്കപ്പെട്ടിരുന്നത്. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരും തന്നെയില്ല. അവർ പങ്കുചേർക്കുന്നതിൽ നിന്ന് അവൻ എത്രയോ പരിശുദ്ധൻ!" (തൗബ: 31) ഞാൻ പറഞ്ഞു: ഞങ്ങൾ അവരെ ആരാധിക്കുന്നില്ലല്ലോ.

നബി -ﷺ- പറഞ്ഞു: "അല്ലാഹു അനുവദിച്ചതിനെ അവർ നിഷിദ്ധമാക്കിയാൽ അപ്പോൾ നിങ്ങൾ അത് നിഷിദ്ധമായി കാണുകയും. അല്ലാഹു നിഷിദ്ധമാക്കിയവയെ അവർ അനുവദനീയമാക്കിയാൽ അപ്പോൾ നിങ്ങളതിനെ അനുവദനീയമായി കാണുകയും ചെയ്യുന്നില്ലേ?"

ഞാൻ പറഞ്ഞു: അതെ!

നബി -ﷺ- പറഞ്ഞു: "എങ്കിൽ അത് അവരെ ഇബാദത് ചെയ്യലാണ്." (അഹ്മദ്, തിർമിദി (തിർമിദി ഈ ഹദീഥ് 'ഹസൻ' ആണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു)

**ഈ അധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. സൂറത്തു നൂറിലെ ആയത്തിന്റെ തഫ്സീർ.

2. സൂറത്ത് ബറാഅഃ യിലെ ആയത്തിന്റെ തഫ്സീർ.

3 അദിയ്യ് (رَضِيَ اللَّهُ عَنْهُ) നിരാകരിച്ച ഇബാദത്തിന്റെ ആശയത്തെ ഉണർത്തുന്നു.

4. ഇബ്നുഅബ്ബാസ് (رَضِيَ اللَّهُ عَنْهُ), അബൂബക്കർ ( رَضِيَ اللَّهُ عَنْهُ) ഉമർ(رَضِيَ اللَّهُ عَنْهُ) എന്നിവരെക്കുറിച്ചും, ഇമാം അഹ്മദ് (رحمه الله), സുഫിയാൻ അഥൗരി (رحمه الله) യെക്കുറിച്ചും ഉപമ പറഞ്ഞത്.

5. എന്നാൽ അവസ്ഥകൾ എത്രത്തോളം മാറിയെന്നാൽ; ഇബാദത്തുകൾ കുറെ ചെയ്യുന്നവരെ ആരാധിക്കുകയെന്നത് ഭൂരിപക്ഷം ജനങ്ങൾക്കും അതിശ്രേഷ്ഠ കർമ്മമായിത്തീർന്നിരിക്കുന്നു. അതിന് 'വലായത്' എന്ന പേരുവിളിക്കപ്പെട്ടു. പണ്ഡിതന്മാരെ ആരാധിക്കുന്നതിനാകട്ടെ 'ഇൽമ്, 'ഫിഖ്ഹ്' എന്നീ പേരുകൾ വിളിക്കപ്പെട്ടു. പിന്നീട് സ്വാലിഹീങ്ങളല്ലാത്ത മോശക്കാരായ ആളുകൾ ആരാധിക്കപ്പെടുന്നിടത്തേക്ക് അവസ്ഥ മാറി. ഉലമാക്കൾ ആരാധിക്കപ്പെട്ടിടത്ത് ജാഹിലുകളും ആരാധിക്കപ്പെട്ടു.

# അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം

"നിനക്ക് അവതരിക്കപ്പെട്ടതിലും നിനക്ക് മുമ്പ് അവതരിക്കപ്പെട്ടതിലും തങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് ജൽപ്പിക്കുന്ന ഒരു കൂട്ടരെ നീ കണ്ടില്ലേ? ത്വാഗൂത്തിന്റെ (അല്ലാഹുവിനു പുറമെ ആരാധിക്കപ്പെടുന്നവരും അവന്റെ കല്പനക്ക് വിരുദ്ധമായത് കല്പിക്കുന്ന നേതാക്കളും) അടുത്തേക്ക് വിധി തേടിപ്പോകുവാനാണ് അവരുദ്ദേശിക്കുന്നത്. വാസ്തവത്തിൽ ത്വാഗൂത്തിനെ അവിശ്വസിക്കുവാനാണ് അവർ കൽപിക്കപ്പെട്ടിട്ടുള്ളത്. പിശാച് അവരെ ബഹുദൂരം വഴിതെറ്റിക്കുവാനുദ്ദേശിക്കുകയാണ്.

അല്ലാഹു അവതരിപ്പിച്ചതിലേക്കും (അവന്റെ) ദൂതനിലേക്കും നിങ്ങൾ വരൂ എന്ന് അവരോട് പറയപ്പെട്ടാൽ ആ കപടവിശ്വാസികൾ നിന്നെ വിട്ട് പാടെ പിന്തിരിഞ്ഞുപോകുന്നത് നിനക്ക് കാണാം. എന്നാൽ സ്വന്തം കൈകൾ ചെയ്തുവെച്ചതിന്റെ ഫലമായി അവർക്ക് വല്ല ആപത്തും ബാധിക്കുകയും, അനന്തരം അവർ നിന്റെ അടുത്തുവന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് ഞങ്ങൾ നന്മയും അനുരഞ്ജനവുമല്ലാതെ മറ്റൊന്നും ഉദ്ദേശിച്ചിരുന്നില്ല എന്ന് പറയുകയും ചെയ്യുമ്പോഴുള്ള സ്ഥിതി എങ്ങനെയായിരിക്കും?" (നിസാഅ്: 60-62)

അല്ലാഹു പറഞ്ഞു: “നിങ്ങൾ നാട്ടിൽ കുഴപ്പമുണ്ടാക്കാതിരിക്കൂ എന്ന് ആരെങ്കിലും അവരോട് പറഞ്ഞാൽ, ഞങ്ങൾ സൽപ്രവർത്തനങ്ങൾ മാത്രമാണല്ലോ ചെയ്യുന്നത് എന്നായിരിക്കും അവരുടെ മറുപടി.” (അൽബഖറ:11)

അല്ലാഹു പറഞ്ഞു: “ഭൂമിയിൽ നന്മ വരുത്തിയതിനു ശേഷം നിങ്ങളവിടെ നാശമുണ്ടാക്കരുത്. ഭയപ്പാടോടു കൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സല്കർമ്മകാരികൾക്ക് സമീപസ്ഥമാകുന്നു” (അഅ്റാഫ്: 56)

അല്ലാഹു പറഞ്ഞു: “ജാഹിലിയ്യത്തിന്റെ (അനിസ്ലാമിക മാർഗത്തിന്റെ) വിധിയാണോ അവർ തേടുന്നത്? ദൃഢവിശ്വാസികളായ ജനങ്ങൾക്ക് അല്ലാഹുവെക്കാൾ നല്ല വിധികർത്താവ് ആരാണുള്ളത്?" (അൽ മാഇദ: 50)

അബ്ദുല്ലാഹ് ഇബ്നു അംറ് (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: “നിങ്ങളിലൊരാളും വിശ്വാസിയാവുകയില്ല; തന്റെ ഇച്ഛ ഞാൻ ഏതൊരു ദീനുമായാണോ വന്നത് അതിനെ പിൻപറ്റുന്നതാകുന്നതു വരെ.”

ഇമാം നവവി (رحمه الله) പറഞ്ഞു: "ഇത് സ്വഹീഹായ ഹദീഥാകുന്നു."

ഇമാം ശഅ്ബി (رحمه الله) പറഞ്ഞു: "കപടവിശ്വാസികളിൽപ്പെട്ട ഒരാൾക്കും ഒരു ജൂതനുമിടയിൽ ഒരു തർക്കമുണ്ടായിരുന്നു. അപ്പോൾ ജൂതൻ പറഞ്ഞു; നമുക്ക് മുഹമ്മദിനോ

ട് വിധിതേടാം; യഹൂദന് അറിയാമായിരുന്നു പ്രവാചകൻ -ﷺ- കൈക്കൂലി വാങ്ങുകയില്ലെന്ന്

അപ്പോൾ കപടവിശ്വാസി പറഞ്ഞു; നമുക്കൊരു യഹൂദനോട് വിധി തേടാം; കപടവിശ്വാസിക്കറിയാമായിരുന്നു ജൂതൻ കൈക്കൂലി വാങ്ങുമെന്ന്.

അങ്ങനെ അവർ രണ്ടുപേരും ജുഹൈനയിലുള്ള ഒരു പുരോഹിതന്റെയടുത്ത് ചെല്ലാമെന്നും പുരോഹിതനോട് വിധി തേടാമെന്നുമുള്ള കാര്യത്തിൽ യോജിപ്പിലായി. അപ്പോഴാണ് സൂറത്തുന്നിസാഇലെ (നിനക്ക് അവതരിക്കപ്പെട്ടതിലും നിനക്ക് മുമ്പ് അവതരിക്കപ്പെട്ടതിലും തങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് ജൽപ്പിക്കുന്ന ഒരു കൂട്ടരെ നീ കണ്ടില്ലേ?) 60 ാം വചനം ഇറങ്ങിയത് (നിസാഅ്: 60-62)

പരസ്പരം തർക്കിക്കുന്ന രണ്ടുപേരുടെ വിഷയത്തിലാണ് ഈ വചനം ഇറങ്ങിയതെന്നും പറയപ്പെട്ടിട്ടുണ്ട്. അതിലൊരാൾ പറഞ്ഞു: നമുക്ക് മുഹമ്മദ് നബി-ﷺ-യോട് വിധി തേടാം. മറ്റെയാൾ പറഞ്ഞു: (യഹൂദൻ) കഅ്ബു ഇബ്നു അശ്റഫിനോട് വിധി തേടാം. അങ്ങനെയവർ ഉമർ ഇബ്നുൽ ഖത്വാബ് (رَضِيَ اللَّهُ عَنْهُ) വിനോട് കാര്യം അന്വേഷിക്കാൻ പോയി. തർക്കിക്കുന്നവരിലൊരാൾ അദ്ദേഹത്തിനോട് സംഭവം വിശദീകരിച്ചുകൊടുത്തു.

അങ്ങനെ ഉമർ (رَضِيَ اللَّهُ عَنْهُ), റസൂൽ -ﷺ- യുടെ വിധി തൃപ്തിപ്പെടാത്തയാളോട് ചോദിച്ചു: അങ്ങനെയാണോ?

അയാൾ പറഞ്ഞു: അതെ. അപ്പോൾ ഉമർ (رَضِيَ اللَّهُ عَنْهُ) തന്റെ വാളുകൊണ്ട് അയാളെ വെട്ടിക്കൊന്നു.

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. സൂറത്തുന്നിസാഇലെ ആയത്തിന്റെ തഫ്സീർ, പ്രസ്തുത ആയത്തിൽ ത്വാഗൂത്തിനെ മനസ്സിലാക്കുവാനുള്ള സഹായം.

2. സൂറത്തുൽ ബക്വറയിലെ (നിങ്ങൾ നാട്ടിൽ കുഴപ്പമുണ്ടാക്കാതിരിക്കൂ എന്ന് ആരെങ്കിലും അവരോട് പറഞ്ഞാൽ) എന്നർത്ഥമുള്ള ആയത്തിന്റെ തഫ്സീർ.

3. സൂറത്തുൽ അഅ്റാഫിലെ (ഭൂമിയിൽ നന്മ വരുത്തിയതിനു ശേഷം നിങ്ങളവിടെ നാശമുണ്ടാക്കരുത്) എന്നർത്ഥമുള്ള ആയത്തിന്റെ തഫ്സീർ.

4. (ജാഹിലിയ്യത്തിന്റെ(അനിസ്ലാമിക മാർഗ്ഗത്തിന്റെ) വിധിയാണോ അവർ തേടുന്നത്?) എന്നർത്ഥമുള്ള ആയത്തിന്റെ തഫ്സീർ.

5. ഒന്നാമത്തെ ആയത്തിന്റെ വിഷയത്തിൽ ഇമാം ശഅ്ബി (رحمه الله) പറഞ്ഞത്.

6. സത്യസന്ധമായ ഈമാനിന്റേയും, വ്യാജമായ ഈമാനിന്റേയും വിവരണം.

7. കപടവിശ്വാസിയുമായുള്ള ഉമർ (رَضِيَ اللَّهُ عَنْهُ) വിന്റെ സംഭവം.

8. അല്ലാഹുവിന്റെ റസൂൽ -ﷺ- കൊണ്ടുവന്ന ദീനിന് അനുസൃതമായി തന്റെ ഇച്ഛ ആകുന്നതുവരെ ഒരാൾക്കും ഈമാൻ ലഭിക്കുകയില്ല എന്ന കാര്യം.

# അല്ലാഹുവിന്റെ നാമവിശേഷണങ്ങളെ നിഷേധിച്ചാൽ

അല്ലാഹു പറഞ്ഞു: "അവരാകട്ടെ, പരമകാരുണികനിൽ അവിശ്വസിക്കുന്നു. പറയുക! അവനാകുന്നു എന്റെ റബ്ബ്! അവനിൽ മാത്രമാണ് ഞാൻ ഭരമേല്പിച്ചിരിക്കുന്നത്. അവനിലേക്ക് തന്നെയാണ് എന്റെ മടക്കവും." (റഅ്ദ്: 30)

അലി (رَضِيَ اللَّهُ عَنْهُ) വിൽനിന്ന്: "(സ്ഥിരപ്പെട്ടതും സ്വഹീഹും) ആളുകൾ അറിയുന്നതുമായ (ഹദീഥുകളെ) നിങ്ങൾ ജനങ്ങൾക്ക് പറഞ്ഞുകൊടുക്കുക. അല്ലാഹുവും അവന്റെ ദൂതനും കളവാക്കപ്പെടുവാനാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്." (ബുഖാരി)

ഇബ്നു അബ്ബാസ് (رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് : അദ്ദേഹം ഒരു വ്യക്തിയെ കണ്ടു; അയാൾ അല്ലാഹുവിന്റെ സ്വിഫാത്തിൽ (വിശേഷണങ്ങളിൽ) ഒരു ഹദീഥ് കേട്ടപ്പോൾ (അതിന്റെ ആശയത്തിൽ) നിഷേധാത്മകമായി തള്ളുന്ന തരത്തിൽ ശരീരം വിറപ്പിച്ചു. അദ്ദേഹം (ഇബ്നു അബ്ബാസ്) ചോദിച്ചു: ഈ കൂട്ടരുടെ ഭയപ്പാട് എന്താണ്? അവർ വിശുദ്ധ ക്വുർആനിൽ നിന്നുള്ള 'മുഹ്കമായ' (ഖണ്ഡിതമായ) വചനങ്ങൾ കേൾക്കുമ്പോൾ ഭയക്കുന്നു. അതിലെ 'മുതശാബിഹ്' (പലർക്കും അവരുടെ അജ്ഞത കാരണത്താൽ ശരി

യായ ആശയം ഗ്രഹിക്കാൻ സാധിക്കാത്ത വചനങ്ങൾ) കേൾക്കുമ്പോൾ അവർ നശിക്കുകയും ചെയ്യുന്നു.

റസൂലുല്ലാഹി -ﷺ-, "റഹ്മാൻ" എന്ന് പറയുന്നത് ക്വുറൈശികൾ കേട്ടപ്പോൾ അവർ അത് നിഷേധിച്ചു. അപ്പോഴാണ് അല്ലാഹു (تَعَالَى), അവരുടെ വിഷയത്തിൽ ഈ വചനം അവതരിപ്പിച്ചത്. "അവരാകട്ടെ, പരമകാരുണികനിൽ അവിശ്വസിക്കുന്നു..." (സൂറത്തു റഅ്ദ്: 30)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. അല്ലാഹു (تَعَالَى) യുടെ നാമവിശേഷണങ്ങളിൽ വല്ലതും നിഷേധിച്ചാൽ ഈമാൻ നഷ്ടമാകും.

2. സൂറത്ത് റഅ്ദിലെ ആയത്തിന്റെ തഫ്സീർ.

3. ശ്രോതാവിന് മനസ്സിലാകാത്ത രീതിയിലുള്ള സംസാരം ഉപേക്ഷിക്കുക.

4. അതിന്റെ കാരണം ഉണർത്തുന്നു. അഥവാ അത് അല്ലാഹു (تَعَالَى) യേയും തിരുദൂതനേയും കളവാക്കുന്നിടത്ത് കൊണ്ടെത്തിക്കും. കളവാക്കുന്നവൻ ബോധപൂർവ്വം ചെയ്തില്ലെങ്കിലും ശരി.

5. വിശേഷണങ്ങളെ നിഷേധഭാവത്തിൽ സമീപിച്ചവനോട് 'അവൻ നശിച്ചിരിക്കുന്നു' എന്ന ഇബ്നു അബ്ബാസ് (رَضِيَ اللَّهُ عَنْهُ) വിന്റെ സംസാരം.

# അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം

“അല്ലാഹുവിന്റെ അനുഗ്രഹം അവർ മനസ്സിലാക്കുകയും, എന്നിട്ട് അതിനെ നിഷേധിക്കുകയുമാണ് ചെയ്യുന്നത്. അവരിൽ അധികപേരും നന്ദികെട്ടവരാകുന്നു” (സൂറത്തുന്നഹ്ൽ: 83)

പ്രസ്തുത വചനത്തിന്റെ ആശയമായി ഇമാം മുജാഹിദ് (رحمه الله) പറഞ്ഞു: “ഇത് എന്റെ സമ്പത്താണ്, എന്റെ പിതാക്കളിൽ നിന്നും അത് ഞാൻ അനന്തരമെടുത്തതാണ്” എന്ന് ഒരാൾ പറയലാണ് (അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിഷേധിക്കുന്നതിന്റെ രൂപങ്ങളിലൊന്ന്).

ഔൻ ഇബ്നു അബ്ദില്ലാഹ് (رحمه الله) പറഞ്ഞു: (ജനങ്ങൾ) പറയുന്നു: “ഇന്നയിന്നയാളുകൾ ഇല്ലായിരുന്നുവെങ്കിൽ ഇപ്രകാരം ഉണ്ടാകുമായിരുന്നില്ല.”

ഇമാം ഇബ്നു ഖുതയ്ബ (رحمه الله) പറഞ്ഞു: “ഇത് നമ്മുടെ ആരാധ്യന്മാരുടെ 'ശഫാഅത്ത് ' കൊണ്ട് ലഭിച്ചതാണ്.” എന്ന് ജനങ്ങൾ പറയുന്നത് ഇതിനുദാഹരണമാണ്.

സെയ്ദ് ഇബ്നു ഖാലിദ് (رَضِيَ اللَّهُ عَنْهُ) നിവേദനം ചെയ്ത, 'അല്ലാഹു പറഞ്ഞിരിക്കുന്നു: ഈ പുലരിയിൽ എന്റെ അടിമകളിൽ എന്നിൽ വിശ്വസിക്കുന്നവനും എന്നിൽ അവിശ്വ

സിക്കുന്നവനും ഉണ്ടായിരിക്കുന്നു...'എന്ന മുമ്പ് ഉദ്ധരിച്ച ഹദീഥിന് ശേഷം അബുൽ അബ്ബാസ് (رحمه الله) പറയുന്നു:

"ഇത് ക്വുർആനിലും സുന്നത്തിലും ധാരാളം കാണാം. അഥവാ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ താനല്ലാത്തവരിലേക്ക് ചേർക്കുകയും തന്നിൽ പങ്കുചേർക്കുകയും ചെയ്യുന്നതിനെ അല്ലാഹു (تَعَالَى) ആക്ഷേപിക്കുന്നതായിട്ട്."

ചില സലഫുകൾ പറഞ്ഞു: "ചിലയാളുകളുടെ വാക്കുകൾ ഈ നന്ദികേടിന്റെ ഉദാഹരണമാണ്. അഥവാ കാറ്റ് നല്ലതായിരുന്നു, കപ്പിത്താൻ നിപുണനായിരുന്നു, തുടങ്ങി ജനങ്ങൾ നാവിലൂടെ വരുന്ന വാചകങ്ങൾ.

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ**

1 നിഅ്മത്ത് മനസ്സിലാക്കുന്നതിന്റേയും അതിനെ നിഷേധിക്കു ന്നതിന്റേയും വിവരണം.

2 (അനുഗ്രഹ നിഷേധത്തിന്റെ വർത്തമാനങ്ങൾ) ആളുകളുടെ നാവുകളിൽ ഒഴുകി നടക്കുകയാണെന്ന് മനസ്സിലാക്കുക.

3 ഇത്തരം വർത്തമാനങ്ങളെക്കുറിച്ച് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിഷേധിക്കൽ എന്നാണ് വിശേഷിപ്പിച്ചത്.

4. ഹൃദയത്തിൽ വിരുദ്ധമായ രണ്ട് കാര്യങ്ങൾ സമ്മേളിക്കൽ അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം. "നിങ്ങൾ അറിഞ്ഞു കൊണ്ട് അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കരുത്." (അൽ ബഖറ: 22)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇബ്നു അബ്ബാസ് (رَضِيَ اللهُ عَنْهُ) പറഞ്ഞു: "സമന്മാരെ ഉണ്ടാക്കരുത് എന്ന്

പറഞ്ഞാൽ ശിർക്ക് വെക്കരുത് എന്നാണ്, ശിർക്കാകട്ടെ രാത്രിയുടെ കൂരിരുട്ടിൽ കരിമ്പാറയിലൂടെ അരിച്ചു വരുന്ന ഉറുമ്പിന്റെ അരിച്ചിലിനേക്കാൾ ഗോപ്യമാണ്.

ശിർക്കിന് ഉദാഹരണമെന്നോണം അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനെകൊണ്ടും നിന്റേയും എന്റേയും ജീവിതത്തെക്കൊണ്ടുമാണ് സത്യം', 'ഈ കൊച്ചുപട്ടിയില്ലായിരുന്നുവെങ്കിൽ നമ്മുടെ വീട്ടിൽ കള്ളന്മാർ വന്നേനെ', 'ഈ താറാവില്ലായിരുന്നുവെങ്കിൽ നമ്മുടെ വീട്ടിൽ കള്ളന്മാർ വന്നേനെ'.

# 'അല്ലാഹുവും നിങ്ങളും ഉദ്ദേശിച്ചത്'

'അല്ലാഹുവും ഇന്നയാളും ഇല്ലായിരുന്നുവെങ്കിൽ'. ഈ വക വാചകങ്ങളിലെല്ലാം ഒരുതരത്തിലുള്ള ശിർക് ഉണ്ട്.

ഇബ്നു അബീ ഹാതിം ഉദ്ധരിച്ചത് ഉമർ (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: “ആരെങ്കിലും അല്ലാഹുവല്ലാത്തവരെ കൊണ്ട് സത്യം ചെയ്താൽ അവൻ കുഫ്ർ പ്രവർത്തിച്ചിരിക്കുന്നു; അല്ലെങ്കിൽ ശിർക് ചെയ്തിരിക്കുന്നു.” (തിർമിദി ഉദ്ധരിച്ചത്. ഇമാം തിർമിദി ഈ ഹദീഥ് ഹസൻ ആണെന്ന് പറയുകയും ഇമാം ഹാകിം ഈ ഹദീഥ് സ്വഹീഹ് ആണെന്ന് പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്.)

ഇബ്നു മസ്ഊദ് (رَضِيَ اللَّهُ عَنْهُ) പറഞ്ഞു: “അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്ത് കളവു പറയുന്നതാണ്, അല്ലാഹുവല്ലാത്തവരുടെ പേരിൽ സത്യം ചെയ്ത് നേര് പറയുന്നതിനേക്കാൾ എനിക്കിഷ്ടം.”

ഹുദൈഫ (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: “അല്ലാഹുവും ഇന്നയാളും ഉദ്ദേശിച്ചതു പോലെ' എന്ന് നിങ്ങൾ പറയരുത്. മറിച്ച്, 'അല്ലാഹുവും ശേഷം ഇന്നയാളും ഉദ്ദേശിച്ചതു പോലെ' എന്നു പറയുക.” അബൂദാവൂദ് സ്വഹീഹായ സനദോടെ ഉദ്ധരിച്ചത്.

ഇബ്റാഹീം അന്നഖഈ (رحمه الله) വിൽ നിന്നും ഇപ്രകാരം വന്നിരിക്കുന്നു: “ഒരാൾ ഞാൻ അല്ലാഹുവിലും താങ്ക

ളിലും അഭയം തേടുന്നു എന്ന് പറയുന്നതിനെ അദ്ദേഹം വെറുത്തിരുന്നു. ഞാൻ അല്ലാഹുവിലും പിന്നീട് താങ്കളിലും അഭയം തേടുന്നു എന്നു പറയൽ അദ്ദേഹം അനുവദനീയ മായി കണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: ഒരാൾക്ക് 'അല്ലാഹു വും പിന്നീട് നിശ്ചിത വ്യക്തിയും ഇല്ലായിരുന്നുവെങ്കിൽ' എ ന്ന് പറയാം. എന്നാൽ 'അല്ലാഹുവും നിശ്ചിത വ്യക്തിയും ഇ ല്ലായിരുന്നുവെങ്കിൽ എന്ന് പറയാവതല്ല."

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. 'അൻദാദിന്റെ' (അല്ലാഹുവിന് സമന്മാരെ ഏർപ്പെടു ത്തുന്ന) വിഷയത്തിൽ സൂറത്തുൽ ബക്വറയിലെ ആയത്തി ന്റെ തഫ്സീർ.

2. 'ശിർക്കുൽ അക്ബറിന്റെ' വിഷയത്തിൽ അവതരിച്ച വചനം 'ചെറിയ' ശിർക്കിനും ബാധകമാകുന്ന വിധത്തിൽ സ്വഹാബികൾ വിശദീകരിച്ചിരുന്നു.

3. അല്ലാഹുവല്ലാത്തവരെകൊണ്ട് സത്യംചെയ്യൽ ശിർ ക്കാണ്.

4. സത്യസന്ധനായികൊണ്ട് അല്ലാഹുവല്ലാത്തവരെ കൊണ്ട് ഒരാൾ സത്യം ചെയ്താൽ അത് കള്ള സത്യത്തേ ക്കാൾ വലിയ പാതകമാണ്.

5 പദത്തിലും അർത്ഥത്തിലും 'വാവും' 'ഥുമ്മ'യും തമ്മി ലുള്ള വ്യത്യാസം. ("അല്ലാഹുവും ഇന്നയാളും" എന്ന് പറയു ന്നതും "അല്ലാഹുവും പിന്നെ ഇന്നയാളും" എന്ന് പറയുന്ന തും ഈ രണ്ട് പദങ്ങൾ കൊണ്ടാണ് വേർതിരിക്കുക).

# അല്ലാഹുവെകൊണ്ട് സത്യം ചെയ്താൽ തൃപ്തിപ്പെടൽ

ഇബ്നു ഉമർ (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ പിതാക്കളെ കൊണ്ട് സത്യം ചെയ്യരുത്. ആരെങ്കിലും അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യുന്നുവെങ്കിൽ അവൻ സത്യസന്ധത പുലർത്തട്ടെ. ഒരാളോട് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്ത് ഒരുകാര്യം പറഞ്ഞാൽ അയാൾ അതിൽ തൃപ്തിപ്പെടട്ടെ. ആര് അത് തൃപ്തിപെടുന്നില്ലയോ അവൻ അല്ലാഹുവിന്റെ ആളുകളിൽ (അല്ലാഹുവിന്റെ കക്ഷിയിൽ) പെട്ടവനല്ല." (ഇബ്നു മാജ ഹസനായ സനദോട് കൂടി ഉദ്ധരിച്ചത്.)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. പിതാക്കളെ കൊണ്ട് സത്യം ചെയ്യുന്നതിലുള്ള നിരോധനം.

2. അല്ലാഹുവെക്കൊണ്ട് ആരോടാണോ സത്യം ചെയ്തത് അത് തൃപ്തിപ്പെടുവാനുള്ള കല്പന. 3 അല്ലാഹുവെക്കൊണ്ട് ആരോടാണോ സത്യം ചെയ്തത് അത് തൃപ്തിപ്പെടാത്തവർക്കുള്ള മുന്നറിയിപ്പ്.

# അല്ലാഹുവും താങ്കളും ഉദ്ദേശിച്ചത് എന്ന വാക്ക്

ഖുതയ്ല (رَضِـي اللّٰه عَنْهُ) യിൽ നിന്ന് നിവേദനം: "ഒരു യഹൂദൻ നബി -ﷺ- യുടെ അടുത്തുവന്നു. അയാൾ പറഞ്ഞു: നിശ്ചയം നിങ്ങൾ ശിർക്ക് ചെയ്യുന്നു; നിങ്ങൾ പറയുന്നു: 'അല്ലാഹുവും താങ്കളും ഉദ്ദേശിച്ചത്' എന്ന്. അതുപോലെ നിങ്ങൾ പറയുന്നു; 'കഅ്ബയാണ് സത്യം' എന്ന്.

അപ്പോൾ നബി -ﷺ- അവരോട്, അവർ സത്യം ചെയ്യുവാൻ ഉദ്ദേശിച്ചാൽ "വറബ്ബിൽ കഅ്ബ" അഥവാ 'കഅ്ബയുടെ റബ്ബാണ് സത്യം' എന്നും. "അല്ലാഹുവും പിന്നെ താങ്കളും ഉദ്ദേശിച്ചത്' എന്നും പറയുവാൻ കൽപ്പിച്ചു.

നസാഈ ഉദ്ധരിക്കുകയും ഹസനാക്കുകയും ചെയ്തു ഇബ്നു അബ്ബാസ് (رَضِـي اللّٰه عَنْهُ) വിൽനിന്ന് നിവേദനം: "ഒരാൾ നബി -ﷺ- യോട് പറഞ്ഞു: 'അല്ലാഹുവും താങ്കളും ഉദ്ദേശിച്ചത്' നബി -ﷺ- പറഞ്ഞു: “നീ എന്നെ അല്ലാഹുവിന് സമനാക്കുകയാണോ? അല്ല, അല്ലാഹു ഒരുവൻ ഉദ്ദേശിച്ചതുമാത്രം.”

ആഇശാ (رَضِـي اللّٰه عَنْهُ) യുടെ ഉമ്മയൊത്ത സഹോദരൻ ത്വുഫയ്ൽ (رَضِـي اللّٰه عَنْهُ) വിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: "ഒരു സംഘം യഹൂദികളുടെ അടുക്കൽ ഞാൻ ചെന്നതായി (സ്വപ്നത്തിൽ) കണ്ടു.

ഞാൻ പറഞ്ഞു: 'ഉസയ്ർ' അല്ലാഹുവിന്റെ പുത്രനാണ് എന്ന് നിങ്ങൾ പറഞ്ഞില്ലായിരുന്നുവെങ്കിൽ നിങ്ങളാകുമായിരുന്നു ഉത്തമവിഭാഗം.

അവർ പറഞ്ഞു: 'അല്ലാഹുവും മുഹമ്മദും ഉദ്ദേശിച്ചതു പോലെ' എന്ന് നിങ്ങൾ പറഞ്ഞില്ലായിരുന്നുവെങ്കിൽ നിങ്ങളാകുമായിരുന്നു ഉത്തമരായ സമൂഹം.

പിന്നീട് ഞാൻ നസ്വാറാക്കളായ ഒരു വിഭാഗത്തിനരികിലൂടെ നടന്നു. മസീഹ് (ഈസാ) അല്ലാഹുവിന്റെ പുത്രനാണ് എന്ന് നിങ്ങൾ പറഞ്ഞില്ലായിരുന്നുവെങ്കിൽ നിങ്ങളാകുമായിരുന്നു ഉത്തമ വിഭാഗം.

അവർ പറഞ്ഞു: 'അല്ലാഹുവും മുഹമ്മദും ഉദ്ദേശിച്ചതു പോലെ' എന്ന് നിങ്ങൾ പറഞ്ഞില്ലായിരുന്നുവെങ്കിൽ നിങ്ങളാകുമായിരുന്നു ഉത്തമരായ സമൂഹം.

അങ്ങനെ നേരം പുലർന്നപ്പോൾ ആളുകളോടെല്ലാം ഞാൻ അതിനെക്കുറിച്ച് പറഞ്ഞു. പിന്നീട് ഞാൻ നബി -ﷺ- യുടെ അടുക്കൽ വന്നു, അവിടത്തോട് അത് പറഞ്ഞു.

പ്രവാചകൻ -ﷺ- പറഞ്ഞു: “താങ്കൾ ഇത് ആരോടെങ്കിലും പറഞ്ഞോ?” ഞാൻ പറഞ്ഞു: അതെ.

അപ്പോൾ നബി -ﷺ-, ഹംദ് ചൊല്ലി റബ്ബിനെ വാഴ്ത്തി. ശേഷം ജനങ്ങളോടായി പറഞ്ഞു:

“ത്വുഫയ്ൽ ഒരു സ്വപ്നം കണ്ടു. നിങ്ങളിൽ ചില വ്യക്തികളോട് അദ്ദേഹം അത് പറയുകയും ചെയ്തു. നിങ്ങൾ ഒരു വാക്ക് പറയുന്നുണ്ട്. അതിനെ വിരോധിക്കുവാൻ എനിക്ക് തടസ്സമായത് ചില കാര്യങ്ങളാണ്.

ആയതിനാൽ നിങ്ങൾ 'അല്ലാഹുവും മുഹമ്മദും ഉദ്ദേശിച്ചതു പോലെ' എന്ന് പറയരുത്. മറിച്ച് നിങ്ങൾ 'അല്ലാഹു ഒരുവൻ ഉദ്ദേശിച്ചതു പോലെ' എന്ന് പറയുക.'

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. ചെറിയ ശിർക്ക് എന്താണെന്ന് യഹൂദികൾ മനസിലാക്കിയിരുന്നു.

2. മനുഷ്യൻ ദേഹേച്ഛയുള്ളവനാണെങ്കിൽ അവന്റെ ഗ്രാഹ്യത (സ്ഖലിതമായിരിക്കും).

3 നബി -ﷺ- അയാളോടു പറഞ്ഞു: 'താങ്കൾ എന്നെ അല്ലാഹുവിന് തുല്ല്യനാക്കിയോ?

അപ്പോൾ ബൂസൂരിയുടെ ബുർദയിലെ "മാലീ മൻ അലൂദുബിഹി." എന്നീ വരികൾ ചൊല്ലുന്നവന്റെ കാര്യം എങ്ങനെ ആയിരിക്കും ?!!

4. 'അല്ലാഹുവും മുഹമ്മദും ഉദ്ദേശിച്ചതു പോലെ' എന്നത് ഇസ്ലാമിൽ നിന്ന് പുറത്തുപോകുന്ന വലിയ ശിർക്ക് അല്ല. കാരണം, നബി -ﷺ- പറഞ്ഞു: 'ചില നിശ്ചിത കാര്യങ്ങൾ എന്നെ തടഞ്ഞിരുന്നു.' വലിയ ശിർക്ക് ആയിരുന്നുവെങ്കിൽ ഉടനടി നബി -ﷺ- അത് തടയുമായിരുന്നു.

5. 'നല്ല സ്വപ്നങ്ങൾ' വഹ്‌യിന്റെ ഇനങ്ങളിൽപ്പെട്ടതാണ്.

6. ചില കാര്യങ്ങൾ 'ശറഅ്' ആക്കുവാൻ ചിലപ്പോൾ നല്ല സ്വപ്നങ്ങൾ കാരണമാകും.

# കാലത്തെ ചീത്ത പറയുന്നവൻ അല്ലാഹുവിനെ ആക്ഷേപിക്കുന്നു

അത്യുന്നതനായ അല്ലാഹു പറഞ്ഞു: "അവർ പറഞ്ഞു: ജീവിതമെന്നാൽ നമ്മുടെ ഐഹിക ജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു. നാം ജീവിക്കുന്നു. നമ്മെ നശിപ്പിക്കുന്നത് കാലം മാത്രമാകുന്നു. (വാസ്തവത്തിൽ) അവർക്ക് അതിനെപ്പറ്റി യാതൊരു അറിവുമില്ല. അവർ ഊഹിക്കുക മാത്രമാകുന്നു." (ജാഥിയ: 24)

അബൂഹുറയ്റ (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: അല്ലാഹു പറഞ്ഞു: 'ആദമിന്റെ പുത്രൻ എന്നെ ദ്രോഹിക്കുന്നു. അവൻ കാലത്തെ ചീത്ത പറയുന്നു. ഞാനാണ് കാലം; ഞാനാണ് രാവിനേയും പകലിനേയും മാറ്റി മറിക്കുന്നത്.' (ബുഖാരി)

മറ്റൊരു രിവായത്തിൽ: 'നിങ്ങൾ കാലത്തെ ചീത്ത പറയരുത്. കാരണം, അല്ലാഹു അവനാണ് കാലം. (കാലത്തെ മാറ്റി കൊണ്ടിരിക്കുന്നവൻ).' (മുസ്ലിം)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. കാലത്തെ ചീത്ത പറയുന്നതിനെ തൊട്ടുള്ള വിരോധം.

2. അത് അല്ലാഹുവിനോടുള്ള ദ്രോഹമാണെന്ന് വിളിക്കൽ.

3. കാരണം, അല്ലാഹു അവനാണ് കാലം. (കാലത്തെ മാറ്റി കൊണ്ടിരിക്കുന്നവൻ)' എന്ന വാക്യം നിരീക്ഷിക്കുക.

4 ക്വൽബുകൊണ്ട് ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഒരാൾ ചിലപ്പോൾ ചീത്ത പറഞ്ഞവനാകും

# 'ക്വാദ്വീ ക്വുദ്വാത്' പോലുള്ള നാമകരണങ്ങൾ

അബൂഹുറയ്റ (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം. നബി -ﷺ- പറഞ്ഞു: "'മലിക്കുൽ അംലാക്ക്' (രാജാധിരാജൻ) എന്ന പേര് സ്വീകരിക്കുന്ന വ്യക്തിയാണ് അല്ലാഹുവിങ്കൽ ഏറ്റവും അധിക്ഷിപ്തൻ. അധിപനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല." (ബുഖാരി)

സുഫ്‌യാൻ (رَضِيَ اللَّهُ عَنْهُ) പറഞ്ഞു: ശാഹിൻ ശാഹ് (രാജാധിരാജൻ) എന്ന പേരും ഇതു പോലെത്തന്നെയാണ്.

മറ്റൊരു രിവായത്തിൽ: 'അല്ലാഹുവിന് അന്ത്യനാളിൽ ഏറ്റവും ദേഷ്യകരമായ വ്യക്തിയും മ്ലേച്ഛനും (ഈ പേര് സ്വീകരിക്കുന്നവനാണ്) എന്നുണ്ട്.' (മുസ്‌ലിം)

ഹദീഥിൽ വന്ന 'അഖ്നഅ്' എന്ന പദത്തിന്റെ അർത്ഥം 'അങ്ങേയറ്റം നിന്ദ്യൻ' എന്നാണ്.

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. 'മലിക്കുൽ അംലാക്ക്' എന്ന പേരുവെക്കുന്നതിനുള്ള വിരോധം.

2 സുഫ്യാൻ (رحمه الله) പറഞ്ഞതുപോലെ ഈ അർത്ഥത്തിൽ വരുന്ന പേരുകളും ഇതുപോലെ തന്നെയാണ്.

3. ഇതിലെ ആശയം ക്വൽബ് ഉദ്ദേശിക്കാതെ ആണെന്ന് ഖണ്ഡിതമായിട്ടും ഇതിലും ഇതുപോലുള്ളതിലും രൂക്ഷമായ പ്രയോഗങ്ങളാണ് ഹദീഥിൽ വന്നിട്ടുള്ളത്. അക്കാര്യം മനസിലാക്കുക.

4. ഇത് അല്ലാഹു (تَعَالَى) യെ മഹത്വപ്പെടുത്തുവാനാണ് എന്ന ബോധമുണ്ടാവുക

# അല്ലാഹുവിന്റെ നാമം ആദരിക്കുക. അതിനുവേണ്ടി പേര് മാറ്റിയിടുക.

അബൂശുറൈഹ് (رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: അദ്ദേഹം 'അബുൽ ഹകം' എന്ന വിളിപ്പേര് കൊണ്ട് വിളിക്കപ്പെടാറുണ്ടായിരുന്നു. അപ്പോൾ പ്രവാചകൻ -ﷺ- അദ്ദേഹത്തോട് പറഞ്ഞു: "നിശ്ചയം, അല്ലാഹുവാണ് 'അൽ ഹകം' (വിധികർത്താവ്). അവനിലേക്ക് മാത്രമാണ് വിധിതേടേണ്ടത്."

അപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ ഗോത്രം വല്ല വിഷയത്തിലും അഭിപ്രായവ്യത്യാസത്തിലായാൽ അവർ എന്റെ അടുത്തേക്ക് വരും. അങ്ങിനെ ഞാൻ അവർക്കിടയിൽ വിധിതീർപ്പുണ്ടാക്കും. അതോടെ രണ്ടു കൂട്ടരും തൃപ്തരാകും.

അപ്പോൾ നബി -ﷺ- പറഞ്ഞു: "ഇത് (സ്വുൽഹുണ്ടാക്കൽ) എത്ര നല്ലത്! താങ്കൾക്ക് എത്ര മക്കളുണ്ട്?"

ഞാൻ പറഞ്ഞു: ശുറൈഹ്, മുസ്‌ലിം, അബ്ദുല്ല.

പ്രവാചകൻ -ﷺ- പറഞ്ഞു: "അവരിൽ വലിയവൻ ആരാണ്?" ഞാൻ പറഞ്ഞു: 'ശുറൈഹ്' ആണ്. അദ്ദേഹം പറഞ്ഞു: "എങ്കിൽ താങ്കൾ 'അബൂ ശുറൈഹ്' ആണ്." (അബൂദാവൂദ്)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. അല്ലാഹു (تَعَالَى) യുടെ നാമവിശേഷണങ്ങളെ ആദരിക്കൽ (അവകൊണ്ടാണ് പേരുവെച്ചതെങ്കിൽ ആ പേരുമാറ്റലാണ് അവിടെ ആദരവ്) ആശയം ഉദ്ദേശിച്ചിട്ടില്ലെങ്കിലും.

2. അതിന് വേണ്ടി പേരുമാറ്റൽ.

3. കുൻയത് അഥവാ അബൂ അല്ലെങ്കിൽ ഉമ്മു എന്ന് ചേർത്ത് ശേഷം ഒരു വ്യക്തിയുടെ നാമം ഉൾപ്പെടുത്തിയുള്ള വിളിപ്പേരിന് വേണ്ടി മൂത്ത മകനെ തിരഞ്ഞെടുക്കൽ.

# ദീനിനെ പരിഹസിക്കൽ

അല്ലാഹുവിന്റെ ദിക്ർ ഉൾക്കൊള്ളുന്ന വല്ലതിനെയുമോ, അല്ലെങ്കിൽ ഖുർആനിനെയോ റസൂലിനെയോ പരിഹസിച്ചാൽ...

അല്ലാഹു പറഞ്ഞു: "നീ അവരോട് (അതിനെപ്പറ്റി) ചോദിച്ചാൽ, അവർ പറയും: ഞങ്ങൾ തമാശ പറഞ്ഞുകളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവേയും അവന്റെ ദൃഷ്ടാന്തങ്ങളേയും അവന്റെ ദൂതനേയുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്?" (തൗബ: 65)

അബ്ദുല്ലാഹ് ഇബ്നു ഉമർ, മുഹമ്മദ് ഇബ്നു കഅ്ബ്, സെയ്ദ് ഇബ്നു അസ്ലം, ക്വതാദ (رَضِيَ اللَّهُ عَنْهُ) ഇവരിൽനിന്നും നിവേദനം: 'തബൂക്ക് യുദ്ധവേളയിൽ ഒരാൾ പറഞ്ഞു: നമ്മുടെ ഓത്തുകാരെപ്പോലെ ഭക്ഷണപ്രിയരും കളവുപറയുന്നവരും ശത്രുവിനെ കണ്ടുമുട്ടുമ്പോൾ ഭീരുക്കളുമായി ആരെയും നാം കണ്ടിട്ടില്ല. - അയാൾ ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ റസൂലിനേയും ഓത്തുകാരായ അവിടുത്തെ സ്വഹാബത്തിനേയുമായിരുന്നു.

അപ്പോൾ അയാളോട് ഔഫ് ഇബ്നു മാലിക് പറഞ്ഞു: നീ പറഞ്ഞത് കള്ളമാണ്. നീയൊരു മുനാഫിക്വ് ആണ്. ഞാൻ അല്ലാഹുവിന്റെ റസൂലിനോട് -ﷺ- പറയുക തന്നെ ചെയ്യും.

അങ്ങനെ ഔഫ് അല്ലാഹുവിന്റെ റസൂൽ -ﷺ- യുടെ അടുക്കലേക്ക് വിവരം പറയുവാൻ ചെന്നു. അപ്പോൾ ക്വുർആൻ തന്നെ മുൻകടന്നതായി അദ്ദേഹം കണ്ടു.

അപ്പോൾ ആ മനുഷ്യൻ റസൂൽ -ﷺ- യുടെ അടുക്കലേക്ക് ചെന്നു. റസൂൽ -ﷺ- യാത്രക്കൊരുങ്ങുകയും തന്റെ ഒട്ടകപ്പുറത്ത് കയറുകയും ചെയ്തിരുന്നു.

അയാൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ യാത്രാ സംഘത്തിന്റെ നേരമ്പോക്ക് വർത്തമാനം പറയുകയും അതിൽ മുഴുകുകയും ചെയ്യുക മാത്രമായിരുന്നു. യാത്രാക്ലേശം മാറ്റുവാനാണ് അത് പറഞ്ഞത്.

ഇബ്നു ഉമർ (رَضِيَ اللَّهُ عَنْهُ) പറഞ്ഞു: അല്ലാഹുവിന്റെ തിരുദൂതരുടെ ഒട്ടകത്തിന്റെ കഴുത്തിലെ പട്ടയിൽ അയാൾ തൂങ്ങികിടക്കുന്നത് ഞാൻ നോക്കി കാണുന്നത് പോലുണ്ട്. കല്ലുകളാകട്ടെ അയാളുടെ കാലുകളെ മുട്ടിമുറിവേൽപ്പിച്ചു കൊണ്ടിരുന്നു.

അയാൾ പറഞ്ഞു കൊണ്ടിരുന്നു: ഞങ്ങൾ സംസാരത്തിൽ മുഴുകുകയും കളിതമാശയിലുമായിരുന്നു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ -ﷺ- അയാളോട് പറയുന്നു: “അല്ലാഹുവേയും അവന്റെ വചനങ്ങളേയും അവന്റെ ദൂതനേയുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്?. നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു.”

പ്രവാചകൻ -ﷺ- അയാളിലേക്ക് തിരിഞ്ഞ് നോക്കിയില്ല. അതല്ലാതെ ഒന്നും പറയുകയും ചെയ്തില്ല.

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. ആരെങ്കിലും ഈ പറയപ്പെട്ട വല്ലതിനേയും പരിഹസിച്ചാൽ അവൻ കാഫിറായി. ഇതാണ് ഏറ്റവും വലിയ വിഷയം.

2. അവൻ കാഫിറാണെന്നതാണ് ആയത്തിന്റെ തഫ്സീർ. ചെയ്തത് ആരായാലും.

3. അല്ലാഹു (تَعَالَى) യോടും അല്ലാഹുവിന്റെ റസൂൽ -ﷺ- യോടും 'നസ്വീഹത്ത്' അഥവാ ഗുണകാംക്ഷ ഉദ്ദേശിച്ച് സംസാരിക്കുന്നതും 'നമീമത്ത്' അഥവാ ഏഷണി പറയുന്നതും തമ്മിലെ വ്യത്യാസം.

4. അല്ലാഹു (تَعَالَى) ഇഷ്ടപ്പെടുന്ന വിട്ടുവീഴ്ചയുടേയും, അല്ലാഹുവിന്റെ ശത്രുക്കളോട് പാരുഷ്യം കാണിക്കുന്നതിന്റേയും ഇടയിലെ വ്യത്യാസം.

5. ക്ഷമാപണങ്ങളിൽ ചിലത് സ്വീകരിക്കൽ ഒരിക്കലും സംഗതമല്ല.

# അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം

"അവന്ന് കഷ്ടത ബാധിച്ചതിനു ശേഷം നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യം നാം അവന്ന് അനുഭവിപ്പിച്ചാൽ തീർച്ചയായും അവൻ പറയും: ഇത് എനിക്ക് അവകാശപ്പെട്ടതാകുന്നു. അന്ത്യസമയം നിലവിൽ വരുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇനി എന്റെ രക്ഷിതാവിങ്കലേക്ക് ഞാൻ തിരിച്ചയക്കപ്പെടുകയാണെങ്കിലോ എനിക്ക് അവന്റെ അടുക്കൽ തീർച്ചയായും ഏറ്റവും മെച്ചപ്പെട്ട നില തന്നെയാണുണ്ടായിരിക്കുക. എന്നാൽ അവിശ്വസിച്ചവർക്ക് അവർ പ്രവർത്തിച്ചതിനെപ്പറ്റി നാം വിവരം നല്കുകയും കഠിനമായ ശിക്ഷയിൽ നിന്ന് നാം അവർക്ക് അനുഭവിപ്പിക്കുകയും ചെയ്യും." (സൂറത്തു ഫുസ്സിലത്ത്: 50)

ഇമാം മുജാഹിദ് (رَضِي اللّٰه عَنْهُ) പറഞ്ഞു: "ഇത് എന്റെ അദ്ധ്വാനം കൊണ്ട് (ലഭിച്ചതാണ്). ഞാൻ അതിന് അർഹനാണ്." (തുടങ്ങിയ പ്രയോഗങ്ങൾ ഇതിനുദാഹരണമാണ്)

ഇബ്നു അബ്ബാസ് (رَضِي اللّٰه عَنْهُ) പറഞ്ഞു: "ഇത് എന്നിൽ നിന്നും ഉണ്ടായതാണ് എന്നാണ് അവൻ ഉദ്ദേശിക്കുന്നത്."

അല്ലാഹു പറഞ്ഞു: "(ക്വാറൂൻ) പറഞ്ഞു: എന്റെ കൈവശമുള്ള വിദ്യകൊണ്ട് മാത്രമാണ് എനിക്കിത് ലഭിച്ചത്."

ഇമാം ക്വതാദ (رحمه الله) പറഞ്ഞു: "സമ്പാദ്യങ്ങളുടെ നാനോന്മുഖങ്ങളെകുറിച്ച് എനിക്ക് അറിയാവുന്നത് കൊണ്ട് (എനിക്ക് ലഭിച്ചു എന്നാണ് ക്വാറൂൻ പറഞ്ഞത്)."

മറ്റു ചില മുഫസ്സിറുകൾ പറഞ്ഞു: "ഞാൻ അതിന് യോഗ്യനാണെന്ന് അല്ലാഹു അറിയുന്നതിനാലാണ് (ഇത് എനിക്ക് നൽകപ്പെട്ടത്)."

ഈയർഥത്തിൽ തന്നെയാണ് ഇമാം മുജാഹിദ് പറഞ്ഞത്: "എന്റെ സ്ഥാനം കാരണം എനിക്ക് നൽകപ്പെട്ടതാണ്."

അബൂഹുറയ്റ (رَضِيَ اللَّهُ عَنْهُ) വിൽനിന്നും നിവേദനം: അദ്ദേഹം അല്ലാഹുവിന്റെ റസൂൽ -ﷺ-, ഇപ്രകാരം പറയുന്നത് കേട്ടു: 'ഇസ്റാഈല്യരിൽ മൂന്നുപേർ ഉണ്ടായിരുന്നു. ഒരാൾ വെള്ളപ്പാണ്ടുകാരനും രണ്ടാമൻ കഷണ്ടിക്കാരനും മൂന്നാമൻ അന്ധനുമായിരുന്നു.

അല്ലാഹു അവരെ പരീക്ഷിക്കുവാനുദ്ദേശിച്ചു. അവരിലേക്ക് ഒരു മലക്കിനെ നിയോഗിച്ചു. അപ്പോൾ മലക്ക് പാണ്ടുരോഗിയുടെ അടുത്ത് ചെന്നു. എന്നിട്ട് ചോദിച്ചു: താങ്കൾക്ക് എന്താണ് ഏറ്റവും പ്രിയങ്കരമായത്?

പാണ്ടുകാരൻ പറഞ്ഞു: നല്ല നിറം, നല്ല തൊലി, ജനങ്ങൾ എന്നിൽ വികൃതമായി കാണുന്നത് എന്നിൽനിന്നും പോയികിട്ടണം.

അദ്ദേഹം പറഞ്ഞു: (മലക്ക്) അയാളെ തടവി. അയാളുടെ വൈകൃതം പോയി. അയാൾക്ക് നല്ല വർണ്ണവും, നല്ല ചർമ്മവും നൽകപ്പെട്ടു.

(മലക്ക്) ചോദിച്ചു: താങ്കൾക്ക് ഏറ്റവും ഇഷ്ടമായ സമ്പത്ത് ഏതാണ്?

അയാൾ പറഞ്ഞു: ഒട്ടകം അല്ലെങ്കിൽ പശു (റിപ്പോർട്ട് ചെയ്ത 'ഇസ്ഹാക്വ്' എന്ന റാവിയുടെ സംശയമാണ്) അപ്പോൾ അയാൾക്ക് പൂർണ്ണ ഗർഭിണിയായ ഒരു ഒട്ടകത്തെ നൽകപ്പെട്ടു.

ശേഷം (മലക്ക്) പറഞ്ഞു: താങ്കൾക്ക് ഇതിൽ (ഒട്ടകത്തിൽ) അല്ലാഹു 'ബറക്കത്ത്' ചൊരിയട്ടെ.

അദ്ദേഹം പറഞ്ഞു: (മലക്ക്) കഷണ്ടിക്കാരന്റെ അടുത്ത് ചെന്നു. എന്നിട്ട് ചോദിച്ചു: താങ്കൾക്ക് ഏറ്റവും ഇഷ്ടകരമായ കാര്യമെന്താണ്?

അയാൾ പറഞ്ഞു: നല്ല മുടി. ജനങ്ങൾ എന്നിൽ വികൃതമായി കാണുന്നത് എന്നിൽ നിന്നും മാറിക്കിട്ടണം. അപ്പോൾ (മലക്ക്) അയാളെ തടവി. അയാളിൽ നിന്ന് വൈകൃതം നീങ്ങിപ്പോയി. അയാൾക്ക് നല്ല മുടി നൽകപ്പെട്ടു.

(മലക്ക്) പറഞ്ഞു: താങ്കൾക്ക് ഏറ്റവും ഇഷ്ടകരമായ സമ്പത്ത് ഏതാണ്?

പശു അല്ലെങ്കിൽ ഒട്ടകം. അയാൾക്ക് ഗർഭിണിയായ ഒരു പശുവിനെ നൽകപ്പെട്ടു.

(മലക്ക്) പറഞ്ഞു: അല്ലാഹു താങ്കൾക്ക് ഇതിൽ (പശുവിൽ) 'ബറക്കത്ത്' ചൊരിയട്ടെ.

മലക്ക് അന്ധനായ ആളുടെ അടുത്ത് ചെന്നു. (മലക്ക്) ചോദിച്ചു: താങ്കൾക്ക് എന്താണ് ഏറ്റവും ഇഷ്ടകരമായത്?

അയാൾ പറഞ്ഞു: അല്ലാഹു, എന്റെ കാഴ്ച എനിക്ക് തിരിച്ചുനൽകണം. ഞാൻ അതുകൊണ്ട് ജനങ്ങളെ കാണട്ടെ. മലക്ക് അയാളെ തടവി. അല്ലാഹു അയാൾക്ക് അയാളുടെ കാഴ്ച തിരിച്ചുനൽകി.

(മലക്ക്) ചോദിച്ചു: സമ്പത്തിൽ ഏതാണ് താങ്കൾക്ക് ഏറ്റവും പ്രിയങ്കരം? അയാൾ പറഞ്ഞു: ആട്.

അയാൾക്ക് പ്രസവിക്കുന്ന ആടിനെ നൽകി. അങ്ങനെ ഒട്ടകങ്ങളും പശുക്കളും ആടുകളും പെറ്റുപെരുകുകയും ചെയ്തു.

(ഒന്നാമത്തെ വ്യക്തിക്ക്) ഒട്ടകങ്ങളുടെ ഒരു താഴ്വാരവും (രണ്ടാമന്) പശുക്കളുടെ ഒരു താഴ്വാരവും (മൂന്നാമന്) ആടുകളുടെ ഒരു താഴ്വാരവും ഉണ്ടായി.

പിന്നീട് (മലക്ക്) പാണ്ടുകാരന്റെ അടുത്ത് അയാളുടെ രൂപത്തിലും ഭാവത്തിലും ചെന്നു. ശേഷം പറഞ്ഞു: സാധുവാണ്, വഴിയാത്രക്കാരനാണ്, എന്റെ യാത്രയിൽ ബന്ധങ്ങൾ അറ്റുപോയി. അല്ലാഹുവെ കൊണ്ടും പിന്നീട് താങ്കളെ കൊണ്ടുമല്ലാതെ ഇന്ന് എനിക്ക് ലക്ഷ്യത്തിലെത്തുവാനാകില്ല.

താങ്കൾക്ക് നല്ലവർണ്ണവും നല്ല തൊലിയും സമ്പത്തും തന്ന അല്ലാഹുവെ മുൻനിർത്തി ഒരു ഒട്ടകത്തെ ഞാൻ ആവശ്യപ്പെടുന്നു. അതുകൊണ്ട് എനിക്ക് എന്റെ യാത്രയിൽ (ലക്ഷ്യത്തിൽ) എത്തുവാൻ കഴിയും.

അപ്പോൾ അയാൾ പറഞ്ഞു: ബാധ്യതകൾ ധാരാളമാണ്! മലക്ക് അയാളോട് പറഞ്ഞു: ഞാൻ നിങ്ങളെ അറിയുമല്ലോ? ജനങ്ങൾ മ്ലേച്ഛനായി കണ്ടിരുന്ന പാണ്ട് രോഗിയാ

യിരുന്നില്ലേ താങ്കൾ? ദരിദ്രനായിരുന്നില്ലേ താങ്കൾ? അങ്ങ നെ അല്ലാഹു നിങ്ങൾക്ക് സമ്പത്തേകി.

അയാൾ പറഞ്ഞു: തീർച്ചയായും ഈ സമ്പത്ത് ഞാൻ വലിയ കാരണവന്മാരായ എന്റെ പിതാക്കളിൽ നിന്ന് അന ന്തരമെടുത്തതാണ്.

മലക്ക് പറഞ്ഞു: നീ കളവാണ് പറയുന്നതെങ്കിൽ അല്ലാ ഹു നിന്നെ പൂർവ്വാവസ്ഥയിലേക്ക് മടക്കട്ടേ.

ശേഷം (മലക്ക്) കഷണ്ടിക്കാരന്റെ അടുത്ത് അയാളുടെ രൂപത്തിലും ഭാവത്തിലും ചെന്നു.

(മലക്ക്) പാണ്ടു രോഗിയോട് പറഞ്ഞതുപോലെ അയാ ളോടും പറഞ്ഞു. പാണ്ടു രോഗി പ്രതികരിച്ചതുപോലെ മല ക്കിനോട് കഷണ്ടിക്കാരനും പ്രതികരിച്ചു.

മലക്ക് പറഞ്ഞു: നീ കളവാണ് പറയുന്നതെങ്കിൽ നിന്റെ പൂർവ്വ സ്ഥിതിയിലേക്ക് അല്ലാഹു നിന്നെ മടക്കട്ടെ.

(അദ്ദേഹം പറഞ്ഞു:) പിന്നീട് മലക്ക് അന്ധനായ മനുഷ്യ ന്റെയടുത്ത് ചെന്നു. എന്നിട്ട് പറഞ്ഞു: സാധുവാണ്, വഴി യാത്രക്കാരനാണ്, എന്റെ യാത്രയിൽ ബന്ധങ്ങൾ അറ്റു പോയി. അല്ലാഹുവെക്കൊണ്ടും പിന്നീട് താങ്കളെ കൊണ്ടു മല്ലാതെ ഇന്ന് എനിക്ക് എന്റെ ലക്ഷ്യത്തിലെത്തുവാനാകി ല്ല.

താങ്കൾക്ക് കാഴ്ച തിരിച്ചേകിയ അല്ലാഹുവിനെ മുൻനി ർത്തി ഞാൻ താങ്കളോട് ഒരു ആടിനെ ചോദിക്കുന്നു. അ തുകൊണ്ട് എനിക്ക് എന്റെ ലക്ഷ്യത്തിലെത്തുവാനാകും.

അയാൾ പറഞ്ഞു: ഞാനൊരു അന്ധനായിരുന്നു. എനിക്ക് അല്ലാഹു കാഴ്ച തിരിച്ചുനൽകി. ആയതിനാൽ താങ്കൾ (ഈ ആട്ടിൻ പറ്റത്തിൽ നിന്ന്) വേണ്ടത് സ്വീകരിച്ചാലും. വേണ്ടാത്തത് വിട്ടേക്കുക. അല്ലാഹുവാണെ സത്യം, അല്ലാഹുവിന്റെ മാർഗ്ഗേണ താങ്കൾ ഇന്ന് എന്തെടുത്താലും ഞാൻ താങ്കളെ ബുദ്ധിമുട്ടിക്കുകയില്ല.

മലക്ക് പറഞ്ഞു: താങ്കൾ തന്നെ താങ്കളുടെ സ്വത്ത് കൈവശം വെച്ചുകൊള്ളുക. നിശ്ചയം, നിങ്ങൾ (മൂന്നുകൂട്ടർ) പരീക്ഷിക്കപ്പെടുകയായിരുന്നു. അതിൽ അല്ലാഹു താങ്കളെ തൃപ്തിപ്പെട്ടു. താങ്കളുടെ രണ്ടു സുഹൃത്തുക്കളോട് അവൻ കോപിക്കുകയും ചെയ്തിരിക്കുന്നു.' (ബുഖാരി, മുസ്‌ലിം)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. തുടക്കത്തിൽ ഉദ്ധരിച്ച ആയത്തിന്റെ തഫ്സീർ

2. “തീർച്ചയായും അവൻ പറയും: 'ഇത് എനിക്ക് അവകാശപ്പെട്ടതാകുന്നു...” എന്ന ആയത്തിന്റെ ആശയം എന്താണ്?

3. “എന്റെ കൈവശമുള്ള വിദ്യകൊണ്ട് മാത്രമാണ് എനിക്കിത് ലഭിച്ചത്” എന്ന ആയത്തിന്റെ ആശയം എന്താണ്?

4. ഈ അത്ഭുത കഥയിലെ മഹത്തരമായ ഗുണപാഠങ്ങൾ.

# അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം

“അങ്ങനെ അവന്‍ (അല്ലാഹു) അവര്‍ക്കൊരു നല്ല സന്താനത്തെ നല്‍കിയപ്പോള്‍ അവര്‍ക്കവന്‍ നല്‍കിയതില്‍ അവര്‍ അവന് പങ്കുകാരെ ഏര്‍പ്പെടുത്തി. എന്നാല്‍ അവര്‍ പങ്കുചേര്‍ക്കുന്നതില്‍ നിന്നെല്ലാം അല്ലാഹു ഉന്നതനായിരിക്കുന്നു.” (അഅ്റാഫ്: 190)

ഇമാം ഇബ്നു ഹസം പറഞ്ഞു: അബ്ദു അംറ്, അബ്ദുല്‍ കഅ്ബ തുടങ്ങിയതുപോലുള്ള അല്ലാഹു അല്ലാത്തവരുടെ അടിമയാണ് എന്നറിയിക്കുന്ന എല്ലാ പേരുകളും ഹറാമാക്കിയിരിക്കുന്നു എന്നതില്‍ അവര്‍ (പണ്ഡിതന്മാര്‍) ഏകോപിച്ചിരിക്കുന്നു; 'അബ്ദുല്‍ മുത്ത്വലിബ്' എന്ന പേര് ഒഴിച്ച്.

(അഅ്റാഫ് 190 ാം) ആയത്തിനെക്കുറിച്ച് ഇബ്നു അബ്ബാസ് (رَضِيَ اللَّهُ عَنْهُ) പറഞ്ഞു: ആദം അവരെ (ഹവ്വയെ) പ്രാപിച്ചപ്പോള്‍ അവര്‍ ഗര്‍ഭം ധരിച്ചു. അപ്പോള്‍ അവരുടെ അടുത്ത് ഇബ്‌ലീസ് ചെന്നുകൊണ്ട് പറഞ്ഞു. ഞാന്‍ നിങ്ങളെ രണ്ടുപേരേയും സ്വര്‍ഗ്ഗത്തില്‍നിന്നും പുറത്താക്കിയവനാണ്. നിങ്ങള്‍ എന്നെ അനുസരിക്കുകതന്നെ വേണം. ഇല്ലെങ്കില്‍ ഞാന്‍ അതിന് (ഗര്‍ഭസ്ഥശിശുവിന്) മാനിന്റെ രണ്ട് കൊമ്പുകള്‍ നല്കും. നിന്റെ വയറ്റില്‍ നിന്നും പുറത്തു വരുമ്പോള്‍ അത് നിന്റെ വയറ് പിളര്‍ക്കും.

ഇബ്'ലീസ് അവരെ പലതും ചെയ്യുമെന്ന് ഭയപ്പെടുത്തി കൊണ്ടിരുന്നു.

നിങ്ങൾ രണ്ടുപേരും അവന് 'അബ്ദുൽ ഹാരിഥ്' എന്ന് പേരിടുക.

അവർ രണ്ട് പേരും അവനെ അനുസരിക്കുവാൻ വിസമ്മതിച്ചു. അപ്പോൾ കുട്ടി മയ്യിത്തായി പുറത്തുവന്നു.

വീണ്ടും അവർ ഗർഭിണിയായി. പിശാച് വീണ്ടും അവരുടെ അടുത്ത് വന്ന് മുമ്പത്തേത് പോലെ സംസാരിച്ചു. അവർ രണ്ടുപേരും അവനെ അനുസരിക്കുവാൻ വിസമ്മതിച്ചു. അപ്പോഴും കുട്ടി മയ്യിത്തായി പുറത്തുവന്നു.

വീണ്ടും അവർ ഗർഭിണിയായി. പിശാച് വീണ്ടും അവരുടെ അടുത്ത് വന്ന് സംസാരിച്ചു. കുട്ടിയോടുള്ള സ്നേഹം അവരെ പിടികൂടുകയും അവർ ആ കുട്ടിക്ക് 'അബ്ദുൽ ഹാരിഥ്' എന്ന് പേരിടുകയും ചെയ്തു.

അതത്രെ അല്ലാഹു (تَعَالَى) യുടെ വചനം: "അവർക്കവൻ നൽകിയതിൽ അവർ അവന് പങ്കുകാരെ ഏർപ്പെടുത്തി" ഇബ്നു അബീ ഹാതിം ഉദ്ധരിച്ചത്

ക്വതാദ (رحمه الله) വിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: അവന് അനുസരണത്തിലുള്ള പങ്കാളികളാക്കി. ശിർക്ക് ആരാധന നല്കുന്നതിലായിരുന്നില്ല.

(നീ ഞങ്ങൾക്ക് നല്ല സന്താനത്തെ തന്നാൽ) എന്ന അല്ലാഹു (تَعَالَى) യുടെ വചനത്തിന് ഇമാം മുജാഹിദ് (رحمه الله) പറഞ്ഞു: "അവർ രണ്ടുപേരും (ജനിക്കുന്ന കുട്ടി) മനുഷ്യനാവുകയില്ലേ എന്ന് ഭയപ്പെട്ടു."

ഇമാം ഹസൻ (رحمه الله) വിൽനിന്നും സഈദ് (رحمه الله) വിൽ നിന്നും മറ്റും ഈ ആശയം പറയപ്പെട്ടിട്ടുണ്ട്.

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. അല്ലാഹു (تَعَالَى) അല്ലാത്തവരുടെ അടിമയാണ് എന്നറിയിക്കുന്ന മുഴുവൻ പേരുകളും ഹറാമാണ്.

2. മേൽ സൂചിപ്പിക്കപ്പെട്ട ആയത്തിന്റെ തഫ്സീർ.

3. ഈ ശിർക്ക് വന്നത് കേവലം പേര് വെക്കലിൽ മാത്രമാണ്. അതിന്റെ യാഥാർത്ഥ്യം ഉദ്ദേശിക്കപ്പെട്ടിട്ടില്ല.

4. അല്ലാഹു (تَعَالَى) ഒരാൾക്ക് മികവൊത്തൊരു പെൺകുട്ടിയെ ദാനമായി നൽകൽ അവന്റെ അനുഗ്രഹത്തിൽ പെട്ടതാണ്.

5. അനുസരണത്തിൽ വരുന്ന 'ശിർക്കും' ഇബാദത്തിൽ വരുന്ന 'ശിർക്കും' തമ്മിലെ വ്യത്യാസം സലഫുകൾ ഉണർത്തിയത്.

# അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം

“അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക, അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക.” (സൂറതുൽ അഅ്റാഫ്: 180)

(അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ) എന്ന വചനത്തിന്റെ തഫ്സീറെന്നോണം ഇബ്നു അബ്ബാസ് (رَضِيَ اللَّهُ عَنْهُ) പറഞ്ഞു: “അവർ പങ്കുചേർക്കുന്നു.”

അദ്ദേഹത്തിൽ നിന്നും തന്നെ വീണ്ടും രിവായത്ത് ചെയ്യപ്പെടുന്നു. 'ലാത്ത' എന്നത് 'അൽഇലാഹ് ' എന്നതിൽ നിന്നും 'ഉസ്സാ' എന്നത് 'അൽഅസീസ്' എന്നതിൽ നിന്നും അവർ പേരു വെച്ചതാണ്.

ഇമാം അഅ്മശ് (رحمه الله) വിൽനിന്നും നിവേദനം: “അവർ അതിൽ (അല്ലാഹുവിന്റെ നാമങ്ങളിൽ) ഇല്ലാത്തത് അതിൽ കടത്തിക്കൂട്ടുന്നു.”

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. അല്ലാഹു (تَعَالَى) ക്ക് നാമങ്ങൾ സ്ഥിരീകരിക്കൽ.

2. പ്രസ്തുത നാമങ്ങൾ അത്യുത്തമങ്ങളാണ്.

3. അവകൊണ്ട് അല്ലാഹു (تَعَالَى) യോട് 'ദുആ' ചെയ്യുവാനുള്ള കല്പന.

4. അല്ലാഹു (تَعَالَى) യുടെ നാമങ്ങളിൽ (പങ്കുചേർത്തും അവയെ നിഷേധിച്ചും കളവാക്കിയും) 'ഇൽഹാദ്' നടത്തുന്നവരെ കയ്യൊഴിക്കൽ.

5. അവയിൽ 'ഇൽഹാദ്' നടത്തുന്നതിന്റെ വിവരണം.

6. 'ഇൽഹാദ്' നടത്തുന്നവർക്കുള്ള താക്കീത്

# 'അസ്സലാമു അലല്ലാഹ്' (അല്ലാഹുവിന് സലാം) എന്ന് പറയാൻ പാടില്ല

ഇബ്നു മസ്ഊദ് (رَضِيَ اللَّهُ عَنْهُ) വിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: "ഞങ്ങൾ പ്രവാചകൻ -ﷺ- യോടൊപ്പം നമസ്കാരത്തിലായാൽ ഞങ്ങൾ പറയാറുണ്ടായിരുന്നു. "അസ്സലാമു അലല്ലാഹി മിൻ ഇബാദിഹി. അസ്സലാമു അലാ ഫുലാനിൻ വഫുലാനിൻ." (അല്ലാഹുവിന്റെ മേൽ അടിയാറുകളുടെ സലാമുണ്ടാകട്ടെ, നിർദ്ദിഷ്ട വ്യക്തികൾക്കും സലാമുണ്ടാകട്ടെ).

അപ്പോൾ നബി -ﷺ- പറഞ്ഞു: "നിങ്ങൾ 'അസ്സലാമു അലല്ലാഹ്' (അല്ലാഹുവിന്റെ മേൽ അടിയാറുകളുടെ സലാമുണ്ടാകട്ടെ) എന്ന് പറയരുത്. കാരണം അവനാകുന്നു 'അസ്സലാം'." (ബുഖാരി)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. 'അസ്സലാമി' ന്റെ തഫ്സീർ.

2. അത് അഭിവാദ്യമാണ്.

3. 'അസ്സലാമു അലല്ലാഹ്' എന്ന് പറയാവതല്ല.

4. അതിന്റെ കാരണം.

5 അല്ലാഹു (تَعَالَى) യോട് ആകാവുന്ന 'തഹിയ്യത്ത്' അവരെ പഠിപ്പിക്കൽ.

# 'അല്ലാഹുവേ നീ ഉദ്ദേശിച്ചുവെങ്കിൽ പൊറുക്കേണമേ' എന്ന തേട്ടം

അബൂഹുറയ്റ (رَضِي الله عَنْهُ) വിൽ നിന്നും നിവേദനം. അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: 'നിങ്ങളിൽ ഒരാൾ "അല്ലാഹുവേ! നീ ഉദ്ദേശിച്ചെങ്കിൽ എനിക്ക് പൊറുത്തുതരൂ, അല്ലാഹുവേ നീ ഉദ്ദേശിച്ചെങ്കിൽ എന്നോട് കരുണകാണിക്കൂ" എന്ന് പറയരുത്. അയാൾ തേട്ടം ഉറപ്പിക്കട്ടെ, കാരണം അല്ലാഹുവിനെ നിർബന്ധിക്കുവാൻ ആരുമില്ല.' (ബുഖാരി)

ഇമാം മുസ്ലിമിന്റെ രിവായത്തിൽ കാണാം: "അവർ ആഗ്രഹിക്കുന്നത് മഹത്തരമാക്കട്ടെ. കാരണം അല്ലാഹു അടിയാന് നൽകുന്ന യാതൊന്നും അവന് വലിയതായിരിക്കുകയില്ല."

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. പ്രാർത്ഥനയിൽ 'ഇസ്തിഥ്നാഅ്' (അല്ലാഹു ഉദ്ദേശിച്ചെങ്കിൽ എന്ന് പറയുന്നത്) വിലക്കപ്പെട്ടിരിക്കുന്നു.

2. അതിന്റെ കാരണം വ്യക്തമാക്കുന്നു.

3. 'ചോദ്യം ഉറപ്പിക്കട്ടെ' എന്ന വചനം.

4. വലുത് തന്നെ ആഗ്രഹിക്കുക.

5. ഈ വിഷയത്തിന്റെ കാരണം.

# 'അബ്ദീ' 'അമതീ' എന്നീ വിളികൾ പാടില്ല

സ്വഹീഹുൽ ബുഖാരിയിൽ വന്നിരിക്കുന്നു: അബൂഹുറ യ്റ (رَضِي ٱللَّه عَنْهُ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റ സൂൽ -ﷺ- പറഞ്ഞു: "നിങ്ങളിൽ ആരും 'നീ നിന്റെ റബ്ബിനെ ഭക്ഷണം വിളമ്പുക', 'നീ നിന്റെ റബ്ബിന് വുദൂ ചെയ്തുകൊ ടുക്കുക' എന്നിങ്ങനെ പറയരുത്.

പകരം 'സയ്യിദീ' (എന്റെ സയ്യിദേ) 'മൗലായ' (എന്റെ മൗ ലാ) എന്ന് പറഞ്ഞുകൊള്ളട്ടെ. നിങ്ങളിൽ ഒരാളും 'അബ്ദീ' (എന്റെ അടിമ) 'അമതീ'(എന്റെ അടിമപ്പെണ്ണ്) എന്ന് പറയ രുത് പകരം 'ഫതായ' (എന്റെ ഫതാ) 'ഫതാതീ' (എന്റെ ഫ ത്താത്) ഗുലാമീ (എന്റെ ഗുലാം) എന്നിങ്ങനെ പറയട്ടെ.' (ബുഖാരി)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. 'അബ്ദീ' 'അമതീ' എന്നിവ പറയുന്നതിലെ വിരോധം.

2. അടിമ യജമാനനെ 'എന്റെ റബ്ബ്' എന്ന് പറയരുത്. അ ടിമയോട് 'നിന്റെ റബ്ബിന് ഭക്ഷണം നൽകുക' എന്നിങ്ങനെ യും പറയരുത്.

3. അടിമയുടെ ഉടമസ്ഥനോട് തന്റെ അടിമയെ 'ഫതായ', 'ഫതാതി', 'ഗുലാമീ' എന്നിങ്ങനെ വിളിക്കുവാൻ പഠിപ്പിക്കു ന്നു. (അബ്ദ്, അമത് എന്നീ വാക്കുകളേക്കാൾ ഗൗരവം കുറ

ഞ്ഞതും കേവല അടിമത്വം മാത്രം സൂചിപ്പിക്കുന്നതുമായ പദങ്ങളാണിവ).

4. അടിമയോട് തന്റെ യജമാനനെ 'സയ്യിദീ', 'മൗലായ്' എന്നിങ്ങനെ വിളിക്കുവാൻ പഠിപ്പിക്കുന്നു. (റബ്ബ് എന്ന പദത്തേക്കാൾ ഗൗരവം കുറഞ്ഞതും കേവല ഉടമസ്ഥാവകാശം മാത്രം സൂചിപ്പിക്കുന്നതുമായ പദങ്ങളാണിവ).

5. പദപ്രയോഗങ്ങളിൽവരെ തൗഹീദിനെ സാക്ഷാത്കരിക്കലാണ് ഇതുകൊണ്ടുള്ള ഉദ്ദേശമെന്ന് ഉണർത്തുന്നു.

# അല്ലാഹുവിന്റെ പേരിൽ ചോദിച്ചാൽ കൊടുക്കാതെ മടക്കരുത്

ഇബ്നു ഉമർ (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "അല്ലാഹുവിനെ കൊണ്ട് (അവന്റെ പേരിൽ) ആരെങ്കിലും അഭയം തേടിയാൽ നിങ്ങൾ അയാൾക്ക് അഭയം നൽകുക. അല്ലാഹുവിനെ കൊണ്ട് വല്ലതും ചോദിച്ചാൽ അവന് നിങ്ങൾ നൽകുക. ആരെങ്കിലും നിങ്ങളെ ക്ഷണിച്ചാൽ അവന് നിങ്ങൾ ഉത്തരം നൽകുക. വല്ലവരും നിങ്ങൾക്ക് നന്മ ചെയ്തുതന്നാൽ അയാൾക്ക് പ്രത്യുപകാരം ചെയ്യുക. അയാൾക്ക് നിങ്ങൾ പ്രത്യുപകാരം ചെയ്യുവാൻ ഒന്നും നിങ്ങൾ കണ്ടിട്ടില്ലെങ്കിൽ അയാൾക്ക് വേണ്ടി നിങ്ങൾ ദുആയിരക്കുക. നിങ്ങൾ അയാൾക്ക് പ്രത്യുപകാരം ചെയ്തു എന്ന് നിങ്ങൾക്ക് തോന്നുന്നതുവരെ." (അബൂ ദാവൂദ്, നസാഈ)

### ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ

1. അല്ലാഹു (تَعَالَى) യെ മുൻനിർത്തി അഭയം തേടുന്നവർക്ക് അഭയം നൽകൽ.

2. അല്ലാഹു (تَعَالَى)യെ മുൻനിർത്തി വല്ലതും ചോദിച്ചാൽ നൽകൽ.

3. ക്ഷണം സ്വീകരിക്കൽ.

4. നന്മ ചെയ്തു തന്നാൽ പ്രത്യുപകാരം ചെയ്യൽ.

5. പ്രത്യുപകാരം ചെയ്യുവാൻ കഴിയാത്തവർ പ്രാർത്ഥിച്ചാൽ അതാണ് അവരുടെ 'മുകാഫഅഃ' (പ്രത്യുപകാരം ചെയ്യൽ).

6. 'നിങ്ങൾ പ്രത്യുപകാരം ചെയ്തു എന്ന് വിചാരിക്കുന്നതുവരെ' എന്ന വാക്ക്.

# അല്ലാഹുവിന്റെ വജ്ഹുകൊണ്ട് സ്വർഗമല്ലാതെ ചോദിച്ചുകൂടാ.

ജാബിർ (رَضِيَ اللَّهُ عَنْهُ) വിൽനിന്നും നിവേദനം. അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "അല്ലാഹുവിന്റെ വജ്ഹിനെ മുൻനിർത്തി സ്വർഗ്ഗമല്ലാതെ ചോദിക്കപ്പെടാവതല്ല." (അബൂദാവൂദ്)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ**

1. അല്ലാഹു (تَعَالَى) യുടെ 'വജ്ഹി'നെ മുൻനിർത്തി ആവശ്യങ്ങളിൽ പരമമായത് അല്ലാതെ തേടുന്നതിലുള്ള വിരോധം.

2. അല്ലാഹു (تَعَالَى) ക്ക് 'വജ്ഹ് '(തിരുമുഖം) എന്ന സ്വിഫത്ത് (വിശേഷണം) ഉണ്ടെന്ന സ്ഥിരീകരണം.

# 'ലൗ' (എങ്കിൽ) എന്ന് പറയുന്നതിലെ വിലക്ക്

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: “അവർ പറയുന്നു: "കാര്യത്തിൽ നമുക്ക് വല്ല സ്വാധീനവുമുണ്ടായിരുന്നുവെങ്കിൽ നാം ഇവിടെവെച്ച് കൊല്ലപ്പെടുമായിരുന്നില്ല.” (ആലു ഇംറാൻ 154)

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: “(യുദ്ധത്തിനു പോകാതെ) വീട്ടിലിരിക്കുകയും (യുദ്ധത്തിനു പോയ) സഹോദരങ്ങളെപ്പറ്റി 'ഞങ്ങളുടെ വാക്ക് സ്വീകരിച്ചിരുന്നുവെങ്കിൽ അവർ കൊല്ലപ്പെടുമായിരുന്നില്ല' എന്നു പറയുകയും ചെയ്തവരാണ് അവർ (കപടന്മാർ).” (ആലു ഇംറാൻ: 168)

അബൂഹുറയ്റ (رَضِيَ اللَّهُ عَنْهُ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: “താങ്കൾക്ക് ഉപകാരപ്പെടുന്നതിൽ താങ്കൾ തൽപരത കാണിക്കുക. താങ്കൾ അല്ലാഹുവോട് സഹായാർത്ഥന നടത്തുക. താങ്കൾ ഒരിക്കലും ദുർബലനാകരുത്. താങ്കൾക്ക് വല്ലതും ബാധിച്ചാൽ താങ്കൾ 'ഞാൻ ഇങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇപ്രകാരമൊക്കെ ആകുമായിരുന്നു എന്നു പറയരുത്. എന്നാൽ താങ്കൾ 'അല്ലാഹു 'ക്വദ്റാ'ക്കിയതാണ് (നിർണയിച്ചതാണ്); അവനുദ്ദേശിക്കുന്നത് അവൻ പ്രവർത്തിക്കുന്നു' എന്ന് പറയുക. കാരണം 'ലൗ' (എങ്കിൽ) എന്നത് പിശാചിന്റെ പ്രവർത്തനത്തെ തുറക്കും.” (മുസ്‌ലിം)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. ആലു ഇംറാൻ സൂറത്തിലെ രണ്ട് ആയത്തുകളുടെ (154, 168 ) തഫ്സീർ.

2. താങ്കൾക്ക് വല്ലതുമേറ്റാൽ 'ലൗ' എന്ന് പറയുന്നതിലെ വ്യക്തമായ വിലക്ക്.

3. പ്രസ്തുത വിഷയത്തിന്റെ കാരണം, 'ലൗ' (എങ്കിൽ) എന്നത് പിശാചിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും എന്നതാണ്.

4. നല്ല സംസാരം നിർവ്വഹിക്കുവാനുള്ള നിർദേശം.

5. അല്ലാഹു (تَعَالَى) യോട് സഹായാർത്ഥന നടത്തുന്നതോടൊപ്പം ഉപകാരപ്രദമായതിന് അതിതൽപരത കാണിക്കുവാനുള്ള കല്പന.

6. അതിനെതിരിലുള്ള കാര്യം അഥവാ കഴിവുകെട്ടവനാവുക എന്നത് വിലക്കപ്പെട്ടിരിക്കുന്നു.

# കാറ്റിനെ ചീത്ത പറയരുത്

ഉബയ്യ് ഇബ്നു കഅ്ബ് (رَضِيَ اللَّهُ عَنْهُ) വിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: “നിങ്ങൾ കാറ്റിനെ ചീത്ത പറയരുത്. നിങ്ങൾക്ക് അരോജകമായത് നിങ്ങൾ കണ്ടാൽ നിങ്ങൾ പറയുക: അല്ലാഹുവേ, ഈ കാറ്റിന്റെ നന്മയിൽ നിന്നും അതിലുള്ള നന്മയിൽ നിന്നും അത് എന്തൊന്ന് കൊണ്ട് കൽപ്പിക്കപ്പെട്ടുവോ അതിലുള്ള നന്മയിൽ നിന്നും ഞങ്ങൾ നിന്നോട് തേടുന്നു. ഈ കാറ്റിന്റെ കെടുതിയിൽ നിന്നും അതിലുള്ള കെടുതിയിൽ നിന്നും അതുകൊണ്ട് കല്പിക്കപ്പെട്ട കെടുതിയിൽ നിന്നും ഞങ്ങൾ നിന്നോട് അഭയം തേടുന്നു.” (ഇമാം തുർമുദി ഈ ഹദീസ് സ്വഹീഹാക്കി)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. കാറ്റിനെ ശകാരിക്കുന്നതിലെ വിരോധം.

2. മനുഷ്യൻ അനിഷ്ടകരമായത് കാണുമ്പോൾ ഉപകാരപ്രദമായ സംസാരം നടത്തണമെന്നതിലേക്കുള്ള ബോധവൽകരണം.

3. കാറ്റ് കല്പിക്കപ്പെട്ടതാണെന്ന നിദർശനം.

4. കാറ്റ് ചിലപ്പോൾ നന്മകൊണ്ട് കല്പിക്കപ്പെടും, ചിലപ്പോൾ തിന്മകൊണ്ട് കല്പിക്കപ്പെടും.

# അല്ലാഹുവിന്റെ വചനത്തെക്കുറിച്ചുള്ള അധ്യായം

"അല്ലാഹുവെപ്പറ്റി സത്യവിരുദ്ധമായ അനിസ്ലാമിക ധാരണ അവര്‍ ധരിക്കുന്നു. അവര്‍ പറയുന്നു: കാര്യത്തില്‍ നമുക്ക് വല്ല സ്വാധീനവുമുണ്ടോ? (നബിയേ,) പറയുക: കാര്യമെല്ലാം അല്ലാഹുവിന്റെ അധീനത്തിലാകുന്നു. നിന്നോട് അവര്‍ വെളിപ്പെടുത്തുന്നതല്ലാത്തത് മനസ്സുകളില്‍ അവര്‍ ഒളിച്ചു വെക്കുന്നു. അവര്‍ പറയുന്നു: കാര്യത്തില്‍ നമുക്കു വല്ല സ്വാധീനവുമുണ്ടായിരുന്നുവെങ്കില്‍ നാം ഇവിടെ വെച്ച് കൊല്ലപ്പെടുമായിരുന്നില്ല.

(നബിയെ,) പറയുക: നിങ്ങള്‍ സ്വന്തം വീടുകളില്‍ ആയിരുന്നാല്‍ പോലും കൊല്ലപ്പെടാന്‍ വിധിക്കപ്പെട്ടവര്‍ തങ്ങള്‍ മരിച്ചുവീഴുന്ന സ്ഥാനങ്ങളിലേക്ക് (സ്വയം) പുറപ്പെട്ടുവരുമായിരുന്നു. നിങ്ങളുടെ മനസ്സുകളിലുള്ളത് അല്ലാഹു പരീക്ഷിച്ചറിയുവാന്‍ വേണ്ടിയും, നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് ശുദ്ധീകരിച്ചെടുക്കുവാന്‍ വേണ്ടിയുമാണിതെല്ലാം. മനസ്സുകളിലുള്ളതെല്ലാം അറിയുന്നവനാകുന്നു അല്ലാഹു." (ആലു ഇംറാന്‍: 154)

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "അല്ലാഹുവെപ്പറ്റി തെറ്റായ ധാരണ വെച്ചുപുലര്‍ത്തുന്നവര്‍, അവരുടെമേല്‍ തിന്മയുടെ വലയമുണ്ട്. അല്ലാഹു അവരുടെ നേരെ കോപിക്കുകയും അവരെ ശപിക്കുകയും അവര്‍ക്കുവേണ്ടി നര

കം ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു. ചെന്നുചേരുവാനുള്ള ആ സ്ഥലം എത്രമോശം." (സൂറത്തുൽ ഫത്ഹ്: 6)

ഒന്നാമത്തെ ആയത്തിന്റെ വിഷയത്തിൽ ഇമാം ഇബ്നുൽ ക്വയ്യിം (رحمه الله) പറഞ്ഞു: "അല്ലാഹു (تَعَالَى) തന്റെ തിരുദൂതരെ സഹായിക്കില്ലെന്നും പ്രവാചകൻ -ﷺ- യുടെ കാര്യം നിഷ്പ്രഭമാകുമെന്നും (ഈ ആയത്തിൽ പരാമർശിക്കപ്പെട്ട) ഊഹം വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. തനിക്കേറ്റത് അല്ലാഹുവിന്റെ 'ക്വദ്റ്' കൊണ്ടോ 'ഹിക്മത്ത്' കൊണ്ടോ അല്ല എന്നും പ്രസ്തുത ഊഹം വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. 'ഹിക്മത്തി'നേയും 'ക്വദ്റി'നേയും നിഷേധിക്കലായും പ്രസ്തുത ഊഹം വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്.

അല്ലാഹു അവന്റെ ദൂതന്റെ കാര്യം (ദീൻ) പൂർത്തീകരിച്ച് കൊടുക്കുമെന്നതിനേയും പ്രസ്തുത ദീനിനെ മറ്റു മതങ്ങളുടെമേൽ അതിജയിപ്പിക്കുമെന്നതിനേയും നിഷേധിക്കലായി ഈ ഊഹം വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ഇതത്രെ സൂറത്തുൽ ഫത്ഹിൽ പരാമർശിക്കപ്പെട്ട, കപട വിശ്വാസികളും ബഹുദൈവ വിശ്വാസികളും ഊഹിച്ചതായ ചീത്ത വിചാരം. അല്ലാഹുവെക്കുറിച്ചും അവന്റെ 'ഹിക്മത്തി'നും, സ്തുതിക്കും, സത്യസന്ധമായ വാഗ്ദാനത്തിനും അനുയോജ്യമല്ലാത്തത് വിചാരിച്ചതാണ് അവരുടെ ധാരണ ചീത്തയാകുവാൻ കാരണം.

ആരെങ്കിലും അല്ലാഹുവിനെക്കുറിച്ച് സത്യം നിഷ്പ്രഭമാകുമാറ് സത്യത്തിനെതിരിൽ അവൻ അസത്യത്തെ സഹായിക്കുമെന്ന് ധരിക്കുകയോ, അല്ലാഹുവിന്റെ 'ക്വദാ ക്വദ്റി'ൽ സംഭവിക്കുന്നതിനെ നിഷേധിക്കുകയോ, മുഴുവൻ സ്തുതികളും അർഹിക്കും വിധം തികഞ്ഞ 'ഹിക്മത്തോ'ട് (യുക്തിയോടു) കൂടിയാണ് അല്ലാഹുവിന്റെ 'ക്വദ്റ്' (വിധിനിർ

ണയം) എന്നതിനെ നിഷേധിക്കുകയോ, അവന്റെ വിധിക്കു പിന്നിൽ 'മശീഅത്' (ഉദ്ദേശം) മാത്രമേയുള്ളു, യാതൊരു 'ഹിക്മത്തു'മില്ല, എന്ന് ജൽപ്പിക്കുകയോ ചെയ്താൽ അതെല്ലാം അല്ലാഹുവിനെക്കുറിച്ചുള്ള കാഫിറുകളുടെ ചീത്ത ധാരണകളാണ്.

“ആകയാൽ അവിശ്വാസികൾക്ക് നരകശിക്ഷയാൽ മഹാനാശം!” അധികജനങ്ങളും, അല്ലാഹുവിനെക്കുറിച്ച് ചീത്ത ധാരണ കൊണ്ടുനടക്കുന്നു. തങ്ങൾക്ക് പ്രത്യേകമായ വിഷയങ്ങളിലാകട്ടെ മറ്റുള്ളവരിൽ അല്ലാഹു (تَعَالَى) ചെയ്യുന്ന വിഷയങ്ങളിലാകട്ടെ പല മോശം ധാരണകളും വെച്ചുപുലർത്തുന്നവരാണ് മനുഷ്യരിലധികവും. അല്ലാഹുവിനെയും അവന്റെ നാമങ്ങളെയും വിശേഷണങ്ങളെയും മനസിലാക്കിയവരല്ലാതെ അതിൽ നിന്ന് രക്ഷപ്പെടുകയില്ല. അല്ലാഹുവിന്റെ പരിപൂർണമായ യുക്തിയും അവൻ സ്തുതികൾക്ക് അർഹനാണ് എന്നതും അനിവാര്യമാക്കുന്ന കാര്യങ്ങളെന്താണെന്ന് അറിഞ്ഞവരല്ലാതെ ഇതിൽ നിന്ന് രക്ഷപ്പെടുകയില്ല.

ആയതിനാൽ സ്വന്തം നഫ്സിനോട് ഗുണകാംക്ഷയുള്ള ബുദ്ധിമാൻ ഇത് കണക്കിലെടുക്കട്ടെ. തന്റെ റബ്ബിനെക്കുറിച്ച് ചീത്തയായ ധാരണ കൊണ്ടുനടന്നവൻ അല്ലാഹു (تَعَالَى) യോട് പാപമോചനം തേടട്ടെ. തൗബ ചെയ്യട്ടെ

നീ ജനങ്ങളെ ഒന്നു പരിശോധിച്ചാൽ 'ക്വദ്റി'നെ ആക്ഷേപിക്കുകയും ഉപദ്രവകരമായി വിലയിരുത്തുകയും ചെയ്യുന്നത് കാണാം. 'അത് ഈ രീതിയിലാകലായിരുന്നു സംഗതം' എന്നിങ്ങനെ 'ക്വദ്റി'നെതിരിൽ അവർ സംസാരിക്കും. ഈ വിഷയത്തിൽ ആളുകൾ ചിലർ കൂടുതൽ പറയുന്നവരാണ്. മറ്റുചിലർ കുറച്ച് സംസാരിക്കുന്നവരാണ്. നീ സുര

ക്ഷിതനാണോ ഈ വിഷയത്തിൽ എന്ന് നിന്നെത്തന്നെ പരിശോധിക്കുക.

നീ അതിൽ നിന്നു രക്ഷപ്പെട്ടുവെങ്കിൽ വലിയ വിപത്തിൽ നിന്നാണ് നീ രക്ഷപ്പെട്ടത്. അല്ലെങ്കിൽ ഞാൻ നിന്നെ രക്ഷപ്പെട്ടവനായി വിചാരിക്കുന്നില്ല.”

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. സൂറത്ത് ആലുഇംറാനിലെ ആയത്തിന്റെ തഫ്സീർ.

2. സൂറത്തുൽ ഫത്ഹിലെ ആയത്തിന്റെ തഫ്സീർ.

3. 'ള്വന്ന്' (ഊഹം) വിവിധങ്ങളാണെന്നും അവ അഗണ്യങ്ങളാണെന്നുമുള്ള അറിവ്.

4. അല്ലാഹു (تَعَالَى) യുടെ 'അസ്മാഉ സ്വിഫാത്തുകൾ' (നാമവിശേഷണങ്ങൾ) അറിഞ്ഞുമനസ്സിലാക്കിയവരും സ്വന്തത്തെ അറിഞ്ഞവരുമല്ലാതെ അതിൽ നിന്ന് രക്ഷപ്പെടില്ല.

# 'ക്വദ്ർ' നിഷേധികൾ

ഇബ്നു ഉമർ (رَضِيَ اللَّهُ عَنْهُ) പറഞ്ഞു: "ഇബ്നു ഉമറിന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാണെ സത്യം, അവരിൽ ഒരാൾക്ക് ഉഹ്ദ് മലയോളം സ്വർണ്ണമുണ്ടാവുകയും, അത് അയാൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുകയും ചെയ്താലും 'ക്വദ്റി'ൽ വിശ്വസിക്കുന്നതുവരെ അല്ലാഹു അയാളിൽ നിന്നും അത് സ്വീകരിക്കുകയില്ല.

എന്നിട്ട് അദ്ദേഹം പ്രവാചകൻ -ﷺ- യുടെ ഈ വചനം തെളിവു പിടിച്ചു: "ഈമാൻ എന്നാൽ താങ്കൾ അല്ലാഹുവിലും അവന്റെ മലക്കുകളിലും, കിതാബുകളിലും, റസൂലുകളിലും, അന്ത്യനാളിലും, 'ക്വദ്റി'ൽ; അതിന്റെ ഖൈറിലും (നന്മയിലും) ശർറിലും (തിന്മയിലും) വിശ്വസിക്കലാണ്." (മുസ്ലിം ഉദ്ധരിച്ചത്)

ഉബാദത് ഇബ്നു സ്വാമിത് (رَضِيَ اللَّهُ عَنْهُ) വിൽനിന്നും നിവേദനം: അദ്ദേഹം തന്റെ മകനോട് പറഞ്ഞു: "എന്റെ മകനേ! നിശ്ചയം, നിന്നെ ബാധിച്ചത് നിന്നിൽനിന്നും തെറ്റിപോകേണ്ടതായിരുന്നില്ലെന്നും, നിന്നിൽ നിന്ന് തെറ്റിപ്പോയത് നിനക്ക് ഏൽക്കേണ്ടതായിരുന്നില്ലെന്നും നീ അറിയുന്നതുവരെ നീ ഈമാനിന്റെ രുചി അറിഞ്ഞവനാവുകയില്ല. അല്ലാഹുവിന്റെ റസൂൽ -ﷺ- പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. "നിശ്ചയം, അല്ലാഹു ആദ്യമായി പടച്ചത് പേനയാണ്. അപ്പോൾ അതിനോട് അല്ലാഹു പറഞ്ഞു: നീ എഴുത്. അപ്പോൾ

അത് (പേന) പറഞ്ഞു: എന്റെ രക്ഷിതാവേ, എന്താണ് ഞാൻ എഴുതേണ്ടത്?

അല്ലാഹു പറഞ്ഞു: ക്വിയാമതുനാൾ സംഭവിക്കുന്നതുവരെയുള്ള എല്ലാ കാര്യത്തിന്റേയും 'മക്വാദീർ' (വിധിനിർണ്ണയങ്ങൾ)."

എന്റെ മകനേ, അല്ലാഹുവിന്റെ റസൂൽ -ﷺ- പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: "ആരെങ്കിലും ഇതിൽ (ഈ വിശ്വാസത്തിൽ) അല്ലാതെയാണ് മരണപ്പെടുന്നതെങ്കിൽ അവൻ എന്നിൽപ്പെട്ടവനല്ല"

ഇമാം അഹ്മദിന്റെ രിവായത്തിൽ കാണാം: "നിശ്ചയം, ആദ്യമായി അല്ലാഹു സൃഷ്ടിച്ചത് പേനയേയാണ്. അപ്പോൾ അല്ലാഹു അതിനോട് 'നീ എഴുത്' എന്ന് പറഞ്ഞു. അപ്പോൾ ആ സമയത്തുതന്നെ അന്ത്യനാൾവരെ ഉണ്ടാകുവാനിരിക്കുന്ന എല്ലാം എഴുതി."

ഇമാം ഇബ്നു വഹബ്(رحمه الله)ന്റെ രിവായത്തിൽ വന്നത് ഇപ്രകാരമാണ്: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "ആരെങ്കിലും 'ക്വദ്റി'ന്റെ ഖൈറിലും ശർറിലും വിശ്വസിച്ചിട്ടില്ലെങ്കിൽ അവനെ അല്ലാഹു നരകാഗ്നിയാൽ ചുട്ടുകരിക്കുന്നതാണ്."

ഇബ്നു ദ്‌യ്‌ലമിയിൽ (رحمه الله) നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: "ഞാൻ ഉബയ്യ് ഇബ്നു കഅ്ബിന്റെ അടുത്ത് ചെന്നു. ഞാൻ പറഞ്ഞു: എന്നിൽ 'ക്വദ്റി'നെക്കുറിച്ച് ചില (സന്ദേഹമുള്ള) കാര്യങ്ങളുണ്ട്, താങ്കൾ എനിക്ക് വല്ലതും പറഞ്ഞുതരിക; ഒരുവേള അതുകൊണ്ട് അല്ലാഹു എന്റെ ഹൃദയത്തിൽ നിന്ന് അവ നീക്കിതരും. അപ്പോൾ അ

ദ്ദേഹം പറഞ്ഞു: ഉഹ്ദ് മലയോളം സ്വർണ്ണം താങ്കൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിച്ചാലും, 'ക്വദ്റി'ൽ വിശ്വസിക്കുന്നതുവരെയും, താങ്കൾക്ക് ബാധിച്ച ഒന്നും തന്നെ താങ്കളിൽ നിന്ന് തെറ്റിപോകുമായിരുന്നില്ലെന്നും, താങ്കളിൽ നിന്ന് തെറ്റിപ്പോയത് താങ്കൾക്ക് ഏൽക്കുമായിരുന്നില്ലെന്നും താങ്കൾ മനസ്സിലാക്കുന്നതുവരെയും അല്ലാഹു അത് താങ്കളിൽ നിന്ന് സ്വീകരിക്കുകയില്ല. ഇതിലല്ലാതെ (ക്വദ്റിലുള്ള ഈ വിശ്വാസത്തിലല്ലാതെ)യാണ് താങ്കൾ മരണപ്പെടുന്നതെങ്കിൽ താങ്കൾ നരകാഗ്നിയുടെ ആളുകളിൽപ്പെട്ടുപോകും, തീർച്ച."

(ഇബ്നു ദ്ദയ്ലമി) പറയുന്നു: "ഞാൻ ഇബ്നു മസ്ഊദ് (رَضِيَ اللَّهُ عَنْهُ) വിന്റെ അടുത്തും ഹുദൈഫതുൽ യമാൻ (رَضِيَ اللَّهُ عَنْهُ) വിന്റെ അടുത്തും സയ്ദു ഇബ്നു ഥാബിത്ത് (رَضِيَ اللَّهُ عَنْهُ) വിന്റെ അടുത്തും ചെന്നു. എല്ലാവരും ഇതുപോലെ എന്നോട് പ്രവാചകൻ -ﷺ- യുടെ ഹദീഥ് പറഞ്ഞുതന്നു." (ഹാകിം)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. 'ക്വദ്റി'ൽ വിശ്വസിക്കൽ നിർബന്ധമാണെന്ന് വ്യക്തമാക്കുന്നു.

2 എങ്ങനെ 'ക്വദ്റി'ൽ വിശ്വസിക്കണമെന്ന് വ്യക്തമാക്കുന്നു.

3. 'ക്വദ്റി'ൽ വിശ്വസിക്കാത്തവന്റെ കർമ്മങ്ങൾ നിഷ്ഫലമാണ്.

4. നിശ്ചയം, 'ക്വദ്റി'ൽ വിശ്വസിക്കാതെ ഒരാളും ഈമാനിന്റെ രുചി നുകരുകയില്ല എന്ന വചനം.

5. ആദ്യമായി അല്ലാഹു (تَعَالَى) സൃഷ്ടിച്ചതിനെ കുറിച്ചുണർത്തുന്നു.

6. ആ സമയം മുതൽ ക്വിയാമത്തുനാൾവരെ സംഭവിക്കുവാനിരിക്കുന്നതെല്ലാം (മക്വാദീറുകൾ) രേഖപ്പെടുത്തി.

7. 'ക്വദ്റി'ൽ വിശ്വസിക്കാത്തവരിൽ നിന്ന് നബി -ﷺ- ബന്ധവിച്ഛേദനം പ്രഖ്യാപിച്ചിരിക്കുന്നു.

8. സന്ദേഹങ്ങൾ ദൂരീകരിക്കുന്നതിന് പണ്ഡിതന്മാരോട് ചോദിക്കുക എന്ന സലഫുകളുടെ പതിവ്.

9. പണ്ഡിതന്മാർ (ചോദ്യകർത്താവിന്റെ) സന്ദേഹം നീങ്ങിപോകുംവിധം അയാൾക്ക് ഉത്തരം നൽകി. അല്ലാഹുവിന്റെ റസൂൽ -ﷺ- യിലേക്ക് തങ്ങളുടെ സംസാരം ചേർത്തതുകൊണ്ട് മാത്രമാണ് (ഹദീഥുകൊണ്ട് മറുപടി നൽകിയതിനാലാണ്) അവർക്കത് (സാധ്യമായത്)

# ചിത്രരചനയും രൂപമുണ്ടാക്കലും

അബൂഹുറയ്റ (رَضِيَ اللهُ عَنْهُ) വിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: “അല്ലാഹു (تَعَالَى) പറഞ്ഞിരിക്കുന്നു: 'എന്റെ സൃഷ്ടിപ്പ് പോലെ സൃഷ്ടിക്കുവാൻ തുനിയുന്നവനേക്കാൾ വലിയ അക്രമി ആരുണ്ട്? എങ്കിൽ അവൻ അണുമണി സൃഷ്ടിക്കട്ടെ, അല്ലെങ്കിൽ അവനൊരു ധാന്യമണി സൃഷ്ടിക്കട്ടെ, അതുമല്ലെങ്കിൽ ഒരു ബാർലി സൃഷ്ടിക്കട്ടെ.” (ബുഖാരി, മുസ്‌ലിം)

ബുഖാരിയും മുസ്‌ലിമും തന്നെ ഉദ്ധരിക്കുന്നു: ആഇശ -رَضِيَ اللهُ عَنْهَا- നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: “അന്ത്യനാളിൽ അതികഠിനമായ ശിക്ഷയുള്ളത് അല്ലാഹുവിന്റെ സൃഷ്ടിപ്പിനോട് സാദൃശ്യമുണ്ടാക്കുന്നവർക്കാണ്.”

ഇബ്നു അബ്ബാസ് (رَضِيَ اللهُ عَنْهُ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറയുന്നതായി ഞാൻ കേട്ടു: “എല്ലാ മുസ്വവ്വിറുകളും (രൂപമുണ്ടാക്കുന്നവരും) നരകത്തിലാണ്. അവനുണ്ടാക്കിയ എല്ലാ രൂപങ്ങൾക്കും അന്ത്യനാളിൽ ആത്മാവ് നൽകപ്പെടും. അവകൾ കൊണ്ട് അവനെ നരകാഗ്നിയിൽ ശിക്ഷിക്കും.” (മുസ്‌ലിം)

ഇബ്നു അബ്ബാസ് (رَضِيَ اللهُ عَنْهُ) വിൽ നിന്നും (അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞതായി) നിവേദനം: “ആരെങ്കിലും ദുനിയാവിൽ ഒരു രൂപമുണ്ടാക്കിയാൽ അതിൽ ആത്മാവ്

ഊതുവാൻ അന്ത്യനാളിൽ അവൻ നിർബന്ധിക്കപ്പെടും. ഒരിക്കലും അവന് അത് ഊതുവാനാകില്ല." (ബുഖാരി, മുസ്ലിം)

അബുൽ ഹയ്യാജ് (رحمه الله) വിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: എന്നോട് അലിയ്യ് (ഇബ്നു അബീത്വാലിബ്) പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ -ﷺ- എന്നെ നിയോഗിച്ചതിന് ഞാൻ താങ്കളെ നിയോഗിച്ചയക്കട്ടേ? "ഒരു രൂപവും മായ്ചുകളയാതെയും ഉയർത്തിയ ഒരു ക്വബ്റിനേയും നിരപ്പാക്കാതേയും താങ്കൾ വിട്ടേക്കരുത്." (മുസ്ലിം)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. രൂപമുണ്ടാക്കുന്നവരോടും ചിത്രമുണ്ടാക്കുന്നവരോടുമുള്ള കഠിനമായ സമീപനം.

2. അല്ലാഹു (تَعَالَى) യോടുള്ള മര്യാദക്ക് വിരുദ്ധമാണ് രൂപമുണ്ടാക്കുന്നതും ചിത്രമുണ്ടാക്കുന്നതുമെന്ന കാരണം ഉണർത്തുന്നു. അതാണല്ലോ അല്ലാഹു (تَعَالَى), ('ക്വുദ്സിയ്യാ'യ ഹദീഥിലൂടെ) പറഞ്ഞത്: "എന്റെ സൃഷ്ടിപോലെ സൃഷ്ടിക്കുവാൻ പോകുന്നവനേക്കാൾ വലിയ അക്രമി ആരുണ്ട്" എന്ന്.

3. അല്ലാഹു (تَعَالَى) യുടെ കഴിവിനെകുറിച്ച് ഉണർത്തുന്നു. രൂപമുണ്ടാക്കുന്നവരുടേയും ചിത്രമുണ്ടാക്കുന്നവരുടേയും കഴിവുകേടും ഉണർത്തുന്നു. അതാണല്ലോ അല്ലാഹു (تَعَالَى), ('ക്വുദ്സിയ്യാ'യ ഹദീഥിലൂടെ) പറഞ്ഞത്: "എങ്കിൽ, അവർ ഒരു അണു മണി സൃഷ്ടിക്കട്ടെ, അല്ലെങ്കിൽ അവനൊരു ധാന്യമണി സൃഷ്ടിക്കട്ടെ, അതുമല്ലെങ്കിൽ ഒരു ബാർലി സൃഷ്ടിക്കട്ടെ."

4. അവരാണ് അതികഠിനമായ ശിക്ഷക്കിരയാകുന്നവർ എന്ന് വ്യക്തമാക്കുന്നു.

5. വരച്ച എല്ലാ ചിത്രങ്ങൾക്കും അല്ലാഹു (تَعَالَى) നഫ്സിനെ നല്കും. അവകൊണ്ട് 'മുസ്വവ്വിർ' (രൂപമുണ്ടാക്കുന്നവൻ) നരകത്തിൽ ശിക്ഷിക്കപ്പെടുകയും ചെയ്യും.

6. രൂപമുണ്ടാക്കുന്നവൻ തന്റെ രൂപങ്ങളിലും ചിത്രങ്ങളിലും ആത്മാവ് ഊതുവാൻ കല്പ്പിക്കപ്പെടും.

7. ചിത്രം കണ്ടാൽ മായ്ക്കുവാനുള്ള കല്പന.

# സത്യം ചെയ്യുമ്പോൾ സൂക്ഷിക്കുക

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: “നിങ്ങൾ നിങ്ങളുടെ സത്യങ്ങളെ സൂക്ഷിക്കുക” (സൂറത്തുൽ മാഇദ: 89)

അബൂഹുറയ്റ (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ -ﷺ- പറയുന്നത് ഞാൻ കേട്ടിരിക്കുന്നു: “സത്യം ചെയ്യുകയെന്നത് (കച്ചവട)ചരക്കിനെ ചെലവാക്കുന്നതാണ്. സമ്പാദ്യത്തിന്റെ (ബറക്കത്ത്) നഷ്ടപ്പെടുത്തുന്നതുമാണ്” (ബുഖാരി, മുസ്‌ലിം)

സൽമാൻ (رَضِيَ اللَّهُ عَنْهُ) വിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: “മൂന്നു കൂട്ടർ, അല്ലാഹു അവരോട് സംസാരിക്കുകയോ, അവരെ സംസ്കരിക്കുകയോ ഇല്ല. അവർക്ക് വേദനയേറിയ ശിക്ഷയുണ്ട്. വ്യഭിചാരിയായ വൃദ്ധൻ, അഹങ്കാരിയായ ദരിദ്രൻ, അല്ലാഹുവിനെ തന്റെ കച്ചവടചരക്കാക്കിയ വ്യക്തി; അയാൾ വാങ്ങുകയില്ല, അല്ലാഹുവെകൊണ്ട് സത്യംചെയ്യാതെ. അയാൾ വിൽക്കുകയില്ല, അല്ലാഹുവെ കൊണ്ട് സത്യം ചെയ്യാതെ.” (ത്വബ്റാനി സ്വഹീഹായ സനദോട് കൂടി ഉദ്ധരിച്ചത്.)

ഇംറാൻ ഇബ്നു ഹുസ്വയ്ൻ (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: “എന്റെ സമുദായത്തിൽ ഉത്തമർ എന്റെ തലമുറയാണ്, പിന്നീട് അവരെ തുടർന്നുവരുന്നവർ, പിന്നീട് അവരെ തുടർന്നുവരുന്നവർ.”

ഇംറാൻ (رَضِيَ اللَّهُ عَنْهُ) പറയുന്നു: എനിക്കറിയില്ല, പ്രവാചകൻ -ﷺ- തന്റെ തലമുറക്ക് ശേഷം രണ്ട് തലമുറയേയാണോ അതല്ല മൂന്ന് തലമുറയേയാണോ പറഞ്ഞതെന്ന്.) “പിന്നീട് നിങ്ങൾക്കു ശേഷം ഒരു വിഭാഗമുണ്ട്. സാക്ഷ്യം ആവശ്യപ്പെടാതെ തന്നെ അവർ സാക്ഷ്യംപറയും. അവർ ചതിക്കും, അവർ വിശ്വസിക്കപ്പെടില്ല. അവർ നേർച്ചയാക്കും; അത് അവർ വീട്ടുകയില്ല. അവരിൽ (പരലോകവിശ്വാസം കുറഞ്ഞതിനാലും ഐഹിക വിഭവങ്ങളോടുള്ള ആർത്തിയാലും) 'സിമൻ' (തടിയും കൊഴുപ്പും) പ്രകടമാകും.” (ബുഖാരി, മുസ്‌ലിം)

ഇബ്നു മസ്ഊദ് (رَضِيَ اللَّهُ عَنْهُ) വിൽനിന്നും നിവേദനം: പ്രവാചകൻ -ﷺ- പറഞ്ഞു: “എന്റെ സമുദായത്തിൽ ഉത്തമർ എന്റെ തലമുറയാണ്, പിന്നീട് അവരെ തുടർന്ന് വരുന്നവർ, പിന്നീട് അവരെ തുടരുന്നവർ. പിന്നെ ഒരു വിഭാഗം വരും. അവരിൽ ഒരാളുടെ 'ശഹാദത്ത്' (സാക്ഷ്യം) അവന്റെ സത്യത്തെ മുൻകടക്കും. അവന്റെ സത്യം, സാക്ഷ്യത്തെ മുൻകടക്കും.” (ബുഖാരി, മുസ്‌ലിം)

താബിഈ ആയ ഇബ്റാഹീം അന്നഖഈ (رَضِيَ اللَّهُ عَنْهُ) പറഞ്ഞു: "അവർ (സലഫുകൾ), സാക്ഷ്യത്തിന്റേയും കരാറിന്റേയും വിഷയത്തിൽ ഞങ്ങൾ കുട്ടികളായിരിക്കേ ഞങ്ങളെ അടിക്കാറുണ്ടായിരുന്നു." (ബുഖാരി)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. സത്യം ചെയ്തു പറയുന്ന കാര്യങ്ങൾ സൂക്ഷിക്കുവാനുള്ള വസ്വിയ്യത്.

2. സത്യം, ചെയ്യൽ കച്ചവടച്ചരക്കുകളെ ചെലവാക്കുമെങ്കിലും ബറക്കത്തിനെ നഷ്ടപ്പെടുത്തുമെന്നുള്ള പ്രവചനം.

3. സത്യം ചെയ്തു മാത്രം വില്ക്കുകയും വാങ്ങുകയും ചെയ്യുന്നവർക്കുള്ള ശക്തമായ താക്കീത്.

4. തെറ്റുചെയ്യുവാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ കുറവായിരിക്കെ ചെയ്യുന്ന തെറ്റിന്റെ ഗൗരവം വലുതാണ്.

5. സത്യം ചെയ്യുവാൻ ആവശ്യപ്പെടാതെതന്നെ സത്യം ചെയ്യുന്നവരെക്കുറിച്ച് വന്നിട്ടുള്ള ആക്ഷേപം.

6. മൂന്നോ, നാലോ തലമുറകളെ പ്രവാചകൻ -ﷺ- പുകഴ്ത്തിയത്. അവർക്ക് ശേഷം സംഭവിക്കുന്നതിനെ ഉണർത്തിയതും.

7. സാക്ഷ്യം ആവശ്യപ്പെടാതെ തന്നെ സാക്ഷ്യം വഹിക്കുന്നവരെ ആക്ഷേപിക്കൽ.

8. 'സലഫുകൾ' സാക്ഷ്യത്തിന്റേയും, കരാറിന്റേയും വിഷയത്തിൽ കുട്ടികളെ ശിക്ഷണ നടപടിയുടെ ഭാഗമായി അടിച്ചിരുന്നു എന്നത്.

# അല്ലാഹുവിന്റെ സംരക്ഷണക്കരാറും നബിയുടെ സംരക്ഷണക്കരാറും

അത്യുന്നതനായ (അല്ലാഹു) പറഞ്ഞു: "നിങ്ങൾ കരാർ ചെയ്യുന്ന പക്ഷം അല്ലാഹുവിന്റെ കരാർ നിങ്ങൾ നിറവേറ്റുക. അല്ലാഹുവിനെ നിങ്ങളുടെ ജാമ്യക്കാരനാക്കി കൊണ്ട് നിങ്ങൾ ഉറപ്പിച്ചു സത്യം ചെയ്തശേഷം അത് ലംഘിക്കരുത്. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അറിയുന്നു." (സൂറത്തുന്നഹ്ൽ: 91)

"അല്ലാഹുവിന്റെ റസൂൽ -ﷺ- വലുതോ ചെറുതോ ആയ സൈന്യത്തിന് ഒരു അമീറിനെ നിയമിച്ചാൽ അദ്ദേഹത്തോട് സ്വന്തം കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കണമെന്നും അയാളുടെ കൂടെയുള്ള മുസ്‌ലിംകളോട് നന്മയിൽ വർത്തിക്കുവാനും വസ്വിയത് ചെയ്യാറുണ്ടായിരുന്നു.

പ്രവാചകൻ -ﷺ- പറയും: "അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ യുദ്ധംചെയ്യുക. അല്ലാഹുവിൽ അവിശ്വസിച്ചവരോട് നിങ്ങൾ യുദ്ധം ചെയ്യുക; 'ഗനീമത്' മുതൽ (യുദ്ധമുതൽ) കവർന്നെടുക്കരുത്. നിങ്ങൾ കരാർ ലംഘിക്കരുത്, ചിത്രവധം നടത്തരുത്, കുട്ടികളെ കൊല്ലരുത്. നിങ്ങൾ ബഹുദൈവ വിശ്വാസികളിൽപ്പെട്ട നിങ്ങളുടെ ശത്രുവിനെ കണ്ടുമുട്ടിയാൽ മൂന്നു കാര്യങ്ങളിലേക്ക് അവരെ ക്ഷണിക്കുക. അതിൽ ഏതു കാര്യത്തിന് അവർ മറുപടി നൽകിയാലും അത് സ്വീകരിക്കുക. അവരോട് യുദ്ധം ചെയ്യാതിരിക്കുക.

പിന്നീട് താങ്കൾ അവരെ ഇസ്ലാമിലേക്ക് 'ദഅ്വത്ത്' ചെയ്യുക. അപ്പോൾ താങ്കൾക്ക് അവർ ഉത്തരം ചെയ്യുകയാണെങ്കിൽ താങ്കൾ അവരിൽനിന്നും സ്വീകരിക്കുക. ശേഷം താങ്കൾ അവരെ അവരുടെ നാട്ടിൽനിന്ന് മുഹാജിറുകളുടെ നാട്ടിലേക്ക് മാറിതാമസിക്കുവാൻ പറയുക. അവർ അപ്രകാരം ചെയ്താൽ മുഹാജിറുകൾക്കുള്ളതായ (അവകാശങ്ങൾ) അവർക്കുണ്ട്.

മുഹാജിറുകളുടെ മേലുള്ളത് (ബാദ്ധ്യതകൾ) അവരുടെ മേലുമുണ്ട് എന്ന് താങ്കൾ അവരോട് പറയുക. ആ നാട്ടിൽ നിന്ന് മാറുവാൻ വിസമ്മതിക്കുകയാണെങ്കിൽ അവർ മുസ്ലീംകളിലെ ബദവികളെ (ഗ്രാമീണരെ) പോലെ ആയിരിക്കും. അവരുടെമേൽ അല്ലാഹുവിന്റെ വിധിനടപ്പാക്കും. 'ഗനീമത്' സ്വത്തിൽനിന്നോ 'ഫയ്അ്' സ്വത്തിൽനിന്നോ (യുദ്ധം ചെയ്യാതെ ശത്രുവിൽനിന്നും ലഭിക്കുന്ന സ്വത്ത്) അവർക്ക് ഒന്നുമുണ്ടാകില്ല. അവർ മുസ്ലീംകളോടൊത്ത് ജിഹാദ് ചെയ്താലല്ലാതെ.

ഇനി അവർ (ഇസ്ലാം സ്വീകരിക്കുവാൻ) വിസമ്മതിക്കുകയാണെങ്കിൽ താങ്കൾ അവരിൽ നിന്ന് ജിസ്യ (കപ്പം) ആവശ്യപ്പെടുക. അപ്പോൾ താങ്കൾക്ക് അവർ ഉത്തരം ചെയ്യുകയാണെങ്കിൽ താങ്കൾ അവരിൽ നിന്നും സ്വീകരിക്കുക. അവരോട് താങ്കൾ യുദ്ധം വേണ്ടെന്ന് വെക്കുക. അവർ വിസമ്മതിക്കുകയാണെങ്കിൽ താങ്കൾ അല്ലാഹുവോട് സഹായം തേടുക. അവരോട് യുദ്ധം ചെയ്യുക. ഒരു കോട്ടയിലെ ആളുകളെ താങ്കൾ ഉപരോധിക്കുകയും അപ്പോൾ അവർ താങ്കളോട് അല്ലാഹുവിന്റെ കരാറും അല്ലാഹുവിന്റെ റസൂലിന്റെ കരാറും ഉണ്ടാക്കുവാൻ ഉദ്ദേശിച്ചാൽ താങ്കൾ അ

വർക്ക് അല്ലാഹുവിന്റെ കരാറും അല്ലാഹുവിന്റെ റസൂലിന്റെ കരാറും ഉണ്ടാക്കരുത്.

എന്നാൽ, താങ്കൾ അവർക്ക് താങ്കളുടെ കരാറും താങ്കളുടെ കൂട്ടുകാരുടെ കരാറും ഉണ്ടാക്കുക. കാരണം താങ്കൾ താങ്കളുടെ കരാറും താങ്കളുടെ കൂട്ടുകാരുടെ കരാറും ലംഘിക്കലാണ് അല്ലാഹുവിന്റെ കരാറും അല്ലാഹുവിന്റെ റസൂലിന്റെ കരാറും ലംഘിക്കുന്നതിനേക്കാൾ ഗൗരവം കുറഞ്ഞത്. താങ്കൾ ഒരു കോട്ടയിലെ ആളുകളെ ഉപരോധിക്കുകയും അവരെ അല്ലാഹുവിന്റെ വിധിയിൽ ഇറക്കുവാൻ (അവരിൽ നടപ്പിലാക്കുവാൻ) താങ്കളോട് അവർ ആവശ്യപ്പെടുകയും ചെയ്താൽ, അപ്പോൾ താങ്കൾ അവരെ അല്ലാഹുവിന്റെ വിധിയിൽ ഇറക്കരുത് (അവരിൽ നടപ്പിലാക്കുമെന്ന് വാഗ്ദാനം ചെയ്യരുത്.). പ്രത്യുത, താങ്കൾ അവരെ താങ്കളുടെ വിധിയിലേക്ക് ഇറക്കുക (അവരിൽ നടപ്പിലാക്കുമെന്ന് പറയുക). കാരണം താങ്കൾ, അല്ലാഹുവിന്റെ വിധി അവരിൽ ശരിയാംവിധം നടപ്പിലാക്കുമോ ഇല്ലയോ എന്ന് താങ്കൾക്ക് അറിയില്ല." (മുസ്‌ലിം)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. അല്ലാഹു (تَعَالَى) യുടേയും പ്രവാചകൻ -ﷺ- യുടേയും സംരക്ഷണ കരാറും, മുസ്‌ലിംകളുടെ കരാറും തമ്മിലുള്ള വ്യത്യാസം.

2. രണ്ടുകാര്യങ്ങളിൽ ഏറ്റവും അപകടം കുറഞ്ഞതിലേക്കുള്ള നിദർശനം.

3. “അല്ലാഹു (تَعَالَى) യുടെ നാമത്തിൽ, അല്ലാഹു (تَعَالَى) യുടെ മാർഗ്ഗത്തിൽ നിങ്ങൾ യുദ്ധംചെയ്യുക” എന്ന പ്രവാചകൻ -ﷺ- യുടെ വചനം.

4. “അല്ലാഹു (تَعَالَى) യിൽ അവിശ്വസിച്ചവരോട് നിങ്ങൾ യുദ്ധം ചെയ്യുക” എന്ന പ്രവാചകൻ -ﷺ- യുടെ വചനം.

5. “അല്ലാഹു (تَعَالَى) യോട് താങ്കൾ സഹായം തേടുക, അവരോട് യുദ്ധം ചെയ്യുക” എന്ന നബി-ﷺ- യുടെ വചനം.

6. അല്ലാഹു (تَعَالَى) യുടെ വിധിയും പണ്ഡിതന്മാരുടെ വിധിയും തമ്മിലുള്ള വ്യത്യാസം.

7. അല്ലാഹു (تَعَالَى) യുടെ വിധിക്ക് യോജിക്കുമോ, ഇല്ലയോ എന്ന് അറിയാതിരിക്കെ ആവശ്യം വരുമ്പോൾ സ്വഹാബി (ഗവേഷണാത്മകമായി) വിധിച്ചിരുന്നു.

# അല്ലാഹുവിന്റെ പേരിൽ സത്യംചെയ്തു പറയുന്നതിന്റെ ഗൗരവം

ജുൻദുബ് ഇബ്നു അബ്ദില്ല(رَضِيَ اللهُ عَنْهُ)വിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞിരിക്കുന്നു: "ഒരാൾ പറഞ്ഞു: അല്ലാഹുവാണെ സത്യം ഇന്നവന് അല്ലാഹു പൊറുത്തുകൊടുക്കുകയില്ല. അപ്പോൾ അല്ലാഹു പറഞ്ഞു: 'ഞാൻ ഇന്നവന് പൊറുത്തുകൊടുക്കുകയില്ലെന്ന് എന്റെ പേരിൽ സത്യം ചെയ്തു പറയാൻ ആരാണ് ധൈര്യം കാണിച്ചത്?! നിശ്ചയം, ഞാൻ അവന് പൊറുത്തു കൊടുത്തിരിക്കുന്നു. നിന്റെ കർമങ്ങൾ ഞാൻ നിഷ്ഫലമാക്കിയിരിക്കുന്നു." (മുസ്ലിം)

അബൂഹുറയ്റ (رَضِيَ اللَّهُ عَنْهُ) വിൽ നിന്നുമുള്ള നിവേദനത്തിൽ: "ഇത് പറഞ്ഞ വ്യക്തി ഒരു 'ആബിദ്' (അല്ലാഹുവിനുള്ള ഇബാദത്തിൽ കഴിയുന്ന വ്യക്തി) ആയിരുന്നു." അബൂഹുറയ്റ (رَضِيَ اللَّهُ عَنْهُ) പറഞ്ഞു: "ഒരു വാക്യം അയാൾ സംസാരിച്ചു; അത് അയാളുടെ ഇഹലോകം നശിപ്പിച്ചു. പരലോകവും നശിപ്പിച്ചു."

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. അല്ലാഹു (تَعَالَى) യുടെ പേരിൽ അറിയാത്ത കാര്യം ഉറപ്പിച്ചു പറയുന്നതിനെതിരിൽ താക്കീത്.

2. തന്റെ ചെരിപ്പിന്റെ വാറിനേക്കാൾ നമ്മളിലേക്ക് നരകം അടുത്താണ് എന്നത്.

3. സ്വർഗ്ഗവും അപ്രകാരം അടുത്താണ്.

4. "ഒരാൾ, അല്ലാഹുവിനെ പ്രീതിപ്പെടുത്തുന്ന ഒരു വാക്യം പറയും, പ്രസ്തുത വചനം അയാൾ ഗൗരവത്തിൽ എടുത്തിരിക്കില്ല, അല്ലാഹുവാകട്ടെ ആ വചനംകൊണ്ട് അയാളെ സ്വർഗ്ഗീയ പദവികളിൽ ഉയർത്തും. ഒരാൾ, അല്ലാഹുവിനെ ദേഷ്യപ്പെടുത്തുന്ന ഒരു വാക്യം പറയും, പ്രസ്തുത വചനം അയാൾ ഗൗരവത്തിൽ എടുത്തിരിക്കില്ല, പ്രസ്തുത വചനത്താൽ അയാൾ നരകത്തിൽ ആപതിക്കും" എന്ന പ്രവാചകൻ -ﷺ- യുടെ വചനത്തിന് ഉപോൽബലകമാണ് മേൽപറഞ്ഞ ഹദീഥ്.

5. ഒരാൾക്ക് ഏറെ വെറുപ്പുള്ള ഒരു കാര്യം ഒരുപക്ഷെ അയാളുടെ പാപങ്ങൾ പൊറുക്കപ്പെടാൻ കാരണമായിത്തീർന്നേക്കാം.

# അല്ലാഹുവിനെ അവന്റെ സൃഷ്ടികളിലേക്കുള്ള ശുപാർശകനാക്കാൻ പാടില്ല.

ജുബയ്റ് ഇബ്നു മുത്വ്ഇം (رَضِيَ اللهُ عَنْهُ) വിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: "ഒരു അഅ്റാബി നബി -ﷺ-യുടെ അടുക്കൽ വന്നു. എന്നിട്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, മനുഷ്യർ വിവശരായി, കുടുംബം പട്ടിണിയിലായി, സ്വത്തുക്കൾ നശിച്ചു, താങ്കൾ താങ്കളുടെ റബ്ബിനോട് ഞങ്ങൾക്ക് മഴ ലഭിക്കുവാൻവേണ്ടി തേടിയാലും. കാരണം (ഞങ്ങൾക്കുവേണ്ടി താങ്കൾ, അല്ലാഹുവോടു പ്രാർത്ഥിക്കുവാൻ) ഞങ്ങൾ അല്ലാഹുവെ താങ്കളുടെ അടുക്കൽ ശുപാർശകനാക്കുന്നു. (അല്ലാഹു ഞങ്ങൾക്ക് മഴ വർഷിക്കുവാൻ) താങ്കളെ അല്ലാഹുവിങ്കലും ശുപാർശകനാക്കുന്നു.

അപ്പോൾ പ്രവാചകൻ -ﷺ- പറഞ്ഞു: "'സുബ്ഹാനല്ലാഹ്! സുബ്ഹാനല്ലാഹ്!" അവിടുന്ന് -ﷺ- തസ്ബീഹ് ചൊല്ലിക്കൊണ്ടേയിരുന്നു. അവിടുത്തെ സ്വഹാബത്തിന്റെ മുഖത്ത് അതിന്റെ ഗൗരവം കാണുമാറ് അവിടുന്ന് -ﷺ- അത് ആവർത്തിച്ചു.

പിന്നീട് അവിടുന്ന് -ﷺ- പറഞ്ഞു: "നിന്റെ കാര്യം കഷ്ടം! നിനക്ക് അറിയുമോ അല്ലാഹു ആരെന്ന്? അല്ലാഹുവിന്റെ കാര്യം ഇതിനേക്കാളെല്ലാം മഹത്തരമാണ്. കാരണം, അല്ലാഹു ഒരാളുടേയും അടുക്കൽ ശുപാർശകനാക്കപ്പെടുകയില്ല." (അബൂദാവൂദ്)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. 'ഞങ്ങൾ അല്ലാഹുവെ താങ്കളുടെ അടുക്കൽ ശുപാർ ശകനാക്കുന്നു.' എന്ന് പറഞ്ഞവരെ പ്രവാചകൻ -ﷺ- എതിർത്തത്.

2. ഈ വാക്ക് കാരണത്താൽ പ്രവാചകൻ -ﷺ- യുടെ മാറ്റം. അതിന്റെ അടയാളം അവിടുത്തെ-ﷺ- സ്വഹാബത്തിന്റെ മുഖത്ത് കാണപ്പെട്ടു.

3. 'താങ്കളെ അല്ലാഹുവിങ്കലും ശുപാർശകനാക്കുന്നു' എന്ന് പറഞ്ഞതിനെ പ്രവാചകൻ -ﷺ- അദ്ദേഹത്തോട് എതിർത്തില്ല.

4. "സുബ്ഹാനല്ലാഹ്" എന്നതിന്റെ അർഥം ഓർമപ്പെടുത്തുന്നു.

5. മുസ്‌ലിംകൾ നബി-ﷺ-യോട് 'ഇസ്തിസ്ക്വാഉ'ന് (മഴ ലഭിക്കുവാൻ വേണ്ടി പ്രാർത്ഥിക്കുവാൻ) ആവശ്യപ്പെടുന്നു.

# നബി-ﷺ- തൗഹീദിന്റെ കോട്ട സംരക്ഷിക്കുകയും ശിർക്കിലേക്കുള്ള കവാടങ്ങൾ അടച്ചുപൂട്ടുകയും ചെയ്യുന്നു

അബ്ദുല്ലാഹ് ഇബ്നു ശിഖ്ഖീർ (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം. അദ്ദേഹം പറഞ്ഞു: "ബനൂആമിർ സംഘത്തോടൊപ്പം ഞാൻ അല്ലാഹുവിന്റെ റസൂൽ -ﷺ- യുടെ അടുക്കൽ പോയി. ഞങ്ങൾ പറഞ്ഞു: താങ്കൾ ഞങ്ങളുടെ 'സയ്യിദ്' ആണ്.

അപ്പോൾ നബി-ﷺ- പറഞ്ഞു: "'അസ്സയ്യിദ്' (ഉടമസ്ഥൻ) അല്ലാഹുവാണ്." ഞങ്ങൾ പറഞ്ഞു: "(താങ്കൾ) ഞങ്ങളിൽ അതിശ്രേഷ്ഠരും, മഹത്തായ നേതൃത്വം ഉള്ളവരുമാകുന്നു."

അപ്പോൾ പ്രവാചകൻ -ﷺ- പറഞ്ഞു: "നിങ്ങൾക്ക് പറയുവാനുള്ള വാക്കുകൾ നിങ്ങൾ പറഞ്ഞുകൊള്ളുക. നിങ്ങളെ പിശാച് വഴി തെറ്റിക്കാതിരിക്കട്ടെ." (അബൂദാവൂദ്)

അനസ് (رَضِيَ اللَّهُ عَنْهُ) വിൽനിന്നും നിവേദനം: ഒരു സംഘം ആളുകൾ (പ്രവാചകൻ -ﷺ- യോട്) പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, ഞങ്ങളുടെ ശ്രേഷ്ഠരെ! ഞങ്ങളിൽ ശ്രേഷ്ഠരുടെ മകനേ! ഞങ്ങളുടെ സയ്യിദേ! ഞങ്ങളുടെ സയ്യിദിന്റെ പുത്രരേ! അപ്പോൾ പ്രവാചകൻ -ﷺ- പറഞ്ഞു "ജനങ്ങളേ, നിങ്ങളുടെ വാക്കുകൾ നിങ്ങൾ പറഞ്ഞുകൊള്ളുക. പിശാച് നിങ്ങളെ വഴിതെറ്റിക്കാതിരിക്കട്ടെ. ഞാൻ അല്ലാഹുവിന്റെ ദാസനും ദൂതനുമായ മുഹമ്മദ് ആണ്. അല്ലാഹു എ

ന്നെ അവരോധിച്ചതായ സ്ഥാനത്തിന് മുകളിലേക്ക് നിങ്ങൾ എന്നെ ഉയർത്തുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല." (നസാഇ)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. അതിരുകവിയുന്നതിൽ നിന്ന് ജനങ്ങൾക്കുള്ള താക്കീത്.

2. 'താങ്കൾ ഞങ്ങളുടെ സയ്യിദ്' ആണ് എന്നു പറയുന്നവരോട് തിരിച്ചുപറയൽ അനിവാര്യമായ വചനം.

3. അവർ പറഞ്ഞത് സത്യം മാത്രമാണ്, എന്നിട്ടും പ്രവാചകൻ -ﷺ- അവരോട് "നിങ്ങളെ ശെയ്ത്വാൻ വഴിതെറ്റിക്കാതിരിക്കട്ടെ" എന്ന് പറഞ്ഞത്.

4. "എന്റെ സ്ഥാനത്തേക്കാൾ നിങ്ങൾ എന്നെ ഉയർത്തുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല" എന്ന് നബി -ﷺ- പറഞ്ഞത്.

# അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം

“അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു പിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലത് കൈയിൽ ചുരുട്ടി പിടിക്കപ്പെട്ടവയുമായിരിക്കും. അവനെത്ര പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ ഉന്നതനായിരിക്കുന്നു.” (സൂറത്തു സുമർ: 67)

ഇബ്നു മസ്ഊദ് (رَضِيَ اللَّهُ عَنْهُ) വിൽനിന്നും നിവേദനം: “അല്ലാഹുവിന്റെ റസൂൽ -ﷺ- യുടെ അടുക്കൽ ഒരു യഹൂദ പണ്ഡിതൻ വന്നു. അയാൾ പറഞ്ഞു: “മുഹമ്മദ്! നിശ്ചയം, അല്ലാഹു ആകാശങ്ങളെ ഒരു വിരലിലും ഭൂമികളെ ഒരു വിരലിലും വൃക്ഷങ്ങളെ ഒരു വിരലിലും വെള്ളത്തെ ഒരു വിരലിലും മണ്ണിനെ ഒരു വിരലിലും ഇതര സൃഷ്ടികളെ ഒരു വിരലിലും ആക്കും. എന്നിട്ടവൻ പറയും: ഞാനാണ് രാജാവ്.

അപ്പോൾ നബി -ﷺ- ആ യഹൂദ പണ്ഡിതന്റെ വാക്കിനെ സത്യപ്പെടുത്തിക്കൊണ്ട് അവിടുത്തെ അണപ്പല്ലുകൾ വെളിപ്പെടുമാറ് ചിരിക്കുകയുണ്ടായി. ശേഷം നബി -ﷺ- ഓതി: “അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു പിടിയിൽ ഒതുങ്ങുന്നതായിരിക്കും...” (ബുഖാരി, മുസ്ലിം)

ഇമാം മുസ്‌ലിമിന്റെ ഒരു രിവായത്തിൽ ഇപ്രകാരം കൂടിയുണ്ട്: “പർവ്വതങ്ങളും വൃക്ഷങ്ങളും ഒരു വിരലിന്മേൽ ആക്കും. പിന്നീട് അവൻ (അല്ലാഹു) അവ കുലുക്കും. അവൻ പറയും ഞാനാണ് രാജാവ്. ഞാനാണ് അല്ലാഹു.”

ഇമാം ബുഖാരിയുടെ മറ്റൊരു രിവായത്തിൽ ഇപ്രകാരം കൂടിയുണ്ട്: “ആകാശങ്ങളെ അവൻ ഒരു വിരലിലും, വെള്ളവും മണ്ണും ഒരു വിരലിലും മറ്റുസൃഷ്ടികളെ ഒരു വിരലിലും ആക്കും.” (ബുഖാരി, മുസ്‌ലിം)

ഇബ്‌നു ഉമറി(رَضِيَ اللَّهُ عَنْهُ)ൽ നിന്നും നബി -ﷺ- പറഞ്ഞതായി ഇമാം മുസ്‌ലിം നിവേദനം ചെയ്യുന്നു: “അല്ലാഹു ആകാശങ്ങളെ അന്ത്യനാളിൽ ചുരുട്ടും. പിന്നീട് തന്റെ വലത് കൈകൊണ്ട് അവയെ എടുക്കും. ശേഷം പറയും: ഞാനാണ് രാജാവ്. സ്വേച്ഛാധിപതികൾ എവിടെ? അഹങ്കാരികൾ എവിടെ? പിന്നീട് ഏഴ് ഭൂമികളേയും ചുരുട്ടും. അവയെ തന്റെ ഇടതു കയ്യിൽ എടുക്കും. ശേഷം പറയും: ഞാനാണ് രാജാവ്. സ്വേച്ഛാധിപതികൾ എവിടെ? അഹങ്കാരികൾ എവിടെ?"

ഇബ്‌നു അബ്ബാസ് (رَضِيَ اللَّهُ عَنْهُ) വിൽ നിന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: അദ്ദേഹം പറഞ്ഞു: "ഏഴ് ആകാശങ്ങളും ഏഴു ഭൂമികളും റഹ്മാനായ അല്ലാഹുവിന്റെ കൈപ്പത്തിയിൽ നിങ്ങളിൽ ഒരാളുടെ കയ്യിലെ തരിമണി പോലെ മാത്രമാണ്."

ഇബ്‌നു സെയ്ദ് (رَضِيَ اللَّهُ عَنْهُ), തന്റെ പിതാവിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: “അല്ലാഹുവിന്റെ കുർസിയ്യിനെ (പാദപീഠത്തെ) സംബന്ധിച്ചിടത്തോളം

ഏഴ് ആകാശങ്ങൾ (അവയുടെ വലുപ്പം) ഒരു പരിചയിൽ കൊണ്ടിടപ്പെട്ട ഏഴ് ദിർഹമുകളെ പോലെ മാത്രമാണ്."

അബൂദർറ് (رَضِيَ اللهُ عَنْهُ) പറയുന്നു: അല്ലാഹുവിന്റെ റസൂൽ -ﷺ- പറയുന്നത് ഞാൻ കേട്ടു: "അർശിനെ (അല്ലാഹുവിന്റെ മഹിതസിംഹാസനത്തെ) സംബന്ധിച്ചിടത്തോളം കുർസിയ്യ് ഒരു മരുഭൂമിയുടെ പരപ്പിൽ കൊണ്ടിടപ്പെട്ട ഒരു ഇരുമ്പിന്റെ വളയത്തെ പോലെ മാത്രമാണ്."

ഇബ്നു മസ്ഊദ് (رَضِيَ اللهُ عَنْهُ) വിൽ നിന്നും നിവേദനം. അദ്ദേഹം പറഞ്ഞു: "ഭൂമിയോട് അടുത്ത ആകാശത്തിനും അതിനു തൊട്ടുള്ള (ആകാശ)ത്തിനുമിടയിൽ അഞ്ഞൂറു വർഷ (വഴിദൂര)മുണ്ട്. ഓരോ ആകാശത്തിനുമിടയിൽ അഞ്ഞൂറുവർഷ (വഴിദൂര)മുണ്ട്. ഏഴാം ആകാശത്തിനും 'കുർസിയ്യി'നുമിടയിൽ അഞ്ഞൂറു വർഷ (വഴിദൂര)മുണ്ട്. 'കുർസ്സിയ്യി'നും വെള്ളത്തിനുമിടയിൽ അഞ്ഞൂറുവർഷ (വഴിദൂര)മുണ്ട്. 'അർശ്' വെള്ളത്തിനു മുകളിലാണ്. അല്ലാഹു ' അർശി'നു മുകളിലാണ്. നിങ്ങളുടെ കർമ്മങ്ങളിൽ യാതൊന്നും അവന് ഗോപ്യമല്ല." (ഇബ്നു മഹ്ദി, മസ്ഊദി തുടങ്ങിയവർ അബ്ദുല്ലാഹിബ്നു മസ്ഊദിൽ നിന്ന് ഇത് ഉദ്ധരിച്ചിരിക്കുന്നു.)

അബ്ബാസ് ഇബ്നു അബ്ദിൽ മുത്വലിബിൽ (رَضِيَ اللهُ عَنْهُ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "നിങ്ങൾക്ക് അറിയുമോ ആകാശത്തിനും ഭൂമിക്കുമിടയിൽ എത്ര (ദൂരം) ഉണ്ടെന്ന്?" ഞങ്ങൾ പറഞ്ഞു: അല്ലാഹുവിനും അവന്റെ തിരുദൂതർക്കും നന്നായി അറിയാം. റസൂൽ -ﷺ- പറഞ്ഞു: "അവ രണ്ടിനുമിടയിൽ അഞ്ഞൂറു വർഷത്തെ ദൂരമുണ്ട്. ഓരോ ആകാശത്തിൽ നിന്നും അടുത്ത

ആകാശത്തിലേക്ക് അഞ്ഞൂറു വർഷത്തെ ദൂരമുണ്ട്. ഓരോ ആകാശത്തിന്റേയും കട്ടി അഞ്ഞൂറു വർഷ വഴിദൂരമാണ്. ഏഴാം ആകാശത്തിനും അർശിനുമിടയിൽ ഒരു സമുദ്രമുണ്ട്; അതിന്റെ മുകൾ ഭാഗത്തിനും അടിഭാഗത്തിനുമിടയിൽ ആകാശത്തിനും ഭൂമിക്കുമിടയിലുള്ളതു പോലുള്ള ദൂരമുണ്ട്. അല്ലാഹു അതിനു മുകളിലാണ്. അല്ലാഹുവിന്, ആദം സന്തതികളുടെ കർമ്മങ്ങൾ യാതൊന്നും ഗോപ്യമല്ല." (അബൂദാവൂദ്)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

1. "അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു പിടിയിൽ ഒതുങ്ങുന്നതായിരിക്കും" എന്നർത്ഥമുള്ള ആയത്തിന്റെ വ്യഖ്യാനം.

2. ഈ വിജ്ഞാനങ്ങളും ഇതുപോലുള്ളതും പ്രവാചകൻ -ﷺ- യുടെ കാലത്തുള്ള യഹൂദന്മാരിൽ നിലനിന്നിരുന്നു. അവർ അതിനെ നിഷേധിക്കുകയോ വ്യാഖ്യാനിക്കുകയോ ചെയ്തിട്ടില്ല.

3. യഹൂദപണ്ഡിതൻ അത് ഉണർത്തിയപ്പോൾ നബി -ﷺ- അതിനെ സത്യപ്പെടുത്തി. അത് സ്ഥിരീകരിച്ച് വിശുദ്ധ ക്വുർആൻ അവതീർണമാകുകയും ചെയ്തു.

4. യഹൂദപണ്ഡിതൻ ഈ മഹത്തായ വിജ്ഞാനം പറഞ്ഞപ്പോൾ റസൂൽ -ﷺ- ചിരിക്കുകയുണ്ടായി.

5. അല്ലാഹു (تَعَالَى) യുടെ ഇരുതിരുകരങ്ങളെക്കുറിച്ചും, വലതു കൈയിൽ ആകാശങ്ങളും മറ്റെ കൈയിൽ ഭൂമിയും ആണെന്നും വ്യക്തമാക്കുന്നു.

6. ഒരു കൈ 'ശിമാൽ' അഥവാ ഇടത്തേത് എന്ന് ചില രിവായത്തുകളിൽ വന്നിട്ടുണ്ട്. (എന്നാൽ ഈ രിവായത്ത് സ്വീകാര്യമല്ല. റബ്ബിന്റെ ഇരുകരങ്ങളും വലത്തേതാണ് എന്ന് പ്രബലമായ ഹദീഥിൽ സ്ഥിരപ്പെട്ടിട്ടുണ്ട്).

7. സ്വേച്ഛാധിപതികളെക്കുറിച്ചും അഹങ്കാരികളെക്കുറിച്ചും പരാമർശിച്ചത്.

8. "നിങ്ങളിൽ ഒരാളുടെ കയ്യിലെ തരിമണിപോലെ" എന്ന വാക്ക്.

9. ആകാശത്തിലേക്ക് ചേർത്തുനോക്കിയാൽ 'കുർസിയ്യി'ന്റെ വലിപ്പം.

10. 'കുർസിയ്യിലേക്ക് ചേർത്തുനോക്കിയാൽ 'അർശി'ന്റെ വലിപ്പം.

11. 'അർശ്', കുർസിയ്യോ വെള്ളമോ അല്ല.

12. ഓരോ ആകാശത്തിനിടയിലും എത്ര(ദൂരം)!

13. ഏഴാനാകാശത്തിന്റേയും കുർസിയ്യിന്റേയും ഇടയിൽ എത്ര ദൂരമുണ്ട്?

14. കുർസിയ്യിന്റേയും വെള്ളത്തിനും ഇടയിൽ എത്ര ദൂരമുണ്ട്?

15. അർശ് വെള്ളത്തിനു മുകളിലാണ്.

16. അല്ലാഹു (تَعَالَى) അർശിനുമുകളിൽ ആണ്.

17. ആകാശത്തിനും ഭൂമിക്കുമിടയിൽ എത്ര (ദൂരം)?

18 ഓരോ ആകാശത്തിന്റേയും വ്യാപ്തി അഞ്ഞൂറു വർഷമാണ്.

19 ആകാശങ്ങൾക്ക് മുകളിലുള്ള സമുദ്രത്തിന്റെ താഴ്ഭാഗത്തിനും മുകൾ ഭാഗത്തിനുമിടയിൽ അഞ്ഞൂറു വർഷ (ദൂര)മുണ്ട്.

കിത്താബുത്തൗഹീദ് ഇവിടെ പൂർണമാകുന്നു.

☆ ☆ ☆

# ഉള്ളടക്കം

കിത്താബുത്തൗഹീദ്........................................................... 3

തൗഹീദിന്റെ മഹത്വവും അത് മുഖേന പാപങ്ങൾ പൊറുക്കുമെന്നതും ........................................................................ 10

തൗഹീദ് സാക്ഷാത്ക്കരിച്ചവൻ വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്................................................. 15

ശിർക്കിനെക്കുറിച്ചുള്ള ഭയം .................................................. 21

'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന സാക്ഷ്യവചനത്തിലേക്കുള്ള ക്ഷണം ................................................................................ 24

തൗഹീദിന്റെ തഫ്സീർ; ലാ ഇലാഹ ഇല്ലല്ലാഹ് എന്ന കലിമയുടേയും ............................................................................ 30

പരീക്ഷണങ്ങൾ തടുക്കുവാനും നീങ്ങിപോകുവാനും ഉറുക്ക്, ഏലസ്, വളയം തുടങ്ങിയവ ധരിക്കൽ ശിർക്കാണ്... 35

മന്ത്രങ്ങൾ, ഏലസ്സുകൾ ........................................................ 39

വൃക്ഷം, കല്ല് തുടങ്ങിയവകൊണ്ട് ബറക്കത്തെടുക്കൽ .... 42

അല്ലാഹു അല്ലാത്തവരുടെ പ്രീതിക്കുവേണ്ടി അറുക്കൽ .. 47

അല്ലാഹു അല്ലാത്തവർക്ക് ബലി നൽകിയ സ്ഥലത്തുവെച്ച് അല്ലാഹുവിന് ബലി നൽകുവാൻ പാടില്ല ............................ 51

അല്ലാഹു അല്ലാത്തവർക്കുള്ള നേർച്ച ശിർക്കാകുന്നു ..... 54

അല്ലാഹു അല്ലാത്തവരോട് രക്ഷ തേടൽ (ഇസ്തിആദത്) ശിർക്കാകുന്നു ........................................................................ 55

അല്ലാഹു അല്ലാത്തവരോടുള്ള സഹായാർത്ഥന (ഇസ്തി ഗാഥ) ശിർക്കാകുന്നു .............................................................. 57

അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം .... 62

അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം .... 67

ശഫാഅത്ത് അഥവാ ശുപാർശ ........................................... 72

അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം .... 76

മനുഷ്യർ കുഫ്റിലെത്താനും യഥാർത്ഥ ദീൻ ഉപേക്ഷിക്കാനും കാരണം സ്വാലിഹീങ്ങളുടെ കാര്യത്തിൽ അതിരുവിട്ടതാകുന്നു .................................................................. 80

ഖബ്റിനടുത്ത് അല്ലാഹുവിനെ ആരാധിക്കരുതെങ്കിൽ ഖബ്റാളിയെത്തന്നെ ആരാധിക്കുന്നവന്റെ സ്ഥിതിയെന്തായിരിക്കും? ................................................................ 85

ക്വബ്റുകളിൽ അതിരുകവിയുന്നത് അവയെ ബിംബങ്ങൾക്ക് തുല്യമാക്കുന്നു ........................................................ 90

ശിർക്കിലേക്കെത്തുന്ന സകല വഴികളും പ്രവാചകൻ -ﷺ- അടച്ചുകളഞ്ഞിരിക്കുന്നു. .................................................. 92

ഈ സമുദായത്തിൽ ചിലർ ബിംബാരാധനയിൽ എത്തിപ്പെടും! ........................................................................ 95

സിഹ്ർ അഥവാ മാരണം ...................................................... 101

സിഹ്റിന്റെ ചില ഇനങ്ങൾ ................................................ 104

ജ്യോത്സ്യന്മാർ, സിദ്ധന്മാർ....................................................106
നുശ്റഃ (സിഹ്ർ നീക്കാനുള്ള ചികിത്സ).............................109
ശകുനം നോക്കൽ...................................................................111
ജ്യോത്സ്യം നിഷിദ്ധം ...............................................................115
ഞാറ്റുവേലകളിൽ വിശ്വസിക്കൽ .......................................117
അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം..120
അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം..124
അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം..127
അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം..129
അല്ലാഹുവിന്റെ വിധിയാൽ സംഭവിക്കുന്ന കാര്യങ്ങളിൽ ക്ഷമിക്കുകയെന്നത് ഈമാനിന്റെ ഭാഗം ...........................131
ലോകമാന്യം .........................................................................134
പ്രവർത്തനങ്ങൾക്ക് പ്രതിഫലമായി ദുൻയാവ് ഉദ്ദേശിക്കുന്നത് ശിർക്കിൽ പെട്ടതാണ് ................................................136
അല്ലാഹുവിന്റെ വിധിക്ക് വിരുദ്ധമായി പണ്ഡിതന്മാരെയും നേതാക്കന്മാരെയും അനുസരിച്ചാൽ അല്ലാഹുവിനു പുറമെയുള്ള റബ്ബുകളായി സ്വീകരിച്ചിരിക്കുന്നു .......................139
അല്ലാഹുവിന്റെ ഈ വച-നത്തെക്കുറിച്ചുള്ള അധ്യായം142
അല്ലാഹുവിന്റെ നാമവിശേഷണങ്ങളെ നിഷേധിച്ചാൽ ...146
അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം..148
'അല്ലാഹുവും നിങ്ങളും ഉദ്ദേശിച്ചത്'...................................151
അല്ലാഹുവെകൊണ്ട് സത്യം ചെയ്താൽ തൃപ്തിപ്പെടൽ153

അല്ലാഹുവും താങ്കളും  ഉദ്ദേശിച്ചത് എന്ന വാക്ക്.............154
കാലത്തെ ചീത്ത പറയുന്നവൻ അല്ലാഹുവിനെ ആക്ഷേപിക്കുന്നു ..........................................................................157
'ക്വാദ്വീ ക്വുദ്വാത്'  പോലുള്ള നാമകരണങ്ങൾ..................158
അല്ലാഹുവിന്റെ നാമം ആദരിക്കുക. അതിനുവേണ്ടി പേര് മാറ്റിയിടുക. ..........................................................................160
ദീനിനെ പരിഹസിക്കൽ .....................................................162
അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം..165
അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം..171
അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം..174
'അസ്സലാമു അലല്ലാഹ്' (അല്ലാഹുവിന് സലാം) എന്ന് പറയാൻ പാടില്ല ..........................................................................176
'അല്ലാഹുവേ നീ ഉദ്ദേശിച്ചുവെങ്കിൽ പൊറുക്കേണമേ' എന്ന തേട്ടം..........................................................................177
'അബ്ദീ' 'അമതീ'  എന്നീ വിളികൾ പാടില്ല .........................178
അല്ലാഹുവിന്റെ പേരിൽ ചോദിച്ചാൽ കൊടുക്കാതെ മടക്കരുത്..........................................................................180
അല്ലാഹുവിന്റെ വജ്ഹു കൊണ്ട് സ്വർഗമല്ലാതെ ചോദിച്ചുകൂടാ. ..........................................................................182
'ലൗ' (എങ്കിൽ) എന്ന്  പറയുന്നതിലെ വിലക്ക്.................183
കാറ്റിനെ ചീത്ത പറയരുത്..................................................185
അല്ലാഹുവിന്റെ വചനത്തെക്കുറിച്ചുള്ള അധ്യായം ..........186
'ക്വദ്ർ' നിഷേധികൾ.............................................................190

ചിത്രരചനയും രൂപമുണ്ടാക്കലും........................................194

സത്യം ചെയ്യുമ്പോൾ സൂക്ഷിക്കുക ....................................197

അല്ലാഹുവിന്റെ സംരക്ഷണക്കരാറും നബിയുടെ സംരക്ഷ ണക്കരാറും ........................................................................200

അല്ലാഹുവിന്റെ പേരിൽ സത്യംചെയ്തു പറയുന്നതിന്റെ ഗൗരവം ...........................................................................204

അല്ലാഹുവിനെ അവന്റെ സൃഷ്ടികളിലേക്കുള്ള ശുപാർശക നാക്കാൻ പാടില്ല..................................................................206

നബി-ﷺ- തൗഹീദിന്റെ കോട്ട സംരക്ഷിക്കുകയും ശിർക്കി ലേക്കുള്ള കവാടങ്ങൾ അടച്ചുപൂട്ടുകയും ചെയ്യുന്നു.......208

അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ചുള്ള അധ്യായം..210

ننشر
الإسلام
بأكثر من
100
لغة

موسوعة القرآن الكريم
QuranEnc.com
موسوعة تضم تفاسير وتراجم موثوقة لمعاني القرآن الكريم

موسوعة الأحاديث النبوية
HadeethEnc.com
موسوعة تضم ترجمات للأحاديث النبوية وشروحها بعدة لغات

موسوعة المصطلحات الإسلامية
TerminologyEnc.com
موسوعة تضم ترجمات المصطلحات الإسلامية وشروحها بعدة لغات

منتقى
المحتوى الإسلامي
موسوعة تضم المنتقى من المحتوى الإسلامي باللغات

IslamHouse.com
مرجعية مجانية إلكترونية موثوقة للتعريف بالإسلام

جمعية الدعوة وتوعية الجاليات بالربوة

جمعية خدمة المحتوى الإسلامي باللغات

കിത്താബുത്തൗഹീദ്
അടിമകൾക്ക് മേലുള്ള അല്ലാഹുവിന്റെ അവകാശം
ശൈഖുൽ ഇസ്ലാം
മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് അത്തമീമി
1115 - 1206